പുതുയുഗ കേരളവും
പ്രാദേശിക വികസനവും

ഗ്രാമപഞ്ചായത്ത്
വികസന സ്റ്റാന്റിംഗ് കമ്മിറ്റി
അംഗങ്ങൾക്കുള്ള പരിശീലന
കൈപ്പുസ്തകം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്.പി.ഒ, തൃശ്ശൂർ- 680581

ആഗസ്റ്റ് 2026

ഗ്രാമപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലന കൈപ്പുസ്തകം	Handbook for Development Standing committee Members of Grama Panchayats
ചീഫ് എഡിറ്റർ	**Chief Editor**
ദേവിദാസ് എൻ, ഐ.എ.എസ്, ഡയറക്ടർ ജനറൽ, കില	Devidas N, I.A.S, Director General, KILA
എഡിറ്റർ	**Editor**
ഡോ. കെ രാജേഷ്, സീനിയർ അർബൻ ഫെല്ലോ, കില	Dr. K. Rajesh, Senior Urban Fellow, KILA
അസോസിയേറ്റ് എഡിറ്റർമാർ	**Associate Editors**
ഡോ. രാജ്കുമാർ	Dr. Rajkumar
ഉമ്മർ കുഞ്ഞി പി വി	Ummer Kunhi P V
വി ജി ശശിധരൻ	V G Sasidharan
പ്രോഗ്രാം കോർഡിനേറ്റർ	**Program Coordinator**
റിമ ജോസ്	Rima Jose
ഉള്ളടക്കം തയ്യാറാക്കിയവർ	**Content Contributors**
അജിത് കുമാർ കെ പി	Ajith Kumar K P
അപ്പു അനിത മുരളീധരൻ	Appu Anitha Muralidharan
അബ്ദുൾ കരീം	Abdul Kareem
അമൃത എം ആർ	Amrutha M R
എ ജയരാജ്	A Jayaraj
എം കെ റഫീഖ	M K Rafeeqa
കെ സി സുബ്രഹ്മണ്യൻ	K C Subramanian
ജോൺ ജോസഫ്	John Joseph
ഡോ. ഉഷാറാണി	Dr. Usharani
ഡോ. എസ് ശ്രീകുമാർ	Dr. S Sreekumar
ഡോ. മോനിഷ് ജോസ്	Dr. Monish Jose
ഡോ. രജിത	Dr. Rajitha
ഡോ. രാജ്കുമാർ ആർ	Dr. Rajkumar R
ഡോ. വിവൻസി	Dr. Vivancy
ഡോ. ശേഖർ	Dr. Sekhar
ഡോ. സുമി	Dr. Sumi
നന്ദകുമാർ	Nandakumar
പ്രശാന്ത് സി പി	Prasanth C P
അനീഷ് കുമാർ എം എസ്	Aneesh Kumar M S
ഫവാസ് എൻ കെ	Favas N K
ബാബുരാജ്	Baburaj
ബാബുജി കെ ആർ	Babuji K R
ലൂയിസ് മാത്യു	Louis Mathew
വി ജെ ശശികുമാർ	V J Sasikumar
വിനോദ്കുമാർ സി	Vinodkumar C
വിമൽകുമാർ	Vimalkumar
ശ്രീകാന്ത് പി എസ്	Sreekanth P S
സന്തോഷ്	Santhosh
സിജുകുമാർ എ	Sijukumar A
സിബി കെ പി	Sibi K P
സുജിത്ത്	Sujith
സെയ്ദ്	Sayyid
സോസി ജോസഫ്	Sosi Joseph
ഡി.ടി.പി	**DTP**
ശ്രീലത എസ്സ്	Srilatha S
കവർ & ലേഔട്ട് ഡിസൈൻ	**Cover & Layout Design**
അഭിരാം കെ ടി കെ	Abhiram K T K
പ്രസാധനം	**Published by**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ- 680581
ഫോൺ- +91- 487- 2207000 (ഓഫീസ്)
0487- 2201312 (ഡയറക്ടർ)
ഇമെയിൽ: info@kila.ac.in
വെബ്സൈറ്റ്: http://www.kila.ac.in

Kerala Institute of Local Administration (KILA)
Mulamkunnathukavu, Thrissur- 680581
Phone +91- 487- 2207000 (office)
0487- 2201312 (Director)
Email: info@kila.ac.in
Website: http://www.kila.ac.in

അച്ചടി	**Printing**
കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി കാക്കനാട്, കൊച്ചി	Kerala Books and Publications Society Kakkanad, Kochi
ആഗസ്റ്റ് 2026	**August 2026**



ശ്രീ. കെ.എം. ഷാജി
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

കേരള സർക്കാർ

സന്ദേശം

ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണസംവിധാനം എന്ന നിലയിൽ പ്രാദേശിക സർക്കാരുകൾക്ക് വലിയ പ്രാധാന്യമാണുള്ളത്. ജനങ്ങളുമായി നേരിട്ട് ഇടപെടുവാനും അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടറിഞ്ഞ് പ്രവർത്തിക്കുവാനും കഴിയുന്നത് പ്രാദേശിക ഭരണസംവിധാനത്തിനാണ്. പഞ്ചായത്തീരാജ് ഭരണഘടനാ ഭേദഗതിയെ തുടർന്ന് 1994-ൽ സംസ്ഥാന സർക്കാർ തുടക്കം കുറിച്ച അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങൾ, കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക മേഖലകളിൽ ഉണ്ടാക്കിയ മാറ്റങ്ങൾ മാതൃകാപരമാണ്. കേരളം നടപ്പിലാക്കിയ അധികാരവികേന്ദ്രീകരണത്തിലൂടെ ശക്തമായ പ്രാദേശിക ഭരണസംവിധാനം രൂപപ്പെടുത്തുകയും, ത്രിതല പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകളായി മാറുകയും ചെയ്തു. മൂന്ന് പതിറ്റാണ്ട് പിന്നിടുന്ന ഈ അധികാരവികേന്ദ്രീകരണ പ്രസ്ഥാനം ഇന്ന് രാജ്യത്തിന് തന്നെ വലിയൊരു മാതൃകയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ആസൂത്രണത്തിലും പദ്ധതി നിർണ്ണയത്തിലും നിർണ്ണായക നേതൃത്വം വഹിക്കേണ്ട സംവിധാനമാണ് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി. പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ചലനാത്മകമാക്കുന്നതിലും വികസന സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് വലിയ പങ്കുണ്ട്. 'പുതുയുഗ കേരളം' സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിപുലമായ ഇടപെടലുകളാണ് പുതിയ സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ വികസന ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്.

സംസ്ഥാനത്തിന്റെ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും തനത് പ്രവർത്തനങ്ങൾ ഫലപ്രദമായി ഏറ്റെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കാൻ വിപുലമായ പരിശീലന പരിപാടികളാണ് കില (KILA) ആസൂത്രണം ചെയ്തിട്ടുള്ളത്.

2025-2030 കാലയളവിലേക്ക് കേരളത്തിലെ പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും എന്റെ ഹൃദ്യം നിറഞ്ഞ ആശംസകൾ നേരുന്നു. ജനങ്ങൾ തങ്ങളിൽ അർപ്പിച്ച വിശ്വാസവും പ്രതീക്ഷകളും സാക്ഷാത്കരിക്കുവാൻ

ജനപ്രതിനിധികൾക്ക് ആവശ്യമായ കാര്യശേഷി വികസനത്തിലൂടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മാറിയ കാലത്തിനനുസൃതമായി തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ വിവിധ തലങ്ങളിൽ ആവശ്യമായ പരിശീലനം നൽകുന്നതിന് കില, കൈപ്പുസ്തകങ്ങളും പുതിയ പഠനരീതികളും ഒരുക്കിയിരിക്കുന്നത് ഏറെ അഭിനന്ദനാർഹമാണ്. നൽകപ്പെട്ട ചുമതലകൾ കാര്യക്ഷമമായി ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ഈ പരിശീലനങ്ങൾ തീർച്ചയായും പ്രാപ്തരാക്കും എന്നതിൽ തർക്കമില്ല.

ജനപ്രതിനിധികൾക്കായി 'പുതുയുഗ കേരളവും പ്രാദേശിക വികസനവും' എന്ന ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ കിലയെ അഭിനന്ദിക്കുന്നതോടൊപ്പം, ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് സഹാനുഭൂതിയുള്ള ഒരു ഭരണം ഉറപ്പാക്കാൻ എല്ലാ ജനപ്രതിനിധികളോടും ഞാൻ അഭ്യർത്ഥിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു,



കെ.എം. ഷാജി
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

തിരുവനന്തപുരം
15.07.2026



അനുപമ ടി വി ഐ.എ.എസ്
സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സന്ദേശം

കഴിഞ്ഞ 30 വർഷത്തെ കേരളത്തിന്റെ സുസ്ഥിര വികസന പാതയിലേക്കുള്ള വളർച്ചയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്. 73-ാം ഭരണഘടനാ ഭേദഗതി പ്രകാരം പ്രാദേശിക സാമ്പത്തിക വികസനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ അടിസ്ഥാന ചുമതലയാണ്.

ഈ ചുമതല നിർവ്വഹിക്കാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തരാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കേണ്ടത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. ഗ്രാമീണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രക്രിയയും നിർവ്വഹണ പ്രക്രിയയും ഏകോപിപ്പിക്കേണ്ട ചുമതലയുള്ള സംവിധാനമാണ് വികസന സ്റ്റാൻഡിംഗ് കമ്മിറ്റികൾ. ഇതോടൊപ്പം ഉത്പാദന മേഖലയുടെ ശാക്തീകരണം, സംരംഭകത്വ വികസനം, തൊഴിൽ സൃഷ്ടി, പൊതുമരാമത്ത് പ്രവൃത്തികളുടെ ഏകോപനം, ദുരന്തനിവാരണം തുടങ്ങിയ സവിശേഷ ചുമതലകളും ഇവർക്കുണ്ട്. ഇവ നല്ല രീതിയിൽ നിർവ്വഹിക്കപ്പെട്ടാൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമാവുകയുള്ളൂ.

ഇതിന് സഹായകമായ രീതിയിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കായി വിപുലമായ പരിശീലന പരിപാടിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

ഈ പരിശീലനങ്ങളെ സഹായിക്കുന്നതിനായി ഒരു സമഗ്ര കൈപ്പുസ്തകമാണ് തയ്യാറാക്കിയിട്ടുള്ളത്. ഇത് തയ്യാറാക്കിയ കില (KILA) ടീമിനെ അഭിനന്ദിക്കുന്നു. വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്ക് മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നതിന് ഹൃദ്യമായ ആശംസകൾ നേരുന്നു.

അനുപമ ടി വി ഐ.എ.എസ്
സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
തിരുവനന്തപുരം

തിരുവനന്തപുരം
10.07.2026



ശ്രീ. ദേവിദാസ് എൻ, ഐ.എ.എസ്
ഡയറക്ടർ ജനറൽ, കില

അവതാരിക

കേരളം അധികാരവികേന്ദ്രീകരണത്തിന്റെ മൂന്ന് പതിറ്റാണ്ടുകൾ പിന്നിടുകയാണ്. കേരളത്തിന്റെ വികസനപാതയിൽ വലിയ മാറ്റങ്ങൾ വരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾക്കിടയിലും വികസനരംഗത്ത് നിരവധി പോരായ്മകൾ നിലനിൽക്കുന്നുണ്ട്. ഉത്പാദന മേഖലയിലെ മുരടിപ്പ്, കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന വെല്ലുവിളികൾ, സംരംഭകത്വ മേഖലയിലെ പിന്നോക്കാവസ്ഥ, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ മുതലായവ കേരളം മറികടക്കേണ്ട പ്രധാനപ്പെട്ട പ്രതിസന്ധികളാണ്.

ഈ പ്രതിസന്ധികളെ മറികടക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വലിയ പങ്കുണ്ട്. അവയെ വികസനരംഗത്ത് മുന്നോട്ട് നയിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട സമിതികളാണ് വികസന സ്റ്റാൻഡിംഗ് കമ്മിറ്റികൾ. വികസന ആസൂത്രണം, നിർവ്വഹണം എന്നിവയ്ക്കൊപ്പം വിവിധ വിഷയ മേഖലകളിലെ സവിശേഷ ചുമതലകളും വികസന സ്റ്റാൻഡിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതുണ്ട്. തങ്ങളിൽ അർപ്പിതമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കാൻ അവരെ സഹായിക്കുന്നതിൽ പരിശീലനങ്ങൾക്കു വലിയ പങ്കുണ്ട്. ആ പരിശീലനങ്ങളെ ഫലപ്രദമാക്കുന്നതിനുള്ള ഒരു ഉപാധി എന്ന നിലയിലാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ഈ കൈപ്പുസ്തകം വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്ക് ഏറെ ഗുണകരമാകും എന്ന പ്രതീക്ഷയോടെ ഇത് തയ്യാറാക്കിയ കിലയിലെ ടീമിനെ അഭിനന്ദിക്കുന്നു.

ദേവിദാസ് എൻ ഐ.എ.എസ്
ഡയറക്ടർ ജനറൽ, കില

തൃശ്ശൂർ
10.07.2026

ആമുഖ കുറിപ്പ്



അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായ സംസ്ഥാനമാണ് കേരളം. ഈ നേട്ടങ്ങൾക്ക് ഇടയിലും ഇനിയും മറികടക്കേണ്ട നിരവധി പരിമിതികൾ നമുക്ക് മുൻപിൽ ഉണ്ട്. അത്തരം പരിമിതികളെ മറികടക്കുന്നതിൽ പ്രാദേശിക തലത്തിലുള്ള ഫലപ്രദമായ വികസന ആസൂത്രണത്തിന് വലിയ പങ്കുണ്ട്. ഈ പങ്ക് നിർവ്വഹിക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട സമിതികളാണ് ഗ്രാമപഞ്ചായത്തുകളിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റികൾ.

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ പ്രവർത്തനത്തിന് സഹായകമാകുന്ന ഒരു ഉപാധി എന്ന നിലയിലാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ ആദ്യ അധ്യായങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയമപരമായ ചുമതലകൾ, അവ നിർവ്വഹിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്നിവയെ പരിചയപ്പെടുത്തുന്നു. തുടർന്ന് ഉത്പാദന മേഖലയിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ് എന്നീ മേഖലകളിലെ നിലവിലെ അവസ്ഥയും പ്രാദേശിക ഭരണകൂടങ്ങളുടെ സാധ്യതയും വ്യക്തമാക്കുന്നു. പ്രാദേശിക സാമ്പത്തിക വികസനത്തിലും, ചെറുകിട വ്യവസായ വിപുലീകരണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കും, അതിൽ കുടുംബശ്രീയുടെ സാധ്യതയും, പ്രാദേശിക തൊഴിൽ സൃഷ്ടിയിൽ തൊഴിലുറപ്പ് പദ്ധതിയുടെ (VB-G RAM G) സാധ്യതകളും കൈപ്പുസ്തകം ചർച്ച ചെയ്യുന്നു. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിലും ദുരന്ത നിവാരണ രംഗത്തും പ്രാദേശിക സർക്കാരുകളുടെ പങ്ക് കൈപ്പുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നു.

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിസ്ഥാന ചുമതല എന്ന നിലയിൽ ആസൂത്രണ-നിർവ്വഹണ പ്രക്രിയയിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പങ്ക് പുസ്തകം ചർച്ച ചെയ്യുന്നുണ്ട്. ഇതോടൊപ്പം സ്ഥാപനങ്ങൾ, വിഭവങ്ങൾ, സംഘടനാ രൂപങ്ങൾ എന്നിവയുടെ ഫലപ്രദമായ ഏകോപനത്തിലൂടെ സംയോജന സാധ്യതകളെ എങ്ങനെ ഉപയോഗിക്കാം എന്ന് കൈപ്പുസ്തകം പരിശോധിക്കുന്നുണ്ട്. ഓരോ മേഖലയിലെയും മികച്ച മാതൃകകളെ പുതിയ ജനപ്രതിനിധികൾക്ക് പകർന്ന് നൽകാനും പുസ്തകത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്. പുതിയ ജനപ്രതിനിധികൾക്ക് അവരുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കാൻ ഈ കൈപ്പുസ്തകം സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു.

ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിൽ പങ്കാളികളായ എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

ഡോ. രാജേഷ് കെ
സീനിയർ അർബൻ ഫെലോ, കില
(എഡിറ്റർ)

ഉള്ളടക്കം

അദ്ധ്യായം 01: ആമുഖം	**17**
1.1. അടിസ്ഥാന സൗകര്യ വികസനം	18
1.2. കാർഷിക മേഖലയും ഭക്ഷ്യോത്പാദനവും	19
1.3. ജലസേചനം	21
1.4. തൊഴിലും സംരംഭകത്വവും	21
1.5. കുടുബശ്രീ	22
1.6. വികസിത് ഭാരത്-റോസ്ഗർ, ആജീവിക മിഷൻ, ഗ്രാമിൻ ഗ്യാരണ്ടി (VB-G RAM G)	23
1.7. കാലാവസ്ഥാ വ്യതിയാനവും ദുരന്ത നിവാരണ ഉത്തരവാദിത്വങ്ങളും	24
അദ്ധ്യായം 02: വികേന്ദ്രീകൃത ആസൂത്രണവും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും	**27**
2.1. വികേന്ദ്രീകൃത ആസൂത്രണം- ആമുഖം	27
2.2. പതിനാലാം പഞ്ചവത്സരപദ്ധതി- വികസന മുൻഗണനകൾ	27
2.3. ലക്ഷ്യങ്ങൾ	28
2.4. കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ പ്രധാന ഘടകങ്ങൾ	29
2.5. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രാധാന്യം	30
2.6. കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണ മോഡൽ	30
2.7. കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മുഖ്യ സവിശേഷതകൾ:	30
2.8. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 9 അനിവാര്യ ചുമതലകൾ	32
2.9. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5 പൊതു ചുമതലകൾ	33
2.10. സ്റ്റെയ്ക്ക്ഹോൾഡർ- പ്രവാസികൾ (ഡയസ്പോറാ) - പ്രാദേശിക വിദഗ്ധരുമായുള്ള ചർച്ചകൾ	33
2.11. പദ്ധതി ആസൂത്രണം- പഞ്ചവത്സര പദ്ധതി പൊതു ലക്ഷ്യങ്ങൾ	34
2.12. പദ്ധതി ആസൂത്രണം	35
അദ്ധ്യായം 03: വികസന സ്റ്റാന്റിംഗ് കമ്മിറ്റി	**39**
3.1. കമ്മിറ്റി സംവിധാനം	39
3.2. സ്റ്റാന്റിംഗ് കമ്മിറ്റികൾ	40
3.3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി	40
അദ്ധ്യായം 04 വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി പ്രവർത്തനങ്ങളും	**45**
4.1. വർക്കിംഗ് ഗ്രൂപ്പുകൾ	46
4.2. പദ്ധതി പ്രവർത്തനങ്ങളിലെ ഇടപെടൽ	47

4.3. പദ്ധതി ആസൂത്രണം- വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ചുമതല	48
4.4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ- ചുമതലകൾ	49
4.5. പദ്ധതി ആസൂത്രണ ഘട്ടങ്ങൾ	50
4.6. പദ്ധതി ആസൂത്രണ നടപടി ക്രമങ്ങൾ	50
അദ്ധ്യായം 05: വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും കൈമാറിയ സ്ഥാപനങ്ങളും ഏജൻസികളും	**53**
5.1. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും അനുബന്ധ സ്ഥാപനങ്ങളും	55
അദ്ധ്യായം 06: വിവിധ വികസന മേഖലകൾ: പ്രതിസന്ധികളും സാധ്യതകളും	**59**
6.1. കാർഷിക മേഖല	59
6.2. മൃഗസംരക്ഷണം, ക്ഷീര വികസനം	67
6.3. മൂല്യവർദ്ധിത മൃഗോൽപ്പന്ന വിപണനം: പരിമിതികൾ	71
6.4. മുട്ട, മാംസം എന്നിവയുടെ ഉല്പാദന പിന്നോക്കാവസ്ഥ	73
6.5. മൃഗസംരക്ഷണം, ക്ഷീര വികസനം: ഉത്പാദന മേഖലയിലെ പരിഹാരങ്ങളും സാദ്ധ്യതകളും	75
6.6. മത്സ്യബന്ധന മേഖല	83
അദ്ധ്യായം 07: പ്രാദേശിക സാമ്പത്തിക വികസനം (LED)	**93**
7.1. പ്രാദേശിക സാമ്പത്തിക വികസനവും സംരംഭകത്വവും	93
7.2. ഇടപെടൽ മേഖലകൾ	95
7.3. സബ്സിഡികൾ/പിന്തുണകൾ	96
7.4. വേണ്ടതെന്ത്?	97
7.5. പ്രാദേശിക വികസന സംരംഭകത്വം- ജില്ലാ പഞ്ചായത്തുകളുടെ പങ്ക്	100
അദ്ധ്യായം 08: പശ്ചാത്തല വികസനം, മരാമത്ത് പ്രവൃത്തികൾ, ആസ്തി പരിപാലനം	**105**
8.1. പൊതുമരാമത്ത് പ്രവൃത്തികൾ	105
8.2. മരാമത്ത് പ്രവർത്തികളുടെ വിവിധ ഘട്ടങ്ങൾ	107
8.3. പശ്ചാത്തല വികസനം, മരാമത്ത് പ്രവൃത്തികൾ, ആസ്തി പരിപാലനം	109
8.4. നിർമ്മാണം, അളവുകൾ രേഖപ്പെടുത്തൽ, ബിൽ തയ്യാറാക്കൽ	110
8.5. ആസ്തി പരിപാലനം	112
8.6. മെയിന്റനൻസ് പ്ലാൻ	113
8.7. സാധനങ്ങളും സേവനങ്ങളും വാങ്ങൽ	115

8.8. പ്രൊക്യൂർമെന്റ് പ്ലാൻ കമ്മിറ്റി (PPC)	117
8.9. സോഷ്യൽ ഓഡിറ്റ് കമ്മിറ്റി	120
അദ്ധ്യായം 09: വിക്സിത് ഭാരത്- ഗ്യാരണ്ടി ഫോർ റോസ്ഗാർ ആന്റ് ആജീവികാ മിഷൻ (ഗ്രാമീൺ) ആക്ട് 2025 (VB-G RAM G)	**123**
9.1. ആമുഖം	123
9.2. മുഖ്യ ലക്ഷ്യങ്ങൾ	124
9.3. സവിശേഷതകൾ	124
9.4. മറ്റ് ആനുകൂല്യങ്ങൾ	126
9.5. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്	126
9.6. ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികൾ	127
9.7. പദ്ധതി രൂപീകരണം	127
9.8. സുതാര്യത ഉറപ്പു വരുത്തൽ	128
അദ്ധ്യായം 10: ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ	**131**
10.1. പശ്ചാത്തലം	131
10.2. പുത്തനാശയ നിർമ്മിതിക്ക് ക്വാഡ്രുപ്പിൾ ഹെലിക്സ് മാതൃക	132
10.3. ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ (BIC)	133
10.4. ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററിന്റെ ലക്ഷ്യങ്ങൾ	134
10.5. ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്ററിലൂടെ ഇന്നോവേഷൻ ആവാസവ്യവസ്ഥ സജ്ജമാക്കൽ	134
10.6. ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ പൈലറ്റ് പ്രവർത്തനം	140
10.7. ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ പൈലറ്റ് പ്രവർത്തനം ഇത് വരെ	140
അദ്ധ്യായം 11: കുടുംബശ്രീയും ഉപജീവന മേഖലയിലെ സാധ്യതകളും	**143**
11.1. കുടുംബശ്രീ	143
11.2. സാമൂഹ്യാധിഷ്ഠിത ത്രിതല സംഘടനാ സംവിധാനം	144
11.3. സി.ഡി.എസ്സിന്റെ ചുമതലകൾ	145
11.4. സമൂഹാധിഷ്ഠിത സംഘടനാ സംവിധാനങ്ങളുടെ പ്രവർത്തന ഫണ്ട്	145
11.5. കുടുംബശ്രീ സി.ഡി.എസ്. സംയോജന വികസന സമിതി	146
11.6. കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ	147
11.7. വിവിധ മൈക്രോ സംരംഭ പദ്ധതികൾ	147

11.8. കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള വിവിധ സാമ്പത്തിക സഹായങ്ങൾ	147
11.9. വിപണനത്തിനുള്ള നൂതന പദ്ധതികൾ	149
11.10. സൂക്ഷ്മ സംരംഭ കൺസൾട്ടന്റ് (എം.ഇ.സി.)	149
11.11. കൃഷിയുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടത്തി വരുന്ന പദ്ധതികൾ	149
11.12. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടത്തി വരുന്ന പ്രവർത്തനങ്ങൾ	150
11.13. കുടുംബശ്രീ തൊഴിൽ ക്യാമ്പയിൻ	151
11.14. നൈപുണ്യ വികസനവും തൊഴിലും	152
അദ്ധ്യായം 12: ദുരന്ത നിവാരണം, കാലാവസ്ഥാ വ്യതിയാനം	**155**
12.1. ആമുഖം	155
12.2. പ്രകൃതി ദുരന്തങ്ങൾ	156
12.3. കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവ വിവിധ വിഭാഗങ്ങളെ എങ്ങനെ ബാധിക്കുന്നു	157
12.4. ദുരന്ത ലഘൂകരണം- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്	160
12.5. ഉന്നതി തലത്തിലുള്ള ദുരന്തനിവാരണ പദ്ധതി രേഖ	164
12.6. കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതി	164
12.7. ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ	166
12.8. ദുരന്തകാല സഹായങ്ങളും ആരോഗ്യ സേവനങ്ങളും	166
12.9. സാങ്കേതിക വിദ്യയുടെ ഉപയോഗം	167
12.10. ലഘൂകരണ നടപടികൾ	167
12.11. വൈകല്യമുള്ളവർക്ക് കാലാവസ്ഥ പ്രതിരോധ ഉപജീവന മാർഗങ്ങൾ.	168
12.12. വയോജനങ്ങൾ	168
അദ്ധ്യായം 13: സംയോജന സാധ്യതകൾ	**175**
13.1. സംയോജനം തദ്ദേശ ഭരണ സ്ഥാപന തലത്തിൽ	176
13.2. സംയോജന സാധ്യതകൾ	177
അദ്ധ്യായം 14: വിവരാധിഷ്ഠിത, ലക്ഷ്യാധിഷ്ഠിത ആസൂത്രണം	**181**
14.1. ഡാറ്റാ അധിഷ്ഠിതമായി തീരുമാനമെടുക്കലിനും ആസൂത്രണത്തിനും ഒരു ആമുഖം	181
14.2. പഞ്ചവത്സര പദ്ധതികൾ	182
14.3. ഡാറ്റയുടെ തരങ്ങൾ	183

14.4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി അസൂത്രണത്തിനായി ലഭ്യമാകുന്ന വിവിധ ഡാറ്റകൾ	183
14.5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഇതര ഡാറ്റാ ഉറവിടങ്ങൾ	185
14.6. വികസന വിടവുകൾ കണ്ടെത്താൻ എന്തെല്ലാം വിവരങ്ങൾ ഉപയോഗിക്കാം?	186
14.7. ഡാറ്റ ഉപയോഗിക്കുന്നതിനുള്ള പരിമിതികൾ	187
14.8. വിവരാധിഷ്ഠിത ആസൂത്രണം	188
14.9. തുടർ പ്രവർത്തന സാധ്യതകളും നേട്ടങ്ങളും	188
14.10. വിവിധ സ്റ്റേക്ക് ഹോൾഡർ ഗ്രൂപ്പുകളുമായുള്ള ചർച്ചകൾ	189
14.11. സ്ഥലീയ ആസൂത്രണവും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും	189
14.12. വികസന വിടവുകളിൽ നിന്ന് സ്വപ്നങ്ങളിലേക്ക്	191



ആമുഖം



ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തെ മാറ്റിനിർത്തുന്ന കേരള വികസന മോഡൽ സാധ്യമായത് കേരളനവോത്ഥാനം, ഭൂപരിഷ്ക്കരണം, സാർവത്രിക വിദ്യാഭ്യാസം, സാക്ഷരതയജ്ഞം, കുടുംബാസൂത്രണം, അധികാര വികേന്ദ്രീകരണം എന്നീ ജനകീയ മുന്നേറ്റങ്ങളിലൂടെയാണ്. വിഭവങ്ങളുടെ നീതിയുക്തമായ പുനർവിതരണത്തിലൂടെയും പൊതുസംവിധാനങ്ങളുടെ ശാക്തീകരണത്തിലൂടെയും സാമൂഹിക-സാമ്പത്തിക വികസനം സാധ്യമാകുന്നത് എങ്ങനെ എന്നതിന്റെ തെളിവു കൂടിയാണ് കഴിഞ്ഞ ഒരു നൂറ്റാണ്ടിലെ കേരള ചരിത്രം. അതിലെ സുപ്രധാന ഏടാണ് മൂന്നു പതിറ്റാണ്ടുകളോട് അടുക്കുന്ന വികേന്ദ്രീകൃതാസൂത്രണം. സംസ്ഥാനത്തെ ഗ്രാമീണ- നഗര ജീവിതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ മാത്രമല്ല, മറിച്ച് പൊതു സംവിധാനങ്ങളുടെ കാര്യപ്രാപ്തി, സുതാര്യത, പ്രാദേശിക ഭരണത്തോടുള്ള പൊതുമനോഭാവം എന്നിവയിലും വികേന്ദ്രീകൃതാസൂത്രണം ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

കേരളത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്കുവഹിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്ന ഒരു

ഘടകം ഉത്തരവാദിത്വങ്ങളോടും അധികാരത്തോടുമൊപ്പം വിഭവങ്ങളുടെ കൂടി വികേന്ദ്രീകരണം സാധ്യമാക്കുന്ന ഒരു ഭരണമാതൃക സൃഷ്ടിച്ചു എന്നതാണ്. വർഷങ്ങളായി ലഭിക്കുന്നതുമെച്ചപ്പെട്ടതും സ്ഥിരതയുള്ളതുമായ ഫണ്ട് വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണത്തെ ഗണ്യമായി ശക്തിപ്പെടുത്തുകയും പ്രാദേശിക ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ദ്രുതഗതിയിൽ പ്രവർത്തനങ്ങൾ സംയോജിപ്പിക്കാൻ അവയെ പ്രാപ്തരാക്കുകയും ചെയ്തു എന്ന് കാണാവുന്നതാണ്. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, കൃഷി, ഭവന നിർമ്മാണം, ജലസേചനം, ശുചിത്വ പരിപാലനം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയുൾപ്പെടെയുള്ള സുപ്രധാന മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ ഈ സാമ്പത്തിക ശാക്തീകരണം പ്രാദേശിക സർക്കാരുകളെ ഒരളവു വരെ സഹായിച്ചിട്ടുണ്ട്.

എന്നാലൊരു സമൂഹം പൊതുവായി സാമൂഹിക പുരോഗതിയോട് അടുക്കുന്ന സാഹചര്യങ്ങളിൽ നിലനിൽക്കുന്ന വിടവുകളെ കണ്ടെത്തുന്നതിനുള്ള പ്രയാസം സാമൂഹിക നിരീക്ഷകർ സൂചിപ്പിച്ചിട്ടുണ്ട്. വ്യത്യസ്ത സാമൂഹിക ധാരകളിലുള്ള ജനങ്ങളിൽ നിന്നുയർന്നു വരുന്ന, പാർശ്വവത്കൃത വിഭാഗങ്ങളിൽ നിന്നുള്ളവരുടേതടക്കമുള്ള, സാമൂഹിക ആവശ്യങ്ങളെ ഉൾക്കൊള്ളുന്ന പൊതു പരിശ്രമങ്ങളിലൂടെ മാത്രമേ മേൽ സൂചിപ്പിച്ച വിടവുകളെ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സാധിക്കുകയുള്ളൂ.

പരമ്പരാഗത ഉത്തരവാദിത്വങ്ങളോടൊപ്പം തന്നെ അടുത്ത കാലത്തായി കേരളം കടന്നു പോകുന്ന സാമൂഹിക ജീവിതത്തിലെ മാറ്റങ്ങളെ കൂടി പരിഗണിക്കുമ്പോൾ, സംസ്ഥാനം വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി വിപുലമായ സാമൂഹിക നേട്ടങ്ങൾ നേടിയിട്ടുണ്ടെങ്കിൽ തന്നെയും, പ്രാദേശിക സർക്കാരുകൾ പുതിയ ഇടപെടൽ സാധ്യതകളെ കണ്ടെത്തുന്നതിൽ വിവിധ തലങ്ങളിലുള്ള പ്രതിസന്ധികളും നേരിടുന്നു. ബഹുതല സ്പർശിയായ അത്തരം സാഹചര്യങ്ങളെ ജനകീയ പങ്കാളിത്തത്തോടുകൂടി മറികടക്കുന്നതിന് പുതിയ പദ്ധതികളും ആശയങ്ങളും തന്ത്രങ്ങളും സ്വീകരിക്കേണ്ടതുണ്ട്.

അധികാര വികേന്ദ്രീകരണത്തിന്റെ കണ്ണുകളിലൂടെ കേരളം വിവിധ മേഖലകളിൽ കൈവരിച്ച വികസന നേട്ടങ്ങളേയും നിലനില്ക്കുന്ന വിടവുകളെയും മനസ്സിലാക്കുക വഴി മാത്രമേ ഭാവി തദ്ദേശ ഭരണത്തിലേക്കുള്ള തന്ത്രങ്ങൾ രൂപീകരിക്കുന്നതിനു ഭരണ സമിതികൾക്ക് സാധിക്കുകയുള്ളൂ.

1.1. അടിസ്ഥാന സൗകര്യ വികസനം

അധികാരവികേന്ദ്രീകരണ പ്രക്രിയക്ക് ശേഷം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനവിനിമയം വർധിപ്പിക്കപ്പെടുകയും തത്ഫലമായി ആവശ്യാനുസൃതമായ വികസന പദ്ധതികൾക്ക് മുൻതൂക്കം നല്കി അവ ആസൂത്രണം ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. ഇത് സംസ്ഥാനത്തുടനീളം അടിസ്ഥാന സൗകര്യ വികസന മേഖലയിൽ, കുടിവെള്ളം, റോഡ് ശൃംഖല വികസനം, തെരുവു വിളക്ക് വികസനം എന്നിവയെ പരിപോഷിപ്പിച്ചു. സംസ്ഥാനത്തെ ഗ്രാമീണ കുടുംബങ്ങളിലെ ടാപ്പ് വാട്ടർ കണക്ഷനെക്കുറിച്ചു ലഭ്യമായ വിവരങ്ങൾ ഗ്രാമപ്രദേശങ്ങളിലെ ജലവിതരണത്തിൽ കൈവരിച്ച കുതിച്ചുചാട്ടത്തെ പ്രതിഫലിപ്പിക്കുന്നതാണ്. ടാപ്പ് വാട്ടർ കണക്ഷനുള്ള ഗ്രാമീണ കുടുംബങ്ങളുടെ എണ്ണം

1997-ൽ 631,697 ആയിരുന്നത് ഈ വർഷത്തോടുകൂടി 3,867,117 ആയി ഉയർന്നു.

സമാനമായി 2003-ൽ 3.56 ചതുരശ്ര കിലോമീറ്ററിൽ നിന്ന് 2025-ൽ 5.48 ആയി സംസ്ഥാനത്തെ മൊത്തം റോഡ് സാന്ദ്രത വർദ്ധിച്ചു. 2024-ലെ ഇക്കണോമിക് റിവ്യൂ പ്രകാരം, ജില്ലാ, ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ വരുന്ന കേരളത്തിലെ ഗ്രാമീണ റോഡുകളുടെ ആകെ നീളം 1,28,048 കിലോമീറ്ററാണ്. 2001 മുതലുണ്ടായ വേറൊരു ശ്രദ്ധേയമായ മാറ്റം ഗ്രാമീണ റോഡുകളുടെ തരത്തിലും ഗുണനിലവാരത്തിലുമാണ്. നേരത്തെ പഞ്ചായത്ത് റോഡുകൾ പ്രധാനമായും മെറ്റൽ ചെയ്തവയായിരുന്നു. ആകെ 1,288.0713 കിലോമീറ്റർ മെറ്റൽ റോഡുകളുണ്ടായിരുന്നു. ഇതിനു വിഭിന്നമായ്, നിലവിലെ ഗ്രാമീണ റോഡ് ശൃംഖലയിൽ 3 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള ടാർ ചെയ്ത റോഡുകളിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്.

റോഡുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനൊപ്പം, തെരുവുവിളക്കുകളും ഗ്രാമീണവികസനത്തിന്റെ ഒരു നിർണ്ണായക ഘടകമായി കണക്കാക്കുന്നു. തെരുവുവിളക്കുകൾ പോലുള്ള ചില പ്രത്യേക സേവന വിതരണത്തിന്റെ ഉത്തരവാദിത്തം വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. 9-ാം പഞ്ചവത്സര പദ്ധതിക്കിടെ, 1,75,831 തെരുവെളിച്ചങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടു. 2024-ലെ റിപ്പോർട്ടനുസരിച്ച്, KSEB 2,97,715 LED തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. താഴെതട്ടിലുള്ള ആസൂത്രണത്തിൽ പരിസ്ഥിതി ബോധമുള്ള തിരഞ്ഞെടുപ്പുകൾ ഉൾപ്പെടുത്തുന്നതിലുള്ള പ്രവണതയും കാണാവുന്നതാണ്.

മുകളിൽ സൂചിപ്പിച്ചതുപോലെ ജീവിതത്തിന്റെ നാനാവിധമായ മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിന് കേരളത്തിന്റെ അധികാര വികേന്ദ്രീകരണം സഹായിച്ചിട്ടുണ്ട്. കേരളം ഒരു സമൂഹമെന്ന നിലയിൽ ആർജ്ജിച്ചെടുത്ത മികവിന്റെ ഫലമായി രൂപപ്പെട്ട കേരള വികസന മാതൃക സാധ്യമായത് അധികാര വികേന്ദ്രീകരണത്തിന്റെ മാത്രം ഫലമായി കരുതാനാവില്ലെങ്കിലും, അധികാരങ്ങളോടും ഉത്തരവാദിത്വങ്ങളോടുമൊപ്പം വിഭവങ്ങളെ കൂടി പ്രാദേശിക സർക്കാരുകൾക്ക് കൈമാറി രൂപപ്പെടുത്തിയ പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് ഈ നേട്ടത്തിൽ അവിതർക്കിതമായ പങ്കുണ്ട്.

1.2. കാർഷിക മേഖലയും ഭക്ഷ്യോത്പാദനവും

കേരള സമ്പദ് വ്യവസ്ഥ കഴിഞ്ഞ നാലു പതിറ്റാണ്ടുകളായി ഘടനാപരമായ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. കേരള സമ്പദ്വ്യവസ്ഥയിലേക്ക് വലിയ രീതിയിൽ സംഭാവന ചെയ്തിരുന്ന കാർഷിക-കാർഷികാനുബന്ധ മേഖല തളരുകയും സേവന മേഖലയും പശ്ചാത്തല മേഖലയും കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ മുഖ്യ ചാലകങ്ങളായതും ഈ കാലയളവിലാണ്. കേരള സമൂഹത്തിന്റെ മുൻഗണനകളിലുണ്ടായ വ്യതിയാനം ഈ മാറ്റത്തിൽ മുഖ്യ പങ്ക് വഹിച്ചു. ഏതാനും നാണ്യവിളകൾ മാറ്റി നിർത്തിയാൽ കൃഷി വിസ്തീർണ്ണവും ഉത്പാദനവും കുറഞ്ഞുവരുന്നു എന്ന പൊതുപ്രവണത കാണാമെങ്കിലും സവിശേഷ ശ്രദ്ധയർഹിക്കുന്ന ഒരു വസ്തുത ഉത്പാദനക്ഷമത 1997- 2002 കാലയളവിൽ ഉണ്ടായിരുന്നതിനേക്കാൾ പൊതുവേ കൂടുതലാണ് എന്നതാണ്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കൃഷി പ്രാദേശിക ഭരണകൂടങ്ങളുടെ ഒരു പ്രധാന ഇടപെടൽ

മേഖലയായി എന്നതും കൃഷിഭവൻ പോലുള്ള, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനവും അതിൽ മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. അതോടൊപ്പം, പാടശേഖര സമിതികളുടെ രൂപീകരണവും പ്രവർത്തനങ്ങളും പ്രാദേശിക കൃഷി ആസൂത്രണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികളിൽ കർഷകരുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനു കാരണമായിട്ടുണ്ട്.

എന്നാല്, കേരളത്തിന്റെ ഭക്ഷ്യസുരക്ഷ മുൻനിർത്തി കാർഷിക മേഖലയിലെ വിടവുകളായ വിളവിസ്തൃതിയിലും ഉത്പാദനത്തിലും പ്രകടമായ ഇടിവിനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അഭിസംബോധന ചെയേണ്ടതുണ്ട്. ഉദാഹരണമായി, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യവിളയായ നെല്ലിന്റെ ഉത്പാദനം 1975-1976 കാലഘട്ടത്തിൽ 13 ലക്ഷം ടൺ ആയിരുന്നെങ്കിൽ 2022-2023 ലേക്ക് എത്തിയപ്പോഴേക്കും ഇത് 6 ലക്ഷത്തിൽ താഴെയായി കുറഞ്ഞു. നെൽകൃഷി ചെയ്യുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി ഇതേ കാലയളവിൽ നാലിൽ ഒന്നായി ചുരുങ്ങി എന്നും കാണാവുന്നതാണ്. കേരളത്തിന് ആവശ്യമുള്ള അരിയുടെ 16% വും പയറു വർഗ്ഗങ്ങളുടെ വളരെ ചെറിയ പങ്കും മാത്രമാണ് നമ്മുക്ക് ഉത്പാദിപ്പിക്കാൻ സാധിക്കുന്നത്. പ്രധാന ഭക്ഷ്യ ഉത്പനങ്ങളായ പാൽ, മുട്ട എന്നിവയുടെ കാര്യത്തിലും കേരളത്തിൽ പ്രകടമായ ഉപഭോഗ-ഉത്പാദന വിടവ് നിലനിൽക്കുന്നുണ്ട്. കേരളത്തിലെ ഭക്ഷ്യ വിളകളുടെ കുറഞ്ഞുവരുന്ന ഉത്പാദനവും വിളവിസ്തൃതിയിലെ ഇടിവും വിരൽചൂണ്ടുന്നത് കേരളം വരുംകാലത്ത് അഭിമുഖീകരിക്കാനിരിക്കുന്ന ഭക്ഷ്യ സുരക്ഷാ ഭീഷണിയിലേക്കാണ്.

സാങ്കേതിക വിദ്യയും വൈദഗ്ധ്യമുള്ള മനുഷ്യവിഭവവും ലഭ്യമായിരിക്കുമ്പോഴും അതിനെ കാർഷിക-തൊഴിൽ സംവിധാനത്തിന്റെ ഭാഗമാക്കാനുള്ള ഘടനാപരമായ ശ്രമങ്ങളും നിലവിൽ പരിമിതമാണ്. കൃഷി വകുപ്പ് കാർഷികമേഖലയെ ശക്തിപ്പെടുത്താൻ വിവിധ സ്കീമുകൾ മുന്നോട്ടു വയ്ക്കുന്നുവെങ്കിലും പ്രാദേശിക സർക്കാരുകൾക്കും നൂതനവും വൈവിധ്യമുള്ളതും വകുപ്പുതല സ്കീമുകളിൽ നിന്ന് വേറിട്ടതുമായ പദ്ധതികൾ രൂപകരിക്കാനാവും. അതുവഴി കൃഷി കാർഷിക വിഭവങ്ങളുടെ ഉത്പാദനം എന്നിവ വർദ്ധിപ്പിക്കുകയും പുതിയ വിപണികൾ കണ്ടെത്താനും പ്രാദേശിക സർക്കാരുകൾക്ക് സാധിക്കും.

ഇതെല്ലാം വിരൽ ചൂണ്ടുന്നത് ഭക്ഷ്യസുരക്ഷാ ഭീഷണിയിൽ നിന്ന് പുറത്തുവരുന്നതിന് ആവശ്യമായ തന്ത്രങ്ങൾ രൂപീകരിക്കുന്നതിനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് പ്രാദേശിക സർക്കാരുകൾക്ക് മാറി നിൽക്കാനാവില്ല എന്ന വസ്തുതയാണ്. കേവലം ഉപഭോഗ കേന്ദ്രങ്ങളായി തുടർന്നു കൊണ്ട് കേരളത്തിലെ ഗ്രാമ-നഗര പ്രദേശങ്ങൾക്ക് വികസനം സാധ്യമല്ലാത്തതുകൊണ്ട് തന്നെ സാധ്യമായ അളവിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള സാഹചര്യ സമ്മർദ്ദം സമീപഭാവിയിൽ തന്നെ കേരളം അനുഭവിക്കും. സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ടും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിച്ചും പിന്തുണാ സംവിധാനങ്ങളെ ശക്തിപ്പെടുത്തിയും വിപണിയെ വൈവിധ്യവൽക്കരിച്ചും മാത്രമേ ഈ മേഖലയിൽ പ്രാദേശിക സർക്കാരുകൾക്ക് മുന്നേറാൻ സാധിക്കുകയുള്ളൂ.

1.3. ജലസേചനം

സംസ്ഥാനത്തെ ജല ലഭ്യതയിലും ഉപഭോഗം സാധ്യമാക്കുന്നതിലും പ്രധാന പങ്ക് വഹിക്കുന്ന ഒന്നാണ് ചെറുകിട, ഇടത്തര, വൻകിട ജലസേചന പദ്ധതികളുള്ള കേരളത്തിലെ കാർഷികമേഖല. അധികാര വികേന്ദ്രീകരണത്തിനു ശേഷം ചെറുകിട ജലസേചന മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടായതായി നിരീക്ഷണങ്ങളുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിഭവങ്ങളും കൈമാറിയതിലൂടെ, പ്രദേശിക ആവശ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ജലസേചന പദ്ധതികൾക്ക് രൂപം നൽകുന്നതിനു അവ പ്രാപ്തരായി. 13-ാം പഞ്ചവത്സര പദ്ധതി, വൻകിട, ഇടത്തര ജലസേചന പദ്ധതികളിൽ (മേജർ, മീഡിയം ഇറിഗേഷൻ) നിന്ന് മാറി ചെറുകിട പദ്ധതികളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നന്തും കനാലുകളുടെ നവീകരണം, കുളങ്ങളുടെയും ജലസംഭരണികളുടെയും പുനരുദ്ധാരണം മുതലായ പദ്ധതികൾക്കു മുൻഗണന നൽകുന്നവയുമാണ്.

കേരളത്തിലെ തണ്ണീർത്തടങ്ങളുടെയും പൊതു കുളങ്ങളുടെയും സംരക്ഷണത്തിനും പരിപാലനത്തിനും പ്രാദേശിക സർക്കാരുകൾ കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്. ഇവിടങ്ങളിലെ ജലം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുകയും, ആവശ്യമായിടത്ത് അവയെ മെച്ചപ്പെടുത്തുകയും വേണം. ശരിയായ ആസൂത്രണത്തിലൂടെ ഇവയെ പൊതുവിനോദ ഇടങ്ങളാക്കി വികസിപ്പിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു സാധ്യതകൾ ഏറെയാണ്.

1.4. തൊഴിലും സംരംഭകത്വവും

ഇന്ത്യയിലെ മറ്റനുഭവങ്ങൾക്ക് വിരുദ്ധമായി, കേരളത്തിലെ കാർഷിക മേഖലയുടെ ഉത്പാദനത്തിലുണ്ടായ ഇടിവ് കാർഷിക രംഗത്തെ പൂർണ്ണമായും ആശ്രയിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിലും കാണാവുന്നതാണ്. അതേസമയം, കാർഷിക മേഖലയിൽ നിന്നും മറ്റും തൊഴിൽ മേഖല ഉപേക്ഷിച്ചവരെ പൂർണ്ണാർത്ഥത്തിൽ മറ്റു സാമ്പത്തിക മേഖലകൾക്ക് ആഗീരണം ചെയ്യാൻ സാധിച്ചിട്ടില്ല എന്നു കാണാവുന്നതാണ്. പുതുതലമുറയുടെ ഉന്നത വിദ്യാഭ്യാസ യോഗ്യതകളെ പൂർണ്ണമായും ഉൾചേർക്കുന്നതിലുള്ള ഉത്പാദന മേഖലയുടെ പരിമിതികളും കേരളത്തിലെ തൊഴിലവസരങ്ങളുടെ ദൗർലഭ്യത്തിന് കാരണമാകുന്നു.

കേരള നോളജ് ഇക്കോണമി മിഷൻ 2022 ൽ നടത്തിയ എന്റെ തൊഴിൽ എന്റെ അഭിമാനം സർവ്വേ പ്രകാരം കേരളത്തിൽ 33 ലക്ഷം തൊഴിൽ രഹിതർ 40 വയസ് പ്രായത്തിൽ താഴെയായി ഉണ്ട്. കേരളത്തിലെ തൊഴിൽ രഹിതരിൽ വലിയ ഒരു ശതമാനം പ്ലസ്ടുവിന് മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളാണ് എന്നതും ആറ് ലക്ഷത്തോളം സ്ത്രീകൾ സംസ്ഥാനത്ത് കരിയർ ബ്രേക്ക് വന്നവരാണ് എന്ന പഠനങ്ങളും സൂചിപ്പിക്കുന്നത് കേരളത്തിലെ തൊഴിലില്ലായ്മയുടെ ലിംഗപരമായ സ്വഭാവത്തേയാണ്.

സംസ്ഥാനത്തെ ആഭ്യന്തര വരുമാനത്തിൽ കേവലം 35% മാത്രമുള്ള കൃഷി, വ്യവസായങ്ങൾ എന്നീ മേഖലകളുടെ പങ്കാളിത്തം കേരളത്തിന് ആവശ്യമായ തൊഴിൽ സൃഷ്ടിക്കാൻ പര്യാപ്തമല്ല. കുടുംബശ്രീ, മറ്റു സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കും ഈ വിടവ് നികത്താൻ പരിമിതികളുണ്ട്. കേരളത്തിലെ സൂക്ഷ്മ സംരംഭങ്ങളുടെ തൊഴിൽദായക ശേഷി ശരാശരി

2 ൽ താഴെയാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ഉയർന്ന ലാഭക്ഷമത -തൊഴിൽദായക ശേഷി- അതിജീവനക്ഷമത- വിപണി മൂല്യം എന്നിവ സംരംഭങ്ങൾക്ക് ഉറപ്പാക്കുക എന്നത് സംരംഭകത്വ വികസനത്തിന് അത്യന്താപേക്ഷിതമാണ്. അത്തരമൊരു ഉത്തരവാദിത്വത്തിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രാദേശിക സാമ്പത്തിക വികസന മാർഗരേഖയിലും പതിനാലാം പദ്ധതി മാർഗരേഖയിലും സംരംഭകത്വതൊഴിൽ കൗൺസിലുകൾ രൂപീകരിക്കുക, അടിസ്ഥാന സൗകര്യം ഒരുക്കുക, സാങ്കേതികവിദ്യ നവീകരിക്കുന്നതിന്റെ ഭാഗമായി പിന്തുണ സംവിധാനം ഒരുക്കുക എന്നിങ്ങനെ വിവിധ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. എന്നാൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തേക്ക് നിക്ഷേപങ്ങളെ ആകർഷിക്കുകയും സംരംഭക പ്രോത്സാഹനത്തിലൂടെ പ്രാദേശിക തൊഴിൽ സൃഷ്ടി സാധ്യമാക്കുകയും ചെയ്യുക വഴി മാത്രമേ പ്രാദേശിക സർക്കാരുകൾക്ക് കേരള സമൂഹം നേരിടുന്ന തൊഴിലില്ലായ്മയെ ഫലപ്രദമായി നേരിടാനാവു. തനത് ഫണ്ട് ഉയർത്തുന്നതിനും അതുവഴി പ്രാദേശിക അടിസ്ഥാന സൗകര്യ വികസനത്തിനും ക്രിയാത്മകമായ ഒരു മനോഭാവമാറ്റം ഉണ്ടാകേണ്ടുന്ന ആവശ്യകതയിലേക്ക് നിലവിലെ സാമൂഹിക-സാമ്പത്തിക യാഥാർത്ഥ്യങ്ങൾ പ്രാദേശിക സർക്കാരുകളെ ബോധ്യപ്പെടുത്തുന്നുണ്ട്.

ഇതിനോട് ചേർന്നു നിൽക്കുന്നതും പ്രാദേശിക സർക്കാരുകളുടെ വളർന്നു വരുന്നതുമായ മറ്റൊരു ഇടപെടൽ മേഖലയാണ് നൈപുണ്യ വികസനം. സാമ്പ്രദായിക വിദ്യാഭ്യാസം തൊഴിലുന്മുഖമല്ലാതിരിക്കുന്ന സാഹചര്യത്തിൽ തൊഴിലാവശ്യങ്ങളും തൊഴിൽസേനയും തമ്മിലുള്ള വിടവ് നികത്തേണ്ടുന്ന ഒരു അധിക ഉത്തരവാദിത്വം പ്രാദേശിക ഭരണകൂടങ്ങൾക്ക് വന്നു ചേരുന്നു. വിജ്ഞാന തൊഴിലുകളുടെ സമാഹരണവും അവയ്ക്കാവശ്യമായ നൈപുണികളുള്ള അഭ്യസ്തവിദ്യരായ തൊഴിൽ സേനയെ സജ്ജമാക്കേണ്ടതും പ്രാദേശിക സർക്കാരുകളുടെ ഒരു ഉത്തരവാദിത്തമായി മാറുന്നു. നിലനിൽക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കാനും അതുവഴി സാമ്പത്തിക ഇടപെടലുകളെയും വളർച്ചയേയും ത്വരിതപ്പെടുത്താനും ആവശ്യമായ തങ്ങളുടെ പങ്ക് നിർവഹിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് സാധ്യമാകേണ്ടതുണ്ട്.

1.5. കുടുംബശ്രീ

1998-ൽ കേരള സർക്കാർ ആരംഭിച്ച സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന ദൗത്യമായ കുടുംബശ്രീ, ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും ലക്ഷ്യമിട്ടുള്ള അന്തർദ്ദേശീയ തലത്തിൽ വരെ ശ്രദ്ധയാകർഷിച്ച പദ്ധതിയാണ്. സമ്പാദ്യശീലങ്ങൾ വളർത്തിയെടുക്കുന്നതിലൂടെയും ത്രിഫ്റ്റ് ആൻഡ് ക്രെഡിറ്റ് പ്രോഗ്രാമിലൂടെ വായ്പ ലഭ്യമാക്കുന്നതിലൂടെയും സ്ത്രീകൾക്കിടയിൽ സാമ്പത്തിക സ്വാശ്രയത്വം പ്രോത്സാഹിപ്പിക്കുന്നതിൽ കുടുംബശ്രീ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കൂടാതെ, സൂക്ഷ്മ സംരംഭങ്ങൾ (micro-enterprises) സ്ഥാപിക്കാനും കൈകാര്യം ചെയ്യാനും സ്ത്രീകളെ സഹായിക്കുന്നതിന് കൗൺസിലിംഗ്, പരിശീലനം, നൈപുണ്യ വികസനം, മാർക്കറ്റിംഗ് പിന്തുണ എന്നിവ മിഷൻ നൽകുന്നു. ഈ ശ്രമങ്ങളിലൂടെ, കുടുംബശ്രീ പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ നില ഗണ്യമായി

മെച്ചപ്പെടുത്തുകയും അവർക്ക് നേതൃത്വപരമായ കഴിവുകളും സാമ്പത്തിക സ്ഥിരതയും കൈവരിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു. ആരോഗ്യം, പോഷകാഹാരം, ലിംഗനീതി, കൃഷി, സാമൂഹിക വികസനം തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിലെ പ്രവർത്തനങ്ങളിൽ സ്ത്രീകളെ പങ്കാളികളാക്കുകയും അവരുടെ ശാക്തീകരണത്തിന് ചുക്കാൻ പിടിക്കുകയും ചെയ്യുന്ന കുടുംബശ്രീ സമഗ്രവും പങ്കാളിത്തപരവുമായ വികസനത്തിന് ആഗോളതലത്തിൽ വരെ അംഗീകരിക്കപ്പെട്ട ഒരു മാതൃകയാണ്.

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി, അയൽക്കൂട്ടങ്ങളുടെ എണ്ണത്തിൽ സംസ്ഥാനത്ത് ശ്രദ്ധേയമായ വർദ്ധനവുണ്ടായ്. 2005 ൽ 1.47 ലക്ഷം അയൽക്കൂട്ടങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ, 2025 ആയപ്പോഴേക്കും ഈ സംഖ്യ ഇരട്ടിയിലധികം വർദ്ധിച്ച് 3.17 ലക്ഷത്തിലെത്തി. കുടുംബശ്രീയുമായി ബന്ധപ്പെട്ട സാമ്പത്തിക സൂചകങ്ങളിലും ഈ വളർച്ച പ്രതിഫലിക്കുന്നു. ഉദാഹരണത്തിന്, ശേഖരിച്ച മൊത്തം ത്രിഫ്റ്റ് 2005 ൽ ₹537.01 കോടിയിൽ നിന്ന് 2025 ൽ ₹9,286.1 കോടിയായും ആഭ്യന്തര വായ്പ 2005-ലെ ₹1,307.87 കോടിയിൽ നിന്ന് ₹28,619.43 കോടിയായും വളർന്നു. ഈ സൂചകങ്ങൾ ശക്തമായ സാമ്പത്തിക, സംഘടനാ വളർച്ചയിലേക്ക് വിരൽ ചൂണ്ടുന്നുണ്ടെങ്കിലും കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളുടെ കണക്കുകളിൽ ഈ വളർച്ച പ്രതിഫലിക്കുന്നില്ല എന്നത് സവിശേഷ ശ്രദ്ധ അർഹിക്കുന്ന ഒരു കാര്യമാണ്. 1,63,458 സംരംഭങ്ങളാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരളത്തിൽ പ്രവർത്തിച്ചു വരുന്നത്. ഈ സൂക്ഷ്മ- ചെറുകിട സംരംഭങ്ങളിലായി മൂന്ന് ലക്ഷത്തി ഇരുപത്തിമൂവായിരത്തോളം ആളുകൾ തൊഴിലെടുക്കുന്നു. മുകളിൽ സൂചിപ്പിച്ചതു പോലെ, കുടുംബശ്രീ സംരംഭങ്ങളിൽ തൊഴിലുത്പാദനം 2-ൽ താഴെയായിരിക്കുന്നു എന്ന വസ്തുത, ഈ സംരംഭങ്ങൾ തൊഴിൽ സൃഷ്ടിക്കുന്ന ഘടകങ്ങളാകുന്നതിനെക്കാൾ സ്വയംതൊഴിൽ അടിസ്ഥാനത്തിലുള്ള ഘടനകളായി പ്രവർത്തിക്കുന്നു എന്നതിന് തെളിവാണ്.

ഇപ്പോൾ നിലവിലുള്ള രൂപത്തിൽ, ഒരേ സ്വഭാവമുള്ള നിരവധി കുടുംബശ്രീ സംരംഭങ്ങൾ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ളിൽ തന്നെ പരസ്പരബന്ധമില്ലാതെ പ്രവർത്തിക്കുന്നു. ഇതിനെ മറികടക്കാൻ സമാന സ്വഭാവമുള്ള സംരംഭങ്ങളെ ഒരുമിപ്പിക്കുകയും അവയെ ഫെഡറേറ്റ് ചെയ്യുകയും ചെയ്യുന്നത് സഹായകരമാണ്. ഇങ്ങനെ ഒരുക്കുന്ന കൂട്ടായ ഘടനകൾ പ്രൊഫഷണൽ രീതിയിലും സ്റ്റാൻഡേർഡൈസ്ഡ് പ്രോട്ടോക്കോളുകളോടെയും പ്രവർത്തിക്കുന്ന സംയോജിത സംരംഭ മാതൃകകൾ രൂപപ്പെടുത്താൻ സഹായിക്കും. ആവശ്യവസ്തുക്കളുടെ വാങ്ങൽ, ഉൽപ്പാദനം, ഉത്പന്നങ്ങളുടെ വിപണനം എന്നിവയിൽ ഈ രീതിയിലുള്ള സംഘാടക ശക്തി കുടുംബശ്രീക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള അവസരം സൃഷ്ടിക്കുന്നു.

1.6. വികസിത് ഭാരത്-റോസ്ഗർ, ആജീവിക മിഷൻ, ഗ്രാമിൻ ഗ്യാരണ്ടി (VB-G RAM G)

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയുടെ നടപ്പാക്കലിൽ കൈവരിച്ച പുരോഗതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും അവയ്ക്ക് ലഭിക്കുന്ന വർദ്ധിച്ച സാമ്പത്തിക വികേന്ദ്രീകരണവുമായും ബന്ധപ്പെട്ടിരിക്കുന്നു. 2006-07 ലെ കണക്കനുസരിച്ച് 537 വ്യക്തികൾക്ക് മാത്രമേ 100 ദിവസത്തെ തൊഴിൽ നൽകിയിട്ടുള്ളൂവെങ്കിൽ 2024-25

ആയപ്പോഴേക്കും ഇത് 5,19,622 ആയി കുത്തനെ ഉയർന്നു.

നൽകിയ ജോബ് കാർഡുകളുടെ എണ്ണത്തിലും ഈ വളർച്ച പ്രകടമാണ്: 2006-07 ൽ 2,13,840 ൽ നിന്ന് 2024-25 ഓടെ 40.4 ലക്ഷമായി. ഇത്തരമൊരു വർദ്ധനവ് ഗ്രാമീണ മേഖലയിലെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക മാത്രമല്ല, വൻതോതിലുള്ള തൊഴിൽ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കി.

1.7. കാലാവസ്ഥാ വ്യതിയാനവും ദുരന്ത നിവാരണ ഉത്തരവാദിത്വങ്ങളും

കാലാവസ്ഥാ വ്യതിയാനം എന്നത് ലോകത്താകമാനം ആഘാതങ്ങൾക്കും ദുരന്തങ്ങൾക്കും കാരണമായിരിക്കുമ്പോൾ തന്നെയും അതിന്റെ പ്രാദേശികമായ അനുഭവങ്ങൾ വൈവ്യസ്തമാണ്. കേരളം പോലെ വൈവിധ്യപൂർണ്ണമായ ഒരു ഭൂപ്രകൃതിയിൽ ഇത് കുറച്ചു കൂടി ദൃശ്യമാണ്. സ്വാഭാവികമായും പ്രാദേശികമായ പ്രത്യേകതകൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള ആസൂത്രണവും ദുരന്ത നിവാരണ പ്രവർത്തനങ്ങളും ഇത് ആവശ്യപ്പെടുന്നു. 2018 ലെയും 2019 ലെയും വെള്ളപൊക്കം, 2024 ൽ വയനാടിലുണ്ടായ ഉരുൾപ്പൊട്ടൽ എന്നിവ അതിതീവ്ര കാലാവസ്ഥാ പ്രതിഭാസങ്ങളുടെ ഭാഗമായി വർദ്ധിച്ച് വരുന്ന ദുരന്ത സാധ്യതകളിലേക്കോണ് വിരൽ ചൂണ്ടുന്നത്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കണക്കനുസരിച്ച് കേരളത്തിലെ 85 ഗ്രാമപഞ്ചായത്തുകൾ ഉയർന്ന വെള്ളപ്പൊക്ക സാധ്യതയുള്ളതും 29 എണ്ണം ഉരുൾപ്പൊട്ടൽ സാധ്യതയുള്ളതുമാണ്. 12 പഞ്ചായത്തുകൾ കടലാക്രമണത്തിന്റെയും 53 എണ്ണം കടുത്ത വരൾച്ചയുടേയും ഭീഷണിയും നേരിടുന്നു. മഹാമാരികളുടെ വ്യാപന സാധ്യത ഏറിയ 342 പഞ്ചായത്തുകൾ കേരളത്തിലുണ്ട്. ഈ സാഹചര്യത്തിൽ ദുരന്ത നിവാരണത്തിൽ സവിശേഷമായ ശ്രദ്ധ പ്രാദേശിക സർക്കാരുകൾ നൽകേണ്ടതുണ്ട്.

സംസ്ഥാനത്ത് അടുത്ത കാലത്ത് ആവർത്തിച്ച് അനുഭവപ്പെടുന്ന കാലാവസ്ഥാ ദുരന്തങ്ങൾ, കാലാവസ്ഥാ മാറ്റത്തോടുള്ള പ്രതികരണവും മുന്നൊരുക്കവും എങ്ങനെയായിരിക്കണം എന്നതിന് പ്രാദേശികതലത്തിലുള്ള പദ്ധതികളും തന്ത്രങ്ങളും രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ മുന്നിൽ കൊണ്ടുവരുന്നു. ഇത്തരത്തിലുള്ള പദ്ധതികളും തന്ത്രങ്ങളും പ്രാദേശിക ആസൂത്രണത്തിലേക്ക് സംയോജിപ്പിക്കണമെന്നതും നിർണായകമാണ്.

കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവയുടെ ഉള്ളടക്കത്തിലെ ഗുണത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല എന്നത് ഒരു വെല്ലുവിളിയാണ്. ദുരന്ത നിവാരണ അതോറിറ്റി നൽകുന്ന വിവിധ മാപ്പുകൾ കൃത്യമായി വിശകലനം ചെയ്യുന്നതിനും അവ കണക്കിലെടുത്ത് പദ്ധതികൾ തയ്യാറാക്കുന്നതിനുമാവശ്യമായ നൈപുണി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ഉണ്ടാകേണ്ടത് കേരളത്തിന്റെ വർദ്ധിച്ചു വരുന്ന ദുരന്ത സാധ്യതകളെ തരണം ചെയ്യുന്നതിന് അത്യന്താപേക്ഷിതമാണ്.

കാലാവസ്ഥാ പ്രവചനം/ദുരന്ത മുന്നറിയിപ്പ് എന്നിവ ജനങ്ങളിലേക്ക് എത്തിക്കാനുള്ള ഫലപ്രദമായ സൗകര്യങ്ങൾ ഒരുക്കൽ, സ്ഥിരമായ പുനരധിവാസ സൗകര്യങ്ങൾ ഒരുക്കൽ, ദുരന്ത സാധ്യത കൂടിയ സ്ഥലങ്ങളിൽ നിന്ന് ഘട്ടം ഘട്ടമായി പുനരധിവാസം, ദുരന്തരക്ഷാ

സംവിധാനങ്ങൾ സജ്ജമാക്കൽ, ജനങ്ങൾക്കിടയിൽ ദുന്തഘട്ടങ്ങളിലെ മാനേജ്മെന്റ് സംബന്ധിച്ച വിവരങ്ങൾ നൽകൽ എന്നിവയിൽ എല്ലാം ഇനിയും ഏറേ മുൻപോട്ട് പോകാൻ ആകണം. ദുരന്ത നിവാരണത്തിന് ഒപ്പം കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറക്കുന്നത്തിനുള്ള ഹ്രസ്വകാല- ഇടക്കാല- ദീർഘകാല പദ്ധതികൾ ഏറ്റെടുക്കാൻ ചുരുക്കം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കേ നിലവിൽ കഴിഞ്ഞിട്ടുള്ളൂ.

ചുരുക്കത്തിൽ, കേരളം ഒരു സമൂഹം എന്ന നിലയിൽ അതിവേഗം മാറി കൊണ്ടിരിക്കുകയാണ്. അതിനെ ഫലപ്രദമായി അഭിസംബോധന ചെയ്യുന്നതിന് കേരളത്തിന്റെ സവിശേഷമായ സാഹചര്യങ്ങളെ പരിഗണിച്ചു കൊണ്ടുള്ള സംഘടനാ രൂപങ്ങളും നയപരവും ഭരണപരവുമായ മാറ്റങ്ങളും ഉണ്ടാകേണ്ടതുണ്ട്. ഭരണസംവിധാനത്തിലെ അടിസ്ഥാന ഘടകമെന്ന നിലയിൽ പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള സവിശേഷമായ ഉത്തരവാദിത്വങ്ങളും സാധ്യതകളും വെല്ലുവിളികളും പരിഗണിച്ചു കൊണ്ടു മാത്രമേ കൂട്ടായ പ്രാദേശിക ഭരണം സാധ്യമാകൂ. കാലാവസ്ഥാ വ്യതിയാനം, സംരംഭകത്വ വികസനം, തൊഴിലുത്പാദനം, ലഹരി വസ്തുക്കളുടെ ഉപയോഗത്തിന് എതിരെയുള്ള ജാഗ്രത, നൈപുണി വികസനം തുടങ്ങിയ പ്രാധാന്യമേറിക്കൊണ്ടിരിക്കുന്ന പുതിയ ഇടപെടൽ മേഖലകളോടൊപ്പം പരമ്പരാഗതമായി പ്രാദേശിക സർക്കാരുകൾ ഇടപെടുന്ന വയോജന പരിപാലനം, ലിംഗനീതി, ഭിന്നശേഷി വിഭാഗങ്ങൾക്കും പാർശ്വവത്കൃത വിഭാഗങ്ങൾക്കുമുള്ള പിന്തുണ, കാർഷിക മേഖലയ്ക്ക് നൽകുന്ന പിന്തുണ, എന്നീ മേഖലകളിലെ പുതിയ വെല്ലുവിളികളും അവയിലുൾപ്പെടുന്നു. ആയതിനാൽ, നിലനിൽക്കുന്ന വിടവുകളെ ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തി കൊണ്ടും പരിഹരിച്ചു കൊണ്ടും മാത്രമേ ഒരു സമൂഹമെന്ന നിലയിൽ കേരളത്തിന് മുന്നോട്ടു പോകാനാവൂ.



വികേന്ദ്രീകൃത ആസൂത്രണവും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും



2.1. വികേന്ദ്രീകൃത ആസൂത്രണം– ആമുഖം

ജനങ്ങളുടെ ആവശ്യങ്ങളെ പദ്ധതികളായും പരിപാടികളായും രൂപപ്പെടുത്തുന്നതിനും ലഭ്യമായ വിഭവങ്ങളെ ഉൽപ്പാദനപരവും സമൂഹത്തിൽ ഗുണപരമായ സ്വാധീനം ചെലുത്താൻ കഴിയുന്നതുമായ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുമുള്ള സംവിധാനങ്ങളാണ് വാർഷിക പദ്ധതികളും പഞ്ചവത്സര പദ്ധതികളും. ജനങ്ങളുടെ പങ്കാളിത്തത്തോടെ പദ്ധതികളുടെ ആസൂത്രണവും നിർവഹണവും നടക്കുന്നത് വികസനപ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളും ആസൂത്രകരും തമ്മിലുള്ള താല്പര്യങ്ങളിലെ അന്തരം കുറയ്ക്കുകയും ഉടമസ്ഥതാബോധത്തോടെ വികസനപ്രക്രിയയിൽ പങ്കാളികളാകാൻ ജനങ്ങളെ സജ്ജരാക്കുകയും ചെയ്യുന്നു. നിലവിൽ ഇത്തരം ആസൂത്രണ പ്രക്രിയ തുടരുന്ന ഏക സംസ്ഥാനം കേരളമാണ്.

2.2. പതിനാലാം പഞ്ചവത്സരപദ്ധതി– വികസന മുൻഗണനകൾ

പൊതുനിക്ഷേപം ഉപയോഗിച്ച് ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം സാമൂഹ്യ ക്ഷേമം, സാമൂഹ്യനീതി, ലിംഗനീതി എന്നീ മേഖലകളിലെ സംസ്ഥാനത്തിന്റെ നേട്ടങ്ങൾ

ശക്തിപ്പെടുത്തുക; ഈ നേട്ടങ്ങളെ ഉത്പാദന മേഖലകളുടെ വളർച്ചയ്ക്കായി പ്രയോജന പ്പെടുത്തുക; ശാസ്ത്രം, സാങ്കേതികവിദ്യ, അത്യാധുനിക സാങ്കേതിക വിദ്യകളിൽ ഊന്നിയ പുത്തൻ നിപുണതകൾ, വിജ്ഞാന സമ്പദ്ഘടനയിൽ ലഭ്യമായിട്ടുള്ള നിപുണതകൾ, കൃഷി, അനുബന്ധ പ്രവർത്തനങ്ങൾ, ആധുനിക വ്യവസായം, പശ്ചാത്തല സൌകര്യ വികസനം, വരുമാനദായക സേവനങ്ങൾ എന്നിവയുടെ ത്വരിത വളർച്ച ഉറപ്പാക്കുക; ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തെ നവീകരിക്കുക, ആധുനിക സമ്പദ്വ്യവസ്ഥയിലെ ഏറ്റവും മികച്ച തൊഴിലവസരങ്ങൾ കേരളത്തിലെ യുവജനങ്ങൾക്ക് ലഭ്യമാക്കുക; കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടത്തുക, ജൈവവൈവിധ്യം സംരക്ഷിക്കുക; തുടങ്ങിയവയാണ് പതിനാലാം പഞ്ചവത്സരപദ്ധതി വിഭാവനം ചെയ്യുന്ന വികസന മുൻഗണനകൾ.

2.3. ലക്ഷ്യങ്ങൾ

പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക്

1. കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ചരിത്ര പശ്ചാത്തലം, പ്രാധാന്യവും നേട്ടങ്ങളും വിശദീകരിക്കുകയും അവ സംബന്ധിച്ച അവബോധം വളർത്തുകയും ചെയുക.
2. വികസന സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിങ് ഗ്രൂപ്പുകളും സംബന്ധിച്ച അടിസ്ഥാന ധാരണ നൽകുക.
3. പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണത്തെക്കുറിച്ച് അവബോധം നൽകുക.
4. പദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ വിശദീകരിക്കുക.

പ്രധാന സവിശേഷതകൾ:

ചരിത്ര പശ്ചാത്തലം:

» 1994-ൽ 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളിലൂടെ അധികാര വികേന്ദ്രീകരണത്തിനും വികേന്ദ്രീകൃത ആസൂത്രണത്തിനും പ്രാധാന്യം ലഭിച്ചു.

» ജനകീയാസൂത്രണ ക്യാമ്പയിൻ പ്രാദേശിക സർക്കാരുകളെയും പൗരന്മാരെയും വികസനത്തിൽ പങ്കാളികളാക്കാൻ ഉദ്ദേശിച്ചായിരുന്നു ആരംഭിച്ചത്.

സ്ഥാപനവൽക്കരണം:

» കേരള പഞ്ചായത്ത് രാജ് നിയമം (1994) & കേരള മുനിസിപ്പാലിറ്റി നിയമം (1994) എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ (LSGI) ശക്തിപ്പെടുത്തി.

» പ്രാദേശിക സർക്കാരുകൾക്ക് കൂടുതൽ സ്വതന്ത്രതയും തീരുമാനമെടുക്കാനുള്ള അധികാരവും നൽകി.

ജനപങ്കാളിത്തം:

» വികസന പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയും ജനങ്ങളുമായി നേരിട്ട് ആശയവിനിമയം നടത്തിയും കാമ്പയിൻ പ്രവർത്തിക്കുന്നു.

» ഇതിലൂടെ പ്രാദേശിക പ്രശ്നങ്ങൾ മനസ്സിലാക്കാനും അതിന് അനുയോജ്യമായ പരിഹാരങ്ങൾ കണ്ടെത്തി പ്രൊജെക്ടുകൾ രൂപീകരിക്കാനും കഴിയുന്നു.

ഗ്രാമസഭയുടെ ശക്തിപ്പെടുത്തൽ:

» 1999-ൽ പഞ്ചായത്ത് രാജ് ഭേദഗതി നിയമം ഗ്രാമസഭയെ സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പാക്കുന്ന ശക്തമായ ഫോറമായി മാറ്റി. (സെക്ഷൻ 3 കേരളം പഞ്ചായത്തീ രാജ് ആക്ട് 1994)

» പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ ഗ്രാമസഭ നിർണായക പങ്ക് വഹിക്കുന്നു.

ആസൂത്രണ പ്രക്രിയ:

» വിഭവ പരിശോധന → പദ്ധതി തയ്യാറാക്കൽ → പൊതുജനാഭിപ്രായ ശേഖരണം എന്നിവയിലൂടെ ആസൂത്രണ പ്രക്രിയ പുരോഗമിക്കുന്നു.

» ജനങ്ങളുടെ അഭിപ്രായം ആസൂത്രണത്തിൽ ഉൾപ്പെടുത്തുകയും പ്രാദേശിക ആവശ്യങ്ങൾ പരിഗണിക്കുകയും ചെയ്യുന്നു.

» പദ്ധതികളുടെ സംയോജനം: ഗ്രാമതല പദ്ധതികൾ ബ്ലോക്ക് തലത്തിലേക്കും, ബ്ലോക്ക് പദ്ധതികൾ ജില്ലാതലത്തിലേക്കും സംയോജിപ്പിച്ച് വികസനത്തിന് സമഗ്രമായ സമീപനം നൽകുന്നു. (ഓരോ പഞ്ചവത്സര പദ്ധതികളത്തും സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി മാർഗ്ഗരേഖ)

ശേഷി വികസനം:

» പ്രാദേശിക ഉദ്യോഗസ്ഥരേയും പൗരന്മാരേയും ആസൂത്രണ പ്രക്രിയയിൽ ഫലപ്രദമായി പങ്കാളികളാക്കുന്നതിനായി പ്രത്യേകമായി രൂപകൽപ്പന ചെയ്ത പരിശീലന പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സജീവമായി സംഘടിപ്പിക്കുന്നു.ഈ നടപടികൾ പ്രാദേശിക ശേഷി വർദ്ധിപ്പിക്കുകയും പദ്ധതികളുടെ കാര്യക്ഷമമായ നടപ്പാക്കലിനെ സഹായിക്കുകയും ചെയ്യുന്നു.

പ്രാദേശിക ആവശ്യങ്ങളിൽ ശ്രദ്ധ:

» ഓരോ പ്രദേശത്തിന്റെയും പ്രത്യേക ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ആസൂത്രണം രൂപകല്പന ചെയ്യുന്നു.

» പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി സുസ്ഥിരവും പ്രസക്തവുമായ വികസനം ഉറപ്പാക്കുന്നു.

2.4. കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ പ്രധാന ഘടകങ്ങൾ

2.4.1. ഗ്രാമസഭകളുടെ ശക്തമായ പങ്കാളിത്തം

» പ്രത്യേക ഗ്രാമസഭ ചേരൽ- ഓരോ പഞ്ചായത്തിലും വികസന പദ്ധതികൾ ആസൂത്രണം ചെയ്യാൻ പ്രത്യേക ഗ്രാമസഭകൾ ചേരുന്നു

» പ്രത്യേക നടപടികൾ- ജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (വെള്ളം, വൈദ്യുതി, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം) പ്രധാനം ചെയ്യാൻ കഴിയുന്നു.

» ജനങ്ങൾ നേരിട്ട് ആസൂത്രണത്തിൽ പങ്കാളികളായി

2.4.2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം വർദ്ധിപ്പിക്കൽ

» പഞ്ചായത്തുകൾക്ക് നേരിട്ട് ധനസഹായം- ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും

തദ്ദേശ വികസനത്തിന് ധനസഹായം

» പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള സ്വാതന്ത്ര്യം- ഗ്രാമപഞ്ചായത്തുകൾക്ക് പ്രാദേശിക ആവശ്യങ്ങൾ പരിഹരിക്കാൻ പര്യാപ്തമായ അധികാരം

2.4.3. സാമ്പത്തിക സ്വാതന്ത്ര്യവും വ്യക്തമായ ധനവിനിയോഗവും (ഭരണഘടന അനുഛേദം 243ജി)

» സംസ്ഥാനത്തിന്റെ മൊത്തം ബജറ്റിന്റെ ഏകദേശം 35% മുതൽ 40% വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവെക്കുന്നു

» സ്വന്തമായ വരുമാന മാർഗങ്ങൾ- ജൈവ കൃഷി, ടൂറിസം വികസനം തുടങ്ങിയവയെ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തുകൾ വരുമാനം കണ്ടെത്തുന്നു

» വ്യക്തമായ ബജറ്റ് നിയന്ത്രണം- പഞ്ചായത്തുകൾക്ക് നേരിട്ട് ഫണ്ട് അനുവദിക്കുന്നു

» പ്രായോഗികവും ജനപക്ഷവുമായ പദ്ധതികൾ- ആരോഗ്യവും വിദ്യാഭ്യാസവും തുടങ്ങിയ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു

» വനിതാ ശാക്തീകരണം- കുടുംബശ്രീയും സ്വയം സഹായ സംഘങ്ങളും (SHGs) വഴി സ്ത്രീകളുടെ സാമ്പത്തിക-സാമൂഹിക പുരോഗതി ഉറപ്പാക്കി

» സുസ്ഥിര വികസനം- പരിസ്ഥിതി സംരക്ഷണം, ജൈവ കൃഷി, കുടിവെള്ള പദ്ധതി, കാർബൺ-ന്യൂടൽ ഗ്രാമങ്ങൾ തുടങ്ങിയ മേഖലകളിൽ സുസ്ഥിര വികസനം ഉറപ്പാക്കി.

2.5. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രാധാന്യം

» ജനങ്ങൾക്ക് നേരിട്ട് വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാകാനുള്ള അവസരം നൽകുന്നു.

» പ്രാദേശിക വിഭവങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടത്താൻ സഹായിക്കുന്നു.

» സുതാര്യത, ഉത്തരവാദിത്തം, ജനപങ്കാളിത്തം എന്നിവ ഉറപ്പാക്കുന്ന ശക്തമായ ഭരണ സംവിധാനം ഒരുക്കുന്നു.

2.6. കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണ മോഡൽ

1996-ൽ ജനകീയാസൂത്രണ കാമ്പയിൻ (PPC) മുഖേന ആരംഭിച്ച കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണ മോഡൽ ഇന്ത്യയിലെ പങ്കാളിത്ത ജനാധിപത്യ ഭരണത്തിന്റെയും പങ്കാളിത്ത ആസൂത്രണത്തിന്റെയും ഉത്തമ മാതൃകയാണ്. ഈ സമീപനം പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ (LSGs) ശക്തിപ്പെടുത്തുകയും വികസന പ്രക്രിയകളിൽ സമൂഹത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തു.

2.7. കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മുഖ്യ സവിശേഷതകൾ:

2.7.1. അധികാരങ്ങളുടെ സമഗ്ര പുനർവിതരണം:

1995-ൽ കേരളം വികസന പ്രവർത്തനങ്ങളുടെ ഭൂരിഭാഗവും പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. ഇതിൽ ഉൾപ്പെടുന്നവ:

» ആരോഗ്യ സ്ഥാപനങ്ങളുടെ മേൽനോട്ടം (മെഡിക്കൽ കോളേജുകൾ ഒഴികെ)
» ഗ്രാമപ്രദേശങ്ങളിലെ ഹൈസ്കൂളുകളുകൾവരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റ്
» കേന്ദ്ര സർക്കാർ പ്രായോജിത ദാരിദ്ര്യ നിർമാർജന പദ്ധതികളുടെ നടപ്പാക്കൽ
» സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ മേൽനോട്ടം
» കൃഷി വികസനവും ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളും

2.7.2. ധനകാര്യ വികേന്ദ്രീകരണം

കേരളം പ്രാദേശിക സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി മാറി.

» 2002-03 വർഷത്തിൽ, സംസ്ഥാന ബജറ്റിന്റെ 37.72% ആയ ₹14,381 കോടി പ്രാദേശിക സർക്കാരുകൾക്ക് വിനിയോഗിയ്ക്കാൻ ലഭിച്ചു.
» 90% പദ്ധതി ഫണ്ടുകൾ നിയന്ത്രണങ്ങളില്ലാതെ അനുവദിച്ചുവെന്നത് പ്രാദേശിക സ്ഥാപനങ്ങൾക്ക് സ്വതന്ത്ര ആസൂത്രണത്തിനും നടപ്പാക്കലിനും അവസരം നൽകി.

2.7.3. പങ്കാളിത്ത ആസൂത്രണ പ്രക്രിയ (Steps)

1. പ്രവർത്തന പരിധി നിർവചനം (Defining Scope)

- ആസൂത്രണത്തിന്റെ പരിധിയും ലക്ഷ്യവും നിർവചിക്കുക.
- പങ്കാളിത്തത്തിന്റെ ഉദ്ദേശ്യവും പ്രതീക്ഷിക്കുന്ന ഫലങ്ങളും വ്യക്തമാക്കുക.

2. സന്ദർഭ വിശകലനം (Context Analysis)

- സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ഘടകങ്ങളുടെ വിശകലനം നടത്തുക.
- നിലവിലെ നയങ്ങൾ, നിയമങ്ങൾ, സ്ഥാപനങ്ങൾ എന്നിവ മനസ്സിലാക്കുക

3. പങ്കാളികളെ തിരിച്ചറിയൽ (Identifying Stakeholders)

- പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ പങ്കാളികളെയും (സർക്കാർ, സംഘടനകൾ,
- സാമൂഹ്യ വിഭാഗങ്ങളിലെ അംഗങ്ങൾ തിരിച്ചറിയുക.
- അവരുടെ ആവശ്യങ്ങളും പ്രതീക്ഷകളും മനസ്സിലാക്കുക.

4. ഡാറ്റ ശേഖരണം (Data Collection)

- പങ്കാളികളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുക.
- സെമിനാറുകൾ, ചർച്ചകൾ, സർവേകൾ എന്നിവ ഉപയോഗിക്കുക.

5. വികസന മുൻഗണനകൾ നിശ്ചയിക്കൽ (Setting Development Priorities)

- ശേഖരിച്ച ഡാറ്റയുടെ അടിസ്ഥാനത്തിൽ വികസന ആവശ്യങ്ങൾ മുൻഗണന ക്രമത്തിൽ
- നിശ്ചയിക്കുക.
- സമൂഹത്തിന്റെ പ്രധാന പ്രശ്നങ്ങൾ തിരിച്ചറിയുക.

6. പദ്ധതി രൂപകൽപ്പന (Project Design)

- മുൻഗണന നൽകിയ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ രൂപകൽപ്പന ചെയ്യുക.

- ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, സമയക്രമം എന്നിവ വ്യക്തമാക്കുക.

7. ബജറ്റ് തയ്യാറാക്കൽ (Budget Preparation)

- ഓരോ പദ്ധതിക്കും ആവശ്യമായ ധനസഹായം നിർണയിക്കുക.
- ഫണ്ടുകളുടെ ലഭ്യതയും വിഭജനവും പദ്ധതിപ്രകാരം ക്രമീകരിക്കുക.

8. പദ്ധതി നടപ്പാക്കൽ (Project Implementation)

- പദ്ധതികൾ പ്രാവർത്തികമാക്കുക.
- പങ്കാളികളുടെ പങ്കാളിത്തം ഉറപ്പാക്കുക.

9. നിരീക്ഷണവും വിലയിരുത്തലും (Monitoring and Evaluation)

- പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുക.
- ഫലങ്ങൾ വിലയിരുത്തി ആവശ്യമായ തിരുത്തലുകൾ നടത്തുക.

2.7.4. ശേഷി വികസനം

വിവര-സംവേദന സാങ്കേതിക വിദ്യയുടെ (ICT) നവീന ഉപയോഗം:

» ഇൻഫർമേഷൻ കേരള മിഷൻ (IKM) പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് ഉപയോക്തൃ സൗഹൃദമായ ഇന്റർഫേസുകൾ വികസിപ്പിച്ചു.

» ഇത് സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കി.

പിന്നാക്ക വിഭാഗങ്ങളുടെ ശക്തീകരണം:

» ഗോത്ര സമുദായ അംഗങ്ങളായ യുവാക്കളെ സോഷ്യൽ ആക്റ്റിവിസ്റ്റുകളായി പരിശീലിപ്പിച്ച് പദ്ധതികളിൽ പങ്കാളിത്തം ഉറപ്പാക്കി.

സുതാര്യതയും ഉത്തരവാദിത്വവും:

» ആസൂത്രണ രേഖകൾ, ഗുണഭോക്തൃ പട്ടികകൾ, യോഗ രേഖകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി.

» പൊതുപ്രവർത്തന സ്ഥലങ്ങളിൽ പ്രധാന വിവരങ്ങൾ പ്രദർശിപ്പിച്ച് പൊതുജനങ്ങളുടെ നിരീക്ഷണവും പങ്കാളിത്തവും ഉറപ്പാക്കി.

കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണം ജനാധിപത്യ വികാസത്തിന്റെ ഒരു മികച്ച മാതൃകയായി മാറിയിരിക്കുന്നു. ജനങ്ങൾ നേരിട്ട് വികസന പദ്ധതികളിൽ പങ്കാളികളാകുകയും, അവരുടെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുയോജ്യമായ പരിഹാരങ്ങൾ പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുന്ന ഈ സമീപനം സുസ്ഥിരവും സമഗ്രവുമായ വികസനത്തിനുള്ള ശക്തമായ അടിസ്ഥാനമാണ്. ജനപങ്കാളിത്തം, സുതാര്യത, ഉത്തരവാദിത്തം എന്നിവ ഉറപ്പാക്കുന്നതിലൂടെ കേരളം ഇന്ത്യയിലും ലോകത്തും പ്രാദേശിക ഭരണത്തിന് പുതിയ ഒരു ദിശ നിർദ്ദേശിച്ചു. ഈ സമഗ്രമായ സമീപനം പ്രാദേശിക സമൂഹങ്ങളെ ശക്തിപ്പെടുത്തുകയും ജനാധിപത്യ മൂല്യങ്ങളെ ആഴത്തിൽ സ്ഥാപിക്കുകയും ചെയ്യുന്നു.

2.8. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 9 അനിവാര്യ ചുമതലകൾ

1. വികസന പദ്ധതികൾ രൂപകൽപ്പന ചെയ്യുക
   "**To prepare and approve developmental schemes for the local body.**"

2. പദ്ധതികളുടെ നടപ്പാക്കൽ നിരീക്ഷിക്കുക
   "To oversee the implementation of development activities and schemes."
3. ബജറ്റ് അനുവദിക്കുക, ചെലവുകൾ വിലയിരുത്തുക
   "To sanction budget allocations and monitor expenditure."
4. പൗര പങ്കാളിത്തം ഉറപ്പാക്കുക
   "To ensure active participation of citizens in developmental programs."
5. പരിസ്ഥിതി സംരക്ഷണ നടപടികൾ നടപ്പിലാക്കുക
   "To implement and monitor environment-friendly measures in development."
6. ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യ ക്ഷേമ പദ്ധതികളുടെ പുരോഗതി പരിശോധിക്കുക
   "To review progress of health, education and social welfare schemes."
7. സംസ്ഥാന-ജില്ലാ വികസന പദ്ധതികളുമായി ഏകോപനം നടത്തുക
   "To coordinate with district and state level development programs."
8. അധികാരികൾക്ക് റിപ്പോർട്ടുകൾ നൽകുക
   "To submit reports on developmental progress to the authorities."
9. മറ്റ് കമ്മിറ്റികൾകളുമായും വകുപ്പുകളുമായും സഹകരിക്കുക
   "To collaborate and coordinate with other committees and departments."

2.9. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5 പൊതു ചുമതലകൾ

(കേരള പഞ്ചായത്തീരാജ് ആക്ട് 1994 പട്ടിക 3)

1. പദ്ധതികൾ രൂപകൽപ്പന ചെയ്യുക
2. പദ്ധതികളുടെ നടപ്പാക്കൽ നിരീക്ഷിക്കുക
3. ബജറ്റ് ആവശ്യങ്ങൾ നിരീക്ഷിക്കുക
4. പൗരപങ്കാളിത്തം ഉറപ്പാക്കുക
5. പരിസ്ഥിതി സംരക്ഷണ നടപടികൾ സ്വീകരിക്കുക

2.10. സ്റ്റെയ്ക്ഹോൾഡർ- പ്രവാസികൾ (ഡയസ്പോറ) - പ്രാദേശിക വിദഗ്ധരുമായുള്ള ചർച്ചകൾ

2.10.1. പ്രാദേശിക വിദഗ്ധരുടെ പങ്ക്

പ്രാദേശിക അധ്യാപകർ, ഡോക്ടർമാർ, എൻജിനീയർമാർ, സാമൂഹിക പ്രവർത്തകർ തുടങ്ങിയവരെ ആസൂത്രണ പ്രക്രിയയിലും യോഗങ്ങളിലും പരിശീലനങ്ങളിലും ഉൾപ്പെടുത്തുക. ഇവരിൽ നിന്ന് ഭൗതികവും സാമൂഹികവുമായ വിലപ്പെട്ട വിവരങ്ങൾ സമ്പാദിക്കുകയും, അതിലൂടെ പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യാൻ കഴിയും.

2.10.2. പ്രവാസികളുടെ (Expats) പങ്ക്

വിദേശത്തുള്ള പ്രവാസികളുടെ ആഗോള അനുഭവങ്ങളും സാങ്കേതിക അറിവും ആസൂത്രണത്തിലേക്ക് കൊണ്ടുവരും. അവർ ഫണ്ടിംഗ്, മാർക്കറ്റിംഗ്, ആശയവിനിമയം എന്നിവയിൽ

പങ്കാളികളാകും, ഇതിലൂടെ പദ്ധതികൾക്ക് മൂല്യവർദ്ധനയും പിന്തുണയും നൽകും.

2.10.3. മറ്റ് സ്റ്റേക്ക്ഹോൾഡർമാരുടെ പങ്ക്

കുടുംബശ്രീ, NGOs, SHG-കൾ, തൊഴിലാളി യൂണിയനുകൾ, വ്യാപാര സംഘടനകൾ, വിദ്യാർത്ഥികൾ, മുതിർന്ന പൗരന്മാർ എന്നിവരുടെ അഭിപ്രായങ്ങൾ ഗ്രാമസഭ, ഫോകസ് ഗ്രൂപ്പ് ചർച്ചകൾ, സോഷ്യൽ ഓഡിറ്റ് എന്നിവ വഴി ശേഖരിക്കും. ഇതിലൂടെ പദ്ധതി രൂപീകരണം ജനകീയമാകും, ദീർഘകാല വികസനം ഉറപ്പുവരുത്തുകയും ചെയ്യും.

2.11. പദ്ധതി ആസൂത്രണം– പഞ്ചവത്സര പദ്ധതി പൊതു ലക്ഷ്യങ്ങൾ

2.11.1. സാമ്പത്തിക വികസന ലക്ഷ്യങ്ങൾ

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമിട്ട്, പഞ്ചവത്സര പദ്ധതി ചട്ടക്കൂടിനുള്ളിൽ പദ്ധതി ആസൂത്രണം, പഞ്ചായത്ത് വികസന പദ്ധതികളുടെ രൂപകൽപ്പന, ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം, ജനങ്ങളുടെ പങ്കാളിത്തം എന്നിവയുടെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്നു. (കേരള പഞ്ചായത്തീരാജ് ആക്ട് 1994 സെക്ഷൻ 175)

പഞ്ചായത്തുകളുടെ പ്രധാന ഉത്തരവാദിത്വം ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് സാമ്പത്തിക വളർച്ചയും സാമൂഹിക നീതിയും പ്രോത്സാഹിപ്പിക്കുന്ന പഞ്ചായത്ത് വികസന പദ്ധതികൾ തയ്യാറാക്കുകയാണ്.പഞ്ചായത്ത് വികസന പദ്ധതികളുടെ ആസൂത്രണ പ്രക്രിയ സമഗ്രതയുള്ളതും പങ്കാളിത്തപരവുമായിരിക്കണം. അതോടൊപ്പം, കേന്ദ്ര മന്ത്രാലയങ്ങളുടെയും ലൈൻ വകുപ്പുകളുടെയും പദ്ധതികളുമായി ഏകോപനം ഉറപ്പാക്കി വികസന പ്രവർത്തനങ്ങളുടെ സംയോജിതത്വം ഉറപ്പാക്കണം.

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന 29 വിഷയങ്ങൾ പഞ്ചായത്തുകളുടെ വികസന പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടത് നിർബന്ധമാണ്, ഇത് സുസ്ഥിര വികസനത്തിനുള്ള ഒരു ശക്തമായ അടിത്തറ രൂപപ്പെടുത്തുന്നതിനും സഹായിക്കും.

2.11.2. പഞ്ചവത്സര പദ്ധതി (കേരള പഞ്ചായത്തീരാജ് ആക്ട് 1994, സെക്ഷൻ 175, 176)

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിൽ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ഇരുപത്തിയഞ്ച് വർഷം പൂർത്തിയാകുന്ന സമയത്താണ് പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത കൂടുതൽ വർദ്ധിപ്പിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. കാൽ നൂറ്റാണ്ട് നീണ്ട വികേന്ദ്രീകൃതാസൂത്രണ അനുഭവം തദ്ദേശഭരണ സ്ഥാപനങ്ങളെ വൈവിധ്യമാർന്ന വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ പ്രാപ്തരാക്കിയിട്ടുണ്ട്.

പ്രാദേശിക വികസന പദ്ധതികളുടെ ആസൂത്രണവും നിർവഹണവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയമപരമായ ചുമതലയാണ്. കേരളത്തിന്റെ വികസന വിജയത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് നിർണായകമാണ്, പ്രത്യേകിച്ച് പ്രളയങ്ങൾ, കോവിഡ് മഹാമാരി തുടങ്ങിയ വെല്ലുവിളികളെ അതിജീവിച്ചതിൽ അവരുടെ സജീവ

പങ്കാളിത്തം അതിന് തെളിവാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുകയും വികസന പദ്ധതികളുടെ ആസൂത്രണവും നടപ്പാക്കലും കൂടുതൽ ലളിതവും കാര്യക്ഷമവുമാക്കുകയും ചെയ്യുകയാണ്. അനാവശ്യ നടപടിക്രമങ്ങൾ കുറച്ച് വികസന വകുപ്പുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഏകോപനം ശക്തിപ്പെടുത്തുക ഇതിന്റെ ഭാഗമാണ്. വിവിധ വികസന ഏജൻസികൾ നടത്തുന്ന പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കണം. അതില്ലെങ്കിൽ വിഭവങ്ങളുടെ ശോഷണം ഉണ്ടാകുകയും വികസന ശ്രമങ്ങളിൽ ഏകോപനം നഷ്ടപ്പെടുകയും ചെയ്യും. അതിനാൽ ലഭ്യമായ എല്ലാ സ്രോതസ്സുകളും കാര്യക്ഷമമായി ഉപയോഗപ്പെടുത്തി വികസനം നടപ്പാക്കണം. വിഭവലഭ്യത, സാങ്കേതിക സഹായം, ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയവയിലെ വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും പൊതുവായ വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം

പുതിയ കാലഘട്ടത്തിലെ വികസന അവസരങ്ങളെ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികളെ ഫലപ്രദമായി നേരിടാനുമായി തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് വിദഗ്ധരും സന്നദ്ധപ്രവർത്തകരും എല്ലാ ഘട്ടങ്ങളിലും സജീവമായി പങ്കാളികളാകേണ്ടതുണ്ട്. സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ കേന്ദ്രങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ വികസിപ്പിക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

2.12. പദ്ധതി ആസൂത്രണം

2.12.1. പൊതു സമീപനം

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റേയും അവിടുത്തെ ജനങ്ങളുടേയും സമഗ്ര വികസനവും, പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം. ആയതിലേക്ക് വ്യത്യസ്ത വിഭാഗങ്ങളുടെ സജീവ പങ്കാളിത്തം ആസൂത്രണത്തിൽ ഉറപ്പ് വരുത്തേണ്ടതുണ്ട്. പങ്കാളിത്ത ആസൂത്രണത്തിലൂടെ സമഗ്ര വികസനമായിരിക്കണം പൊതു സമീപനം. തദ്ദേശ ഭരണ സ്ഥാപ നത്തെ ഒരു ആസൂത്രണയൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പരിപാടികളാണ് ഓരോ മേഖലയിലും തയ്യാറാക്കേണ്ടത്.

2.12.2. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതു ലക്ഷ്യവും മുൻഗണനകളും

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം കേരളത്തിന്റെ ദേശീയതലത്തിലുള്ള ഉന്നത സ്ഥാനം നിലനിർത്തിക്കൊണ്ട് സാമ്പത്തിക വളർച്ച, ഉപജീവന സുരക്ഷ, സുസ്ഥിര വികസനം, സാമൂഹ്യ നീതി, തുല്യത എന്നിവ ഉറപ്പാക്കുകയാണ്. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകളുടെ സഹായത്തോടെ കേരളത്തെ ജ്ഞാനസമൂഹമായി വളർത്തുകയും കോവിഡാനന്തര സാമ്പത്തിക മാന്ദ്യം പരിഹരിക്കുകയും മൂലധന നിക്ഷേപം വർദ്ധിപ്പിക്കുകയും തൊഴിലില്ലായ്മയും യോഗ്യതാനുസരണമുള്ള തൊഴിൽ ലഭ്യതയില്ലായ്മ പരിഹരിക്കുകയും

ചെയ്യുന്നതാണ് പ്രധാന വെല്ലുവിളികൾ. ഇവയെ നേരിടാനുള്ള മുൻഗണനകൾ താഴെ വിശദീകരിക്കുന്നു.

2.12.2.1. ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കൽ

- » കാർഷികം, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീര മേഖലകളിൽ ഉൽപാദനം വർദ്ധിപ്പിക്കാൻ ശാസ്ത്രീയ മാർഗ്ഗങ്ങളും ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗിക്കണം.
- » സുഭിക്ഷകേരളം പദ്ധതിയെ കൂടുതൽ ഫലപ്രദമായി നടപ്പാക്കുക.
- » ഉൽപാദകരുടെ ലാഭം വർദ്ധിപ്പിക്കാൻ മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

2.12.2.2. പ്രാദേശിക സാമ്പത്തിക വികസനം & സംരംഭകത്വം

- » ചെറുകിട, ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
- » വർക്ക് ഫ്രം ഹോം, സൈബർ ജോലിയിടങ്ങൾ തുടങ്ങിയ പുതിയ ആശയങ്ങൾ നടപ്പാക്കുക.
- » സംരംഭകർക്ക് വായ്പയും പലിശ സബ്സിഡിയും ലഭ്യമാക്കുക.

2.12.2.3. തൊഴിൽ സൃഷ്ടി

- » യുവാക്കൾക്ക് നൈപുണ്യ വികസന പരിശീലനം നൽകുക.
- » വനിതകൾക്കും ദുർബല വിഭാഗങ്ങൾക്കും തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുക.

2.12.2.4. കാലാവസ്ഥാ അതിജീവനക്ഷമത

- » കാലാവസ്ഥാ മാറ്റത്തിന് പ്രതികരിക്കാൻ പദ്ധതികൾ രൂപീകരിക്കുക.
- » ദുരന്ത നിവാരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

2.12.2.5. പ്രകൃതി വിഭവ സംരക്ഷണം

- » ജല സ്രോതസ്സുകളും മണ്ണും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- » ജൈവ വൈവിധ്യം നിലനിർത്തുക.

2.12.2.6. സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs)

- » സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുക.

2.12.2.7. അതി ദാരിദ്ര്യ നിർമ്മാർജ്ജനം

- » അതിദാരിദ്ര്യ കുടുംബങ്ങൾക്ക് പ്രത്യേക സഹായ പദ്ധതികൾ തയ്യാറാക്കുക.
- » ഉപജീവന സുരക്ഷ ഉറപ്പാക്കുക.

2.12.2.8. ശുചിത്വവും മാലിന്യ സംസ്കരണവും

- » ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം നടപ്പാക്കുക.
- » ജലാശയങ്ങളും പൊതുസ്ഥലങ്ങളും ശുചിത്വം നിലനിർത്തുക.

2.12.2.9. സാമൂഹ്യ നീതിയും ലിംഗ സമത്വവും

» പരിതഃസ്ഥിതികളിൽ നിൽക്കുന്നവരുടെ അവകാശങ്ങൾ സംരക്ഷിക്കുക.
» സ്ത്രീകൾക്കും ഭിന്നശേഷിയുള്ളവർക്കും പ്രത്യേക ആനുകൂല്യങ്ങൾ നൽകുക.
» ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ നടപ്പാക്കുക.

2.12.2.10. അടിസ്ഥാന സൗകര്യ വികസനം

» ഭവനരഹിതർക്കു വാസയോഗ്യ ഭവനങ്ങൾ നൽകുക.
» ശുദ്ധജലം, ഗതാഗതം, ഊർജ്ജം, ശുചിത്വം എന്നിവ മെച്ചപ്പെടുത്തുക.

2.12.2.11. വിദ്യാഭ്യാസ വികസനം

» വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
» ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പഠനം മെച്ചപ്പെടുത്തുക.
» വൈകാരിക, സാമൂഹിക നൈപുണ്യങ്ങൾ വികസിപ്പിക്കാൻ പരിപാടികൾ ആവിഷ്കരിക്കുക.

2.12.2.12. ആരോഗ്യ സംരക്ഷണം

» ആരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
» ആരോഗ്യ പദ്ധതികൾ രൂപപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്യുക.

2.12.2.13. വാതിൽപ്പടി സേവനങ്ങൾ

» ജീവൻരക്ഷാ മരുന്നുകൾ, റേഷൻ, പെൻഷൻ തുടങ്ങിയ സേവനങ്ങൾ വീടുകളിൽ എത്തിക്കുക.

2.12.2.14. കാര്യക്ഷമവും പ്രതികരണാത്മകവുമായ ഭരണസാധ്യത

» സുതാര്യവും ഫലപ്രദവുമായ ഭരണ സംവിധാനങ്ങൾ നടപ്പാക്കുക.
» ഇ-ഗവേണൻസ് ഉപയോഗിച്ച് സേവനങ്ങൾ കാര്യക്ഷമമാക്കുക.



വികസന സ്റ്റാന്റിംഗ് കമ്മിറ്റി




3.1. കമ്മിറ്റി സംവിധാനം

ഫലപ്രദമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും എടുത്ത തീരുമാനങ്ങളുടെ നിർവഹണം കാര്യക്ഷമമാക്കുന്നതിനും വിവിധ കമ്മിറ്റികൾ ഉണ്ടായിരിക്കണമെന്നു കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂട്ടായി തീരുമാനമെടുക്കുന്നതും കൂട്ടായ്മയിലൂടെ അവ നടപ്പാക്കുന്നതും കൂട്ടുത്തരവാദിത്വത്തിലേക്കും സുതാര്യമായ ഭരണ നിർവ്വഹണത്തിലേക്കും നയിക്കുന്നു. ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന തീരുമാനം കൃത്യതയും വ്യക്തതയും ഉൾക്കൊള്ളുന്നതും പൊതുതാല്പര്യം ഉയർത്തിപിടിക്കുന്നതുമായിരിക്കും.

പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ നിർവഹിക്കുന്നതിനുള്ള നടപടികളും നയപരമായ തീരുമാനങ്ങളും കൈക്കൊള്ളാനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിയ്ക്കാണ്. (പഞ്ചായത്ത് രാജ് ആക്ടിൽ "പഞ്ചായത്ത്" എന്നാണ് പഞ്ചായത്ത് കമ്മിറ്റിയെ വിവിക്ഷിക്കുന്നത്.) പഞ്ചായത്ത് ഭരണം കാര്യക്ഷമമാക്കുന്നതുവേണ്ടിയും പഞ്ചായത്ത് കമ്മിറ്റിയെ സഹായിക്കുന്നതിനുവേണ്ടിയും വിവിധ കമ്മിറ്റികൾ ഉണ്ടായിരിക്കണമെന്നും പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ

ചെയ്തിട്ടുണ്ട്. സ്റ്റിയറിംഗ് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, പ്രവർത്തന കമ്മിറ്റികൾ, സബ് കമ്മിറ്റികളും വാർഡ് കമ്മിറ്റികളും, ജോയിന്റ് കമ്മിറ്റി തുടങ്ങിയവയാണ് പ്രധാന കമ്മിറ്റി സംവിധാനങ്ങൾ (കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 162 മുതൽ 165 വരെ കാണുക)



3.2. സ്റ്റാന്റിംഗ് കമ്മിറ്റികൾ

പഞ്ചായത്തിന് നിരവധി ചുമതലകളുണ്ട്. ഈ ചുമതലകൾ ഓരോന്നും ഏതെങ്കിലുമൊരു സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്നവയാണ്. പഞ്ചായത്ത് ഏത് വിഷയത്തെ സംബന്ധിച്ചും തീരുമാനമെടുക്കും മുൻപ് അതത് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സൂക്ഷ്മവും വിശദവുമായ ചർച്ചയും പരിശോധനയും നടത്തി ശുപാർശ നൽകേണ്ടതുണ്ട്. മാത്രമല്ല തങ്ങളുടെ ചുതമലയിൽപ്പെട്ട വിഷയമേഖലയിൽ പഞ്ചായത്ത് എടുക്കുന്ന തീരുമാനം കാര്യക്ഷമമായി നടപ്പിലാക്കുന്നുവെന്നു ഉറപ്പുവരുത്തേണ്ട ചുമതലയും സ്റ്റാന്റിംഗ് കമ്മിറ്റിയുടേതാണ്. ഓരോ അംഗത്തിനും പഞ്ചായത്ത് ഭരണത്തിൽ പങ്കാളികളാകാനും നേതൃത്വം നൽകാനുമുള്ള അവസരമാണ് സ്റ്റാന്റിംഗ് കമ്മിറ്റികളിലൂടെ ലഭിക്കുന്നത്. വിഷയങ്ങൾ പഠിച്ച് ക്രിയാത്മകമായി ഇടപെടാൻ ഓരോ അംഗവും തയ്യാറായാൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം മികച്ചതാക്കാൻ കഴിയുന്നതാണ്.

3.3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി

73 ആം ഭരണഘടന ഭേദഗതിയെത്തുടർന്ന് ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകൾ പട്ടികപ്പെടുത്തിയിട്ടുണ്ട് (29 വിഷയങ്ങൾ). ഇതിന്റെ കൂടി അടിസ്ഥാനത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ത്രിതല പഞ്ചായത്തുകളുടെ ചുമതലകൾ പട്ടികകൾ 3, 4, 5 എന്നിവയിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. പട്ടിക മൂന്നിൽ ഗ്രാമപഞ്ചായത്തുകളുടേയും പട്ടിക നാലിൽ ബ്ലോക്ക് പഞ്ചായത്തുകളുടേയും, പട്ടിക അഞ്ചിൽ ജില്ലാ പഞ്ചായത്തുകളുടേയും ചുമതലകളാണ് ഇനം തിരിച്ചു പറഞ്ഞിട്ടുള്ളത്.

3.3.1. പഞ്ചായത്ത് ചുമതലകളെ മൂന്നായി തരംതിരിച്ചിരിക്കുന്നു

1. അനിവാര്യ ചുമതലകൾ (ഗ്രാമപഞ്ചായത്തുകൾക്ക് മാത്രം) (27 എണ്ണം)
2. പൊതു ചുമതലകൾ (14 എണ്ണം)
3. മേഖലാ ചുമതലകൾ (19 മേഖലകളിലായി 76 എണ്ണം)

(കേരള പഞ്ചായത്തീരാജ് ആക്ട്- 1994, പട്ടിക 3)

3.3.2. മൂന്നാം പട്ടികയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും

മൂന്നാം പട്ടികയിൽ ആകെയുള്ള 27 അനിവാര്യ ചുമതലകളിൽ ഇനി പറയുന്നവ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയുമായി ബന്ധപ്പെട്ടവയാണ്.

- » പൊതുസൗകര്യങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ
- » പേമാരി മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കിക്കളയുക
- » പൊതുമാർക്കറ്റുകൾ പരിപാലിക്കുക
- » തെരുവുവിളക്കുകൾ കത്തിക്കുക, പരിപാലിക്കുക
- » ശവപറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക
- » കുളികടവുകളും അലക്കുകടവുകളും സ്ഥാപിക്കുക
- » കടത്തുകൾ ഏർപ്പെടുത്തുക
- » വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് താവളങ്ങൾ ഏർപ്പെടുത്തുക
- » യാത്രക്കാർക്കായി വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക
- » പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.
- » പൊതുമുതലുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ചുമതലകൾ
- » പൊതുസ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക
- » റോഡുകളും മറ്റുപൊതുമുതലുകളും സംരക്ഷിക്കുക
- » പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക
- » കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക
- » ഗ്രാമപഞ്ചായത്തിന്റെ ചുതമലയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക

അതായത് ഗ്രാമപഞ്ചായത്തുകളുടെ 27 അനിവാര്യ ചുമതലകളിൽ 14 എണ്ണവും വികസന സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങളുമായി ബന്ധപ്പെട്ടതാണ്.

- » പൊതുചുമതലകൾ (മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചുമതലകൾ)

ആകെ 14 പൊതുചുമതലകളിൽ 3 ചുമതലകൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ടവയാണ്.

1. അവശ്യ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.
2. വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക
3. വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നത് ഉൾപ്പെടെ പണമായോ വസ്തുക്കളായോ പ്രാദേശികമായി വിഭവസമാഹരണം നടത്തുക

പട്ടിക 3- മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ- ഗ്രാമപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ടവ.

ക്രമ നം	മേഖല	ചുമതലകളുടെ എണ്ണം
1	കൃഷി	13
2	മൃഗസംരക്ഷണവും ക്ഷീരോല്പാദനവും	9
3	ചെറുകിട ജലസേചനം	3
4	മത്സ്യബന്ധനം	6
5	സാമൂഹ്യവനവൽക്കരണം	3
6	ചെറുകിട വ്യവസായങ്ങൾ	3
7	ഭവന നിർമ്മാണം	3
8	വിദ്യുച്ഛക്തിയും ഊർജ്ജവും	2
9	പൊതുമരാമത്ത്	2
10	കായിക വിനോദവും സാംസ്കാരികകാര്യങ്ങളും (നിർമ്മാണ പ്രവർത്തനങ്ങൾ)	2

19 മേഖലകളായി 76 ചുമതലകളാണ് ആകെയുള്ളത്. അവയിൽ പത്ത് മേഖലകളിലായി 46 ചുമതലകൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്നതാണ്.

ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതുവായ ചുമതലകൾ- വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ടവ

ബ്ലോക്ക് പഞ്ചായത്ത്

(പഞ്ചായത്ത് രാജ് ആക്ട്- നാലാം പട്ടിക)

1. ബ്ലോക്ക് തലത്തിൽ സർക്കാർ-സർക്കാരിതര സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുക

2. ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക.

3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേഡ് ഫോർവേഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖല ചുമതലകളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ടവ

ക്രമ നം	മേഖല	ബ്ലോക്ക് പഞ്ചായത്ത് (നാലാം പട്ടിക പ്രകാരം)
1	കൃഷി	✔
2	മൃഗസംരക്ഷണവും ക്ഷീരോല്പാദനവും	✔
3	ചെറുകിട ജലസേചനം	✔

4	മത്സ്യബന്ധനം	✔
5	സാമൂഹ്യവനവൽക്കരണം	✔
6	ചെറുകിട വ്യവസായങ്ങൾ	✔
7	വിദ്യുച്ഛക്തിയും ഊർജ്ജവും	✔
8	ഭവന നിർമ്മാണം	✔
9	പൊതുമരാമത്ത്	✔

വികസന സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 162 എ)

ക്രമ നം	മേഖല	ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്
1	വികസന ആസൂത്രണം	✔	✔
2	സാമൂഹ്യവും സാമ്പത്തികവും പ്ലാനിംഗ്	✔	✔
3	സ്പേഷ്യൽ പ്ലാനിംഗ്	✔	✔
4	കൃഷി	✔	✔
5	മണ്ണ് സംരക്ഷണം	✔	-
6	സാമൂഹ്യവനവൽക്കരണം	✔	-
7	മൃഗസംരക്ഷണം	✔	✔
8	ക്ഷീരവികസനം	✔	-
9	ചെറുകിട ജലസേചനം	✔	✔
10	മത്സ്യബന്ധനം	✔	✔
11	ചെറുകിട വ്യവസായങ്ങൾ	✔	✔
12	പൊതുമരാമത്ത്	✔	✔
13	പാർപ്പിട സൗകര്യം	✔	✔
14	കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം	✔	-
15	വൈദ്യുതി	✔	✔
16	നിർമറി പരിപാലനം	-	✔

മുകളിൽ പറഞ്ഞ സംഗതികളിൽ നിന്നും ഒരു കാര്യം വ്യക്തമാണല്ലോ. അതനുസരിച്ച് പഞ്ചായത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് വളരെയധികം ചുമതലകളും ഉത്തരവാദിത്തങ്ങളുമാണ് ഉള്ളത്. ഈ ചുമതലകൾ ഫലപ്രദമായി വിനിയോഗിച്ചാൽ പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റുവാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കഴിയും.



വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി പ്രവർത്തനങ്ങളും



പഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ, വികസന കാഴ്ചപ്പാട്, ഊന്നൽ നൽകേണ്ട മേഖലകൾ, മുൻഗണനകൾ എന്നിവ നിശ്ചയിക്കേണ്ടത് പഞ്ചായത്ത് കമ്മിറ്റിയാണ്. എന്നാൽ ഇവ രൂപപ്പെടുത്തുന്നതിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ഗണ്യമായ പങ്കുണ്ട്. പദ്ധതി ആസൂത്രണത്തിൽ രണ്ടു തരത്തിലുള്ള ചുമതലകളാണ് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുള്ളത്.

1. തങ്ങളുടെ ചുമതലയിലുള്ള വിഷയ മേഖലകളിലെ വികസന ലക്ഷ്യം നേടുന്നതിന്, ഗുണമേന്മയുള്ള പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിൽ നേതൃത്വപരമായ പങ്ക്.
2. പഞ്ചായത്തിന്റെ വാർഷിക പദ്ധതി അന്തിമമാക്കുന്നതിൽ പഞ്ചായത്ത് കമ്മിറ്റിയെ സഹായിക്കുക.

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുള്ള വർദ്ധിച്ച ചുമതലകളും ഉത്തരവാദിത്വങ്ങളും കൃത്യമായി നിർവഹിക്കാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് ഓരോ വിഷയ മേഖലയുടേയും ചുമതലകൾ നൽകണം. ഉദാഹരണത്തിന്

കൃഷിയുടെ ചുമതല ഒരംഗത്തിനാണെങ്കിൽ പൊതുമരാമത്ത് മറ്റൊരു അംഗത്തിന് നൽകണം. അതത് മേഖലകളിലെ പ്രശ്നങ്ങളെ പഠിക്കാനും പരിഹാരമെന്ന നിലയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ ചർച്ചയ്ക്കായി അവതരിപ്പിക്കാനും ചുമതലപെട്ടവർക്ക് കഴിയണം.

4.1. വർക്കിംഗ് ഗ്രൂപ്പുകൾ

ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ 13 വീതവും ജില്ലാ പഞ്ചായത്തിൽ 15 ഉം വർക്കിംഗ് ഗ്രൂപ്പുകളാണ് അനിവാര്യമായും ഉണ്ടാകേണ്ടത്. ഏതെങ്കിലും വികസന മേഖലകളിൽ പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് വേണമെന്ന് പഞ്ചായത്തിന് തോന്നിയാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കാം. (ഉദാഹരണം മത്സ്യമേഖല/പട്ടികവർഗ്ഗ വികസന മേഖല)

4.1.1. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകൾ

വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അല്ലെങ്കിൽ ആ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരംഗമായിരിക്കും വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺ. പഞ്ചായത്താണ് ഇത് തീരുമാനിക്കേണ്ടത്. ബന്ധപ്പെട്ട വിഷയ മേഖലയിലെ വിദഗ്ധ (ൻ) വർക്കിങ് ഗ്രൂപ്പ് വൈസ് ചെയർപേഴ്സൺ ആകണം.

4.1.1.1. ഗ്രാമപഞ്ചായത്തുകളിൽ

ആകെയുള്ള 13 വർക്കിംഗ് ഗ്രൂപ്പുകളിൽ അഞ്ചു വർക്കിംഗ് ഗ്രൂപ്പുകളും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പ്- പേര്	കൺവീനർ
കൃഷി, തൊഴിലുറപ്പ്, മത്സ്യബന്ധനം, മണ്ണ്, ജലസംരക്ഷണം-വർക്കിംഗ് ഗ്രൂപ്പ്	കൃഷി ഓഫീസർ
മൃഗസംരക്ഷണം, ക്ഷീരവികസനം	വെറ്ററിനറി സർജൻ
പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, കുടുംബശ്രീ, സൂക്ഷ്മ സംരംഭങ്ങൾ, സഹകരണം) ഉൾപ്പെടെ	വ്യവസായ എക്സ്റ്റൻഷൻ ഓഫീസർ
പൊതുമരാമത്ത്, വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ	അസിസ്റ്റന്റ് എഞ്ചിനീയർ
ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം	സെക്രട്ടറി

4.1.1.2. ബ്ലോക്ക് പഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പ്- പേര്	കൺവീനർ
കൃഷി, തൊഴിലുറപ്പ് പദ്ധതി, മത്സ്യബന്ധനം, മണ്ണ്, ജലസംരക്ഷണം	അസി. ഡയറക്ടർ കൃഷി വകുപ്പ്
മൃഗസംരക്ഷണം, ക്ഷീരവികസനം	സീനിയർ വെറ്ററിനറി സർജൻ/ ക്ഷീര വികസന ഓഫീസർ
പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ, സഹകരണം ഉൾപ്പെടെ)	വ്യവസായ വികസന ഓഫീസർ
പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം	സെക്രട്ടറി

4.2. പദ്ധതി പ്രവർത്തനങ്ങളിലെ ഇടപെടൽ

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകളെ സജീവമാക്കി നിർത്തുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകണം. വർക്കിംഗ് ഗ്രൂപ്പ് പുനഃസംഘടനാ വേളയിൽ അറിവും, വൈദഗ്ധ്യവും, സന്നദ്ധതയും ഉള്ളവരെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായിരിക്കണം വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടത്.

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നത് അതത് വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പങ്കാളിത്തം അതിൽ ഉണ്ടാകണം. ഓരോ മേഖലിയിലുമുള്ള തൽസ്ഥിതി റിപ്പോർട്ടാണ് സ്റ്റാറ്റസ് റിപ്പോർട്ട്. ഉദാഹരണത്തിന് കൃഷി അനുബന്ധ മേഖല എടുക്കാം. ആ മേഖലയിലെ പഞ്ചായത്തിന്റെ ഇന്നത്തെ അവസ്ഥ എന്താണ്?. നെൽകൃഷി പ്രധാനമായി ഉണ്ടായിരുന്ന പഞ്ചായത്താണെന്നു വെയ്ക്കുക. നെൽകൃഷിയുടെ ഇന്നത്തെ അവസ്ഥ എന്ത്? പ്രശ്നങ്ങൾ എന്ത്? ഇടപെടൽ സാദ്ധ്യത എന്ത്? പരിഹാരം എങ്ങനെ? എന്ന സമഗ്രമായ വിലയിരുത്തലാണ് അവസ്ഥാ രേഖ അഥവാ സ്റ്റാറ്റസ് റിപ്പോർട്ട്. ഓരോ മേഖലയിലും പഞ്ചായത്ത് എവിടെ നിൽക്കുന്നു എന്ന് തിരിച്ചറിഞ്ഞാൽ മാത്രമേ പരിഹാരമെന്ന നിലയ്ക്കുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ ഉരുത്തിരിയുകയുള്ളൂ.

പ്രശ്നങ്ങളെ തിരിച്ചറിഞ്ഞു കഴിഞ്ഞാൽ അവ പരിഹരിക്കുന്നതിന് മുൻഗണനകൾ നിശ്ചയിക്കണം. ഓരോ മേഖലയിലും താല്പര്യമുള്ളവരെ (സ്റ്റേക്ക് ഹോൾഡേഴ്സ്) വിളിച്ചു ചേർത്ത് സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വത്തിൽ ചർച്ച ചെയ്തു വേണം പ്രോജക്ട് നിർദ്ദേശങ്ങൾ രൂപപ്പെടുത്താൻ.

വികേന്ദ്രീകൃതാസൂത്രണ പദ്ധതി 29 വർഷം പിന്നിടുമ്പോൾ ഉല്പാദന മേഖലയിൽ പ്രതീക്ഷിച്ച വിധത്തിൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വിലയിരുത്തലാണ് പൊതുവിൽ ഉണ്ടായിട്ടുള്ളത്. പതിനഞ്ചാം പദ്ധതി കാലത്തെങ്കിലും ഇതിൽ മാറ്റം ഉണ്ടാകേണ്ടതുണ്ട്. പുതിയ ഭരണസമിതികൾക്ക് ഈ കാര്യത്തിൽ ഭാരിച്ച ഉത്തരവാദിത്വമാണ് ഉള്ളത്.

പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും കുറഞ്ഞത് മുപ്പത് ശതമാനം തുക ഉല്പാദന മേഖലയ്ക്ക് വകയിരുത്തണമെന്നതിനാൽ തുക ചെലവഴിക്കാൻ വേണ്ടി മാത്രം പല പഞ്ചായത്തുകളും യാന്ത്രികമായി പ്രോജക്ടുകൾക്ക് രൂപം നൽകിവരുന്ന സാഹചര്യം ഒഴിവാക്കണം. പഞ്ചായത്തിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ചെറുകിട വ്യവസായം, പ്രാദേശിക സാമ്പത്തിക വികസനം എന്നീ മേഖലിയൽ ഗുണമേന്മയുള്ള പ്രോജക്ടുകൾ ഉണ്ടാകുന്നുവെന്നു വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തണം.

പൊതുമരാമത്ത് മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ മുൻഗണന നിശ്ചയിക്കണം. എല്ലാ പദ്ധതികളും വാർഡ് അടിസ്ഥാനത്തിൽ എന്ന പേരിൽ ചുരുക്കാതെ പഞ്ചായത്തിനെ മൊത്തത്തിൽ കണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. ജനങ്ങൾക്ക് ഒത്തുകൂടാൻ കഴിയുന്ന പൊതുഇടങ്ങൾ സൃഷ്ടിക്കപ്പെടണം.

പദ്ധതി ആസൂത്രണത്തിൽ എന്ന പോലെ തന്നെ നിർവ്വഹണവും മോണിറ്ററിംഗും മെച്ചപ്പെടുത്താൻ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകണം. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തണം. ഏതെങ്കിലും വിധത്തിലുള്ള തടസ്സങ്ങളുണ്ടെങ്കിൽ ഇടപെട്ടു പരിഹരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിയണം.

വർക്കിംഗ് ഗ്രൂപ്പിനെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കാൻ പ്രാപ്തമാക്കണം. തങ്ങളുടെ മേഖലയിലുള്ള പദ്ധതി പ്രവർത്തനങ്ങളെ സോഷ്യൽ ആഡിറ്റിന് വിധേയമാക്കണം.

4.3. പദ്ധതി ആസൂത്രണം– വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ചുമതല

പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പറഞ്ഞിട്ടുള്ള എല്ലാ ചുമതലകളും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും ഉണ്ടായിരിക്കും

4.3.1. അതിനുപുറമേ താഴെപറയുന്ന പ്രത്യേക ചുമതലകളും ഉണ്ടായിരിക്കും.

- » വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം മുതൽ പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം കിട്ടുന്നത് വരെയുള്ള എല്ലാ ആസൂത്രണ നടപടികളും സമയബന്ധിതമായി നടത്തുന്നതിനു വേണ്ട മുന്നൊരുക്കങ്ങളും ആവശ്യമായ ഇടപെടലുകളും നടത്തുക.
- » ആവശ്യമായ യോഗങ്ങൾ വിളിച്ചു ചേർക്കുന്നതിലും, തീരുമാനങ്ങൾ യഥാസമയം കൈക്കൊള്ളുന്നതിനും പഞ്ചായത്തിനെ സഹായിക്കുക.
- » പദ്ധതി ആസൂത്രണം സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക. (സമയബന്ധിതമായി കാര്യങ്ങൾ

ചെയ്യുന്നതിനായി ഇടപെട്ടു പ്രവർത്തിക്കുക)

- » ആസൂത്രണ സമിതിയുടെ സഹായത്തോടെ പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട് സംബന്ധിച്ച രേഖ തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ അവതരിപ്പിക്കുക.
- » ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങൾ, പ്രത്യേകം ഗ്രാമസഭകൾ, വികസന സെമിനാർ എന്നിവയിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ട നിർദ്ദേശങ്ങൾ അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിഗണിക്കുകയും പദ്ധതിയുടെ ഭാഗമാക്കേണ്ടവ ക്രോഡീകരിക്കുകയും വേണം. ഇത്തരത്തിൽ ഇതര സ്റ്റാന്റിംഗ് കമ്മിറ്റികൾ അന്തിമമാക്കിയ പദ്ധതിയും പ്രോജക്ടുകളും പഞ്ചായത്ത് കമ്മിറ്റിയിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അവതരിപ്പിക്കണം.
- » പദ്ധതി/പ്രോജക്ട് പരിശോധന ഘട്ടത്തിൽ കാണുന്ന ന്യൂനതകൾ യഥാസമയം പരിഹരിച്ചു നൽകുക എന്നതും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

4.4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ- ചുമതലകൾ

- » സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യം വിളിച്ചുകൂട്ടുക. തീയതിയും സമയവും ചെയർപേഴ്സൺ തീരുമാനിക്കണം. (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണ് ആവശ്യാനുസരണം യോഗം വിളിച്ച് ചേർക്കാം.)
- » അടിയന്തിര ഘട്ടത്തിൽ ഒഴികെ, യോഗ തീയതിയും, സമയവും യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളും സംബന്ധിച്ച നോട്ടീസ് യോഗ തീയതിക്ക് മൂന്നു പൂർണ്ണ ദിവസങ്ങൾക്ക് മുൻപെങ്കിലും അംഗങ്ങൾക്ക് നൽകണം.
- » യോഗ നോട്ടീസിന്റെ പകർപ്പ് പഞ്ചായത്ത് അധ്യക്ഷയ്ക്ക് നൽകിയിരിക്കണം.
- » സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ അദ്ധ്യക്ഷത വഹിക്കണം.
- » വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ അന്തിമമാക്കിയ പദ്ധതിയും പ്രോജക്ടുകളും ക്രോഡീകരിച്ച് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കണം.
- » ഏതെങ്കിലും കാരണവശാൽ പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും സ്ഥാനം ഒഴിവായിരുന്നാൽ പുതിയ പ്രസിഡന്റും, വൈസ് പ്രസിഡന്റും ചുമതല ഏൽക്കുന്നത് വരെ പ്രസിഡന്റിന്റെ ചുമതല വഹിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 156 (3എ), വകുപ്പ് 162)

ചുരുക്കത്തിൽ പഞ്ചായത്തിലെ വളരെ പ്രധാനപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയാണ് വികസന സ്റ്റാന്റിംഗ് കമ്മിറ്റി. പദ്ധതി ആസൂത്രണത്തിൽ ഉല്പാദനം, സേവനം, പശ്ചാത്തലം എന്നീ മേഖലകളിലായിട്ടാണ് പ്രോജക്ടുകളെ തരം തിരിക്കുന്നത്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ഈ മൂന്നു മേഖലകളിലും ചുമതലയുണ്ട്. ഉല്പാദന മേഖല, സേവന മേഖല (പാർപ്പിടം, വൈദ്യുതി ലൈൻ, വൈദ്യുതീകരണം) പശ്ചാത്തല മേഖല മറ്റൊരു സ്റ്റാന്റിംഗ് കമ്മിറ്റിക്കും അവകാശപ്പെടാനില്ലാത്ത ചുമതലകളാണ് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുള്ളത്. അത് ഫലപ്രദമായി വിനിയോഗിക്കുക എന്നതാണ് ഈ കമ്മിറ്റിയുടെ ദൗത്യം.

4.5. പദ്ധതി ആസൂത്രണ ഘട്ടങ്ങൾ



4.6. പദ്ധതി ആസൂത്രണ നടപടി ക്രമങ്ങൾ

1. ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ചിട്ടുള്ള സുസ്ഥരി വികസന ലക്ഷ്യങ്ങൾ (SDG) 2030 നകം കൈവരിക്കുന്നതിനുള്ള ഭാവനാപൂർണ്ണമായ പ്രോജക്ടുകൾ രൂപപ്പെടുത്തണം.
2. കേന്ദ്ര സംസ്ഥാന സർക്കാരുകളും വിവിധ വികസന ഏജൻസികളും വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപപ്പെടുത്തുന്ന വികസന പ്രോജക്ടുകളുമായി ഉദ്ഗ്രഥിക്കുന്നതിനുള്ള (integration) സാധ്യത പ്രാധാന്യത്തോടെ പരിശോധിക്കണം.
3. സംസ്ഥാനം ഓരോ വികസന മേഖലയിലും പ്രഖ്യാപിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾക്കു അനുപൂരകമായ സഹായകമായതുമായ പദ്ധതികൾ രൂപപ്പെടുത്താൻ ശ്രമിക്കണം.
4. ജില്ലാ തലത്തിൽ എല്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള ജില്ലാ പദ്ധതിയിൽ ഓരോ വികസന രേഖയിലേയും നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ പ്രതിഫലിക്കുന്നുവെന്നു ഉറപ്പുവരുത്തണം.
5. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ശാസ്ത്രീയവും അടിസ്ഥാന സ്ഥിതി വിവരകണക്കുകളുടേയും സഹായത്തോടെ ഓരോ വിഷയ മേഖലയെ സംബ

ന്ധിച്ചും തയ്യാറാക്കിയ അവസ്ഥാ വിശകലന റിപ്പോർട്ടിലും വികസന രേഖയിലും ചൂണ്ടിക്കാണിച്ചിട്ടുള്ള വികസന പ്രശ്നങ്ങളുടെ (വിടവുകളുടെ) പരിഹാരം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രോജക്ടുകളാണ് രൂപപ്പെടുത്തുന്നതെന്നും ഉറപ്പാക്കണം.

6. ഓരോ വികസന മേഖലയെ സംബന്ധിച്ചും പദ്ധതിക്കാലത്തെ വികസന സമീപനവും വികസന തന്ത്രവും ഭരണസമിതി രൂപപ്പെടുത്തിയിട്ടുണ്ടെന്നും അവയ്ക്കനുസരിച്ചുള്ള പ്രശ്നപരിഹാര പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ഉറപ്പുവരുത്തണം.



വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും കൈമാറിയ സ്ഥാപനങ്ങളും ഏജൻസികളും



കേരള പഞ്ചായത്ത് രാജ് ആക്ടിലെ 162-ാം വകുപ്പിലാണ് പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ രൂപീകരണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പഞ്ചായത്തുകളുടെ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമവും ഫലപ്രദവുമായി നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകളെ പ്രാപ്തമാക്കുക എന്നതാണ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ രൂപീകരണത്തിന് പുറകിലുള്ള ഉദ്ദേശം. പഞ്ചായത്തുകൾ കൈകാര്യം ചെയ്യേണ്ട വിഷയ ചുമതലകൾ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിക്കും വിഭജിച്ചു നൽകിയിട്ടുണ്ട്. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും തങ്ങൾക്ക് നൽകിയിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തി എടുക്കേണ്ട തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് പഞ്ചായത്ത് യോഗത്തിൽ അവതരിപ്പിച്ച് ഓരോ വിഷയത്തിന്മേലും ഉചിതമായ തീരുമാനം വേഗത്തിൽ എടുക്കുന്നതിന് പഞ്ചായത്തിനെ സഹായിക്കുക എന്നതാണ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കർത്തവ്യം.

ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും നാലു വീതം സ്റ്റാന്റിംഗ് കമ്മിറ്റികളും ജില്ലാ പഞ്ചായത്തുകളിൽ

അഞ്ച് സ്റ്റാന്റിംഗ് കമ്മിറ്റികളുമാണ് നിലവിലുള്ളത്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പേര്	പഞ്ചായത്ത്	
		ഗ്രാമം	ബ്ലോക്ക്
1	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	✔	✔
2	വികസന സ്റ്റാന്റിംഗ് കമ്മിറ്റി	✔	✔
3	പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി	✘	✘
4	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	✔	✔
5	ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി	✔	✔

ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമം യഥാക്രമം ധന കാര്യം, വികസനം, ക്ഷേമകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും എന്നിങ്ങനെയും ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമം യഥാക്രമം ധനകാര്യം, വികസനം, പൊതുമരാമത്ത്, ആരോഗ്യവും വിദ്യാഭ്യാസവും, ക്ഷേമകാര്യം എന്നിങ്ങനെ യുമാണ്. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ പൊതുമരാമത്തിന് പ്രത്യേകം സ്റ്റാന്റിംഗ് കമ്മിറ്റി നിലവിലില്ല. അവയുടെ കാര്യത്തിൽ പൊതുമരാമത്തിന്റെ ചുമതല വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. ഒരു പഞ്ചായത്തിൽ പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും ഔദ്യോഗികസ്ഥാനങ്ങൾ ഒഴിവായിരുന്നാൽ ഒരു പുതിയ പ്രസിഡന്റോ, വൈസ് പ്രസിഡന്റോ ഉദ്യോഗം ഏറ്റെടുക്കുന്നതുവരെ പ്രസിഡന്റിന്റെ ചുമതലകൾ 162-ാം വകുപ്പ് (1) -ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ക്രമത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ നിർവ്വഹിക്കേണ്ടതുള്ളതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമത്തിന് പ്രാധാന്യമുണ്ട് എന്ന വസ്തുത അറിഞ്ഞിരിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 162 എ (എ) (ii), 162 എ (ബി) (ii), 162 എ (സി) (ii), എന്നിവയിലാണ് യഥാക്രമം ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റികൾ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ പ്രതിപാദിച്ചിരിക്കുന്നത്. അവ ചുവടെ പറയും പ്രകാരം സംഗ്രഹിക്കാവുന്നതാണ്.

ക്രമ നം	വികസന സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ	പഞ്ചായത്ത്	
		ഗ്രാമം	ബ്ലോക്ക്
1	വികസന ആസൂത്രണം	✔	✔
2	സാമൂഹികവും സാമ്പത്തികവും പ്ലാനിംഗ്	✔	✔
3	സ്പേഷ്യൽ പ്ലാനിംഗ്	✔	✘
4	കൃഷി	✔	✔
5	മണ്ണ് സംരക്ഷണം	✔	✘

6	സാമൂഹ്യ വനവൽക്കരണം	✔	✘
7	മൃഗസംരക്ഷണം	✔	✔
8	ക്ഷീരവികസനം	✔	✘
9	ചെറുകിട ജലസേചനം	✔	✔
10	മത്സ്യബന്ധനം	✔	✔
11	ചെറുകിട വ്യവസായം	✔	✔
12	പൊതുമരാമത്ത്	✔	✔
13	പാർപ്പിടസൗകര്യം	✔	✔
14	കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം	✔	✘
15	വൈദ്യുതി	✔	✔
16	നീർമറി പരിപാലനം	✘	

പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖകളായ സ.ഉ (കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022, സ.ഉ (കൈ) നം.86/2022/തസ്വഭവ തീയതി 19.04.2022 എന്നിവ പ്രകാരം തൊഴിലുറപ്പ് പദ്ധതി "കൃഷി, മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ്-ജല സംരക്ഷണം" എന്ന വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുന്ന വിഷയമാണ്. അതനുസരിച്ച് തൊഴിലുറപ്പ് (ഇപ്പോൾ VB-G RAM G) പദ്ധതി വികസന സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയമായി കണക്കാക്കേണ്ടതാണ്.

5.1. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും അനുബന്ധ സ്ഥാപനങ്ങളും

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ മൂന്നാം പട്ടികയിലും നാലാം പട്ടികയിലും അഞ്ചാം പട്ടികയിലും പ്രതിപാദിച്ചിട്ടുള്ള വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട സ്കീമുകളേയും സ്ഥാപനങ്ങളേയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിഷയമേഖല	ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്
കൃഷി	13	6
മൃഗസംരക്ഷണവും ക്ഷീരോത്പാദനവും	9	3
ചെറുകിട ജലസേചനം	3	1
മത്സ്യബന്ധനം	6	1
സാമൂഹ്യ വനവത്ക്കരണം	3	-
ചെറുകിട വ്യവസായം	3	3
ഭവന നിർമ്മാണം	3	2
വിദ്യുച്ഛക്തിയും ഊർജ്ജവും	2	1
പൊതുമരാമത്ത്	2	2

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ മൂന്നാം പട്ടികയിലും നാലാം പട്ടികയിലും അഞ്ചാം പട്ടികയിലും പരാമർശിച്ചിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും, കെട്ടിടങ്ങളും മറ്റ് വസ്തുവകകളും സ്വത്തുക്കളും ബാധ്യതകളും വകുപ്പ് 166 (6), 172 (5), 173 (5) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം യഥാക്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് 1995 ഒക്ടോബർ രണ്ടാം തീയതി രാവിലെ മുതൽ പ്രാബല്യത്തിൽ കൈമാറിക്കൊണ്ട് സ.ഉ (പി) നം.189/1995/തവഭവ തീയതി 18.09.1995 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ കൈമാറിയിട്ടുള്ള സ്ഥാപനങ്ങളിലും ഉദ്യോഗസ്ഥരിലും വികസന സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയമേഖലകളിൽ വരുന്ന സ്ഥാപനങ്ങളുടേയും ഉദ്യോഗസ്ഥരുടേയും പട്ടിക ചുവടെ ചേർക്കുന്നു.

(1) കൃഷി വകുപ്പ്	
ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്
കൃഷിഭവനും അതിലെ ഉദ്യോഗസ്ഥരും	കൃഷിഅസിറ്റന്റ് ഡയറ്കടർ തസ്തികയും അനുബന്ധ തസ്തികകളും
(2) മൃഗസംരക്ഷണം	
ഗ്രാമപഞ്ചായത്ത്	ബ്ലോക്ക്പഞ്ചായത്ത്
വെറ്റിനറി സബ്സെന്റർ, വെറ്റിനറി ഡിസ്പൻസറി/ ആശുപത്രിയും ഉദ്യോഗസ്ഥരും	വെറ്ററിനറി പോളിക്ലീനിക്
	വെറ്ററിനറി പോളിക്ലീനിക് നിലവിലില്ലാത്ത ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ എസ്.എൽ.ബി.പി ജില്ലാ ഓഫീസ്, കാഫ് ഫീഡ് ജില്ലാ ഓഫീസ്, ഐ.സി.ഡി.പി പ്രോജക്ട്, റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ എന്നിവിടങ്ങളിലെ ഒരു വെറ്ററിനറി സർജന്റേയോ അസി.ഡയറക്ടറുടെയോ സേവനം പദ്ധതി നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കണം
(3) മത്സ്യബന്ധനം	
ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്
മത്സ്യഭവനും, ഒരു ഫിഷറീസ് സബ് ഇൻസ്പെക്ടർ തസ്തികയും (ആവശ്യമായ ഗ്രാമപഞ്ചായത്തുകളിൽ മാത്രം)	-
(4) തദ്ദേശ സ്വയംഭരണ വകുപ്പ്	
ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്
രണ്ടു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികകൾ	സെക്രട്ടറി

(5) വ്യവസായം	
ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്
-	ഒരു ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തിക
(6) ക്ഷീരവികസനം	
ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്
-	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
(7) ചെറുകിട ജലസേചനം	
ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്
-	-

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൈകാര്യത്തിൽ ഏൽപ്പിച്ചിട്ടുള്ള വിഷയങ്ങൾ ഏറ്റെടുത്ത് നിറവേറ്റേണ്ടത് അതത് വിഷയങ്ങളുടെ കാര്യത്തിൽ മേൽ പ്രതിപാദിച്ചിട്ടുള്ള സ്ഥാപനങ്ങൾ/ഉദ്യോഗസ്ഥർ മുഖേനയാണ്. വികസനസ്റ്റാന്റിംഗ് കമ്മിറ്റി അവയുടെ വിഷയമേഖലയിൽ വരുന്ന സ്ഥാപനങ്ങളുടെ കാര്യക്ഷമമായ മാനേജ്മെന്റിലും അതിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമമായ പ്രവർത്തനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.



വിവിധ വികസന മേഖലകൾ: പ്രതിസന്ധികളും സാധ്യതകളും



6.1. കാർഷിക മേഖല

കേരളത്തിലെ നവോത്ഥാനവും സാമൂഹ്യ-സാമ്പത്തിക പുരോഗതിയും സംസ്ഥാനത്തിന്റെ ഗ്രാമീണ ജീവിതരീതിയെയും പ്രാദേശിക സമ്പദ്‌വ്യവസ്ഥയെയും ഗണ്യമായി മാറ്റിമറിച്ചു. ഇതിന്റെ ഫലമായി, ഒരുകാലത്ത് ഏറ്റവും പ്രധാനമായ ഉൽപാദനമേഖലയായിരുന്ന കൃഷി, ഇന്ന് ഗ്രാമീണ സമൂഹത്തിന്റെ പരിമിതമായൊരു വിഭാഗത്തെ മാത്രം നേരിട്ട് സ്പർശിക്കുന്ന ഒരു സാമൂഹിക ഘടകമായി ചുരുങ്ങിയിരിക്കുകയാണ്. മനുഷ്യവികസനത്തിലെ ഉയർന്ന നേട്ടങ്ങൾ, ഗ്രാമപ്രദേശങ്ങളിലേക്കു വരെ വ്യാപിച്ച നഗരവത്കരണം, സേവനമേഖലയുടെയും പശ്ചാത്തല മേഖലയുടെയും വേഗതയേറിയ വളർച്ച- ഇവയൊക്കെയാണ് ഈ മാറ്റത്തിന് പിന്നിലെ പ്രധാന കാരണങ്ങൾ. എന്നാൽ ഈ പ്രഗത്ഭതയുടെ മറുവശത്ത്, കൃഷി നൽകിയിരുന്ന ഭക്ഷ്യസുരക്ഷ, തൊഴിൽസാധ്യത, സാംസ്കാരിക ഐക്യം തുടങ്ങിയ മൂല്യങ്ങൾ ഗ്രാമീണ കേരളം നഷ്ടപ്പെടുത്തി.

സാധാരണയായി കേരളത്തിലെ കൃഷിയെ വിശേഷിപ്പിക്കുന്നത് ചെറുതും വിഭജിതവുമായ കൃഷിഭൂമികൾ, കർഷകരുടെ ഉന്നത

സാക്ഷരത, കർഷകത്തൊഴിലാളികളുടെ കുറവ്, ഭക്ഷ്യവിളകൾ- നാണ്യവിളകൾ- മൃഗസംരക്ഷണം- മത്സ്യകൃഷി എന്നിവയുടെ മിശ്രിതമായ കൃഷിരീതി എന്നിങ്ങനെയാണ്. എന്നാൽ സംസ്ഥാനത്തിന്റെ ഭൗമശാസ്ത്രീയ വൈവിധ്യം കാരണം, കേരളത്തിലെ പ്രധാന വിളകളിൽ വ്യക്തമായ പ്രാദേശിക ഭേദഗതികൾ കാണാം.

കടലിനോട് ചേർന്ന മണൽ മണ്ണുള്ള താഴ്ന്ന പ്രദേശങ്ങളിൽ തെങ്ങ്, പൊക്കാളി നെല്ല് പോലുള്ള ലവണാംശം പ്രതിരോധിക്കുന്ന വിളകൾ

പുഴകളോട് ചേർന്ന മധ്യമേഖലയിലെ ചെങ്കൽ കുന്നുകളും കളിമണ്ണും ഉള്ള പ്രദേശങ്ങളിൽ നെല്ല്, വാഴ, മരച്ചീനി, വെള്ളരി, പയർ, വെണ്ട തുടങ്ങിയ പച്ചക്കറിവർഗങ്ങൾ,

കിഴക്കൻ മലയോര മേഖലകളിൽ തെങ്ങ്, കവുങ്ങ്, സുഗന്ധവ്യഞ്ജനങ്ങൾ, വിവിധ പ്ലാന്റേഷൻ വിളകൾ.

ഈ അമൂല്യ വിളവൈവിധ്യം കേരളത്തിന്റെ പ്രകൃതിദത്ത സമ്പത്തിന്റെ പ്രതീകം മാത്രമല്ല, മറിച്ച് പ്രാദേശിക കാലാവസ്ഥാ വ്യതിയാനങ്ങളോട് പൊരുത്തപ്പെട്ടു നിലനിൽക്കാനുള്ള കേരള കർഷകരുടെ കഴിവിന്റെയും തെളിവാണ്.

കാലങ്ങളായി നടപ്പിൽ വന്ന കൃഷിഭൂമികളുടെ പരിവർത്തനം, തൊഴിലാളി ക്ഷാമം, അന്യസംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്ന വിളകൾ, കൃഷിചെലവുകളുടെ വർദ്ധന, കാലാവസ്ഥാ വ്യതിയാനങ്ങൾ തുടങ്ങിയ വെല്ലുവിളികൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും, ഇന്നത്തെ കേരളത്തിൽ സർക്കാർ, സഹകരണസംഘങ്ങൾ, കർഷക കൂട്ടായ്മകൾ, പൊതുജനങ്ങൾ പ്രാദേശിക സർക്കാരുകൾ എന്നിവർ ചേർന്ന് കൃഷിയെ പ്രാദേശികതലത്തിൽ പുനരുജ്ജീവിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ ഒരു പ്രതീക്ഷാജനകമായ പ്രവണതയാണ്.

6.1.1. കൃഷിയുടെ സാമ്പത്തിക പ്രാധാന്യം

കൃഷി ഇന്നും കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദന മൂല്യത്തിൽ (GSDP) ഏകദേശം 10 മുതൽ 12 ശതമാനം വരെ സംഭാവന ചെയ്യുന്നുതോടൊപ്പം, ഗ്രാമീണ ജനസംഖ്യയിലെ 15 മുതൽ 20 ശതമാനം വരെയുള്ളവരുടെ നേരിട്ടോ പരോക്ഷമായോ ഉപജീവനമാർഗ്ഗമായിത്തന്നെ നിലനിൽക്കുന്നു. കൃഷി നൽകുന്ന സാമ്പത്തിക മൂല്യത്തിനു പുറമെ, ഗ്രാമജീവിതത്തിന്റെ സാമൂഹിക ഘടന നിലനിർത്താനും, വിത്ത്-തൈ ഉത്പാദനവും വ്യാപാര ശൃംഖലകളും, കാർഷിക യന്ത്രോപകരണങ്ങൾ, രാസവളങ്ങളും മറ്റ് ഇൻപുട്ടുകളും, പ്രാദേശിക ഭക്ഷ്യ മാർക്കറ്റുകളും ഭക്ഷ്യപ്രോസ്സസിംഗ് യൂണിറ്റുകളും പോലുള്ള അനുബന്ധ മേഖലകളുടെ പ്രവർത്തനത്തിനും കൃഷി നിർണ്ണായകമാണ്.

അടുത്തിടെയായി കേരളത്തിൽ ഉപഭോക്തൃ പ്രവണതയിൽ ശ്രദ്ധേയമായ മാറ്റം സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രധാന പങ്കുവഹിക്കുന്ന മദ്ധ്യവർഗ്ഗത്തിലും ഏറ്റവും കൂടുതൽ വാങ്ങൽ ശേഷിയുള്ള ഉന്നതവർഗ്ഗത്തിലും, സംസ്ഥാനത്തിനുള്ളിൽ പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന, സുരക്ഷിതവും വിശ്വസനീയവുമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾക്കുള്ള ആവശ്യം ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി, അന്യസംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതായാലും, പ്രാദേശികമായി

കൃഷി ചെയ്ത പച്ചക്കറികൾ, അരി, പഴങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങളാണ് ഉപഭോക്താക്കൾ കൂടുതൽ വില നൽകി വാങ്ങാൻ ആഗ്രഹിക്കുന്നത്. ഈ പ്രവണതയ്ക്ക് പിന്നിൽ പ്രാദേശിക കർഷകരോടുള്ള വിശ്വാസം, ഉൽപ്പന്നങ്ങളുടെ പുതുമ, രാസാവശിഷ്ടങ്ങളുമായി ബന്ധപ്പെട്ട ആശങ്കകൾ, ഭക്ഷ്യസുരക്ഷയിലേക്കുള്ള ബോധവൽക്കരണം തുടങ്ങിയ ഘടകങ്ങളാണ് പ്രവർത്തിക്കുന്നത്.

ഈ മാറ്റം പ്രാദേശിക കൃഷിയെ ഉയർന്ന മൂല്യമുള്ള പ്രാദേശിക വ്യവസായമേഖലയായി മാറ്റിയിരിക്കുന്നു. പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന ഭക്ഷ്യവിളകൾ പ്രീമിയം വിലയ്ക്ക് വിൽക്കാനുള്ള ഈ അവസരം, കർഷകർക്ക് കൃഷിയിൽ തുടരാനുള്ള പുതിയ പ്രചോദനമായി മാറിയിരിക്കുന്നു. സുരക്ഷിതമായ കൃഷിരീതികളെ പിന്തുണച്ച്, പ്രാദേശിക ബ്രാൻഡുകൾ രൂപപ്പെടുത്തി, കുറഞ്ഞ ദൂരത്തിലുള്ള വിപണന ശൃംഖലകൾ വികസിപ്പിച്ച്, കർഷകരെ നേരിട്ട് പ്രാദേശിക മാർക്കറ്റുകളുമായി ബന്ധിപ്പിച്ച്, ഗ്രാമീണ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ അവസരം ഫലപ്രദമായി പ്രയോജനപ്പെടുത്താനാകും.

6.1.2. സാമൂഹികവും പരിസ്ഥിതിപരവുമായ പ്രാധാന്യം

കേരളത്തിലെ കൃഷിരീതികൾ സമൂഹത്തെയും പരിസ്ഥിതിയെയും ഒരുപോലെ ആഴത്തിൽ സ്വാധീനിക്കുന്ന പ്രധാന മേഖലയാണ്. സംസ്ഥാനത്തിന്റെ പരമ്പരാഗത കൃഷിരീതികൾ- നെൽകൃഷി മേഖലകൾ, വീടുകളിലെ അടുക്കള കൃഷികൾ, വാണിജ്യ മിശ്രവിള കൃഷി, പ്ലാന്റേഷൻ കൃഷി എന്നിവ- വിവിധ സസ്യങ്ങളുടെ നിക്ഷേപകേന്ദ്രങ്ങളായും സ്വാഭാവിക കാർബൺ ശോഷകങ്ങളായും പ്രവർത്തിക്കുന്നു. ഇതോടൊപ്പം തന്നെ ഭൂഗർഭജലനിരപ്പിന്റെ പുനഃസ്ഥാപനം, വളക്കൂറുള്ള മണ്ണിന്റെ സംരക്ഷണം, പ്രദേശിക മൈക്രോക്ലൈമറ്റുകളുടെ നിലനിർത്തൽ തുടങ്ങിയവയിൽ നിർണ്ണായക പങ്ക് വഹിക്കുന്നു, അതുവഴി കേരളത്തിലെ പരിസ്ഥിതി സമതുലിതാവസ്ഥ നിലനിർത്താൻ സഹായിക്കുന്നു.

അതേസമയം, കൃഷി ഗ്രാമീണ സമൂഹത്തിൽ ഒരു സാമൂഹിക ഐക്യബോധവും പങ്കാളിത്ത ഉത്തരവാദിത്തവും വളർത്തുന്നു. സർക്കാർ, സഹകരണ സംവിധാനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി നിർമ്മിച്ച പാടശേഖര സമിതികൾ, കർഷക കൂട്ടായ്മകൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs) തുടങ്ങിയ സമൂഹാധിഷ്ഠിത സംഘടനകൾ കൃഷിയെ ഒരു സഹപങ്കാളിത്ത സാമൂഹിക സംരംഭമായി പുനർനിർവചിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നത് വഴി സ്ത്രീകൾക്കും പിന്നാക്ക വിഭാഗങ്ങൾക്കും സാമ്പത്തിക സ്വാതന്ത്ര്യം നേടാനും, അതോടൊപ്പം സമൂഹത്തിൽ സുരക്ഷിതവും പോഷകപ്രദവുമായ ഭക്ഷണം എന്ന ആശയം പ്രോത്സാഹിപ്പിക്കാനും സഹായിക്കുന്നു.

6.1.3. പ്രധാന വെല്ലുവിളികൾ

കേരളത്തിലെ കാർഷിക-കാലാവസ്ഥാ വൈവിധ്യങ്ങൾ കൃഷിക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നുവെങ്കിലും, ഉൽപ്പാദനക്ഷമതയും ദീർഘകാല സുസ്ഥിരതയും ഉറപ്പാക്കുന്നതിൽ നിരവധി വെല്ലുവിളികൾ നിലനിൽക്കുന്നു.

6.1.3.1. ചെറുതും വിഭജിക്കപ്പെട്ടതുമായ കൃഷിയിടങ്ങൾ

» കേരളത്തിലെ ശരാശരി കൃഷിഭൂമി വലുപ്പം 0.2 ഹെക്ടറിൽ താഴെയാണ്- ഇന്ത്യയിലെ ഏറ്റവും കുറഞ്ഞതിലൊന്ന്.

» ഭൂമിയുടെ ഈ വിഭജനം യന്ത്രവൽക്കരണത്തിനും വാണിജ്യാടിസ്ഥാനത്തിലുള്ള വൻകിട കൃഷിക്കും തടസ്സമാകുന്നു, ഉൽപ്പാദനച്ചിലവുകൾ ഉയരാനും കാരണമാകുന്നു.

» കൂട്ടുകൃഷി (Group/Cluster Farming) പോലുള്ള കൂട്ടായ്മാ മോഡലുകൾക്ക് മതിയായ പ്രോത്സാഹനം ലഭിക്കാത്തതിനാൽ, കർഷകർ പലരും കുറഞ്ഞ ലാഭത്തിൽ ഒറ്റപ്പെട്ട നിലയിൽ കൃഷി തുടരുകയാണ്.

6.1.3.2. ഉയർന്ന തൊഴിൽച്ചെലവും പരിചയസമ്പന്നരായ തൊഴിലാളികളുടെ കുറവും

» കെട്ടിടനിർമാണം, സേവന മേഖലകൾ തുടങ്ങിയവയിലെ ഉയർന്ന വേതനാവസരങ്ങൾ കാരണം കേരളത്തിലെ കാർഷക തൊഴിലാളികളുടെ ലഭ്യതക്കുറവ്.

» കൃഷിപ്പണികളിൽ പരിചയമുള്ള പ്രാദേശിക തൊഴിലാളികളുടെ ലഭ്യത കുറവായ തോടെ കർഷകർ പലപ്പോഴും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളെ ആശ്രയിക്കേണ്ടിവരുന്നു.

» യുവതലമുറ മികച്ച വേതനവും ആയാസരഹിതമായ മറ്റു തൊഴിൽമേഖലകളിലേക്കും വിദേശത്തേക്കും മാറുന്നത് മൂലം, ഗ്രാമീണ കർഷക ജനസംഖ്യയിൽ വാർദ്ധക്യത്തിലേക്ക് നീങ്ങിയവരുടെ എണ്ണം വർദ്ധിക്കുകയും പരിചയസമ്പന്നരായ യുവ കർഷകർ കുറയുകയും ചെയ്യുന്നു.

6.1.3.3. കാലാവസ്ഥാ വ്യതിയാനവും അതിനാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളും

» കേരളം കാലാവസ്ഥാ വ്യതിയാനം ഏറ്റവും കൂടുതലായി ബാധിക്കുന്ന പ്രദേശങ്ങളിലൊന്നാണ്. 2018, 2019 വർഷങ്ങളിലെ അതിതീവ്രമായ വെള്ളപ്പൊക്കങ്ങളും നീണ്ടുനിൽക്കുന്ന വരൾച്ചകളും വലിയ കൃഷിനാശങ്ങൾക്ക് കാരണമായി.

» കുട്ടനാട്, കോൾ പോലുള്ള താഴ്ന്ന പ്രദേശങ്ങളിലെ ഉപ്പ് വെള്ളം കയറൽ (salinity intrusion) നെൽകൃഷിയെയും ശുദ്ധജല സ്രോതസ്സുകളെയും അതിനാശ്രയിച്ച സമൂഹങ്ങളെയും ബാധിക്കുന്നു.

6.1.3.4. പരിമിതമായ യന്ത്രവൽക്കരണം

» ചെറിയ ഭൂമി വിസ്തൃതി കാരണം വലിയ യന്ത്രങ്ങൾ പ്രായോഗികമല്ല.

» കോർപ്പറേറ്റ് ആധിപത്യമുള്ള ഇന്ത്യൻ കാർഷിക യന്ത്രനിർമ്മാണ മേഖലയ്ക്ക്, കേരളത്തിനായി അനുയോജ്യമായ ചെറുകിട യന്ത്രങ്ങൾ വികസിപ്പിച്ചാൽ ലാഭമുണ്ടാകുന്ന അളവിലുള്ള വിപണി കേരളത്തിൽ വളർന്നിട്ടില്ല.

» സർക്കാർ/സഹകരണ ഉടമസ്ഥതയിലുള്ള പല കാർഷിക യന്ത്രങ്ങളും പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടത്ര പ്രാപ്തമല്ല.

» യന്ത്രങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ ആവശ്യമായ "മെഷിനറി ബാങ്കുകൾ" അല്ലെങ്കിൽ "സർവീസ് കേന്ദ്രങ്ങൾ" ഇപ്പോഴും പര്യാപ്തമായി പ്രവർത്തിക്കുന്നില്ല.

» ഇതിന്റെ ഫലമായി ചെറുകിട കർഷകർ ഇന്നും തൊഴിലാളികളെ ആശ്രയിക്കേണ്ടി വരുന്നു, ഉൽപ്പാദനച്ചെലവ് കൂടുകയും കാര്യക്ഷമത കുറയുകയും ചെയ്യുന്നു.

6.1.3.5. അശാസ്ത്രീയ കൃഷിരീതികളുടെ വ്യാപനം

» സോഷ്യൽ മീഡിയ കൃഷിയോടുള്ള താൽപര്യം വർദ്ധിപ്പിച്ചെങ്കിലും, അതോടൊപ്പം ശാസ്ത്രീയ അടിസ്ഥാനമില്ലാത്ത, അനുയോജ്യമല്ലാത്ത കൃഷിരീതികൾ പ്രചരിക്കുന്നതിനും കാരണമാകുന്നു.

» വിദഗ്ധരല്ലാത്തവർ സോഷ്യൽ മീഡിയ വഴി കൃഷിക്കായി രാസവസ്തുക്കളുടെ അനിയന്ത്രിത ഉപയോഗം നിർദേശിക്കുന്നത് നിയമപരമായും പരിസ്ഥിതിപരമായും അപകടകരമാണ്.

» യൂറോപ്പ്, ഇസ്രായേൽ തുടങ്ങിയ വ്യത്യസ്ത കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ നിന്നുള്ള സാങ്കേതികതകൾ കേരളത്തിന്റെ സാഹചര്യത്തിന് യോജിച്ച രീതിയിൽ മാറ്റമില്ലാതെ നടപ്പിലാക്കുന്നത് പരാജയങ്ങളും സാമ്പത്തിക നഷ്ടങ്ങളും സൃഷ്ടിക്കുന്നു.

6.1.3.6. കീട-രോഗങ്ങളാൽ വിളനാശം

കാലാവസ്ഥാ അനിശ്ചിതത്വം മൂലം നിരവധി വിളകൾ കീട-രോഗങ്ങളാൽ ബാധിതമാണ്:

» തെങ്ങ്: കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, മണ്ടരോഗം.

» വാഴ: ഇലപ്പുള്ളി, മാണിവണ്ട്, നിമാവിര.

» നെല്ല്: ബ്ലാസ്റ്റ്, ഷീത്ത് ബ്ലൈറ്റ്, തണ്ടുതുരപ്പൻ.

» പച്ചക്കറികൾ: വൈറസ്, ബാക്ടീരിയൽ വാട്ടം, ഫംഗസ് രോഗങ്ങൾ, വിവിധ കീടങ്ങളുടെ ആക്രമണം.

» ഈ പ്രശ്നങ്ങൾ പല പ്രദേശങ്ങളിലും കർഷകരെ കൃഷി നിർത്തുവാൻ വരെ പ്രേരിപ്പിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നു.

6.1.3.7. വിലസ്ഥിരതയുടെ അഭാവവും വിപണി വെല്ലുവിളികളും

» ഉയർന്ന ഉൽപ്പാദനച്ചെലവുള്ള പ്രാദേശിക വിളകൾക്ക്, അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വൻതോതിലുള്ള ഉൽപ്പന്നങ്ങളുമായി വിലയിൽ മത്സരിക്കുക പ്രയാസമാണ്.

» ചില വിളകളിൽ (പൈനാപ്പിൾ, വാഴ, മരച്ചീനി/പയർ/ചീര തുടങ്ങിയവ) ഒരേ സീസണിൽ അധിക ഉൽപ്പാദനം മൂലം വിപണിയിൽ വില ഇടിവ് സംഭവിക്കുന്നു.

» നാളികേരം, അടയ്ക്ക, റബ്ബർ, കാപ്പി, ഏലം, കുരുമുളക് തുടങ്ങിയ വിളകളുടെ വില ദേശീയ-അന്താരാഷ്ട്ര വിപണിയുടെ ചാഞ്ചാട്ടങ്ങൾക്ക് വിധേയമാണ്.

» സംഭരണവും പ്രോസസ്സിംഗും സംബന്ധിച്ച സൗകര്യങ്ങൾ പരിമിതമായതിനാൽ, കർഷകർക്ക് വിളകൾ കുറഞ്ഞ വിലയ്ക്ക് വിറ്റഴിക്കേണ്ടി വരുന്നു.

» ഇടനിലക്കാരുടെ ആധിപത്യം കാരണം ഉപഭോക്താക്കൾ ചിലവാക്കുന്ന വിലയുമായി താരതമ്യം ചെയ്യുമ്പോൾ കർഷകർക്ക് ലഭിക്കുന്ന യഥാർത്ഥ വരുമാനം വളരെ കുറവാണ്.

കേരളത്തിലെ കാർഷിക മേഖല നേരിടുന്ന വെല്ലുവിളികൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു-

ഭൂമിയുടെ വിഭജനം മുതൽ തൊഴിൽ, കാലാവസ്ഥ, വിപണി, സാങ്കേതികത എന്നിവയിലേക്കും വ്യാപിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ, പ്രാദേശിക ഭരണ സംവിധാനങ്ങൾ ശാസ്ത്രീയമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുകയും, ചെറുകിട കർഷകരെ കൂട്ടായ്മാ അടിസ്ഥാനത്തിൽ ശക്തിപ്പെടുത്തുകയും, പ്രാദേശിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ സാങ്കേതിക പരിഹാരങ്ങൾ വികസിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

6.1.4. ഗ്രാമീണ കൃഷിയിലെ അവസരങ്ങൾ

കേരളത്തിലെ ഗ്രാമീണ കൃഷി മേഖല നിലവിൽ പരമ്പരാഗത പരിധികളിൽ നിന്നു മാറി പുതുവഴികൾ തേടുകയാണ്. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ നിലവാരം, സാങ്കേതിക പുരോഗതി, യുവജനങ്ങളുടെ സംരംഭകത്വ മനോഭാവം എന്നിവ പുതിയ കൃഷി നവീകരണങ്ങൾക്ക് വളമായിട്ടുണ്ട്. "സുസ്ഥിരവും സുരക്ഷിതമായി ഭക്ഷിക്കാവുന്നതുമായ (Safe to eat) കാർഷികോൽപന്നങ്ങൾ" എന്ന ആശയം ഇപ്പോൾ പ്രാദേശിക വിപണികളിലും, നഗര കാർഷിക സംരംഭങ്ങളിലും, കൂട്ടായ്മാ കർഷക സംഘങ്ങളിലും ശക്തമായി പ്രത്യക്ഷപ്പെടുന്നു.

6.1.4.1. സാങ്കേതിക നവീകരണങ്ങൾ

ഹൈടെക് പ്രിസിഷൻ കൃഷി, കൃത്രിമ ബുദ്ധി (AI) ഉപയോഗിച്ച് വിളനിരീക്ഷണം, ഡ്രിപ്പ് ഇറിഗേഷൻ, സെൻസർ അധിഷ്ഠിത പോഷക നിയന്ത്രണം തുടങ്ങിയ സാങ്കേതിക വിദ്യകൾ ഇപ്പോൾ കേരളത്തിലെ ചില കർഷകർ ശ്രദ്ധിച്ച് തുടങ്ങിയിട്ടുണ്ട്. ഇതിലൂടെ ഉൽപാദന ചെലവ് കുറയ്ക്കുകയും, ഉൽപാദന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യാം.

6.1.4.2. സുരക്ഷിത ഭക്ഷ്യ ഉൽപാദനവും ബ്രാൻഡിംഗ് സാധ്യതകളും

സുസ്ഥിര കൃഷിയും സുരക്ഷിത ഭക്ഷണവുമാണ് ഇപ്പോഴത്തെ വിപണി പ്രവണത. "Safe-to-Eat Farming" എന്ന ആശയം, വിശ്വാസയോഗ്യമായ ആയ ഉൽപന്നങ്ങൾ വിപണിയിൽ അവതരിപ്പിക്കാൻ കർഷകർക്ക് വലിയ അവസരം സൃഷ്ടിക്കുന്നു. പ്രാദേശിക ബ്രാൻഡുകൾ, സഹകരണ ബാങ്കുകൾ, കർഷക കൂട്ടായ്മകൾ എന്നിവയിലൂടെ ഉൽപാദന-വിപണന ബന്ധം ശക്തിപ്പെടുത്താനുള്ള സാധ്യതകൾ കൂടുതലാണ്.

6.1.4.3. സംരംഭകത്വവും യുവജനങ്ങളുടെ പങ്കാളിത്തവും

ചെറിയൊരു ശതമാനം പുതുതലമുറ കർഷകർ ഹൈടെക് പ്രിസിഷൻ കൃഷി, അലങ്കാര കൃഷി, കൃഷിയോട് ചേർന്ന ടൂറിസം (agritourism), മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം അവയുടെ ഇ-കൊമേഴ്സ് വിൽപ്പന തുടങ്ങിയ മേഖലകളിൽ സജീവമായി ഇടപെടുന്നുണ്ട്. സർക്കാർ പദ്ധതികൾ- KDISC, കർഷക ഇൻക്യൂബേഷൻ സെന്ററുകൾ, Startup Mission തുടങ്ങിയവ- ഇതിന് പ്രോത്സാഹനം നൽകുന്നു.

6.1.4.4. സഹകരണ വ്യവസ്ഥകളും പ്രാദേശിക വിപണി ശൃംഖലകളും

VFPCK, സഹകരണ ബാങ്കുകൾ, കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ കർഷകർ തങ്ങളുടെ വിപണികൾ ശക്തിപ്പെടുത്താനുള്ള അവസരങ്ങൾ

തേടുന്നു. ഇത് ഗ്രാമതലത്തിലുള്ള കൃഷിയെ സാമ്പത്തികമായി കൂടുതൽ സ്ഥിരതയുള്ളതും വിപണിയിൽ സ്വതന്ത്രതയുള്ളതുമായ രീതിയിലേക്ക് നയിക്കുന്നു.

6.1.5. ഗ്രാമീണ കൃഷിയിലെ മുന്നോട്ടുള്ള അവസരങ്ങൾ

6.1.5.1. വിപണിയിൽ ഉയർന്ന മൂല്യമുള്ള വിളകളുടെ പ്രോത്സാഹനം

» സുഗന്ധവ്യഞ്ജനങ്ങൾ, തോട്ടവിളകൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ കൃഷിയിൽ കേരളത്തിന് വലിയ സാധ്യതയുണ്ട്.

» ബ്രോക്കോളി, ലെറ്റ്യൂസ്, സുഗന്ധ പച്ചക്കറികൾ, ഡ്രാഗൺ ഫ്രൂട്ട് തുടങ്ങിയ ഉയർന്ന മൂല്യമുള്ള വിളകളുടെ കൃഷി പ്രാദേശികമായി വ്യാപിപ്പിക്കാം. കേരളത്തിലെ വിവിധ ജില്ലകളിൽ ഡ്രാഗൺ ഫ്രൂട്ട് കൃഷിക്ക് ഇപ്പോൾ വലിയ പ്രചാരം ലഭിക്കുന്നുണ്ട്.

6.1.5.2. അഗ്രി-ടൂറിസവും പ്ലാന്റേഷൻ അധിഷ്ഠിത സംരംഭങ്ങളും

വയനാട്, മൂന്നാർ, തേക്കടി പോലുള്ള സ്ഥലങ്ങളിലെ കാലാവസ്ഥ ഉപയോഗപ്പെടുത്തി, അവിടത്തെ തോട്ടങ്ങൾ ഫാം സ്റ്റേകൾക്കും സ്പൈസ് ടൂറുകൾക്കും കേന്ദ്രമാക്കാം. ഉദാഹരണം: വയനാട്ടിലെ ഹോംസ്റ്റേകൾ കാപ്പി, കുരുമുളക് തോട്ട സന്ദർശനങ്ങളെ ഇക്കോ-ടൂറിസവുമായി സംയോജിപ്പിക്കുന്നു.

6.1.5.3. ജൈവവും ജിഐ ടാഗുള്ള വിളകളുടെ കയറ്റുമതി സാധ്യത

» കേരളത്തിന് ജിഐ ടാഗുള്ള വിളകൾ നിരവധി ഉണ്ട്:

» വയനാട് ജീരകശാല അരി

» വാഴക്കുളം പൈനാപ്പിൾ

» വയനാട് ഇഞ്ചി

» ചങ്ങാലിക്കോടൻ പഴം

» മലബാർ കുരുമുളക്

» ഉദാഹരണം: വാഴക്കുളം പൈനാപ്പിൾ കർഷകർ മിഡിൽ ഈസ്റ്റ് വിപണിയിൽ കയറ്റുമതി വികസിപ്പിക്കുന്നു.

» പൊക്കാളി അരി, ഏഴിക്കര

6.1.5.4. കർഷക ഉത്പാദക സംഘടനകളെ ശക്തിപ്പെടുത്തൽ

» FPOകൾ പ്രാദേശികമായ കർഷക കൂട്ടായ്മകളെ വിപണിയുമായി നേരിട്ട് ബന്ധിപ്പിക്കുന്നു, വിലപേശൽ ശക്തി വർധിപ്പിക്കുന്നു, ഇൻപുട്ട് ചെലവുകൾ കുറയ്ക്കുന്നു.

» ഉദാഹരണം: പാലക്കാട് പച്ചക്കറി FPO ഇപ്പോൾ പ്രാദേശിക സൂപ്പർമാർക്കറ്റുകളിലേക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നു.

6.1.5.5. ഡിജിറ്റൽ കൃഷിയും അഗ്രി-ടെക് സ്റ്റാർട്ടപ്പുകളും

» കാർഷിക ആപ്പുകൾ കാലാവസ്ഥാ മുന്നറിയിപ്പുകളും വിള പരിപാലന ഉപദേശങ്ങളും നൽകുന്നു.

- » കർഷകരെ ഉപഭോക്താക്കളുമായി നേരിട്ട് ബന്ധിപ്പിക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോമുകൾ.
- » ഗ്രാമപഞ്ചായത്തല കൃഷി നവീകരണത്തിന്റെ സാദ്ധ്യതകൾ
- » കൂട്ടുകൃഷിക്ക് പ്രോത്സാഹനം.
- » "ഫുഡ്ഗ്രെയിൻ ബാങ്ക്" വഴി പ്രാദേശിക ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നു.
- » "സേഫ് ടു ഈറ്റ്" ബ്രാൻഡ് വഴി നഗര വിപണിയിൽ നേരിട്ടുള്ള വിൽപ്പന ശൃംഖല.

6.1.6. ഗ്രാമീണ കൃഷി നവീകരണത്തിൽ, ത്രിതല പഞ്ചായത്തുകളുടെ പങ്ക്

ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാപഞ്ചായത്തുകൾ എന്നിവ കാർഷികപദ്ധതികളുടെ ആസൂത്രണത്തിലും ഫണ്ട് വിനിയോഗത്തിലും പ്രധാന പങ്ക് വഹിക്കുന്നു. ഇന്ന് കേരളത്തിൽ കാണുന്ന കാർഷിക കൂട്ടങ്ങൾ, പാടശേഖര പുനരുദ്ധാരണ പദ്ധതികൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, വനിതാ കർഷക കൂട്ടായ്മകൾ, സ്കൂൾ-കോളേജ് കാർഷിക ക്ലബ്ബുകൾ തുടങ്ങിയ സംരംഭങ്ങൾ ഇവയുടെ നേതൃത്വത്തിലാണ് വളരുന്നത്. VB-G RAM G, കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, ജില്ലാതല KVK-കൾ എന്നിങ്ങനെയുള്ള കൃഷിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്ന എല്ലാ സംയോജനങ്ങളും, സമഗ്ര കൃഷി നയം പ്രാദേശികതലത്തിൽ നടപ്പാക്കുന്നതിലും, കർഷകസംഘങ്ങൾക്കും FPOകൾക്കും പ്രായോഗിക പിന്തുണ നൽകുന്നതിലും ത്രിതല പഞ്ചായത്തുകൾ ഒരു നിർണായക വേദിയായി മാറിയിട്ടുണ്ട്.

കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനം കാർഷിക മേഖലയിലെ അടിസ്ഥാന വികസന ഘടകമാണ്. ഓരോ തലവും വ്യത്യസ്തമായെങ്കിലും പരസ്പരം പൂരകമായ ഉത്തര വാദിത്തങ്ങൾ വഹിക്കുന്നു.

6.1.6.1. ഗ്രാമപഞ്ചായത്ത്

- » കർഷക സമിതികളുടെയും പാടശേഖര സംഘങ്ങളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നു.
- » പ്രാദേശിക കൃഷി പദ്ധതികൾ (ജലസംരക്ഷണം, സുരക്ഷിതകൃഷി, ഹോം ഗാർഡൻ തുടങ്ങിയവ) നടപ്പാക്കുന്നു.

6.1.6.2. ബ്ലോക്ക് പഞ്ചായത്ത്

- » വ്യത്യസ്ത ഗ്രാമപഞ്ചായത്തുകളിലെ സംയുക്ത കാർഷിക വികസന പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുന്നു.
- » പ്രാദേശിക കർഷക മാർക്കറ്റുകൾ, ട്രെയിനിംഗ് ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.
- » ജില്ലാ പഞ്ചായത്ത്:
- » ജില്ലാതല കാർഷിക പദ്ധതികളുടെ ആസൂത്രണവും ധനസഹായ വിതരണവും ഏകോപിപ്പിക്കുന്നു.
- » സംസ്ഥാന, കേന്ദ്ര പദ്ധതികളുമായി ഗ്രാമപഞ്ചായത്തല പദ്ധതികൾ ബന്ധിപ്പിക്കുന്നു.

ത്രിതല പഞ്ചായത്ത് സംവിധാനം കാർഷിക മേഖലയുടെ "പോളിസി ടു പ്രാക്ടീസ്" എന്ന ബന്ധം ഉറപ്പാക്കുന്നതോടൊപ്പം കർഷകർക്ക് നേരിട്ട് പങ്കാളിത്താവകാശം നൽകുന്ന ഘടന

യാണ്. ഇതുവഴി കാർഷിക ഉൽപ്പാദനവും ഗ്രാമവികസനവും ഒരുപോലെ ശക്തിപ്പെടുന്നു.

6.1.7. പുതിയ മുൻഗണനാ വിഷയങ്ങൾ

കേരളത്തിലെ കൃഷിയെ ഉൽപ്പാദനത്തിൽ മാത്രം ഒതുക്കാതെ, വിപണിയും കയറ്റുമതിയും മൂല്യവർധിത ഉൽപ്പന്നങ്ങളും കേന്ദ്രീകരിച്ചുള്ള കാർഷിക സമ്പദ്‌വ്യവസ്ഥയായി മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യം.

- » കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴങ്ങൾ, പച്ചക്കറികൾ, പൂക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ അന്താരാഷ്ട്ര വിപണിയിലെത്തിക്കുന്നതിനായി വിമാനത്താവളങ്ങളിൽ ആധുനിക **Pack House, Cold Chain, Farm Cargo** സംവിധാനങ്ങൾ ഒരുക്കും.
- » വനിതകളുടെ ശക്തമായ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനും വനിതകളുടെ നേതൃത്വത്തിലുള്ള കാർഷിക സംരംഭങ്ങളും കർഷക കൂട്ടായ്മകളും പ്രോത്സാഹിപ്പിക്കുന്നതിനുമായി "കൃഷി സഖി- വനിതാ കർഷക വികസന പരിപാടി" എന്ന പദ്ധതി.
- » സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, മണ്ണിന്റെ ആരോഗ്യം വ്യതിയാനങ്ങളെ മെച്ചപ്പെടുത്തുന്നതിനും, പ്രതിരോധിക്കാനുള്ള കാലാവസ്ഥാ ശേഷി ശക്തിപ്പെടുത്തുന്നതിനും, കർഷകർക്ക് പുതിയ വരുമാന അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സർക്കാർ 'കേരള കാർബൺ ഫാമിംഗ് ആൻഡ് സോയിൽ ക്രെഡിറ്റ് ഫ്രെയിംവർക്ക്' പദ്ധതി.

6.1.8. ഉപസംഹാരം

കേരളത്തിന്റെ കാർഷിക മേഖല ഇന്ന് പാരമ്പര്യത്തെയും ആധുനിക സാങ്കേതികതയെയും ഒരുമിച്ച് ഉൾക്കൊള്ളുന്ന ഒരു മാറ്റത്തിന്റെ പാതയിലാണ്. പ്രദേശിക ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വിപണി മൂല്യം ലഭിക്കുന്ന പുതിയ ഉപഭോക്തൃ പ്രവണതകളും, ഡിജിറ്റൽ കൃഷി സംവിധാനങ്ങളും, സഹകരണാടിസ്ഥാനത്തിലുള്ള ഉത്പാദന കൂട്ടായ്മകളും ഈ മേഖലയിൽ നവോത്ഥാനത്തിന്റെ അടയാളങ്ങളാണ്.

ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ സജീവ ഇടപെടൽ കാർഷിക വികസനത്തിനു അത്യന്താപേക്ഷിതമാണ്- ഇത് പ്രാദേശിക കർഷകർക്കായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും, പ്രാദേശിക പദ്ധതികൾക്ക് ധനസഹായം ഉറപ്പാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം, സാമൂഹിക-പരിസ്ഥിതി സമതുലിതാവസ്ഥയും, ഗ്രാമീണ ജീവിതത്തിന്റെ ആത്മാവും നിലനിർത്തുന്ന "സുസ്ഥിര ഗ്രാമീണ കൃഷിയുടെ- കേരള ബദൽ" എന്നതാണിവയുടെ യഥാർത്ഥ ദിശ. കേരളത്തിന്റെ കാർഷിക ഭാവി പ്രതീക്ഷാജനകമാകുന്നത് പ്രാദേശികത, പങ്കാളിത്തം, സാങ്കേതികത എന്ന മൂന്ന് തൂണുകളുടെ സംയോജനത്തിലാണ്.

6.2. മൃഗസംരക്ഷണം, ക്ഷീര വികസനം

ആഗോള ഭക്ഷ്യവ്യവസ്ഥയുടെയും സമ്പദ്‌വ്യവസ്ഥയുടെയും ഒരു പ്രധാന ഭാഗമാണ് മൃഗസംരക്ഷണ മേഖല. മാത്രമല്ല, ഇത് നിരവധി ആളുകളുടെ ഉപജീവനമാർഗ്ഗത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ഭക്ഷ്യസുരക്ഷ, പോഷകാഹാരം, ദാരിദ്ര്യ നിർമാർജ്ജനം, തൊഴിൽ,

സാമ്പത്തിക വളർച്ച എന്നിവയ്ക്ക് മുഖ്യ സംഭാവന ചെയ്യുന്ന ഈ മേഖല കാർഷിക മേഖലയുടെ ഒരു അവിഭാജ്യ ഘടകമാണ്. പാവപ്പെട്ടവർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും കുറഞ്ഞ വരുമാനക്കാർ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും, പ്രധാന സമ്പത്തും, സുരക്ഷാ വലയവും, കോടിക്കണക്കിന് ഗ്രാമീണ, നഗര കുടുംബങ്ങളുടെ പോഷണ സ്രോതസ്സുമാണ് അതിനാൽ, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, രോഗ നിയന്ത്രണം, കാലിത്തീറ്റ ഉൽപ്പാദനം, ശാസ്ത്രീയ പ്രജനന രീതികൾ സ്വീകരിക്കൽ, മൂല്യവർദ്ധനവ് എന്നിവയുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടത് അത്യാവശ്യമാണ്.

6.2.1. മൃഗസംരക്ഷണം, ക്ഷീര വികസനം: ഉത്പാദന മേഖല നേരിടുന്ന പ്രതിസന്ധികൾ

6.2.1.1. ക്ഷീരോത്പാദനത്തിലെ പ്രതിസന്ധികൾ

ആഗോളതലത്തിൽ പാൽ ഉല്പാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. അതായത് 98.11 കോടി ടൺ വരുന്ന ആഗോള പാൽ ഉത്പാദനത്തിന്റെ 24.76 ശതമാനം വരുന്ന 23.93 കോടി ടൺ പാലും, പാൽ ഉത്പന്നങ്ങളും ഇന്ത്യയിൽ നിന്നുള്ളതാണ്. ദേശീയ തലത്തിൽ, പാൽ ഉൽപ്പന്നങ്ങൾ 2022-23 ലെ 23.64 കോടി ടണ്ണിൽ നിന്ന് 2023-24 ൽ 24.3 കോടി ടണ്ണായി ഉയർന്ന്, 2.68 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട് (ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ-ക്ഷീര വിപണി അവലോകനം, 2024). ഇന്ത്യയിൽ ആളോഹരി പാൽ ലഭ്യത 2023-24 ൽ പ്രതിദിനം 471 ഗ്രാമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, ഇത് ആഗോള ശരാശരിയായ പ്രതിദിനം 329 ഗ്രാമിനേക്കാൾ വളരെ കൂടുതലാണ് (ഫുഡ് ഔട്ട്ലുക്ക് നവംബർ 2024). ഏറ്റവും കൂടുതൽ ആളോഹരി ലഭ്യത പഞ്ചാബിലാണ് (പ്രതിദിനം 1245 ഗ്രാം), തൊട്ടുപിന്നാലെ രാജസ്ഥാൻ (പ്രതിദിനം 1171 ഗ്രാം). പാൽ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ കേരളം പതിനഞ്ചാം സ്ഥാനത്താണ്. കേരളത്തിലെ ആളോഹരി ലഭ്യത പ്രതിദിനം 197 ഗ്രാമാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2024). 2023-24 ൽ കേരളത്തിന്റെ മൊത്തം പാലിന്റെ ആവശ്യം 31.75 ലക്ഷം മെടിക് ടൺ ആയിരുന്നു. എന്നാൽ വാർഷിക ഉത്പാദനം 25.32 ലക്ഷം മെടിക് ടൺ മാത്രമായിരുന്നു. ഈ മേഖലയിലെ സ്വയംപര്യാപ്തതയുടെ കാര്യത്തിൽ സംസ്ഥാനത്തിന് 20 ശതമാനം കുറവുണ്ട്. അതിനാൽ പ്രതിവർഷം ഏകദേശം 6.43 ലക്ഷം മെടിക് ടൺ വിടവുണ്ട് (ക്ഷീര വികസന വകുപ്പ്, കേരള സർക്കാർ). പ്രധാന പാൽ ഉൽപ്പാദന സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കന്നുകാലികളുടെ എണ്ണം കുറവാണെങ്കിലും കേരളത്തിലെ കന്നുകാലി ഉൽപ്പാദനക്ഷമത ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.

6.2.2. ഉയർന്ന തീറ്റ ചെലവ്

കന്നുകാലി മേഖല ഇന്ത്യൻ കാർഷിക മേഖലയുടെ ഒരു അനിവാര്യ ഘടകമാണ്, രാജ്യത്തെ കന്നുകാലി മേഖലയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും, തീറ്റ വിഭവങ്ങൾ കാര്യ ക്ഷമമായി ഉപയോഗിക്കേണ്ടത് അത്യാവശ്യമാണ്, കാരണം മൃഗങ്ങളെ വളർത്തുന്നതിനുള്ള മൊത്തം ചെലവിന്റെ ഏകദേശം 60-70% തീറ്റച്ചെലവാണ്. സംസ്ഥാനത്ത് യഥാർത്ഥത്തിൽ പച്ചപ്പുല്ല്, ഇല തീറ്റയുടെയും കാലിത്തീറ്റയുടെയും ആവശ്യകതയും ലഭ്യതയും തമ്മിൽ

ഒരു നിർണായക വിടവ് നിലനിൽക്കുന്നു.

ഇവിടെ പ്രധാനമായും ധാന്യ വിള അവശിഷ്ടങ്ങളാണ് തീറ്റയായി ഉപയോഗിക്കുന്നത്. ഉണങ്ങിയതും പച്ചയുമായ പരുഷാഹാരവും സാന്ദ്രീകൃത തീറ്റയും ആവശ്യമാണ്. സംസ്ഥാനത്ത് കാലിത്തീറ്റയുടെ ക്ഷാമം വർദ്ധിച്ചുവരികയാണ്. നമ്മുടെ കന്നുകാലികളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന്, ചെലവുകുറഞ്ഞതും പ്രാദേശികമായി ലഭ്യമായ തീറ്റ സമ്പ്രദായങ്ങളിൽ സൂക്ഷ്മമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. കേരളം ഉയർന്ന തീറ്റ ചെലവാണ് നേരിടുന്നത്. കുറഞ്ഞ വാണിജ്യ മൂല്യം കാരണം, കർഷകർ സാധാരണയായി കാലിത്തീറ്റ വിളകളിലേക്ക് ആകർഷിക്കപ്പെടുന്നില്ല.

കഴിഞ്ഞ മൂന്ന്-നാല് പതിറ്റാണ്ടുകളായി തീറ്റപ്പുൽ കൃഷിയുടെ വിസ്തീർണ്ണം (4.9%) ഏതാണ്ട് സ്ഥിരമായി തുടരുന്നു. ഉപയോഗ്യമല്ലാത്തതും, നശിച്ചതും, നാമമാത്രവുമായ ഭൂമിയിലാണ് പലപ്പോഴും കാലിത്തീറ്റ കൃഷി നടത്തുന്നത്. അത് കുറഞ്ഞ ഉല്പാദനത്തിലേക്ക് നയിക്കുന്നു. സംസ്ഥാനത്തിന്റെ പച്ചപ്പുല്ല് വിതരണത്തിനുള്ള കണക്കുകൾ പ്രകാരം, സംസ്ഥാനത്ത് ഏകദേശം 1,12,000 ഹെക്ടർ തീറ്റപ്പുൽ വിളഭൂമിയുണ്ട്. കൂടാതെ, 32.5 ലക്ഷം ഹെക്ടർ വനം കന്നുകാലി വ്യവസായത്തിന് ഭക്ഷ്യ സ്രോതസ്സായി വർത്തിക്കുന്നുവെന്ന് കണക്കാക്കപ്പെടുന്നു. കന്നുകാലി മേഖലയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഏകദേശം 100,000 ഹെക്ടർ കൃഷിയോഗ്യമായ തരിശുഭൂമി എന്നിവയും സംസ്ഥാനത്തിനുണ്ട്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി, സംസ്ഥാനത്ത് സ്ഥിരമായ മേച്ചിൽപ്പുറങ്ങളോ മറ്റ് മേച്ചിൽപ്പുറങ്ങളോ ഇല്ല. പകരം, സംസ്ഥാനത്തെ കുറച്ച് വ്യത്യസ്ത വൃക്ഷ ഇനങ്ങളും വിളകളും മാത്രമേ തീറ്റയായി ഉപയോഗിക്കുന്നുള്ളൂ. അതായത് കേരളത്തിൽ പ്രത്യേകിച്ച് പച്ചപ്പുല്ല് കൃഷി കുറവാണെങ്കിലും, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പച്ചപ്പ് പച്ചപ്പുല്ലിന്റെ ലഭ്യതയ്ക്ക് ഗണ്യമായ സംഭാവന നൽകുന്നു.

6.2.3. പ്രാദേശിക തീറ്റ ലഭ്യതയുടെ അപര്യാപ്തത

ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്ന് ഗുണനിലവാരമുള്ള പ്രാദേശിക കന്നുകാലി തീറ്റയുടെ അപര്യാപ്തതയാണ്. ഈ കുറവ് ഉൽപാദനക്ഷമതയെയും കന്നുകാലി സംരംഭങ്ങളുടെ സുസ്ഥിരതയെയും ബാധിക്കുന്നു. പ്രാദേശിക കന്നുകാലി തീറ്റയുടെ അപര്യാപ്തതയ്ക്ക് കാരണങ്ങൾ- കാലിത്തീറ്റ കൃഷിക്ക് പരിമിതമായ ഭൂമി ലഭ്യത, വിഘടിച്ച ഭൂമി കൈവശപ്പെടുത്തൽ, ബാഹ്യ തീറ്റ സ്രോതസ്സുകളെ ആശ്രയിക്കൽ, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, കാലാവസ്ഥാ വ്യതിയാനങ്ങൾ, അവബോധത്തിന്റെയും പരിശീലനത്തിന്റെയും അഭാവം, അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ, തുടങ്ങിയവയാണ് കേരളത്തിലെ പ്രാദേശിക കന്നുകാലി തീറ്റയുടെ കുറവ് പരിഹരിക്കുന്നതിന് ഒരു സംയോജിത സമീപനം ആവശ്യമാണ്. തരിശുഭൂമിയിലും ഇടവിള കൃഷി ചെയ്ത ഭൂമിയിലും കാലിത്തീറ്റ കൃഷി പ്രോത്സാഹിപ്പിക്കുക, വിപുലീകരണ സേവനങ്ങൾ മെച്ചപ്പെടുത്തുക, പ്രാദേശിക തീറ്റ ഉൽപാദനം പ്രോത്സാഹിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഉചിതമായ നയ പിന്തുണയും സമൂഹ പങ്കാളിത്തവും ഉപയോഗിച്ച്, കേരളത്തിന് അതിന്റെ കന്നുകാലി മേഖലയുടെ സ്വയംപര്യാപ്തത മെച്ചപ്പെടുത്താൻ കഴിയും.

6.2.4. തൊഴിലാളികളുടെ ലഭ്യത

കേരളത്തിലെ കന്നുകാലി മേഖല സംസ്ഥാനത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയുടെ ഒരു നിർണായക ഘടകമാണ്. ആയിരക്കണക്കിന് ഗ്രാമീണ കുടുംബങ്ങൾക്ക് ഇത് അനുബന്ധ വരുമാനം, തൊഴിൽ, ഭക്ഷ്യസുരക്ഷ എന്നിവ നൽകുന്നു. എന്നിരുന്നാലും, കേരളത്തിലെ കന്നുകാലി വളർത്തലിന്റെ സുസ്ഥിരതയെ ഭീഷണിപ്പെടുത്തുന്ന ഒരു പ്രധാന വെല്ലുവിളി തൊഴിലാളി ക്ഷാമമാണ്. വിവിധ സാമൂഹിക-സാമ്പത്തിക, ജനസംഖ്യാ ഘടകങ്ങൾ ഈ തൊഴിൽ ക്ഷാമത്തെ സ്വാധീനിക്കുന്നു. ചെറുകിട സംരംഭങ്ങളിൽ ഊന്നൽ തന്നെയാണ് തൊഴിലാളികളും ചെയ്യുന്നത്.

6.2.5. കൃഷിയിൽ നിന്ന് മറ്റ് മേഖലകളിലേക്കുള്ള മാറ്റം

കേരളത്തിൽ കൃഷിയിൽ നിന്നും അനുബന്ധ മേഖലകളിൽ നിന്നും സേവന, നിർമ്മാണ മേഖലകളിലേക്ക് വലിയ തോതിൽ തൊഴിൽ മാറ്റം നടന്നുവരുന്നു, ഇവ ഉയർന്ന വേതനവും കുറഞ്ഞ ശാരീരിക സമ്മർദ്ദമുള്ള ജോലിയും വാഗ്ദാനം ചെയ്യുന്നു. വൈറ്റ് കോളർ, ഫാം ഇതര ജോലികളോടുള്ള, പ്രത്യേകിച്ച് യുവതലമുറയിൽ വർദ്ധിച്ചുവരുന്ന മുൻഗണന, കാർഷിക, കന്നുകാലി തൊഴിലാളികളുടെ ലഭ്യതയിൽ കുത്തനെ ഇടിവിന് കാരണമാകുന്നു.

6.2.6. മോശം ജോലി സാഹചര്യങ്ങളും വേതനവും

കന്നുകാലി മേഖലയിലെ ജോലികളിൽ തീറ്റ നൽകൽ, പാൽ കറക്കൽ, വൃത്തിയാക്കൽ തുടങ്ങിയ ബുദ്ധിമുട്ടുള്ളതും 24 മണിക്കൂറും പ്രവർത്തിക്കുന്നതുമായ ജോലികൾ ഉൾപ്പെടുന്നു. കുറഞ്ഞ വേതനം, തൊഴിൽ സുരക്ഷയില്ലായ്മ, പരിമിതമായ സാമൂഹിക ബഹുമാനം എന്നിവയാൽ, ഈ ജോലികൾ പ്രാദേശിക തൊഴിലാളികൾക്ക് ആകർഷകമല്ല. മികച്ച ജോലി തേടി വിദേശങ്ങളിലേക്ക് പോകുന്നതും കുടിയേറ്റ തൊഴിലാളികളെ ആശ്രയിച്ച് മൃഗപരിപാലനം നടത്തേണ്ടി വരുന്നതും ദോഷകരമായി ബാധിക്കുന്നു.

6.2.7. കന്നുകാലി വളർത്തലിന്റെ കുറഞ്ഞ ലാഭക്ഷമത

തീറ്റയുടെ ഉയർന്ന വില, വെറ്ററിനറി സേവനങ്ങൾ, സമയത്ത് ലഭ്യമാകാത്തത്, പരിമിതമായ വിപണി, ഉല്പന്നങ്ങൾ എളുപ്പം കേടാവുന്നത് എന്നിവ കാരണം, ചെറുകിട കന്നുകാലി വളർത്തൽ പലപ്പോഴും കുറഞ്ഞ വരുമാനം നൽകുന്നു. ഇത് കർഷകരെയും തൊഴിലാളികളെയും ഈ മേഖലയിൽ സമയവും അദ്ധ്വാനവും നിക്ഷേപിക്കുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തുന്നു.

6.2.8. വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം

കന്നുകാലി വളർത്തലിന് മൃഗങ്ങളെ കൈകാര്യം ചെയ്യൽ, രോഗം തിരിച്ചറിയൽ, പാൽ കറക്കുന്ന സാങ്കേതിക പരിജ്ഞാനം, തീറ്റ പരിപാലനം തുടങ്ങിയ പ്രത്യേക കഴിവുകൾ ആവശ്യമാണ്. ഈ മേഖലകളിൽ പരിശീലനം ലഭിച്ച തൊഴിലാളികളുടെ കുറവുണ്ട്. മറ്റ് മേഖലകളിൽ ലഭ്യമാണെങ്കിലും, കുടിയേറ്റ തൊഴിലാളികൾക്ക് പോലും കന്നുകാലികളുമായി ബന്ധപ്പെട്ട ജോലികൾക്ക് ആവശ്യമായ പരിജ്ഞാനം പലപ്പോഴും ഇല്ല.

6.2.9. നഗരവൽക്കരണവും ഭൂവിനിയോഗ മാറ്റവും

ദ്രുതഗതിയിലുള്ള നഗരവൽക്കരണവും ഭൂവിനിയോഗ രീതികളിലെ മാറ്റങ്ങളും ഗ്രാമീണ ഉപജീവനമാർഗ്ഗങ്ങളെ മാറ്റിമറിച്ചു. സ്ഥലക്കുറവ്, കുറഞ്ഞ സമൂഹ പിന്തുണ, കന്നുകാലി വളർത്തലിന് അനുയോജ്യമായ അന്തരീക്ഷത്തിന്റെ അഭാവം എന്നിവ കാരണം കന്നുകാലി വളർത്തൽ പോലുള്ള പരമ്പരാഗത തൊഴിലുകൾ ക്രമേണ അപ്രത്യക്ഷമാകുന്നു.

6.3. മൂല്യവർദ്ധിത മൃഗോൽപ്പന്ന വിപണനം: പരിമിതികൾ

കേരളത്തിൽ, മൂല്യവർദ്ധനവിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളരുന്നുണ്ടെങ്കിലും, നിരവധി വെല്ലുവിളികൾ നിലനിൽക്കുന്നുണ്ട്, സ്ഥിരമായ വിപണി ബന്ധങ്ങൾ സ്ഥാപിക്കാൻ ഇത് വലിയൊരു തടസവുമാണ്. സംസ്ഥാനത്തിന് അതിന്റെ മൃഗോൽപ്പന്ന വിഭവങ്ങൾ മുതലെടുക്കാൻ സഹായിക്കുന്ന ഫലപ്രദമായ പരിഹാരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ പ്രശ്നങ്ങൾ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

6.3.1. അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളും കോൾഡ് ചെയിൻ സൗകര്യങ്ങളും

മൂല്യവർദ്ധനയിലെ പ്രാഥമിക തടസ്സങ്ങളിലൊന്ന് ആധുനിക സംസ്കരണ യൂണിറ്റുകൾ, കോൾഡ് സ്റ്റോറേജ്, ഗതാഗത സൗകര്യങ്ങൾ, പാക്കേജിംഗ് സംവിധാനങ്ങൾ എന്നിവയുടെ അഭാവമാണ്. പാൽ, മാംസം പോലുള്ള പെട്ടെന്ന് നശിച്ച് പോകുന്ന ഉൽപ്പന്നങ്ങൾക്ക് കൃത്യമായ താപനില നിയന്ത്രണം ആവശ്യമാണ്, ഇത് പലപ്പോഴും ഗ്രാമപ്രദേശങ്ങളിൽ കാണുന്നില്ല. തൽഫലമായി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വലിയൊരു ഭാഗം നഷ്ടപ്പെടുകയോ കുറഞ്ഞ വരുമാനമുള്ള അസംസ്കൃത വസ്തുക്കളായി വിൽക്കേണ്ടി വരികയോ ചെയ്യപ്പെടുന്നു.

6.3.2. അവബോധത്തിന്റെയും സാങ്കേതിക പരിജ്ഞാനത്തിന്റെയും അഭാവം

കേരളത്തിലെ മിക്ക മൃഗസംരക്ഷകരും ചെറുകിട അല്ലെങ്കിൽ നാമമാത്രമായവരാണ്, കൂടാതെ സംസ്കരണത്തിന്റെ ശാസ്ത്രീയ രീതികൾ, ശുചിത്വ മാനദണ്ഡങ്ങൾ, ബ്രാൻഡിംഗ്, പാക്കേജിംഗ് എന്നിവയിൽ പലപ്പോഴും പരിശീലനം ഇല്ലാത്തവരുമാണ്. വിപണി പ്രവണതകളെയും ഉപഭോക്തൃ ആവശ്യങ്ങളെയും കുറിച്ചുള്ള അവബോധത്തിന്റെ അഭാവം അസംസ്കൃത ഉൽപ്പന്നങ്ങളെ ഉയർന്ന മൂല്യമുള്ള വസ്തുക്കളാക്കി മാറ്റാനുള്ള അവരുടെ കഴിവിനെ പരിമിതപ്പെടുത്തുന്നു.

6.3.3. പരിമിതമായ വായ്പാ, നിക്ഷേപ ലഭ്യത

മൂല്യവർദ്ധനവിന് ഉപകരണങ്ങൾ, സൗകര്യങ്ങൾ, ഗുണനിലവാരം ഉറപ്പാക്കൽ സംവിധാനങ്ങൾ എന്നിവയിൽ ഗണ്യമായ നിക്ഷേപം ആവശ്യമാണ്. പല കർഷകരും ചെറുകിട സംരംഭങ്ങളും സ്ഥാപനപരമായ വായ്പ, സബ്സിഡികൾ, നിക്ഷേപക പിന്തുണ എന്നിവ ലഭിക്കുന്നതിന് കാലതാമസം നേരിടുകയോ, ആവ്യശ്യമായിട്ടുള്ള തുക ലഭിക്കാതിരിക്കുകയോ ചെയ്യുന്നു ഇത് മൂല്യവർദ്ധിത കന്നുകാലി സംരംഭങ്ങളുടെ വളർച്ചയെ മോശമായി ബാധിക്കുന്നു.

6.3.4. നിയന്ത്രണ, ലൈസൻസിംഗ് തടസ്സങ്ങൾ

ലൈസൻസുകൾ നേടുന്നതിനും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനും പരിസ്ഥിതി നിയന്ത്രണങ്ങൾ പാലിക്കുന്നതിനുമുള്ള സങ്കീർണ്ണവും സമയമെടുക്കുന്നതുമായ പ്രക്രിയ ചെറുകിട സംരംഭകരെ മൂല്യവർദ്ധിത മൃഗോൽപ്പന്ന മേഖലയിലേക്ക് കടക്കുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തുന്നു. ഭക്ഷ്യസുരക്ഷയ്ക്ക് ഈ നിയന്ത്രണങ്ങൾ പ്രധാനമാണെങ്കിലും, ശരിയായ പിന്തുണയില്ലാതെ ചെയ്യാൻ പലപ്പോഴും ബുദ്ധിമുട്ടാണ്.

6.3.5. മാർക്കറ്റിംഗ്, ബ്രാൻഡിംഗ് വെല്ലുവിളികൾ

കേരളത്തിലെ മൃഗോൽപ്പന്ന മേഖലയിൽ ശക്തമായ മാർക്കറ്റിംഗ് ചാനലുകളുടെയും ബ്രാൻഡിംഗ് സംരംഭങ്ങളുടെയും അഭാവമുണ്ട്. മിക്ക കർഷകരും തങ്ങളുടെ ഉൽപ്പന്നങ്ങൾ അസംഘടിത പ്രാദേശിക വിപണികളിൽ വിൽക്കുന്നു, കുറഞ്ഞ ലാഭം നേടുന്നു. സഹകരണ തലത്തിലുള്ള ബ്രാൻഡിംഗ്, കയറ്റുമതി ബന്ധം, മൂല്യ ശൃംഖല സംയോജനം എന്നിവയുടെ അഭാവം അവരുടെ വിലപേശലിനെ ദുർബലപ്പെടുത്തുന്നു.

6.3.6. വിഘടിച്ച ഉൽപാദനവും കുറഞ്ഞ അളവും

കേരളത്തിന്റെ മൃഗപരിപാലന മേഖലയുടെ സവിശേഷത വിഘടിച്ചതും ചെറുകിട ഉൽപാദനവുമാണ്, ഇത് സ്ഥിരമായ സംസ്കരണത്തിനും വലിയ തോതിലുള്ള മൂല്യവർദ്ധനവിനും ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ഏകീകൃത ഗുണനിലവാരവും അളവും ഉറപ്പാക്കുന്നത് ബുദ്ധിമുട്ടാക്കുന്നു. ഇത് ബിസിനസ് പ്രവർത്തനങ്ങളെയും വിതരണ ശൃംഖലയെയും, കാര്യക്ഷമതയെയും പരിമിതപ്പെടുത്തുന്നു.

6.3.7. പ്രാദേശിക സംസ്കരിച്ച ഉൽപ്പന്നങ്ങളിൽ പരിമിതമായ ഉപഭോക്തൃ വിശ്വാസം

പ്രാദേശികമായി സംസ്കരിച്ച മൃഗജന്യ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം, ശുചിത്വം, സ്ഥിരത എന്നിവയെക്കുറിച്ചുള്ള ആശങ്കകൾ കാരണം ഉപഭോക്താക്കൾ പലപ്പോഴും ബ്രാൻഡഡ് ദേശീയ അല്ലെങ്കിൽ അന്തർദേശീയ ഉൽപ്പന്നങ്ങളാണ് ഇഷ്ടപ്പെടുന്നത്. ഈ വിശ്വാസക്കുറവ് പ്രാദേശികമായി മൂല്യവർദ്ധിത മാംസം, പാൽ, മുട്ട ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനത്തെ പ്രതികൂലമായി ബാധിക്കുന്നു.

കേരളത്തിന്റെ മൃഗസംരക്ഷണ മേഖലയിൽ മൂല്യവർദ്ധനവിന് സാധ്യത വർദ്ധിച്ചുവരുന്നുണ്ടെങ്കിലും, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് മുതൽ നയപരമായ തടസ്സങ്ങൾ വരെയുള്ള ഒന്നിലധികം വെല്ലുവിളികൾ പുരോഗതിയെ തടസ്സപ്പെടുത്തുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, ശേഷി വർദ്ധിപ്പിക്കൽ, നയ പരിഷ്കാരങ്ങൾ, വിപണി പിന്തുണ എന്നിവയിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംസ്ഥാനത്ത് കൂടുതൽ സ്ഥിരതയുള്ളതും ലാഭകരവുമായ ഒരു മൃഗോൽപ്പന്നങ്ങളിൽ അധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കാൻ സഹായിക്കും. മൃഗോൽപ്പന്ന മൂല്യവർദ്ധനവിൽ കേരളത്തെ ഒന്നാമതെത്തിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗം, പരിശീലനം, സഹകരണ സ്ഥാപനങ്ങൾ, ബ്രാൻഡിംഗ് സംരംഭങ്ങൾ എന്നിവയിലെ തന്ത്രപരമായ നിക്ഷേപം നിർണായകമാണ്.

6.4. മുട്ട, മാംസം എന്നിവയുടെ ഉല്പാദന പിന്നോക്കാവസ്ഥ

മൃഗപരിപാലന മേഖലയിൽ മുട്ടയുടെയും മാംസത്തിന്റെയും ഉത്പാദനം നിർണായക ഘടകങ്ങളാണ്, ഇത് ഭക്ഷ്യസുരക്ഷ, ഗ്രാമീണ വരുമാനം, പോഷകാഹാരം എന്നിവയിൽ ഗണ്യമായ സംഭാവന നൽകുന്നു. എന്നിരുന്നാലും, കേരളത്തിൽ, മുട്ടയുടെയും മാംസത്തിന്റെയും ആഭ്യന്തര ഉത്പാദനം വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ ആഭ്യന്തര ഉല്പാദനം പര്യാപ്തമല്ല, ഇത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതിയെ വളരെയധികം ആശ്രയിക്കുന്നതിലേക്ക് നയിക്കുന്നു. ഉയർന്ന ഉപഭോഗ നിരക്കുകൾ ഉണ്ടായിരുന്നിട്ടും, നിരവധി സാമൂഹിക-സാമ്പത്തിക, പാരിസ്ഥിതിക, അടിസ്ഥാന സൗകര്യ ഘടകങ്ങൾ പ്രാദേശിക ഉൽപാദനത്തെ തടസ്സപ്പെടുത്തുന്നുണ്ട്.

6.4.1. ഭൂമിയുടെയും സ്ഥലത്തിന്റെയും പരിമിതമായ ലഭ്യത

കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും കാരണം വലിയ തോതിലുള്ള കോഴി വളർത്തലിനും കന്നുകാലി വളർത്തലിനും ഭൂമി ലഭ്യമല്ല. വിശാലമായ ഗ്രാമപ്രദേശങ്ങളുള്ള സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിലെ കർഷകർക്ക് പലപ്പോഴും ചെറുതും വിഘടിച്ചതുമായ ഭൂമിയാണ് കൈവശമുള്ളത്, ഇത് ഉൽപാദന യൂണിറ്റുകളുടെ വികാസത്തെ നിയന്ത്രിക്കുന്നു.

6.4.2. തീറ്റയുടെയും ഇൻപുട്ടുകളുടെയും ഉയർന്ന ചെലവ്

മുട്ടയുടെയും മാംസത്തിന്റെയും ഉൽപാദനത്തിന്റെ ചെലവിന്റെ 60-70% തീറ്റയാണ്. കന്നുകാലിത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും കേരളം മറ്റ് സംസ്ഥാനങ്ങളെ വളരെയധികം ആശ്രയിക്കുന്നു. പ്രാദേശിക തീറ്റ ഉൽപാദനത്തിന്റെ അഭാവം കർഷകരുടെ മേൽ സാമ്പത്തിക ഭാരം വർദ്ധിപ്പിക്കുന്നു.

6.4.3. വാണിജ്യ സംരംഭങ്ങളുടെ കുറഞ്ഞ തോത്

സംസ്ഥാനത്ത് ധാരാളം ചെറുകിട, നാമമാത്ര കർഷകരുണ്ട്, എന്നാൽ വാണിജ്യാടിസ്ഥാനത്തിലുള്ള കോഴി, കന്നുകാലി വളർത്തൽ പരിമിതമാണ്. പരമ്പരാഗത അടുക്കള മുറ്റത്തെ കൃഷി സാധാരണമാണെങ്കിലും, വിപണി ആവശ്യങ്ങൾ നിറവേറ്റാൻ ആവശ്യമായ അളവ് ഉൽപാദിപ്പിക്കുന്നില്ല. വൻതോതിലുള്ള ഉൽപാദനത്തിന് ആവശ്യമായ സംയോജനവും വാണിജ്യവൽക്കരണവും ഈ മേഖലയിൽ ഇല്ല.

6.4.4. ഉയർന്ന രോഗബാധയും ജൈവസുരക്ഷാ പ്രശ്നങ്ങളും

പക്ഷിപ്പനി, കുളമ്പുരോഗം തുടങ്ങിയ രോഗങ്ങൾ പതിവായി പൊട്ടിപ്പുറപ്പെടുന്നത് കന്നുകാലികളുടെയും പക്ഷികളുടെയും ആരോഗ്യത്തെയും ഉൽപാദനത്തെയും സാരമായി ബാധിക്കുന്നു. ജൈവസുരക്ഷയിലും രോഗ പ്രതിരോധത്തിലും പല ചെറുകിട കർഷകർക്കും ശരിയായ പരിശീലനം ഇല്ല, ഇത് ആവർത്തിച്ചുള്ള നഷ്ടങ്ങൾക്കും ഉല്പാദനം വികസിപ്പിക്കാനുള്ള വിമുഖതയ്ക്കും കാരണമാകുന്നു. അശാസ്ത്രീയമായ ചികിത്സകളും സമൂഹ മാധ്യമങ്ങൾ വഴി പ്രചരിക്കുന്ന തെറ്റായ പ്രവണതകളും യഥാർത്ഥ കർഷകർക്ക് ദോഷം ചെയ്യുന്നുണ്ട്.

6.4.5. മേഖലയിലെ തൊഴിലാളി ക്ഷാമം

നൈപുണ്യമുള്ള തൊഴിലാളികളുടെ ക്ഷാമം മുട്ട, മാംസം ഉൽപ്പാദനത്തെ നേരിട്ട് ബാധിക്കുന്നു.

6.4.6. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും വിപണി പിന്തുണയും

കശാപ്പ് സൗകര്യങ്ങൾ, കാര്യക്ഷമമായ വിതരണ ശൃംഖലകൾ, കോൾഡ് ചെയിൻ സംവിധാനങ്ങളുടെ അഭാവം എന്നിവ മാംസത്തിന്റെ ഗുണനിലവാരത്തെയും വിൽപ്പനയെയും ബാധിക്കുന്നു. മോശം അടിസ്ഥാന സൗകര്യങ്ങൾ, ശാസ്ത്രീയ പരിചരണത്തിനെകുറിച്ചു അറിവില്ലായ്മ, മെച്ചപ്പെട്ട പിന്തുണാ സേവനങ്ങളുടെ ലഭ്യതകുറവ് എന്നിവയും ഉത്പാദനത്തെ ബാധിക്കുന്ന കാര്യങ്ങളാണ്. ശരിയായ വിപണന മാർഗങ്ങളില്ലാതെ, നല്ല വില നേടാനും ഉത്പാദനം നിലനിർത്താനും കർഷകർക്ക് ബുദ്ധിമുട്ടാണ്.

6.4.7. പരിസ്ഥിതി നിയന്ത്രണങ്ങൾ

കർശനമായ പാരിസ്ഥിതിക നിയന്ത്രണങ്ങളും പ്രാദേശിക എതിർപ്പും പലപ്പോഴും വൻകിട കോഴി, കന്നുകാലി ഫാമുകൾ സ്ഥാപിക്കുന്നത് വൈകിപ്പിക്കുകയോ തടയുകയോ ചെയ്യുന്നു. മാലിന്യ സംസ്കരണം, മലിനീകരണം, ഭൂവിനിയോഗം എന്നിവയെക്കുറിച്ചുള്ള ആശങ്കകൾ, പ്രത്യേകിച്ച് അർദ്ധനഗര പ്രദേശങ്ങളിൽ ഫാം നടത്തിപ്പിനെ തടസ്സപ്പെടുത്തുന്നു.

6.4.8. വിതരണത്തിനായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കൽ

ഈ വെല്ലുവിളികൾ കാരണം, കേരളത്തിന്റെ മാംസത്തിന്റെയും മുട്ടയുടെയും ആവശ്യകതയുടെ ഭൂരിഭാഗവും തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. പുറത്തുനിന്നുള്ള വലിയ ഉൽപാദകരുമായുള്ള വിപണി മത്സരം ബുദ്ധിമുട്ടാകുന്നതിനാൽ ഈ ആശ്രയത്വം പ്രാദേശിക നിക്ഷേപത്തെ നിരുത്സാഹപ്പെടുത്തുന്നു.

കേരളത്തിൽ മുട്ടയുടെയും മാംസത്തിന്റെയും ഉത്പാദനം കുറയുന്നത് ഘടനാപരവും സാമ്പത്തികവും നയപരവുമായ വെല്ലുവിളികളുടെ ഫലമാണ്. ഇവയെ അഭിസംബോധന ചെയ്യുന്നതിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, രോഗ നിയന്ത്രണം, പരിശീലന പരിപാടികൾ, സാമ്പത്തിക സഹായം വിപണനസംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന ബഹുമുഖ തന്ത്രം ആവശ്യമാണ്. സംയോജിത കൃഷി മാതൃകകളും കർഷക സഹകരണ സംഘങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രാദേശിക ഉൽപാദനം വർദ്ധിപ്പിക്കാനും ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാനും കഴിയും.

6.4.9. നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗ കുറവ്

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, **IoT (Internet Of Things)** അടിസ്ഥാനമാക്കിയുള്ള കന്നുകാലി നിരീക്ഷണം, കൃത്യതയാർന്ന ഭക്ഷണം (കമ്പ്യൂട്ടറൈസ്ഡ് ഫീഡ് കംപ്യൂട്ടേഷൻ), ഓട്ടോമേറ്റഡ് പാൽ കറക്കൽ സംവിധാനങ്ങൾ തുടങ്ങിയ നൂതന സാങ്കേതികവിദ്യകളുടെ സംയോജനം ആഗോളതലത്തിൽ കന്നുകാലി മേഖലയിൽ വിപ്ലവം സൃഷ്ടിച്ചു. ഈ കണ്ടുപിടുത്തങ്ങൾ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നു, മൃഗങ്ങളുടെ ആരോഗ്യം ഉറപ്പാക്കുന്നു, ചെലവ് കുറയ്ക്കുന്നു.

എന്നിരുന്നാലും, സംസ്ഥാനത്തെ വിദ്യാസമ്പന്നരായ ജനസംഖ്യയും പുരോഗമന കർഷക സമൂഹവും ഉണ്ടായിരുന്നിട്ടും, കന്നുകാലി മേഖലയിൽ അത്തരം സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നത് ഗണ്യമായി കുറവാണ്. വിവിധ സാമൂഹിക-സാമ്പത്തിക, അടിസ്ഥാന സൗകര്യ തടസ്സങ്ങൾ ഈ പുരോഗതിയെ തടസ്സപ്പെടുത്തുന്നു. സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിനുള്ള ഉയർന്ന ചെലവും സാങ്കേതിക പരിജ്ഞാനത്തിന്റേയും അഭാവം കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്.

6.4.10. അപര്യാപ്തമായ വിപുലീകരണ സേവനങ്ങൾ

സാങ്കേതികവിദ്യാ കൈമാറ്റത്തിൽ വെറ്ററിനറി, കാർഷിക വിപുലീകരണ സേവനങ്ങളുടെ പങ്ക് നിർണായകമാണ്. എന്നിരുന്നാലും, കേരളത്തിൽ, വിപുലീകരണ സംവിധാനങ്ങൾ പലപ്പോഴും ജീവനക്കാരുടെ കുറവോ വിഭവശേഷി കുറവോ കാരണം വേണ്ടത്ര ഫലപ്രദമല്ല. ഗവേഷണ സ്ഥാപനങ്ങളും കർഷകരും തമ്മിലുള്ള വിടവ് നികത്തുന്നതിൽ ഇത് പരാജയപ്പെടുന്നു. ഇത് നൂതനാശയങ്ങളുടെ വ്യാപനവും പ്രയോഗവും മന്ദഗതിയിലാക്കുന്നു.

കുറഞ്ഞ അടിസ്ഥാനസൗകര്യങ്ങളും, മാറ്റത്തിനോടുള്ള വിമുഖതയും, പരമ്പരാഗത മനോഭാവവും പുതിയ രീതികൾ പ്രയോഗിക്കുന്നതിൽ നിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു.

6.4.11. സാങ്കേതിക ദത്തെടുക്കലിനുള്ള നയ പ്രോത്സാഹനങ്ങളുടെ അഭാവം:

മൃഗസംരക്ഷണ മേഖലയുടെ വികസനത്തിന് കേരളത്തിന് നയങ്ങളുണ്ടെങ്കിലും, സാങ്കേതിക നവീകരണം പ്രോത്സാഹിപ്പിക്കുന്നതിന് വലിയ ഊന്നൽ നൽകുന്നില്ല. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ, സബ്സിഡികൾ, ഉയർന്നുവരുന്ന സാങ്കേതികവിദ്യയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പൈലറ്റ് പദ്ധതികൾ എന്നിവയില്ലാതെ, പുതിയ രീതികൾ സ്വീകരിക്കാൻ കർഷകർ മടിക്കുന്നു.

6.5. മൃഗസംരക്ഷണം, ക്ഷീര വികസനം: ഉത്പാദന മേഖലയിലെ പരിഹാരങ്ങളും സാദ്ധ്യതകളും

ജനസംഖ്യാ മാറ്റങ്ങൾ, സാമൂഹിക ധാരണകൾ, സാമ്പത്തിക യാഥാർത്ഥ്യങ്ങൾ എന്നിവയിൽ വേരൂന്നിയ സങ്കീർണ്ണമായ ഒരു പ്രശ്നമാണ് കേരളത്തിലെ കന്നുകാലി മേഖലയിലെ തൊഴിലാളി ക്ഷാമം. ഇത് മറികടക്കാൻ, കന്നുകാലി പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുക, ജോലി സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, യുവ സംരംഭകർക്ക് പ്രോത്സാഹനങ്ങൾ നൽകുക, കുടിയേറ്റ തൊഴിലാളികൾക്കായി നൈപുണ്യ വികസന പരിപാടികൾ സംയോജിപ്പിക്കുക എന്നിവയിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കണം. സമഗ്രവും നയാധിഷ്ഠിതവുമായ ഒരു സമീപനത്തിന് മാത്രമേ കന്നുകാലി മേഖലയെ പുനരുജ്ജീവിപ്പിക്കാനും അതിന്റെ തൊഴിൽ പ്രതിസന്ധി പരിഹരിക്കാനും കഴിയൂ.

6.5.1. മൂല്യ വർദ്ധിത ഉത്പന്നങ്ങൾ

കേരളത്തിന്റെ സമ്പദ്വ്യവസ്ഥയിൽ കന്നുകാലി മേഖല ഒരു പ്രധാന സംഭാവന നൽകുന്നു, സമീപ വർഷങ്ങളിൽ, വരുമാനം വർദ്ധിപ്പിക്കുന്നതിനും മാലിന്യം കുറയ്ക്കുന്ന

തിനും മേഖലയുടെ മൊത്തത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധന സഹായിക്കുന്നു. സംസ്കരണം, പാക്കേജിംഗ്, ബ്രാൻഡിംഗ്, നവീകരണം എന്നിവയിലൂടെ അസംസ്കൃത മൂഗ ഉൽപ്പന്നങ്ങളെ കൂടുതൽ മൂല്യവത്തായതും ആകർഷകവുമായി വിപണനം ചെയ്യാവുന്നതിന് സാധ്യമാക്കുന്നു.

6.5.2. ക്ഷീര ഉൽപന്നങ്ങൾ

മിൽമ പോലുള്ള പൊതുമേഖല-സഹകരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സഹകരണ സംഘങ്ങളുടെ പിന്തുണയോടെ കേരളത്തിലെ ക്ഷീര ഉല്പാദനമേഖലയ്ക്ക് ശക്തമായ ഒരു അടിത്തറയുണ്ട്. ഈ മേഖലയിലെ മൂല്യവർദ്ധനവിൽ പാസ്ചറൈസ് ചെയ്ത പാൽ, തൈര്, നെയ്യ്, ഫ്ളേവേഡ് മിൽക്ക്, പനീർ, ഐസ്ക്രീമുകൾ, പാൽപ്പൊടികൾ എന്നിവ ഏതാനും ഉദാഹരണങ്ങൾ മാത്രം. ഈ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വിപണി വില ലഭിക്കുകയും ഷെൽഫ്-ലൈഫ് മെച്ചപ്പെടുത്തുകയും ചെയ്യുന്നു. പാൽ സംഭരണം കാര്യക്ഷമമാക്കുന്നതിലും മൂല്യവർദ്ധിത പാലുൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും മിൽമ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്

6.5.3. മാംസ സംസ്കരണവും പാക്കേജിംഗും

നഗര വിപണികളിൽ മൂല്യവർധിത മാംസ ഉൽപ്പന്നങ്ങളായ ഫ്രോസൺ ചിക്കൻ, സോസേജുകൾ, നഗ്ഗറ്റുകൾ, കബാബുകൾ, വാക്വം-പാക്ക്ഡ് കട്ടുകൾ റെഡി ടു കുക്ക് ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് പ്രചാരം വർദ്ധിച്ചുവരികയാണ്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എംപിഐ) പോലുള്ള സ്ഥാപനങ്ങളും സ്വകാര്യ സംരംഭങ്ങളും ശുചിത്വമുള്ള മാംസ സംസ്കരണം, ബ്രാൻഡിംഗ്, കയറ്റുമതി അധിഷ്ഠിത പാക്കേജിംഗ് എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. ഇത് ഉൽപാദകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിനൊപ്പം ഉപഭോക്താക്കൾക്ക് ഗുണനിലവാരവും സുരക്ഷയും വാഗ്ദാനം ചെയ്യുന്നു.

6.5.4. മുട്ടയും കോഴിയിറച്ചിയും

മുട്ട അച്ചാറുകൾ, മുട്ടപ്പൊടി, മുട്ട അടിസ്ഥാനമാക്കിയുള്ള ലഘുഭക്ഷണങ്ങൾ, ഫോർട്ടിഫൈഡ് മുട്ടകൾ തുടങ്ങിയ മൂല്യവർധിത മുട്ട ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുവരുന്നു. ഇവ വിപണി സാധ്യത വർദ്ധിപ്പിക്കുക മാത്രമല്ല, പോഷകക്കുറവ് പരിഹരിക്കാനും സഹായിക്കുന്നു.

6.5.5. തുകൽ, ഉപോൽപന്നങ്ങൾ

വികസിതമല്ലെങ്കിലും, തുകൽ, ജൈവ വളങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയ്ക്കായി തോലുകൾ, തൊലികൾ, എല്ലുകൾ, കൊമ്പുകൾ എന്നിവ ഉപയോഗിക്കുന്നതിലൂടെ മൂല്യവർദ്ധനവിന് സാധ്യതയുണ്ട്. മാലിന്യ സംസ്കരണത്തിന്റെ ശാസ്ത്രീയ രീതികൾ പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനൊപ്പം സംരംഭക അവസരങ്ങൾ സൃഷ്ടിക്കാനും വരുമാന വർധനവിനും സഹായിക്കുന്നു.

6.5.6. ജൈവ വളവും ജൈവ ഉൽപന്നങ്ങളും

ചാണകം, മൂത്രം, ആടിൻകാഷ്ഠം, കോഴിവളം എന്നിവ ജൈവ വളമായും ജൈവ

കീടനാശിനികളായും ബയോഗ്യാസായും സംസ്കരിച്ച് ഉപയോഗിക്കുന്നതിലൂടെ വരുമാന വർദ്ധനവിനും സംഭാവന നൽകുന്നു. കർഷകരും സ്വയം സഹായ ഗ്രൂപ്പുകളും ബ്രാൻഡഡ് ജൈവ ഉൽപ്പന്നങ്ങളുടെ വാണിജ്യ ഉൽപാദനം ആരംഭിച്ചു, ഇത് സുസ്ഥിര കൃഷിക്കും വരുമാന വർദ്ധനവിനും സംഭാവന നൽകുന്നു (കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് റിപ്പോർട്ട്, 2022). ഇത് കൂടുതൽ വ്യാപകമാകേണ്ടതുണ്ട്.

6.5.7. ആട്, മുയൽ വളർത്തൽ ഉൽപന്നങ്ങൾ

സംസ്കരിച്ചതും പാക്കേജു ചെയ്തതുമായ ആട്, മുയൽ എന്നിവയുടെ മാംസം, തൊലി ഉൽപന്നങ്ങൾ എന്നിവ കേരളത്തിലെ വളർന്നുവരുന്ന കന്നുകാലി മൂല്യ ശൃംഖലയിലെ ഒരു പ്രധാന വിഭാഗമാണ്. നന്നായി ബ്രാൻഡ് ചെയ്താൽ, ഉയർന്ന വരുമാനമുള്ള വിപണികളിൽ ഈ ഉൽപ്പന്നങ്ങൾക്ക് സാധ്യതയുണ്ട്.

6.5.8. മറ്റ് ഇടപെടൽ സാധ്യതകൾ

- » ക്ഷീര, മൃഗസംരക്ഷണ മേഖലകളുടെ സമഗ്ര വികസനത്തിന് ആധുനികവൽക്കരണത്തിലൂടെയും, യന്ത്രവൽക്കരണത്തിലൂടെയും, കർഷകർക്ക് മാന്യമായും, സംതൃപ്തിയോടെയും പ്രവർത്തിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കാവുന്നതാണ്.
- » ക്ഷീരമേഖലയുടെ ത്വരിതഗതിയിലുള്ള വികസനത്തിന് ഉയർന്ന ജനിതക ശേഷിയുള്ള കന്നുകാലികളേയും, നല്ല ഗുണനിലവാരമുള്ള കാലിത്തീറ്റയും, യന്ത്രവൽക്കരണവും ക്ഷീരകർഷകർക്ക് ലഭ്യമാക്കണം.
- » കേരളത്തിലെ ആപ്കോസ് ശൃംഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കാൻ കൂടുതൽ ലാഭവിഹിതം ഉറപ്പാക്കാം.
- » കാലിത്തീറ്റ വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന തീറ്റപ്പുൽ കൃഷിയുടെ പദ്ധതിയുടെ ശാസ്ത്രീയ പിന്തുണ ഉറപ്പാക്കാവുന്നതാണ്.
- » സഹകരണ സംഘങ്ങൾ മുഖേനയും തീറ്റപുൽ കൃഷിയെ എം.ജി.എൻ.ആർ.ഇ.ജി. എസ് മായി ബന്ധിപ്പിച്ചും ഉറപ്പായ വിപണിയുള്ള വാണിജ്യ കാലിത്തീറ്റ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- » കുടുംബശ്രീ വഴിയോ സ്വയം സഹായ സംഘങ്ങൾ വഴിയോ സംരംഭകർ മുഖേനയോ തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കണം.
- » പാരിസ്ഥിതിക സുസ്ഥിരത നിലനിർത്തിക്കൊണ്ടുതന്നെ ഉയർന്ന പ്രോട്ടീൻ ഭക്ഷണത്തിന്റെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള തന്ത്രപരമായ നയങ്ങൾ കൈകൊള്ളാവുന്നതാണ്.
- » മൃഗസംരക്ഷണ മേഖലയിലെ നിലവിലെ സ്ഥാപന സജ്ജീകരണം പുനഃക്രമീകരിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും, സ്ഥാപന തലത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, മൃഗപരിപാലന മേഖലയുടെ വികസനത്തിൽ ഉയർന്നുവരുന്ന വെല്ലുവിളികൾ കൈകാര്യം ചെയ്യുന്നതിനുള്ള പുതിയ സ്ഥാപന മാതൃകകൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നയങ്ങൾ കൈകൊള്ളാവുന്നതാണ്.

- » മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിക്കാവുന്നതാണ്.
- » മൃഗ പരിപാലനം, മൃഗജന്യ രോഗങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട പൊതു ആരോഗ്യ പ്രശ്നങ്ങളിൽ വൺ ഹെൽത്ത് (ഏകാരോഗ്യം) സമീപനം അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.
- » മൃഗ ചികിത്സാ രംഗത്തെ സേവന ഗുണനിലവാരവും സേവന ലഭ്യതയും ഒമെച്ചപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.
- » പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടിയെടുക്കാനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക.
- » മുഖ്യതൊഴിലായോ ഉപതൊഴിലായോ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- » പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്ന പ്രോജക്ടുകൾ വിഭാവനം ചെയ്യാവുന്നതാണ്..
- » മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽ മഹാത്മാഗന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയുമായി സംയോജനത്തിനു ശ്രമിക്കേണ്ടതാണ്.
- » പശുക്കൾ, എരുമകൾ എന്നിവയെ വളർത്തുന്ന ചെറുകിട-ഇടത്തരം ഡയറി യൂണിറ്റുകൾക്ക് ആവശ്യമായ വൃത്തിയുള്ള തൊഴുത്ത്, മലിനജലം, ഫാം വേസ്റ്റ് എന്നിവയുടെ സംസ്കരണ സംവിധാനം ഏർപ്പെടുത്തി ഇവയെ ആരോഗ്യകരമായി നിലനിർത്തുന്നതിനുള്ള പദ്ധതികൾ സ്വീകരിക്കാവുന്നതാണ്.
- » പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് എൻജിനീയറിങ് വിഭാഗത്തിലും വെറ്ററിനറി സ്ഥാപനത്തിലും മാതൃക ഡിസൈൻ തയ്യാറാക്കി നൽകാവുന്നതാണ്. വിവിധ ഏജൻസികൾ (ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, മിൽമ, കന്നുകാലി വികസന ബോർഡ്, വെറ്ററിനറി സർവകലാശാല) എന്നിവ കാലാകാലങ്ങളിൽ രൂപം കൊടുക്കുന്ന പദ്ധതികൾക്ക് അനുരൂപമായ തൊഴുത്ത് നിർമാണ ധനസഹായം നൽകേണ്ടതാണ്. പദ്ധതി നിർവഹണത്തിൽ ലക്ഷ്യം വൃത്തിയുള്ള തൊഴുത്തിൽ മാത്രം കന്നുകാലികളെ വളർത്തണം എന്നതായിരിക്കണം. വൃത്തി ഒരു ശീലമാക്കുന്നതിനുള്ള പരിശീലനങ്ങളും, ഡിസ്പ്ലേ ബോർഡുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ കഴിയും.അത്യുൽപാദന ശേഷിയുള്ള കിടാവുകൾ, കറവപ്പശുക്കൾ, നാടൻ ജനുസ്സുകൾ എന്നിവയെ ലഭ്യമാക്കുന്നതിന് സാങ്കേതിക കമ്മിറ്റികളും പർച്ചേസ് കമ്മിറ്റികളും രൂപീകരിക്കേണ്ടതാണ്.
- » നിലവിലുള്ള ആട് വളർത്തു യൂണിറ്റുകൾക്ക് വൃത്തിയുള്ള കൂടുനിർമാണം, ആടുകൾക്ക് കൃത്രിമ ബീജസങ്കലനം, കാഷ്ടം ശേഖരിച്ച് സൂക്ഷിക്കുന്നതിന് മേൽക്കൂരയുള്ള പിറ്റുകൾ, മൂത്രം വൃത്തിയായി ശേഖരിച് വിപണനം ചെയ്യൽ എന്നിവ ഉറപ്പു വരുത്തേണ്ടതാണ്.

- » മലബാറി ആടു വളർത്തൽ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിന് കുടുംബശ്രീ സംവിധാനം, സാറ്റലൈറ്റ് ഫാമുകൾ സ്ഥാപിക്കുന്നതിന് വനിതാ ഗ്രൂപ്പുകൾക്ക് പരിശീലനം, എന്നിവ സൊസൈറ്റികൾ രൂപീകരിച്ച് നടത്താവുന്നതാണ്.
- » ഇറച്ചി ആവശ്യത്തിനുള്ള ബ്രോയിലർ മുയലുകളുടെ യൂണിറ്റുകൾ വളരെ ചുരുങ്ങിയ ചെലവിൽ പരിമിതമായ സൗകര്യങ്ങളിൽ സ്ഥാപിക്കാവുന്നതാണ്. കൊഴുപ്പിന്റെ അംശം വളരെ കുറഞ്ഞ സുരക്ഷിതമായ മുയലിറച്ചിയ്ക്ക് മാർക്കറ്റ് ഡിമാൻഡ് കൂടുതലാണ്. ഇവ കാര്യമായ മാലിന്യ പ്രശ്നം ഉണ്ടാക്കുന്നില്ല. തീറ്റ ചെലവും വളരെ കുറവാണ്.
- » ജനവാസം കുറഞ്ഞ പ്രദേശങ്ങളിൽ, ആധുനിക രീതിയിലുള്ള ചെറുകിട-ഇടത്തരം പന്നി ഫാമുകൾ സ്ഥാപിക്കാവുന്നതാണ്. ഹോട്ടൽ ഭക്ഷണാവശിഷ്ടങ്ങൾ, അറവു ശാല-ചിക്കൻ സ്റ്റാൾ വെയ്സ്റ്റ്, പച്ചക്കറി അവശിഷ്ടങ്ങൾ എന്നിവ നൽകി ചുരുങ്ങിയ ചെലവിൽ നടത്തുന്ന പന്നി ഫാമുകൾ ജൈവമാലിന്യങ്ങളുടെ "ബയോളജിക്കൽ റീസൈക്ലിംഗ്" യൂണിറ്റുകൾ എന്ന നിലയിൽ പ്രയോജന പ്രദമാണ്. വലിച്ചെറിഞ്ഞ മാലിന്യം സൃഷ്ടിക്കുന്ന വസ്തുക്കളിൽ നിന്നും ഗുണമേന്മയേറിയ മാംസം ഉല്പാദിപ്പിക്കുന്ന ഈ യൂണിറ്റുകളെ വേണ്ടവിധം പരിഗണിക്കേണ്ടതാണ്. ബയോഗ്യാസ് ടാങ്ക്, മലിനജല ശേഖരണ ടാങ്ക് എന്നിവ കർശനമായി നിഷ്കർഷിക്കേണ്ടതാണ്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ കൂത്താട്ടുകുളം, വെറ്ററിനറി സർവകലാശാല എന്നിവ സാങ്കേതിക സഹായം, പന്നിക്കുഞ്ഞുങ്ങൾ, തീറ്റ, മാർക്കറ്റിംഗ് സൗകര്യം എന്നിവ നൽകുന്നുണ്ട്.
- » വീട്ടാവശ്യത്തിന് മുട്ടയും ഇറച്ചിയും ലഭിക്കുന്നതിനായി 5-10 കോഴികളെ വളർത്തുന്ന ചെറിയ യൂണിറ്റുകൾ വീടുകളുടെ ചായ്പ്പ്, ടെറസ്സ്, ഗൃഹ പരിസരം എന്നിങ്ങനെ സ്ഥാപിക്കാവുന്നതാണ്. വെറ്ററിനറി സർവ്വകലാശാല, നബാർഡ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ, തിരുവാഴം കുന്ന് ഏവിയൻ സയൻസ് കോളേജ് എന്നിവ ആവശ്യമായ റെഡിമേഡ് കോഴിക്കൂട്, കോഴികൾ, തീറ്റ എന്നിവ നൽകുന്നതാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള ഇറച്ചിക്കോഴി, മുട്ടക്കോഴി ഫാമുകൾ സ്ഥല ലഭ്യതയനുസരിച്ച് ജനവാസം കുറഞ്ഞ പ്രദേശങ്ങളിൽ അനുവദിക്കാവുന്നതാണ്.
- » മുട്ടതാറാവുകളെയും ഇറച്ചി ആവശ്യത്തിനുള്ള ബ്രോയിലർ താറാവ് ഇനങ്ങളെയും പരമ്പരാഗതമായി വളർത്തുന്ന പ്രദേശങ്ങളിലെല്ലാം താറാവു വളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലങ്ങളിൽ വീടിനു ചുറ്റും, പറമ്പിൽ, ചതുപ്പു നിലങ്ങളിൽ, മത്സ്യ കൃഷിയുമായി സംയോജിപ്പിച്ചു കൊണ്ട് ജലാശയങ്ങളിലും താറാവ് കൃഷി യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. തിരുവല്ല നിരണം ഡക്ക് ഫാം, വെറ്ററിനറി സർവ്വകലാശാല, സ്വകാര്യ ഫാക്ടറികൾ എന്നിവ വേണ്ട താറാവ് കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നുണ്ട്.
- » സ്ഥല പരിമിതിയുള്ള ഗൃഹ പരിസരം, ചായ്പ്പുകൾ, ടെറസ്സ് തുടങ്ങിയ ഇടങ്ങളിലെല്ലാം കാടവളർത്തൽ സാധ്യമാണ്. ഹ്രസ്വ ജീവിത ചക്രവും വളർത്തുവാനുള്ള കുറഞ്ഞ തീറ്റ ചെലവും ഉയർന്ന രോഗപ്രതിരോധശേഷിയും കാട മുട്ട, കാട ഇറച്ചി എന്നിവയുടെ വർദ്ധിച്ച ഡിമാൻഡും ഈ സംരംഭത്തിന് അനുകൂല ഘടകമാണ്.

» ആധുനിക അറവുശാലയും ആരോഗ്യകരമായ മാംസ വില്പന കേന്ദ്രങ്ങളും സുരക്ഷിതമായ ഭക്ഷ്യ ഉത്പന്നങ്ങളും മാംസഭുക്കുകളുടെ അവകാശമാണ്. മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന നിരവധി മാരകമായ പകർച്ച വ്യാധികളും ജന്തുജന്യ രോഗങ്ങളും ആധുനികകാലത്ത് വലിയ വെല്ലുവിളി ഉയർത്തുന്ന സാഹചര്യത്തിൽ, വെറ്ററിനറി സർവകലാശാല മീറ്റ് ടെക്നോളജി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കൂത്താട്ടുകുളം എന്നിവയുടെ സാങ്കേതിക സഹായത്തോടെ നബാഡ്, കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ ഏജൻസികളിലൂടെ ധനസമാഹരണം നടത്തി ആധുനിക അറവുശാല സ്ഥാപിക്കൽ, നിലവിലുള്ള അറവുശാലകളുടെ നവീകരണം എന്നിവ സാധിക്കുന്നതിന് മുൻഗണന നൽകണം. ആന്റിമോർട്ടം, പോസ്റ്റുമോർട്ടം, മാംസ പരിശോധന എന്നിവയ്ക്കു ശേഷം മാംസ വില്പന എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് വെറ്ററിനറി ഡോക്ടറുടെ താൽക്കാലിക/സ്ഥിര നിയമനം ഉറപ്പുവരുത്തേണ്ടതാണ്. കശാപ്പു ജോലിയിൽ ഏർപ്പെടുന്നവർക്ക് പരിശീലനം നൽകുകയും ആറുമാസത്തിലൊരിക്കൽ ആരോഗ്യ പരിശോധന കർശനമായി നടപ്പിലാക്കുകയും വേണം.

» വൃത്തിഹീനമായ ഇറച്ചി വിൽപന ശാലകളും അവയ്ക്കു ചുറ്റും തെരുവ് നായ്ക്കളും നമ്മുടെ പ്രദേശങ്ങളിൽ അറപ്പുളവാക്കുന്ന കാഴ്ചയാണ്. ഇത് പരിഷ്കൃത ജനതയ്ക്ക് നാണക്കേടാണ്. മാംസ വിൽപ്പന ശാലകൾക്ക് വെറ്ററിനറി സർവ്വകലാശാല മീറ്റ് ടെക്നോളജി വിഭാഗം നിഷ്കർഷിക്കുന്ന ഭൗതികസാഹചര്യങ്ങൾ കർശനമായി നടപ്പിലാക്കണം. നഗരസഭയുടെ സ്റ്റാൾ ലൈസൻസ്, അനുമതി മുദ്ര ഇവ നിർബന്ധമായും ബോർഡിൽ രേഖപ്പെടുത്തണം.

» എവിടെയും ചിക്കൻ സെന്ററുകൾ സ്ഥാപിക്കാമെന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തണം. മത്സ്യ മാർക്കറ്റുകൾ, പച്ചക്കറി മാർക്കറ്റുകൾ എന്നിവയുടെ സമീപം, തിരക്കില്ലാത്ത സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്ക് ഉചിതമായ രീതിയിൽ മാറ്റി സ്ഥാപിക്കണം. അനുമതി പത്രം പ്രദർശിപ്പിക്കണം. പക്ഷികളെ സൗകര്യപ്രദമായ രീതിയിൽ വൃത്തിയുള്ള കൂടുകളിൽ സൂക്ഷിക്കുന്നതിനും, ഇറച്ചി അവശിഷ്ടങ്ങൾ അടച്ചുറപ്പുള്ള ഡ്രമ്മുകളിൽ സൂക്ഷിക്കുന്നതിനും ഇത് കൃത്യമായി പന്നിഫാമുകളിലേക്കോ, റെൻഡറിംഗ് യൂണിറ്റുകളിലേക്കോ പ്രതിദിനം മാറ്റുന്നതിനുള്ള എഗ്രിമെന്റ് നിർബന്ധമാക്കേണ്ടതാണ്. വഴിവക്കിലും ജലാശയങ്ങളിലും മാലിന്യം വലിച്ചെറിയുന്ന അവസ്ഥയ്ക്ക് പരിഹാരം കാണേ ണ്ടതാണ്. ചിക്കൻ സ്റ്റാൾ വേസ്റ്റ് എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നത് സ്റ്റാൾ ഉടമ എഗ്രിമെന്റിൽ വ്യക്തമാക്കേണ്ടതാണ്. മാലിന്യം കൊണ്ടു പോകുന്ന വാഹനങ്ങൾക്ക് ഗ്രാമ സഭ/ശുചിത്വ മിഷൻ എന്നിവയുടെ സ്റ്റിക്കറോ അടയാളമോ പതിക്കേണ്ടതാണ്.

» മൃഗാശുപത്രികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം ആധുനിക ചികിത്സാ സൗകര്യങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനുള്ള മൊബൈൽ ആശുപത്രി സേവനം, മൃഗങ്ങളെ ചികിത്സയ്ക്ക് എത്തിക്കുന്നതിനുള്ള ആംബുലെറ്ററി സൗകര്യം 24 മണിക്കൂറും ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന ഷിഫ്റ്റ് അടിസ്ഥാന

ത്തിലുള്ള സേവനം എന്നിവയ്ക്കും നടപടി സ്വീകരിക്കാവുന്നതാണ്. പകൽനേരത്ത് ഉപയോഗിക്കുന്ന വാഹനങ്ങൾ, രാത്രി നേരത്തെ മൃഗചികിത്സാ സൗകര്യം വീട്ടുപടിക്കൽ എത്തിക്കുന്നതിന് ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഉപയോഗിക്കാവുന്നതാണ്.

» സാധ്യമായ സ്ഥലങ്ങളിൽ ആപ്കോസ് (ആനന്ദ് പാറ്റേൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ) സ്ഥാപിക്കാവുന്നതാണ്. കർഷകർക്ക് വിപണന സൗകര്യം ലഭ്യമാക്കുന്നതിനും പ്രാദേശിക വില്പനയ്ക്കും സഹായകമാണ്.

» ക്ഷീരകർഷക-കന്നുകാലി ഇൻഷ്വറൻസ് സൗജന്യനിരക്കിൽ ഏർപ്പെടുത്തുന്നതിനും നിലവിലുള്ള പദ്ധതികളിലെ പ്രീമിയം തുകയുടെ നിശ്ചിത ശതമാനം ഗ്രാമപഞ്ചായത്ത് അടയ്ക്കുന്നതിനുമുള്ള സാധ്യതകൾ കണ്ടെത്തേണ്ടതാണ്.

» വെളീം പ്രദേശങ്ങൾ, മറ്റു കൃഷിക്ക് അനുയോജ്യമല്ലാത്ത സ്ഥലങ്ങൾ. ചതുപ്പ് പ്രദേശങ്ങൾ, നദീതീരങ്ങൾ, മണ്ണൊലിപ്പ് തടയേണ്ട നീർത്തട പ്രദേശങ്ങൾ എന്നിവ തീറ്റപ്പുൽ/ തീറ്റ വസ്തുക്കളുടെ കൃഷിക്ക് ഉപയുക്തമാക്കാം. സീവേജ് ട്രീറ്റ്മെന്റ് റീസൈക്കിൾ ചെയ്യുന്ന ജലവും വലിയ തോതിൽ തീറ്റപുൽകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

» നേന്ത്രക്കായ വറുക്കുന്ന സ്ഥലങ്ങളിലെ അവശിഷ്ടങ്ങൾ, ചക്കയുടെ അവശിഷ്ടങ്ങൾ, പൈനാപ്പിൾ വേസ്റ്റ് എന്നിവ വലിയ തോതിൽ പാരമ്പര്യേതര കാലിത്തീറ്റയായി ഉപയോഗിക്കാം. കാലിത്തീറ്റ സബ്സിഡി പദ്ധതികൾ നടപ്പിലാക്കി ക്ഷീരകർഷകരുടെ ഉൽപാദനച്ചെലവ് കുറയ്ക്കാവുന്നതാണ്,

» മുട്ട, പാൽ, പാലുൽപന്നങ്ങൾ, ഇറച്ചി എന്നിവ വിൽക്കുന്നതിനുള്ള വിപണന യൂണിറ്റുകൾ, കുടുംബശ്രീ, ലൈവ് സ്റ്റോക്ക് ഫാർമേഴ്സ് അസോസിയേഷൻ എന്നിവയുടെ സംവിധാനങ്ങളിലൂടെയും കേരള പൗൾട്ടറി ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിലൂടെയും വില്പന ഉറപ്പുവരുത്താം മൊബൈൽ ഗ്രോസറി ഷോപ്പുകൾ, ഉത്സവ സീസണുകളിലെ താൽക്കാലിക വിൽപ്പന കേന്ദ്രങ്ങൾ എന്നിവയും ആലോചിക്കാവുന്നതാണ്.

» മൃഗസംരക്ഷണ കൃഷി മേഖലയിലെ ഉൽപ്പന്നങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനത്തിനുമായി പ്രാദേശികമായി ഉപയോഗമില്ലാതെ കിടക്കുന്ന കെട്ടിടങ്ങളോ മറ്റോ ഉപയോഗിച്ച് വിപണനകേന്ദ്രം സ്ഥാപിക്കാവുന്നതാണ്. ശീതീകരണ സംവിധാനങ്ങൾ സഹിതം.

» നൂതന ഓൺലൈൻ വിപണന ശൃംഖലീയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

» തെരുവ് നായ്ക്കളുടെ പെരുകൽ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നിലവിലെ നിയമങ്ങളും കോടതി നിർദ്ദേശങ്ങളും അനുസരിച്ച നടപ്പിലാക്കുന്നവ ഉത്തരവാദിത്വത്തോടെ നിർവഹിക്കുന്നതിന് തുക മാറ്റി വയ്ക്കേണ്ടതാണ്. സന്നദ്ധ സേവന സംഘടനകളെ ഇക്കാര്യത്തിൽ സഹകരിപ്പിക്കാവുന്നതാണ്.

» മൃഗങ്ങളോട് ക്രൂരത കാണിക്കുന്നത് തടയുക, മൃഗക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഉപേക്ഷിക്കപ്പെടുന്ന മൃഗങ്ങളെ പുനരധിവസിപ്പിക്കുക, പ്രതിരോധ

വാക്സിനേഷൻ പരിപാടികൾ വിജയിപ്പിക്കുക തുടങ്ങിയ സേവനങ്ങൾ നിർവ ഹിക്കുന്നതിന് മൃഗക്ഷേമ സമിതികൾ രൂപീകരിക്കാവുന്നതാണ്. കേന്ദ്ര അനിമൽ വെൽഫെയർ ബോർഡിന്റെ ധനസഹായം ലഭ്യമാണ്. അലഞ്ഞു നടക്കുന്ന മൃഗങ്ങളെ പാർപ്പിക്കുന്നതിനുള്ള 'ക്യാറ്റിൽ പൗണ്ടുകളുടെ ചുമതല ഈ മൃഗക്ഷേമ സമിതികളെ ഏൽപ്പിക്കാവുന്നതാണ്.

6.5.9. വിവിധ ഏജൻസികൾ

- » Government Departments (AHD, Dairy Development)
- » KVASU (Veterinary University), KAU, KUFOS
- » PSUs- KLDB, MILMA, KERALA FEEDS, KSPDC, KEPCO, MPI
- » ATMA
- » NABARD
- » Kudumbasree
- » VB-G RAM G

6.5.10. മൃഗസംരക്ഷണ മേഖലയിൽ സ്വീകരിക്കേണ്ട വികസന സമീപനം

- » പാൽ ഇറച്ചി മുട്ട എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക
- » മൃഗസംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സാമൂഹിക പദവി ഉയർത്തുന്നതിന് ആസൂത്രിത നീക്കം നടത്തുക
- » ഉൽപ്പന്നങ്ങളുടെ ഗുണനിലവാര ഉറപ്പാക്കുക
- » യന്ത്രവൽക്കരണവും ആധുനിക സംവിധാനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക
- » വിപണി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക
- » ഏകാരോഗ്യം ഉറപ്പാക്കുക
- » ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണത്തിലും പൊതുജനാരോഗ്യ സംരക്ഷണത്തിലും ശ്രദ്ധിക്കുക
- » പുതിയ സംരംഭങ്ങളും യൂണിറ്റുകളും തുടങ്ങുന്നവർക്ക് അനുകൂലമായ നയങ്ങൾ നടപ്പിലാക്കുകയും പ്രായോഗിക കാഴ്ചകൾ ഒഴിവാക്കുന്ന സമീപനം സ്വീകരിക്കുകയും ചെയ്യുക

6.5.10.1. ബ്ലോക്ക് പഞ്ചായത്ത്- മൃഗസംരക്ഷണ ക്ഷീരവികസനമേഖലയിലെ ഇടപെടൽ സാധ്യതകൾ

പ്രാദേശിക സാമ്പത്തിക വികസനത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണം. ഈ മേഖലയിലെ പല പ്രധാന പ്രശ്നങ്ങൾക്കും ബ്ലോക്ക് തലത്തിൽ കൂട്ടായ പ്രവർത്തനങ്ങൾ/സംയുക്തപദ്ധതികൾ വഴി പരിഹാരം കാണാനാകും. ഗ്രാമീണ ജീവിതോപാധികൾ മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് സമൂഹത്തിൽ ഉന്നത പദവി ലഭിക്കുന്നതിനും ലക്ഷ്യം വെച്ചുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

സാമ്പത്തിക ഉന്നമനം- സംയോജിത പദ്ധതികൾ ഗ്രാമ-ബ്ലോക്ക് -ജില്ലാപഞ്ചായത്തുകളുടെ സംയുക്ത പദ്ധതികൾ

സംരംഭകത്വ വികസനം ഉല്പ്പന്നങ്ങളുടേയും മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടേയും നിർമ്മാണ-വിതരണ-വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കൽ

വനിതാ സംരംഭകർക്കായി പ്രത്യേക പദ്ധതികൾ-മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ-വിപണന യൂണിറ്റുകൾ

6.5.10.2. പുതിയ മുൻഗണനാ വിഷയങ്ങൾ

- » **പാലുൽപാദനത്തിൽ സ്വയംപര്യാപ്തത:** പ്രതിദിന ഉൽപാദനം 70 ലക്ഷം ലിറ്ററിൽ നിന്ന് ഒരു കോടി ലിറ്ററിലേക്ക് മൂന്ന് വർഷം കൊണ്ട് ഉയർത്തി സ്വയംപര്യാപ്തത കൈവരിക്കുക.
- » **മൂല്യവർധനവ്:** മൂല്യവർധനവിലൂടെ ഉൽപാദകർക്ക് മികച്ച വരുമാനം ഉറപ്പാക്കുക.
- » **ആധുനിക സംസ്കരണ സൗകര്യങ്ങൾ:** ആധുനിക രീതിയിലുള്ള സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിച്ച് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.
- » **യുവജന-സ്ത്രീ പങ്കാളിത്തം:** മൃഗസംരക്ഷണ മേഖലയിൽ യുവാക്കൾക്കും സ്ത്രീകൾക്കും മുൻഗണനയും പ്രോത്സാഹനവും നൽകുക.
- » **സ്കൂൾ പൗൾട്രി ക്ലബ്ബുകൾ:** സ്കൂൾതലം മുതൽ മൃഗപരിപാലനത്തിലും സമ്പാദ്യശീലത്തിലും സംരംഭകത്വത്തിലും ബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യത്തോടെ സ്കൂൾ പൗൾട്രി ക്ലബ്ബുകൾ രൂപീകരിക്കുക.
- » **ദാരിദ്ര്യനിർമ്മാർജനം, വനിതാ ശാക്തീകരണം, വിധവ കളുടെയും അശരണരുടെയും സാമ്പത്തിക സുരക്ഷ എന്നിവ ലക്ഷ്യമാക്കി "കെപ്കോ ആശ്രയ" പദ്ധതി**
- » **നഗര-അർദ്ധനഗര പ്രദേശങ്ങളിലെ വനിതാ ഗുണഭോക്താക്കൾക്കുള്ള പദ്ധതികളിലൂടെ മുട്ട ഉൽപ്പാദനം വർധിപ്പി ക്കുന്നതിനും കുട്ടികൾ ഉൾപ്പെടെയുള്ള ജനങ്ങളുടെ പോഷകാഹാരനില മെച്ചപ്പെടുത്തുന്നതിനുമായി "കേജു കളിലെ കോഴിവളർത്തൽ" എന്ന നൂതന പദ്ധതി**

"ഒരു രാജ്യത്തിന്റെ സാംസ്കാരിക നിലവാരം ആ രാജ്യത്തെ മൃഗങ്ങളോട് എങ്ങനെ പെരുമാറുന്നു എന്നതിനെ ആശ്രയിച്ചാണ്"- ഗാന്ധിജി

6.6. മത്സ്യബന്ധന മേഖല

"ദൈവത്തിന്റെ സ്വന്തം നാട്" എന്നറിയപ്പെടുന്ന കേരളം, അറബിക്കടലിനോട് ചേർന്ന് ഏകദേശം 590 കിലോമീറ്റർ നീളമുള്ള നീണ്ട തീരപ്രദേശവും, കായലുകൾ, നദികൾ, തടാകങ്ങൾ എന്നിവയുടെ വിശാലമായ ശൃംഖലയും കൊണ്ട് അനുഗ്രഹീതമാണ്. ഈ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ മത്സ്യബന്ധനത്തെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗതവും സാമ്പത്തികവുമായ മേഖലകളിലൊന്നാക്കി മാറ്റുന്നു. തീരദേശവും ഉൾനാടൻ ജലാശയങ്ങളും കൊണ്ട് സമ്പന്നമായ കേരളത്തിന്റെ മത്സ്യബന്ധന മേഖല സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിലും, ഭക്ഷ്യസുരക്ഷയിലും, തീരദേശ ജനതയുടെ ഉപജീവനമാർഗ്ഗത്തിലും

സുപ്രധാനമായ പങ്ക് വഹിക്കുന്നു. ഇതിനെ മൂന്ന് പ്രധാന വിഭാഗങ്ങളായി തിരിക്കാം: കടൽ മത്സ്യബന്ധനം (Marine Fisheries), ഉൾനാടൻ മത്സ്യബന്ധനം (Inland Fisheries), മത്സ്യകൃഷി (Aquaculture).

6.6.1. മത്സ്യബന്ധന മേഖല: വിവിധ വിഭാഗങ്ങൾ

6.6.1.1. കടൽ മത്സ്യബന്ധനം (Marine Fisheries)

കേരളത്തിന്റെ 590 കിലോമീറ്ററിലധികം നീളമുള്ള തീരപ്രദേശം കടൽ മത്സ്യബന്ധനത്തിന് അനുകൂലമാണ്.

പ്രധാന ഇനങ്ങൾ: മത്തി (Sardine), അയല (Mackerel), കണവ (Squid), കൊഞ്ച് (Prawns), ചൂര (Tuna) എന്നിവയാണ് പ്രധാനമായും പിടിക്കുന്ന മത്സ്യങ്ങളിൽ ചിലത്. ഇവയിൽ പലതും വിദേശനാണ്യം നേടിത്തരുന്ന കയറ്റുമതി ഇനങ്ങളാണ്. പരമ്പരാഗത വള്ളങ്ങൾ മുതൽ യന്ത്രവൽകൃത ബോട്ടുകൾ വരെ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്നു.

6.6.1.2. ഉൾനാടൻ മത്സ്യബന്ധനം (Inland Fisheries)

നാല്പത്തിനാല് നദികൾ, കായലുകൾ, തടാകങ്ങൾ, ജലസംഭരണികൾ, കുളങ്ങൾ എന്നിവ ഉൾപ്പെടുന്ന സംസ്ഥാനത്തെ ഉൾനാടൻ ജലസ്രോതസ്സുകളെ ആശ്രയിച്ചാണിത്.

പ്രധാന ഇനങ്ങൾ: കരിമീൻ (Pearl Spot), വാള (Catfish), തിലോപ്പിയ (Tilapia), കട്ല (Catla), രോഹു (Rohu), ഗ്രാസ് കാർപ് (Grass Carp), വരാൽ (Snakehead) തുടങ്ങിയവയാണ് ഉൾനാടൻ മത്സ്യങ്ങളിൽ പ്രധാനപ്പെട്ടവ

6.6.1.3. മത്സ്യകൃഷി (Aquaculture)

മത്സ്യസമ്പത്തിന്റെ ശോഷണം നേരിടുന്ന സാഹചര്യത്തിൽ ഉത്പാദനം വർദ്ധിപ്പിക്കാനും വരുമാനം ഉറപ്പാക്കാനും ലക്ഷ്യമിട്ടുള്ള ശാസ്ത്രീയമായ കൃഷി രീതിയാണിത്.

ഇനങ്ങൾ: ഉൾനാടൻ ജലാശയങ്ങളിലും കുളങ്ങളിലും നടത്തുന്ന ശുദ്ധജല മത്സ്യകൃഷി (കാർപ്പുകൾ, തിലോപ്പിയ), ചെമ്മീൻ, കരിമീൻ എന്നിവ ഉൾപ്പെടുന്ന കായൽ കൃഷി/ഉപ്പുവെള്ള കൃഷി (Brackish water culture- ചെമ്മീൻകെട്ടുകൾ, കായൽക്കൂടുകൾ) എന്നിവയ്ക്കാണ് കേരളത്തിൽ പ്രാധാന്യം.

നൂതന രീതികൾ: കൂടുമത്സ്യകൃഷി (Cage Culture), റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS), ബയോഫ്ലോക്ക് മത്സ്യകൃഷി പോലുള്ള നൂതന സാങ്കേതിക വിദ്യകൾ മത്സ്യോത്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ സഹായിക്കുന്നു.

6.6.2. കേരളത്തിൽ മത്സ്യബന്ധനത്തിന്റെ പ്രാധാന്യം

- ഏകദേശം 10 ലക്ഷത്തിലധികം ജനങ്ങൾക്ക് (മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും) നേരിട്ടും അല്ലാതെയുമുള്ള ഉപജീവനമാർഗ്ഗം നൽകുന്നു.
- സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ ഈ മേഖല ഗണ്യമായ സംഭാവന നൽകുന്നു.

- » കേരളീയരുടെ ഭക്ഷണത്തിൽ മത്സ്യം ഒരു പ്രധാന പ്രോട്ടീൻ സ്രോതസ്സ് ആണ്. സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ ഇതിന് വലിയ പങ്കുണ്ട്.
- » ചെമ്മീൻ, കണവ പോലുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ കയറ്റുമതി വഴി രാജ്യത്തിന് വിദേശനാണ്യം നേടിക്കൊടുക്കുന്നതിൽ കേരളത്തിന്റെ മത്സ്യമേഖല മുൻപന്തിയിലാണ്.

6.6.3. മത്സ്യബന്ധനമേഖല നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ

- » അമിത ചൂഷണം (Overfishing)
- » മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത്: വളർച്ചയെത്താത്ത ചെറിയ മത്സ്യങ്ങളെ (Juvenile Fishing) പിടിക്കുന്നത് മത്സ്യസമ്പത്തിന്റെ ഭാവി നിലനിൽപ്പിന് ഭീഷണിയാകുന്നു.
- » കാലാവസ്ഥാ വ്യതിയാനം: ചുഴലിക്കാറ്റുകൾ, കടൽക്ഷോഭം, സമുദ്രോപരിതലത്തിലെ താപനിലയിലെ വ്യതിയാനം എന്നിവ മത്സ്യലഭ്യതയെയും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയെയും ബാധിക്കുന്നു.
- » തീരശോഷണം, മലിനീകരണം: മനുഷ്യന്റെ ഇടപെടലുകൾ (തീരദേശ നിർമ്മാണങ്ങൾ, മണൽ ഖനനം) കാരണം തീരശോഷണം സംഭവിക്കുന്നു. കൂടാതെ വ്യവസായ മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ജലാശയങ്ങളെ മലിനപ്പെടുത്തുന്നു. ഇത് മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയെ തകർക്കുന്നു.
- » സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ: മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ വരുമാനം, വിപണിയിലെ ചൂഷണം (വില ഇടനിലക്കാർ തീരുമാനിക്കുന്നത്), കടം, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ.
- » മോശം അടിസ്ഥാന സൗകര്യങ്ങളും വിപണി പ്രവേശനവും: - പല മത്സ്യത്തൊഴിലാളികൾക്കും കോൾഡ് സ്റ്റോറേജ്, പ്രോസസ്സിംഗ് യൂണിറ്റുകൾ, ന്യായമായ വിപണികളിലേക്കുള്ള പ്രവേശനം എന്നിവയില്ല.
- » ഉൾനാടൻ മേഖലയിലെ പ്രശ്നങ്ങൾ: വിലത്തകർച്ച, രോഗബാധ, വെള്ളപ്പൊക്കം മൂലമുള്ള കൃഷിനാശം.

6.6.4. സർക്കാർ ഇടപെടലുകൾ

മത്സ്യബന്ധന മേഖലയെ പിന്തുണയ്ക്കുന്നതിനായി കേരള സർക്കാർ, കേന്ദ്ര ഏജൻസികൾക്കൊപ്പം നിരവധി പദ്ധതികൾ അവതരിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ മത്സ്യബന്ധന മേഖലയുടെ ഭരണപരമായ മേൽനോട്ടം വഹിക്കുന്നതും, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതും താഴെ പറയുന്ന പ്രധാന സ്ഥാപനങ്ങളാണ്:

6.6.4.1. ഫിഷറീസ് വകുപ്പ് (Department of Fisheries, Kerala)

കേരളത്തിലെ മത്സ്യബന്ധന മേഖലയുടെ നയപരമായ കാര്യങ്ങൾ, വികസന പദ്ധതികൾ, നിയമനിർമ്മാണം, ഭരണപരമായ നിയന്ത്രണം എന്നിവ കൈകാര്യം ചെയ്യുന്നത് ഫിഷറീസ് വകുപ്പാണ്.

പ്രധാന ധർമ്മങ്ങൾ

പദ്ധതി നടത്തിപ്പ്: മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും ആധുനിക മത്സ്യബന്ധന രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള വിവിധ വികസന പദ്ധതികൾ (ജനകീയ മത്സ്യകൃഷി ഉൾപ്പെടെ) നടപ്പിലാക്കുന്നു.

- സംരക്ഷണം: ട്രോളിംഗ് നിരോധനം പോലുള്ള നിയമപരമായ നടപടികളിലൂടെയും മത്സ്യസമ്പത്തിനെ സംരക്ഷിക്കുന്നതിനുള്ള ബോധവൽക്കരണത്തിലൂടെയും സുസ്ഥിരമായ മത്സ്യബന്ധനം ഉറപ്പാക്കുന്നു.
- അടിസ്ഥാന സൗകര്യങ്ങൾ: മത്സ്യബന്ധന തുറമുഖങ്ങൾ, ലാൻഡിംഗ് സെന്ററുകൾ, മത്സ്യവിൽപ്പന ശാലകൾ എന്നിവയുടെ നിർമ്മാണത്തിനും പരിപാലനത്തിനും മേൽനോട്ടം വഹിക്കുന്നു.
- സർക്കാർ സഹായം: മത്സ്യത്തൊഴിലാളികളുടെ യാനത്തിനും ഉപകരണങ്ങൾക്കും ഇൻഷുറൻസ്, ജീവൻ രക്ഷാ, നാവിഗേഷൻ ഉപകരണങ്ങളുടെ വിതരണം തുടങ്ങിയ സഹായങ്ങൾ ഏകോപിപ്പിക്കുന്നു.

6.6.4.2. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala State Fishermen Welfare Fund Board)

കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും ക്ഷേമവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനമാണിത്.

പ്രധാന ലക്ഷ്യങ്ങൾ:

» പെൻഷൻ: 60 വയസ്സ് കഴിഞ്ഞ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പെൻഷൻ നൽകുന്നു.

» വിദ്യാഭ്യാസാനുകൂല്യങ്ങൾ: മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി (സ്കോളർഷിപ്പുകൾ, പഠനസഹായം) സാമ്പത്തിക സഹായം നൽകുന്നു.

» സാമ്പത്തിക സഹായം: അപകടങ്ങൾ, രോഗങ്ങൾ, വിവാഹം, പ്രസവം, ഭവന നിർമ്മാണം, മരണം തുടങ്ങിയ ആവശ്യങ്ങൾക്കായി സാമ്പത്തിക സഹായങ്ങൾ നൽകുന്നു.

» അപകട ഇൻഷുറൻസ്: മത്സ്യബന്ധന സമയത്തോ അല്ലാതെയോ ഉണ്ടാകുന്ന അപകടങ്ങളിൽ മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ ആശ്രിതർക്ക്/തൊഴിലാളിക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നു.

6.6.4.3. മത്സ്യഫെഡ് (MATSYAFED- Kerala State Co-operative Federation for Fisheries Development Ltd.)

മത്സ്യത്തൊഴിലാളികളുടെ പ്രാഥമിക സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമാണിത്. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനം സഹകരണ തത്വങ്ങളിലൂടെ ലക്ഷ്യമിടുന്നു.

പ്രധാന ധർമ്മങ്ങൾ:

» വായ്പയും ധനസഹായവും: മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നു.

» വിപണനം: മത്സ്യം കേടുകൂടാതെ സൂക്ഷിക്കാനും സംഭരിക്കാനും വിൽപ്പന നടത്താനും സൗകര്യമൊരുക്കി മെച്ചപ്പെട്ട വിപണന ശൃംഖല ഉറപ്പാക്കുന്നു.

» ഉത്പാദന സഹായം: മത്സ്യത്തൊഴിലാളികൾക്ക് വല, എൻജിൻ, മറ്റ് മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു.

തുടങ്ങിയവ

6.6.4.4. അഡാക്ക് (ADAK- Agency for Development of Aquaculture, Kerala)

സംസ്ഥാനത്ത് മത്സ്യകൃഷി (Aquaculture) വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്ഥാപനമാണിത്.

പ്രധാന ലക്ഷ്യങ്ങൾ:

» സാങ്കേതിക സഹായം: ഉൾനാടൻ ജലാശയങ്ങളിലും കുളങ്ങളിലും മത്സ്യകൃഷി നടത്താൻ ആഗ്രഹിക്കുന്നവർക്ക് പരിശീലനം, സാങ്കേതിക ഉപദേശം, മികച്ച മത്സ്യവിത്തുകൾ എന്നിവ നൽകുന്നു.

» കൂടുമത്സ്യകൃഷി: കായലുകളിലും റിസർവോയറുകളിലും നടത്തുന്ന കൂടുമത്സ്യകൃഷി പദ്ധതിക്ക് നേതൃത്വം നൽകുന്നു.

» പ്രദർശന യൂണിറ്റുകൾ: ശാസ്ത്രീയമായ മത്സ്യകൃഷി രീതികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നു.

6.6.4.5. സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൻ (Society for Assistance to Fisherwomen- SAF)

അഥവാ സാഫ് കേരളത്തിലെ മത്സ്യത്തൊഴിലാളി വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഒരു സർക്കാർ ഏജൻസിയാണിത്. തീരദേശ വനിതകളെ സംരംഭകരാക്കി മാറ്റുന്നതിലൂടെ അവർക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗം ഉറപ്പാക്കുകയും, അതുവഴി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയുമാണ് സാഫിന്റെ പ്രധാന ദൗത്യം. മത്സ്യത്തൊഴിലാളി വനിതകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനായി സാഫ് പ്രധാനമായും താഴെ പറയുന്ന ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു:

» സംരംഭകത്വം പ്രോത്സാഹിപ്പിക്കുക: ചെറുകിട സംരംഭങ്ങൾ (Micro-enterprises) സ്ഥാപിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളി വനിതകൾക്ക് സുസ്ഥിരമായ വരുമാനം ഉറപ്പാക്കുക.

» സാമ്പത്തിക സഹായം: സംരംഭങ്ങൾ തുടങ്ങുന്നതിനും നിലനിർത്തുന്നതിനും വേണ്ട ഗ്രാന്റ്, പലിശ രഹിത റിവോൾവിംഗ് ഫണ്ട് എന്നിവ ലഭ്യമാക്കുക.

» നൈപുണ്യ വികസനം: സംരംഭകത്വത്തിനും ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലന പരിപാടികൾ നൽകുക.

» സാങ്കേതിക സഹായം: ഉത്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ

സഹായിക്കുന്ന ആധുനിക സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുക.

» വിപണന പിന്തുണ: ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, ഇ-മാർക്കറ്റിംഗ് ശൃംഖലകൾ ഒരുക്കുക.

» സാമൂഹിക വികസനം: ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ ഇടപെടലുകളിലൂടെ സ്ത്രീകളുടെ നേതൃത്വത്തിൽ സാമൂഹിക വികസന പരിപാടികൾ സംഘടിപ്പിക്കുക.

6.6.4.6. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC)

തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം, സാമ്പത്തിക ഉന്നമനം, പരിസ്ഥിതി സംരക്ഷണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. KSCADC-യുടെ പ്രവർത്തനങ്ങൾ പ്രധാനമായും താഴെ പറയുന്ന ലക്ഷ്യങ്ങളിൽ അധിഷ്ഠിതമാണ്:

» അടിസ്ഥാന സൗകര്യ വികസനം: മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യബന്ധന ലാൻഡിംഗ് സെന്ററുകൾ, മത്സ്യവിപണന കേന്ദ്രങ്ങൾ തുടങ്ങിയ അത്യാധുനിക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.

» ഭവന നിർമ്മാണം: സുരക്ഷിതമായ ഭവനങ്ങളില്ലാത്ത മത്സ്യത്തൊഴിലാളികൾക്കായി ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

» തീരദേശ സംരക്ഷണം: തീരശോഷണം തടയുന്നതിനും, കടൽക്ഷോഭത്തിൽ നിന്ന് തീരദേശവാസികളെ സംരക്ഷിക്കുന്നതിനും വേണ്ടി പരിസ്ഥിതി സൗഹൃദപരമായ നിർമ്മാണങ്ങൾ ഏറ്റെടുക്കുക.

» സാമ്പത്തിക ശാക്തീകരണം: മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും വേണ്ടി നൈപുണ്യ വികസന പരിശീലനങ്ങൾ നൽകുകയും, സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

» ശുചിത്വ പരിപാലനം: തീരദേശ വാസസ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണം, ശുചിമുറി നിർമ്മാണം എന്നിവ ഉറപ്പാക്കി മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുക

» ഇതുകൂടാതെ കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആൻഡ് മാനേജ്മെന്റ്, സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, സംസ്ഥാന മത്സ്യവിത്തുല്പാദന കേന്ദ്രം തുടങ്ങിയവ ഉൾപ്പെടെ ഉള്ള സംവിധാനങ്ങൾ മത്സ്യമേഖലയുടെ വളർച്ചയ്ക്കായി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളാണ്.

6.6.5. മത്സ്യമേഖലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

1994 ലെ കേരളപഞ്ചായത്തീരാജ് ആക്ട് ഷെഡ്യൂൾ 3, 4, 5 പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾക്കും താഴെ പറയുന്ന മേഖലാ ചുമതലകളാണ് മത്സ്യമേഖലയുമായി ബന്ധപ്പെട്ട് നിഷ്കർഷിച്ചിട്ടുള്ളത്.

6.6.5.1. ഗ്രാമപഞ്ചായത്ത്

കുളങ്ങളിലെയും ടാങ്കുകളിലെയും ശുദ്ധജല/ഓരു ജല മത്സ്യകൃഷി വികസനം.

കടൽ മത്സ്യ വിഭവങ്ങളുടെ വികസനം
മത്സ്യവിത്ത് ഉൽപാദനം, വിപണനം
മത്സ്യബന്ധന യാനം, വല വിതരണം
മത്സ്യ വിപണനത്തിനുള്ള സഹായം
മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ
മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പിലാക്കൽ

6.6.6. ജനകീയാസൂത്രണവും മത്സ്യമേഖലയും- വെല്ലുവിളികൾ

» അപര്യാപ്തമായ ധന വിഹിതം: തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക അടങ്കൽ തുകയുടെ വളരെ ചെറിയൊരു ശതമാനം മാത്രമാണ് മത്സ്യമേഖലയുടെ വികസനത്തിനായി വകയിരുത്തുന്നത്.

» കുറഞ്ഞ ജനപങ്കാളിത്തം: ഗ്രാമസഭകളിൽ തീരദേശ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പങ്കാളിത്തം നന്നേ കുറവാണ്, ഇത് അവരുടെ ആവശ്യങ്ങൾ വേണ്ടത്ര പരിഗണിക്കപ്പെടാതെ പോകുന്നതിന് കാരണമാകുന്നു.

» പദ്ധതി രൂപീകരണത്തിലെ പങ്കാളിത്തക്കുറവ്: മത്സ്യമേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ ആശയ രൂപീകരണ ഘട്ടത്തിലും, തുടർ നിർവ്വഹണ പ്രക്രിയയിലും മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം തുലോം കുറവാണ്.

» നൂതന പദ്ധതികളുടെ അഭാവം: നൂതനവും ദീർഘകാല പ്രയോജനം ലഭിക്കുന്നതുമായ **(Long-Term/Sustainable)** പദ്ധതികൾക്ക് പകരം കേവലമായ പദ്ധതികൾ മാത്രമാണ് കൂടുതലും നടപ്പിലാക്കുന്നത്.

» വിഭവ സംരക്ഷണത്തിലെ അലംഭാവം: നിലവിലുള്ള പദ്ധതികളിൽ വിഭവ ചൂഷണത്തിലധിഷ്ഠിതമായവയ്ക്ക് പ്രാധാന്യം നൽകുമ്പോൾ, മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ഉതകുന്ന പദ്ധതികൾ അപര്യാപ്തമാണ്.

» മത്സ്യഭവനുകളുടെ അടിസ്ഥാന സൗകര്യ പോരായ്മ: മത്സ്യഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിലുള്ള പോരായ്മകൾ നിലനിൽക്കുന്നു.

» നിർവ്വഹണ ഉദ്യോഗസ്ഥരുടെ കുറവ്: പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി വേണ്ടത്ര ഉദ്യോഗസ്ഥരുടെ അഭാവം ഈ മേഖലയിലെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

6.6.7. ഇടപെടൽ സാധ്യതകൾ

» കടൽ, ഉൾനാടൻ മേഖലയിലെ മത്സ്യ സമ്പത്തിന്റെ സുസ്ഥിര പരിപോഷണം, ജൈവ വൈവിധ്യ സംരക്ഷണം, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുസ്ഥിരമായ ഉപജീവനം എന്നിവ ഉറപ്പു വരുത്തുകയായിരിക്കണം മത്സ്യ മേഖലാ വികസനത്തിലെ മുഖ്യ ലക്ഷ്യം.

» മത്സ്യോത്പാദനം, ഹാച്ചറി, മത്സ്യാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾ, വിപണനം, മത്സ്യമേഖലയിലെ സേവനങ്ങൾ, എന്നീ മേഖലകളിൽ തൊഴിൽ സംരംഭകത്വം

പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

» മത്സ്യ വിപണനം ആധുനികവൽക്കരിക്കുന്നതിനും അത് നടത്തുന്നവർക്കുള്ള അടിസ്ഥാന സൗകര്യം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

» മത്സ്യമേഖല ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനും പുനരധിവാസത്തിനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

» കണ്ടൽക്കാടുകൾ ഉൾപ്പെടെയുള്ള തീരസംരക്ഷണ ഉദ്യമങ്ങൾ പ്രോത്സാഹിപ്പിക്കണം.

» കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തം മുൻനിർത്തിയുള്ള മുൻകരുതൽ/ പ്രതിരോധ നടപടികൾക്ക് പ്രാധാന്യം നൽകണം.

» കൃഷി- അനുബന്ധ മേഖലകളുമായി ചേർന്ന് സംയോജിത പ്രോജക്ടുകൾ നടപ്പാക്കാം.

» ഉൽപ്പാദന മേഖലയുടെ ഭാഗമായ മത്സ്യബന്ധനത്തിന് വകയിരുത്തേണ്ട തുക കൃത്യമായി നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ മേഖലയ്ക്ക് അർഹമായ വിഹിതം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തണം.

» കൃഷി, മൃഗസംരക്ഷണം തുടങ്ങിയ അനുബന്ധ മേഖലകളുമായി സംയോജിപ്പിച്ച് **(Integrated Farming)** പദ്ധതികൾ നടപ്പിലാക്കണം

» മത്സ്യബന്ധന മേഖലയുടെ ദീർഘകാല താൽപര്യങ്ങൾ ബലി കൊടുക്കാതെ കടൽ മത്സ്യബന്ധന മേഖലയുടെ സങ്കീർണതകളും വൈകാരിക തലങ്ങളും സംയോജിപ്പിച്ച് പദ്ധതികൾ ആവിഷ്കരിക്കണം

» മത്സ്യസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം പദ്ധതി ആസൂത്രണം മത്സ്യസഭകളിൽ നിന്ന് ആരംഭിക്കണം

» മത്സ്യോത്പാദന വർദ്ധനവിനൊപ്പം മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്ന കാഴ്ചപ്പാടോടെ വികസന തന്ത്രങ്ങൾ ആവിഷ്കരിക്കണം

» മത്സ്യഗ്രാമങ്ങൾ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യമേഖലയ്ക്ക് പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം.

» മത്സ്യഭവനുകൾ ആവശ്യമായ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും നൽകി ശാക്തീകരണം.

» തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മത്സ്യഭവനും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തണം

» ഹൈസ്കൂൾ വിദ്യാർത്ഥികളായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് "മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രത്യേക ട്യൂഷൻ പദ്ധതി" **100%** സബ്സിഡി നൽകി നടപ്പിലാക്കണം.

» മത്സ്യാവശിഷ്ടങ്ങളിൽ **(Fish Waste)** നിന്ന് ഗുണമേന്മയേറിയ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

» മത്സ്യ കച്ചവടം നടത്തുന്നവരുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ശുചിയായ രീതിയിൽ മത്സ്യ വിപണനം നടത്തുന്നതിനും **Stainless Steel Fish Vending Table & insulated ice Box** പദ്ധതി നടപ്പിലാക്കാവുന്നതാണ്.

- » ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലത്തിൽ പഠനം നടത്തുന്ന മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് (വിശിഷ്യാ പെൺമക്കൾക്ക്) യാത്രാസൗകര്യം ഒരുക്കുന്നതിനും വ്യായാമം പ്രദാനം ചെയ്യുന്നതിനും ബൈ-സൈക്കിൾ നൽകുന്ന പ്രവർത്തങ്ങൾ ആവിഷ്ക്കരിക്കാവുന്നതാണ്.
- » മത്സ്യകൃഷിയും പച്ചക്കറി കൃഷിയും സംയോജിപ്പിച്ച് നടപ്പിലാക്കുന്ന അക്വാപോണിക്സ് പദ്ധതി നടപ്പിലാക്കാവുന്നതാണ്.
- » അക്വാടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
- » മത്സ്യകർഷകരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഇ-മാർക്കറ്റിംഗ് സംവിധാനം എന്നിവ ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുക.
- » മത്സ്യത്തൊഴിലാളിക്ക് ആവശ്യമായ എല്ലാ വിവരങ്ങളും **Android based** ആയ ആപ്ലിക്കേഷനിലൂടെ സമയാസമയങ്ങളിൽ അവരിലെത്തിക്കുക (കാലാവസ്ഥ, മത്സ്യ ലഭ്യത, വിവിധ ക്ഷേമപദ്ധതികൾ തുടങ്ങിയ എല്ലാ വിവരങ്ങളും).
- » കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിന് **Sea Safety and Navigational Equipments 100%** സബ്സിഡിയോടെ നൽകണം


6.6.8. മിഷൻ സമുദ്ര

കേരളത്തിന്റെ 600 കിലോമീറ്റർ തീരദേശം, രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങൾ, ഒരു കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ, 17 നോൺ മേജർ തുറമുഖങ്ങൾ മറ്റനേകം ജലസ്രോതസ്സുകൾ, തുടങ്ങിയ സാധ്യതകൾ സംയോജിപ്പിച്ച് അഞ്ചുവർഷത്തിനുള്ളിൽ കേരളത്തെ ലോക മാരിടൈം ഭൂപടത്തിൽ വൻ ശക്തിയായി ഉയർത്തുന്നതിനുള്ള പദ്ധതിയായ "മിഷൻ സമുദ്ര" നടപ്പിലാക്കും എന്നാണ് സർക്കാർ ബജറ്റിൽ പറഞ്ഞിട്ടുള്ളത്. കേരളത്തെ ഒരു പോർട്ട് സിറ്റിയായി വിഭാവനം ചെയ്ത് റോഡ്, സമുദ്രം, റെയിൽ, ഉൾനാടൻ ജലപാതകൾ, നിർമ്മാണ മേഖലകൾ, ഗ്രീൻഫീൽഡ് സിറ്റി, എന്നിവയെല്ലാം ബന്ധിപ്പിച്ചുകൊണ്ടുള്ള മാരിടൈം സമ്പദ് വ്യവസ്ഥയിലേക്ക് കേരളത്തെ മാറ്റുകയാണ് ലക്ഷ്യം.

കേരളത്തിന്റെ സമുദ്രസമ്പത്ത് പുതുയുഗ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുന്ന മെഗാ പദ്ധതിയാണ് മിഷൻ സമുദ്ര.

ലക്ഷ്യങ്ങൾ

- » **Blue Economy** വികസിപ്പിക്കുക.
- » മത്സ്യബന്ധനം ആധുനികവൽക്കരിക്കുക.
- » തീരദേശ ജനങ്ങളുടെ വരുമാനം വർധിപ്പിക്കുക.
- » പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.
- » മത്സ്യബന്ധന തുറമുഖ വികസനം.
- » മത്സ്യ കയറ്റുമതി.
- » സമുദ്ര ഗവേഷണം.
- » സമുദ്ര ടൂറിസം.



പ്രാദേശിക സാമ്പത്തിക വികസനം (LED)



7.1. പ്രാദേശിക സാമ്പത്തിക വികസനവും സംരംഭകത്വവും

കഴിഞ്ഞ കുറച്ചു പതിറ്റാണ്ടുകളിലായി കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള മാറ്റവും സാമ്പത്തിക രംഗത്ത് കൈവരിച്ച പുരോഗതിയും പ്രാഥമികമായും സേവന മേഖലയെ അമിതമായി ആശ്രയിച്ചു കൊണ്ടാണ് എന്ന് കാണാവുന്നതാണ്. സവിശേഷമായ ശ്രദ്ധ അർഹിക്കുന്നതും എന്നാൽ ഇതിനോട് ചേർത്തു വായിക്കാവുന്നതുമായ മറ്റൊരു മാറ്റം കേരളത്തിന്റെ തൊഴിലുത്പാദന മേഖലയുടെ മുരടിപ്പാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി, കേരളത്തിന്റെ കാർഷിക മേഖലയിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ ഇടിവ് പ്രസ്തുത മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ തോതിലും ഉണ്ടായിട്ടുണ്ട്. സ്വാഭാവികമായും വളർച്ച പ്രകടിപ്പിച്ചു കൊണ്ടിരുന്ന സേവനമേഖലയാണ് ഈ മാറ്റത്തിന്റെ പ്രാഥമിക തൊഴിൽദാതാവായി മാറിയത്. എന്നാൽ കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി വർധിച്ചു വരുന്ന തൊഴിലില്ലായ്മ സൂചിപ്പിക്കുന്നത് സേവന മേഖലയുടെ തൊഴിൽ ആഗിരണ ശേഷിയിൽ കുറവുണ്ടാകുന്നു എന്നതാണ്.

കേരളത്തിന്റെ സവിശേഷമായ സാമൂഹിക ചുറ്റുപാടിൽ, അഭ്യസ്ത വിദ്യരായ യുവാക്കളാണ് സംസ്ഥാനത്തെ വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ പ്രാഥമികമായി അനുഭവിക്കുന്നതെങ്കിലും മധ്യവയസ്ക്കർക്കിടയിലും തൊഴിലില്ലായ്മയുടെ നിരക്ക് വർധിച്ചു വരികയാണ്. പ്രവാസ ജീവിതം അവസാനിപ്പിച്ചുള്ളവരുടെ തിരിച്ചു വരവും, പൊതുവായ സംരംഭകത്വ മനോഭാവത്തിന്റെ അഭാവവും ഈ മാറ്റത്തിന് ആക്കം കൂട്ടുന്നു.

മേൽ സൂചിപ്പിച്ച തരത്തിലുള്ള വിവിധങ്ങളായ മാറ്റങ്ങൾ കേരളത്തിന്റെ സാമ്പത്തിക രംഗത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി ദൃശ്യമാണെങ്കിലും കേരള സാമ്പത്തിക മേഖല താരതമ്യേന മികച്ച വളർച്ച നിരക്ക് പ്രകടമാക്കുന്നുണ്ട്. ഉദാഹരണമായി 2022- 2023 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2023-2024 ൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിലുള്ള വളർച്ച 8.2% ആണ്. അഥവാ, കേരളം സാമ്പത്തിക വളർച്ചയുടെ പാതയിലാണ് മുന്നേറുന്നത്. എന്നാൽ, ടൂറിസം, ഇൻഫർമേഷൻ ടെക്ക്നോളജി, കൺസ്ട്രക്ഷൻ എന്നിവയെ ആശ്രയിച്ചു കൊണ്ടുള്ള ഈ വളർച്ച കേരളത്തിലെ ഏതാനും പ്രദേശങ്ങളിലായി കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്. വളർച്ചയുടെ ഈ കേന്ദ്രീകരണത്തെ ഇല്ലാതാക്കി കൊണ്ട് ജനാധിപത്യവത്ക്കരിക്കുകയും വളർച്ചയെ സ്ഥലീയമായി വിതരണം ചെയ്യുകൊണ്ട് പ്രാദേശിക സാമ്പത്തിക വികസനത്തിനാവശ്യമായ സാഹചര്യങ്ങളും സംഘടനാ രൂപങ്ങളും സൃഷ്ടിക്കുക എന്നത് പരമപ്രധാനമാണ്. പതിനാലാം പദ്ധതിയിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന് നൽകിയ പ്രത്യേക ഊന്നലും, 2022 ൽ സംസ്ഥാന സർക്കാർ പുറത്തിറക്കിയ പ്രാദേശിക സാമ്പത്തിക വികസന മാർഗ്ഗരേഖയും ഈ പ്രാധാന്യം കണക്കിലെടുത്തു കൊണ്ടുള്ളതാണ് (സ.ഉ. (കൈ) നം. 3/2023/LSGD, തീയതി 04/01/2023).

സേവന-അടിസ്ഥാന സൗകര്യ മേഖലകളിൽ ഒതുങ്ങി നിൽക്കുന്നതിനപ്പുറം പരിപൂർണ്ണമായി പ്രാദേശിക സാമ്പത്തിക വികസനത്തിലും തൊഴിലുത്പാദനത്തിലും ക്രിയാത്മകമായി ഇടപെടുന്ന രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മനോഭാവം മാറിയ കാലത്തെ ആവശ്യങ്ങളോട് ഒത്തുപോകുന്ന രീതിയിൽ മാറേണ്ടതുണ്ട്. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റുകളിലും ഫണ്ടുകളിലുമുള്ള അമിത ആശ്രിതത്വം കുറച്ചു കൊണ്ട്, ലഭ്യമായ പ്രാദേശിക വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിച്ചും പ്രാദേശിക സമ്പദ്ഘടനയിൽ യഥാസമയം ഇടപ്പെട്ടു കൊണ്ടും ചലിപ്പിച്ചു കൊണ്ടും തനത് വരുമാനം വളർത്താൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയേണ്ടതുണ്ട്. 2023 ൽ രൂപീകരിച്ച സംസ്ഥാന വ്യവസായ നയം, 2022-2023 സംരംഭക വർഷം, തദ്ദേശ സ്ഥാപനങ്ങളിൽ സംരംഭകത്വ പിന്തുണയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള വ്യവസായ വകുപ്പിന്റെ ഇന്റേൺമാർ, സംസ്ഥാന സർക്കാരിന്റെ **Ease of doing business** നയം, കെട്ടിട നിയമങ്ങളിലെ മാറ്റങ്ങൾ, എന്നിവയെല്ലാം ഈ അനിവാര്യമായ മാറ്റത്തിന് സഹായകമായ ഇടപെടലുകളാണ്. സൂക്ഷ്മ-ചെറുകിട സംരംഭങ്ങളായി കണക്കാക്കാനുള്ള നിക്ഷേപ- വിറ്റുവരവ് പരിധി നിബന്ധനകളിൽ ഉണ്ടായ മാറ്റവും പ്രസ്തുത സംരംഭങ്ങൾക്ക് സാങ്കേതിക വിദ്യ നവീകരണം, വ്യാപനം എന്നിവ ചെയ്യുന്നതിനുമാവശ്യമായ ക്രെഡിറ്റ് സാധ്യതകളിലേക്കു മാത്രമല്ല മറ്റനേകം ഇളവുകളിലേക്കും അവസരം തുറന്നിടുന്നു.

പ്രസ്തുത അനുകൂല സാഹചര്യങ്ങളെ ഫലപ്രദമായി ഉപയോഗിക്കാനും അതുവഴി ജനകേന്ദ്രീകൃതമായ പുരോഗതിക്കാവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും ആവശ്യമായ അഭിരുചിയും ഉൾക്കാഴ്ചയും പ്രാദേശിക ഭരണ സമിതികൾക്ക് ഉണ്ടാവേണ്ടതുണ്ട്. സ്വയം തൊഴിൽ- തൊഴിൽദായക സംരംഭങ്ങൾക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊണ്ട് പ്രാദേശിക തൊഴിൽ സന്നദ്ധതയും, സാധ്യതകളും കൂട്ടി വരുമാനം വർദ്ധിപ്പിക്കുക എന്നത് പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾ ലക്ഷ്യം വയ്ക്കുന്നു. അതിനാവശ്യമായ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധങ്ങളായ ഇടപെടൽ സാധ്യതകൾ ഉണ്ട്.

7.2. ഇടപെടൽ മേഖലകൾ

പുതിയ സ്വയംതൊഴിൽ- തൊഴിൽദായക സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതിനൊപ്പം തന്നെ വളർച്ചാ സാധ്യതയുള്ള നിലനിൽക്കുന്ന സംരംഭങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്നതും അവയുടെ ഗുണത ഉയർത്താനാവശ്യമായ സൗകര്യം ഒരുക്കുക എന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധ്യമായ പ്രവർത്തനങ്ങളാണ്. അതിനോടൊപ്പം പ്രാദേശിക തൊഴിൽ- നൈപുണ്യ വിടവുകൾ മനസ്സിലാക്കി കൊണ്ടും പ്രാദേശിക ആവശ്യങ്ങളെ പരിഗണിച്ചു കൊണ്ടും നൈപുണീ വികസനത്തിനുള്ള അവസരം തൊഴിലന്വേഷകർക്ക് ഒരുക്കുക, തൊഴിൽ അന്വേഷകരെയും തൊഴിൽദായകരെയും പരസ്പരം ബന്ധിപ്പിച്ചു കൊണ്ടുള്ള ഒരു പിന്തുണ സംവിധാനത്തിന് രൂപം നൽകുക, പ്രാദേശിക സാമ്പത്തിക വളർച്ചയ്ക്ക് അനുയോജ്യമായ ഒരു സംഘടനാരൂപം നൽകുക എന്നതെല്ലാം പ്രാദേശിക സർക്കാരുകൾക്ക് പ്രാദേശിക സമ്പത് വ്യവസ്ഥയിൽ ഫലപ്രദമായി ഇടപെടാനുള്ള അവസരം നൽകുന്നു.

സംരംഭക പിന്തുണയ്ക്കാവശ്യമായ വിവിധ പിന്തുണ സംഘടനാ രൂപങ്ങൾ ഇതിനോടകം തന്നെ ഉണ്ടായിരിക്കുമ്പോൾ തന്നെയും അവയുടെ ഫലപ്രാപ്തി നിരന്തരമായ വിലയിരുത്തലുകളും സജീവമായ ഇടപെടലുകളും കൂട്ടി ചേർക്കലുകളും ആവശ്യപ്പെടുന്നവയാണ്. സംരംഭകരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇടയിലുള്ള അകലം ലഘൂകരിക്കുന്നതിനായി പ്രാദേശിക സാമ്പത്തിക വികസന മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള തദ്ദേശ സ്ഥാപനതല സംരംഭക തൊഴിൽ വികസന കൗൺസിൽ, തദ്ദേശസ്ഥാപനങ്ങളിൽ നിന്നു ലഭിക്കേണ്ടുന്ന അനുമതികളും ഫയൽ നീക്കവും സമയാനുസൃതമായി നടപ്പിലാക്കുന്നതിന് രൂപീകരിക്കപ്പെട്ട ഹെൽപ്പ് ഡെസ്ക്കുകൾ എന്നിവ ഇതിനോടകം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ, സാമ്പത്തിക സഹായം, പുതിയ സാങ്കേതിക വിദ്യകൾ, സംരംഭക മാതൃകകൾ എന്നിവയെ സംബന്ധിച്ച ഉപദേശം നൽകുന്നതിന് വിദഗ്ദ സമിതികളും വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ, ബിസിനസ് പ്ലാനുകൾ എന്നിവ താരതമ്യേന കുറഞ്ഞ ചിലവിൽ തയ്യാറാക്കി നൽകുന്ന ബ്ലോക്ക് തല എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവയും ഇതിനോട് ചേർന്ന് പ്രവർത്തിക്കുന്നു. പ്രസ്തുത പിന്തുണ സംഘടന രൂപങ്ങളുടെ ഘടനയിലും പ്രവർത്തനത്തിലും നിലനിൽക്കുന്ന വിടവുകളെ കണ്ടെത്തുകയും അതുവഴി പ്രാദേശിക സാമ്പത്തിക വികസനത്തിനെ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യേണ്ടത് അതത് പ്രാദേശിക സർക്കാരുകൾ ആണ്.

7.3. സബ്സിഡികൾ/പിന്തുണകൾ

പതിനാലാം പദ്ധതി രേഖയോടെയാണ് പ്രാദേശിക സാമ്പത്തിക വികസനം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ അജണ്ടകളിലൊന്നായി കണക്കാക്കണമെന്നുള്ള വാദത്തിന് ശക്തിയേറുന്നത്. പതിനാലാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ വന്ന സമഗ്രമായ മാറ്റം ഇത് മുഖ്യ ലക്ഷ്യമായി കണക്കിലെടുത്തായിരുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾക്കും, പത്തിൽ കൂടുതൽ ആളുകൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന തൊഴിൽ ദായക സംരംഭങ്ങൾക്കും പ്രാദേശിക സർക്കാരുകൾക്ക് നേരിട്ട് സബ്സിഡി നൽകാം എന്ന നിർദ്ദേശം പതിനാലാം പദ്ധതിയോട് ചേർന്നു വന്ന ഒരു പ്രധാന മാറ്റം ആണ്. അതിന്റെ ഭാഗമായി മൊബൈൽ റെസ്റ്റോറന്റുകൾ, ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകൾ, കാർഷിക ഉത്പന്ന സംസ്കരണ യൂണിറ്റുകൾ, കുടുംബശ്രീ വിപണന സംവിധാനങ്ങൾ തുടങ്ങി വിവിധ തരം സ്വയം തൊഴിൽ/ഗ്രൂപ്പ് സംരംഭങ്ങൾക്കായി വ്യത്യസ്ത മാനദണ്ഡങ്ങളോടു കൂടിയ സബ്സിഡികൾ പദ്ധതി മുന്നോട്ടു വയ്ക്കുന്നു. ഇതിനു പുറമേ പത്തുലക്ഷം വരെയുള്ള ബാങ്ക് വായ്പകളിൽ ജനറൽ വിഭാഗത്തിന് പരമാവധി 6% ഉം പട്ടികജാതി/പട്ടിക വർഗ്ഗ/വനിത വിഭാഗങ്ങൾക്ക് പരമാവധി 8 ശതമാനവും പലിശ സബ്സിഡി 3 വർഷം വരെ ലഭ്യമാക്കാനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

7.3.1. നിർദ്ദേശിക്കപ്പെട്ടുള്ള പ്രധാന സബ്സിഡി/ഫണ്ട്/ഗ്രാന്റുകൾ;

- » **ടെക്നോളജി കൈമാറ്റ ഫണ്ട്:** കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് സംരംഭങ്ങൾക്ക് ആവശ്യമായ സാങ്കേതിക പിന്തുണ ഉറപ്പാക്കുന്നതിന് സാങ്കേതിക വിദ്യ വിലയുടെ 75% വരെ നൽകുകയും ചെയ്യുന്നതു വഴി സംരംഭങ്ങൾക്ക് സാങ്കേതികമായി പുരോഗതി പ്രാപിക്കുന്നതിനുള്ള പിന്തുണ.
- » **ടെക്ക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്:** സംരംഭങ്ങളിൽ നിലവിലുള്ള സാങ്കേതികവിദ്യ കാലാനുസൃതമായി നവീകരിക്കുന്നതിനും അതുവഴി സമാന ഉത്പന്നങ്ങളുടെ ഗുണനിലവാരത്തോട് ചേർന്നു പോകുന്നതിനും ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും യഥാക്രമം 5 ലക്ഷവും 10 ലക്ഷവും ധനസഹായം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്കും നഗര തദ്ദേശസ്ഥാപനങ്ങൾക്കും 15 ലക്ഷമാണ് ധനസഹായത്തിന്റെ പരിധി.
- » **ഇന്നവേഷൻ ഫണ്ട്:** സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങൾ ഉത്പന്നങ്ങളാക്കി മാറ്റാനുള്ള സാങ്കേതിക പിന്തുണയും ഗവേഷണ സഹായവും ലഭ്യമാക്കുന്നതിന് ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങൾ വഴി നൽകാവുന്ന സാമ്പത്തിക പിന്തുണയാണ് ഇന്നവേഷൻ ഫണ്ട്. ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 15 ലക്ഷം വീതവും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപയുമാണ് പരമാവധി നൽകാൻ സാധിക്കുന്നത്. ഗ്രാമപഞ്ചായത്തുകളുടെ ഇന്നൊവേഷൻ ഫണ്ട് പരിധി 5 ലക്ഷം ആണ്.
- » **ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്:** പ്രകൃതി ദുരന്തങ്ങൾ മുതലായ കാരണങ്ങളാൽ

നാശനഷ്ടം സംഭവിച്ച സംരംഭങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് അഞ്ചു ലക്ഷം രൂപ വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് പത്തു ലക്ഷം രൂപ വരെയും സാമ്പത്തിക പിന്തുണ നൽകാവുന്നതാണ്. നഗരസഭകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും 15 ലക്ഷം രൂപ വരെ ഈ ആവശ്യത്തിനായി നൽകാവുന്നതാണ്. നാശനഷ്ടങ്ങൾ പരിഹരിച്ചുകഴിഞ്ഞാൽ ടി തുക നിശ്ചിത ഗഡുക്കളായി തിരികെ ഈടാക്കേണ്ടതാണ്.

» **ഇൻക്യുബേഷൻ ഫണ്ട്:** സംരംഭകരുടെ ബിസിനസ് ആശയങ്ങൾ വിജയ സാധ്യത യുള്ള സംരംഭങ്ങളാക്കി വികസിപ്പിക്കുന്നതിന് സാങ്കേതിക സഹായം, ഗവേഷണ സഹായം, വിപണന സഹായം, മാനേജ്മെന്റ് സഹായം, മെന്റിംഗ് ഉൾപ്പടെയുള്ള വിവിധ ഇൻക്യുബേഷൻ പിന്തുണകൾ ലഭ്യമാക്കുന്നതിന് നൽകുന്ന സാമ്പത്തിക പിന്തുണ. ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷവും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷവും ജില്ലാ പഞ്ചായത്ത്, നഗരസഭ തുടങ്ങിയവയ്ക്ക് 15 ലക്ഷവും ആണ് പരിധി നിശ്ചയിച്ചിട്ടുള്ളത്.

ഇവയോടൊപ്പം, തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിക്കുള്ളിൽ പ്രവർത്തിച്ചിരുന്നതോ പ്രവർത്തിക്കുന്നതോ ആയ സംരംഭങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി വിനിയോഗിക്കാ വുന്ന സംരംഭക പുനരുജ്ജീവന ഫണ്ടും സീഡ് സപ്പോർട്ട് സ്കീമും പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

7.4. വേണ്ടതെന്ത്?

നിലവിൽ മികവോടെ ചെയ്തു വരുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് പുറമേ അനേകം പുതിയ ഉത്തരവാദിത്വങ്ങളും പ്രാദേശിക സർക്കാരുകൾക്ക് വന്നു ചേർന്നിരിക്കുകയാണ്. അവയിൽ പ്രധാനമായ ഒന്നാണ് പ്രാദേശിക സാമ്പത്തിക വികസനം. തനത് വരുമാനം വർദ്ധിപ്പിച്ചു കൊണ്ട് പ്രദേശത്തിന്റെ സാമ്പത്തിക ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള ഉപാധിയായും അതിനപ്പുറം പ്രദേശത്തെ സാമൂഹിക-സാമ്പത്തിക ആവശ്യങ്ങളെ ഫലപ്ര ദമായി അഭിമുഖീകരിക്കുന്നതിനുള്ള മാർഗ്ഗമായും പ്രാദേശിക സാമ്പത്തിക വികസനത്തെ മനസ്സിലാക്കുകയും അതിനാവശ്യമായ സംഘടനാ രൂപങ്ങളെ പ്രാദേശിക തലത്തിലും സംസ്ഥാനതലത്തിലും രൂപം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്.

ഒരു പ്രദേശത്തിനുള്ളിലെ സംരംഭകരെയും സംരംഭകത്വ താത്പര്യമുള്ളവരെയും കണ്ടെ ത്തി അവരെ പ്രാദേശിക സമ്പദ് വ്യവസ്ഥയിലേക്ക് കൂട്ടി ചേർക്കാനുള്ള ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകൾക്കുണ്ട്. നിലനിൽക്കുന്ന വിടവുകളെ തിരിച്ചറിഞ്ഞു കൊണ്ട് അതത്പ്രദേശത്തെ പ്രകൃതി വിഭവങ്ങളോടൊപ്പം മനുഷ്യവിഭവത്തെയും ഉൾച്ചേർക്കുന്ന സംരംഭക ആശയങ്ങളെ സമാഹരിക്കാനും അവർക്ക് തുടർച്ചയായ പിന്തുണ സംവിധാനം ഒരുക്കാനും നിലവിലുള്ള സംഘടനാ രൂപങ്ങൾ പൂർണ്ണാർത്ഥത്തിൽ ഫലപ്രദമല്ല. ഉദാഹര ണമായി പ്രൊജക്ട് റിപ്പോർട്ടുകൾ, ബിസിനസ് പ്ലാനുകൾ, എന്നിവ സംരംഭാശയങ്ങൾക്ക് തയ്യാറാക്കുന്നതിന് പലപ്പോഴും സാമ്പത്തിക പിന്തുണ ആവശ്യം വരാറുണ്ട്. അതിനെ അഭിസംബോധന ചെയ്യാനും തുടർച്ചയായ പിന്തുണ സംരംഭകർക്ക് ഉറപ്പാക്കാനും നിലവിലുള്ള പിന്തുണ സംവിധാനങ്ങൾ പര്യാപ്തമല്ല.

പ്രാദേശിക സമ്പദ്ഘടനയുടെ ചാലകങ്ങളെയും സാധ്യതകളെയും തിരിച്ചറിയാനാവശ്യമായ ഉൾക്കാഴ്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടെങ്കിൽ മാത്രമേ മേൽ സൂചിപ്പിച്ച വിടവുകളെ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. പ്രാദേശിക വിഭവങ്ങളെയും പ്രാദേശിക സമ്പദ്ഘടനയേയും ഫലപ്രദമായി കൂട്ടി ചേർക്കുക വഴി പ്രാദേശിക വിഷയങ്ങളായ തൊഴിലില്ലായ്മ, ജനങ്ങൾക്കിടയിലെ സാമ്പത്തിക- സാമൂഹിക അന്തരം മുതലായവയ്ക്ക് ഒരുത്തരം നൽകാൻ സാധിക്കുക മാത്രമല്ല, വിവിധങ്ങളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആകെത്തുകയായി സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കും ഒരുണർവ് നൽകാൻ പ്രാദേശിക സർക്കാരുകൾക്ക് സാധിക്കും. അഥവാ, സംസ്ഥാനതലത്തിലുള്ള സാമ്പത്തിക ചാലക ശക്തികളെ പ്രാദേശിക സവിശേഷതകൾ കൂടി കണക്കിലെടുത്തു കൊണ്ട് തങ്ങളുടെ പ്രദേശത്തേക്ക് ആഗിരണം ചെയ്യാനും, തിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യപരമായ മത്സരത്തിലൂടെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ ചലിപ്പിക്കുകയും ചെയ്യുന്ന ചാക്രിക വ്യവസ്ഥയിലൂടെ സംസ്ഥാനത്തിന്റെ ആകെ വികസനത്തിന് നേതൃത്വം നൽകാൻ പുതുതായി വരുന്ന പ്രാദേശിക സർക്കാരുകൾ സജ്ജമാകേണ്ടതുണ്ട്.

ഓരോ തദ്ദേശസ്ഥാപനവും അതാത് പ്രദേശത്തിന്റെ സാധ്യതകളെയും വിഭവങ്ങളും പരമാവധി പ്രയോജനപ്പെടുത്തി തൊഴിലും വരുമാനം സാമ്പത്തിക വളർച്ച നേടുവാനും പരിശ്രമിക്കണം. വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു സമഗ്ര വികസനം ലക്ഷ്യമിട്ടാണ് ഇവിടെ പ്രവർത്തിക്കേണ്ടത്. സംരംഭകർക്ക് അനുയോജ്യമായ പ്രോജക്ട് കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിനായി സംരംഭകത്വ തൊഴിൽ വികസന കൗൺസിലും സാങ്കേതിക സമിതിയും പ്രവർത്തിക്കേണ്ടതും പിന്തുണ നൽകേണ്ടതുമാണ്. കൂടാതെ തൊഴിലവസരങ്ങൾ കണ്ടെത്തി അനുയോജ്യമായ തൊഴിലന്വേഷകർക്ക് എത്തിക്കുകവഴി സാമൂഹ്യവും സാമ്പത്തികമായ വളർച്ച നേടാനാകും.

7.4.1. പ്രാദേശിക വികസന സംരംഭകത്വം– ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രത്യേക പങ്ക്

പ്രാദേശിക സാമ്പത്തിക വികസനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വലിയ പങ്കു നിർവഹിക്കാൻ കഴിയുന്നതാണ്. സംരംഭക സാധ്യതകൾ കണ്ടെത്തി വിപുലീകരിക്കുന്നതിലും പുതിയ ആശയങ്ങൾ സാങ്കേതികവിദ്യകളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനും കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട് ഇക്കാര്യങ്ങൾക്ക് ആവശ്യമായ സൗകര്യമൊരുക്കാൻ വേണ്ടത്ര ശ്രദ്ധ ചെലുത്തുവാൻ സാധ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ ഓരോ തദ്ദേശസ്ഥാപനം മുൻഗണന നൽകേണ്ടതാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലും അവർക്ക് മാർഗനിർദേശങ്ങൾ നൽകുന്നതിന് സംരംഭകത്വ തൊഴിൽ വികസന കൗൺസിലും സാങ്കേതിക സമിതിയും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്. സാങ്കേതിക സ്ഥാപനങ്ങളേയും വിദഗ്ധന്മാരേയും ഉൾപ്പെടുത്തി പരിശീലനം പിന്തുണ സംവിധാനം എന്നിവ ഒരുക്കുന്നതിൽ ഒരു സ്ഥിരം സംവിധാനം ഒരുക്കാവുന്നതാണ്.

തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്ന രീതിയിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിച്ചും ഉൽപാദന സേവനമേഖലകളിൽ സംയോജന സാധ്യത കൂടുതൽ കണ്ടെത്തി

പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൃഷി, മൃഗസംരക്ഷണം മത്സ്യമേഖലകളെ സംയോജിപ്പിച്ചു കൊണ്ടുള്ള സംരംഭക സാധ്യതകൾ വികസിപ്പിക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ പഞ്ചായത്തുകളെ ഉൾച്ചേർത്തുള്ള പദ്ധതികൾ വിഭാവന ചെയ്തു നടപ്പാക്കാം ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളെ ഇത്തരത്തിൽ സംയോജിത സംരംഭങ്ങളായി വികസിപ്പിക്കേണ്ടതാണ്. ഈ മേഖലയിലെ മാറ്റങ്ങൾക്കും വികസനത്തിനും അനുസൃതമായി പരിശീലനങ്ങൾ, ഏകോപന പ്രവർത്തനങ്ങൾ എന്നിവ നിരന്തരം നടത്തുവാൻ തക്ക രീതിയിൽ ഒരു സ്ഥിരം സംവിധാനം ഒരുക്കേണ്ടതാണ്. വിവിധ സംസ്ഥാന/കേന്ദ്ര, വകുപ്പ് തല പദ്ധതികളെ ഇതുമായി ബന്ധപ്പെടുത്തി നടപ്പാക്കാവുന്നതാണ്. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന സംരംഭങ്ങൾക്ക് ഉപയുക്തമാകുന്ന രീതിയിൽ ഒരു കോമൺ ഫെസിലിറ്റേറ്റർ സെന്റർ, പൊതു തൊഴിലിടം, മിനി വ്യവസായ പാർക്ക്, ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കാവുന്നതാണ്.

വിഭവ ശേഖരണം (അസംസ്കൃത വസ്തുക്കൾ, മത്സ്യവിഭവശേഷി), സാങ്കേതിക പിന്തുണ, ഉത്പ്പാദക ഘടകങ്ങൾ ഒരുക്കൽ, സംസ്കരണം ബ്രാന്റിംഗ്, പാക്കിംഗ്, മാർക്കറ്റിംഗ് എന്നീ മേഖലയിൽ പിന്തുണാ സംവിധാനം ഉറപ്പുവരുത്തണം. കൃഷി, മൃഗസംരക്ഷണം, മത്സ്യ മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഇതിലൂടെ കൂടുതൽ ലാഭകരമായ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ സൃഷ്ടി സാദ്ധ്യമാക്കുന്നു. ഉൽപ്പാദന മേഖലകളിലെ സേവന സാധ്യതകളും കൂടുതൽ മൂല്യവർദ്ധിതമാക്കി മാറ്റി ഉയർന്ന വരുമാനം ഉറപ്പാക്കുവാൻ ശ്രമിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ നൈപുണി പരിശീലനങ്ങളിലൂടെ നേടിയെടുക്കാൻ പ്രാപ്തമാകുന്ന രീതിയിൽ നൈപുണി വികസന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

ഉൽപ്പാദന മേഖലയിൽ ഉൽപ്പാദന ക്ഷമത ഉയർത്തുന്നതിനായി ഹൈബ്രിഡ് വിത്തുകൾ, നടീൽ വസ്തുക്കൾ, സാങ്കേതികവിദ്യകൾ, സംഘടനാരൂപങ്ങൾ, യന്ത്രവൽക്കരണം, തൊഴിൽ ബാങ്കുകൾ, ആധുനികവൽക്കരണ സംവിധാനങ്ങൾ, ജലവിഭവ മാനേജ്മെന്റ്, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സാദ്ധ്യത കണ്ടെത്തൽ എന്നിവയിൽ ഊന്നിയുള്ള സംരംഭങ്ങൾക്ക് രൂപം നൽകാം. അതോടൊപ്പം ഒരേ തരം സംരംഭങ്ങളുടെ ക്ലസ്റ്ററിംഗ്, കോമൺ ഫെസിലിറ്റി സെന്റർ, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, സാങ്കേതികവിദ്യ ഉത്പന്ന വൈവിധ്യവൽക്കരണം, ആധുനിക വിപണന രീതികൾ, സംരംഭക പിന്തുണ സംവിധാനം ഒരുക്കൽ എന്നിവയ്ക്ക് കൂടി വേണ്ടത്ര ശ്രദ്ധ നൽകേണ്ടതാണ്. നൂതനാശയങ്ങൾ, നൂതന ഉൽപ്പന്നങ്ങൾ, പുതിയ കാലഘട്ടത്തിന് അനുസൃതമായ സേവന സംരംഭങ്ങൾ, പുതിയ സംരംഭക കൂട്ടായ്മകൾ, തനത് ഉൽപ്പന്നങ്ങൾ കണ്ടെത്തി വികസിപ്പിക്കുക, ടൂറിസം മേഖലയിലെ പുതിയ സാധ്യതകൾ കൂടി ഇതിനോടൊപ്പം വികസിപ്പിക്കുക കൂടി ചെയ്താൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്.

ടൂറിസം, ഐടി, വ്യവസായം, ലോജിസ്റ്റിക്സ്, മിനി വ്യവസായ പാർക്കുകൾ, ഭക്ഷ്യസംസ്കരണം, ലോജിസ്റ്റിക്സ്, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ കൂടുതൽ സംരംഭ സാധ്യതകൾ വളർത്തിയെടുക്കാവുന്നതാണ്.

7.5. പ്രാദേശിക വികസന സംരംഭകത്വം- ജില്ലാ പഞ്ചായത്തുകളുടെ പങ്ക്

സംരംഭക വികസന മേഖലയിൽ ജില്ലാ പഞ്ചായത്തുകൾക്ക് കാര്യക്ഷമമായി ഇടപെടാൻ കഴിയും. ജില്ലയ്ക്ക് പൊതുവേയും പ്രാദേശികവുമായുള്ള സാധ്യതകൾ കണ്ടെത്തി അവയുടെ സംരംഭം സാധ്യതകൾ പരിശോധിച്ച് ആവശ്യമായ സംഘടന സംവിധാനം ഒരുക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

ജില്ലാതലത്തിൽ ലഭ്യമായിട്ടുള്ള എല്ലാ സാങ്കേതിക വൈജ്ഞാനീക സ്ഥാപനങ്ങളെയും വിവിധ സാങ്കേതിക സർവ്വകലാശാലകളേയും വ്യവസായ വാണിജ്യ കൗൺസിലുകളെയും സ്ഥാപനങ്ങളെയും മറ്റു ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളെയും ചേർത്ത് ഒരു ജില്ലാതല നൂതന സാങ്കേതിക വൈജ്ഞാനിക സംരംഭക കേന്ദ്രം ആരംഭിക്കുകയും കാലത്തിന്റെ ഗതികൾക്ക് അനുസൃതമായി സാങ്കേതിക തലത്തിലും മാനേജ്മെന്റ് തലത്തിലും വിപണിയിലും വൈജ്ഞാനിക തലത്തിലും അനുയോജ്യമായ മാറ്റങ്ങൾ കൊണ്ടുവരാനും അതിനനുസരിച്ച് സംരംഭ സാധ്യത ക്രമീകരിക്കാനും ഈ ജില്ലാതല നൂതന സാങ്കേതിക വൈജ്ഞാനിക സംരംഭക കേന്ദ്രത്തിന് കഴിയണം.

സംരംഭകത്വം വികസിപ്പിക്കുന്ന യുവജനങ്ങളെ പ്രത്യേകിച്ച് അഭ്യസ്തവിദ്യരായ യുവാക്കളെ കണ്ടെത്തുന്നതിന് വ്യക്തമായ ഇടവേളകളിൽ നിക്ഷേപ സംഗമങ്ങൾ വിളിച്ചു ചേർക്കുന്നതിനുള്ള ഇടപെടലുകൾ ജില്ലാ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇത്തരം നിക്ഷേപ സംഗമങ്ങളിൽ വാണിജ്യ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനമായ നിയമങ്ങളും ചട്ടങ്ങളും മറ്റ് അനുബന്ധ വിഷയങ്ങളെക്കുറിച്ചും ചർച്ചയും അവബോധ പ്രവർത്തനങ്ങളും ഒരുക്കുവാൻ പദ്ധതികൾ ഉണ്ടാകേണ്ടതാണ്.

7.5.1. മികച്ച സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കൽ

ജില്ലയിൽ പ്രാദേശികമായും പൊതുവിലും സംരംഭക സൗഹൃദമായ ഒരു തദ്ദേശഭരണ സംവിധാനമാണ് വേണ്ടത്. നൂതന ആശയങ്ങളുമായി വരുന്ന ഒരു നിക്ഷേപകന് തന്റെ സംരംഭം പരിപൂർണ്ണ വിജയം കൈവരിക്കുന്നതുവരെ ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും കാഴ്ചപ്പാടുകൾ സംരംഭക അനുകൂല മനോഭാവം ഉണ്ടാക്കിയെടുക്കാൻ ആവശ്യമായ പ്രത്യേക പരിശീലനങ്ങളും ഈ തലത്തിൽ ആവിഷ്കരിക്കേണ്ടതുണ്ട്. ജില്ലാ പഞ്ചായത്തുകളിൽ സംരംഭകത്വം ഹെൽപ്പ് ഡെസ്കുകൾ എന്നൊരു സ്ഥിരം സംവിധാനത്തെ കുറിച്ച് ആലോചിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ, സംരംഭകർ, തൊഴിൽ അന്വേഷികർ, എന്നിവർക്ക് ആവശ്യമായ നൂതന സാങ്കേതിക വൈജ്ഞാനിക അക്കാദമിക പിന്തുണ നൽകാൻ ഇത്തരം സംവിധാനങ്ങളിലൂടെ കഴിയണം.

7.5.2. ജില്ലാതല മാതൃക സംരംഭക പദ്ധതികൾ

ഗ്രാമപഞ്ചായത്തുകളുടെ അതിർവരമ്പുകൾ ഒഴിവാക്കി ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വിവിധ സംരംഭക വികസന മാതൃക പദ്ധതികൾക്ക് പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കാൻ അവസരം ഉണ്ടാക്കണം. ഇത്തരത്തിൽ താഴെ കാണുന്ന മേഖലകളിൽ

ഇടപെടലുകൾ നടത്താവുന്നതാണ്

1. **ODOP (One District One Product):** ജില്ലയ്ക്ക് ഏറ്റവും അനുയോജ്യമായ വിഭവസ്രോതസ്സിനെ അടിസ്ഥാനമാക്കി ഉൽപ്പന്നങ്ങളുടെ ഒരു സംരംഭ രൂപീകരണം
2. ഹോസ്പിറ്റലുകളിലെ ഫർണിച്ചറുകളും ഉൽപ്പന്നങ്ങളുടെ നിർമ്മാണവും സേവനവും നൽകുന്ന ഒരു സംരംഭം ആരംഭിക്കാവുന്നതാണ്
3. **ഡിജിറ്റൽ ഹബും വർക്ക് നിയർ ബൈ ഹോം:** മാറുന്ന കാലഘട്ടത്തിന്റെ സ്പന്ദനം തിരിച്ചറിഞ്ഞ് നിർമ്മിത ബുദ്ധിയുടെയും മെഷീൻ ലേണിങ്ങിനെയും മറ്റു വിവരസാങ്കേതികവിദ്യ (ICT) ഉപയോഗങ്ങളേയും മുൻനിർത്തി ജില്ലയിൽ ഡിജിറ്റൽ ഹബുകൾ പോലുള്ള സംവിധാനങ്ങളും ഓൺലൈൻ സാധ്യതകൾ മെച്ചമായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയും വിധം കൂടുതൽ ഉയർന്നതും കാര്യക്ഷമവും ആയ നെറ്റ്വർക്ക്/ഇന്റർനെറ്റ് സൗകര്യങ്ങൾ, Clouding സംവിധാനങ്ങളും ഒരുക്കുന്നവർക്ക് നിയർഹോം പദ്ധതികളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ തുടക്കം കുറിക്കാവുന്നതാണ്
4. ഫുഡ് പാർക്കുകളും വ്യവസായ പാർക്കുകളും: ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ വലിയ വ്യവസായ വാണിജ്യം ഇടങ്ങൾ ഒരുക്കുന്നതിന് പ്രത്യേകം സ്ഥലവും അടിസ്ഥാന സൗകര്യവും ഒരുക്കി കൊടുക്കുന്നതുകൊണ്ട് നിക്ഷേപകരെ ആകർഷിക്കുന്ന തരത്തിൽ വ്യവസായ പാർക്കുകൾ തുടങ്ങാവുന്നതാണ്. കൂടാതെ ഭക്ഷ്യ സംസ്കരണത്തിനും ശേഖരണത്തിനും മൂല്യ വർദ്ധന ഉൽപ്പന്നങ്ങൾക്കുവേണ്ടി പ്രത്യേകമായി ഫുഡ് പാർക്കുകളും ജില്ലാതലത്തിൽ ആരംഭിച്ചുകൊണ്ട് വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഇതിനു വേണ്ടി പ്രത്യേകം ക്ലസ്റ്ററുകൾ രൂപീകരിക്കാവുന്നതാണ്.
5. **ടൂറിസം സംരംഭങ്ങൾ:** ജില്ലാ പഞ്ചായത്തിനു ജില്ലയുടെ ടൂറിസം സാധ്യതകൾ തിരിച്ചറിഞ്ഞ് കൃത്യമായ ഒരു ടൂറിസം വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാനും ഇതുവഴി എല്ലാത്തരം ടൂറിസം സംരംഭങ്ങൾക്ക് പ്രയോജനകമായ ഇടപെടൽ നടത്താവുന്നതാണ്. ജില്ലാതല ടൂറിസം സംരംഭങ്ങൾ കൂടുതൽ കാര്യക്ഷമായി നടത്തുവാൻ തക്ക ഇടപെടലുകളും സാമ്പത്തിക അടിസ്ഥാന സൗകര്യ വികസനം, ട്രാൻസ്പോർട്ടിങ്, മാർക്കറ്റിംഗ്, ഹോംസ്റ്റേ, ഹെൽത്ത് ടൂറിസം എന്നീ മേഖലകളിൽ നടത്താവുന്നതാണ്.
6. **ലോജിസ്റ്റിക് കേന്ദ്രങ്ങൾ:** കേരളത്തിൽ വളർന്നു വരുവാൻ ഏറ്റവും സാധ്യതയുള്ള മേഖലയായി ലോജിസ്റ്റിക് വളർന്നിട്ടുണ്ട് കൃത്യമായി ലോജിസ്റ്റിക് സംവിധാനം കൂടി ഒരുക്കേണ്ടതുണ്ട്. ആവശ്യമായതും ലഭ്യമായതുമായ വസ്തുക്കളുടെ ലഭ്യത തുടർച്ചയായി ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സ്റ്റോറേജ് സൗകര്യങ്ങളും കൃത്യമായ സമയങ്ങളിൽ അവ ലഭ്യമാക്കേണ്ട ഇടങ്ങളിൽ അവ ലഭ്യമാക്കാൻ ഇത്തരം ലോജിസ്റ്റിക് കേന്ദ്രങ്ങൾ സഹായകമാകുന്നു.

ഉൽപ്പാദന മേഖലയിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുവാൻ ജില്ലാപഞ്ചായത്തിന് കഴിയേണ്ടതാണ്. ഓരോ ജില്ലയിലും നിലവിലുള്ള ഫാമുകൾ കാര്യക്ഷമമായി ഉപയോഗപ്പെ

ടുത്തി കൊണ്ട് ആധുനിക ഹൈബ്രിഡ് വിത്തുകൾ, നടീൽ വസ്തുക്കൾ, സാങ്കേതികയിനം പുതിയ സാങ്കേതികവിദ്യകൾ എന്നിവ ഉപയോഗപ്പെടുത്തി സംരംഭം സാധ്യതകൾ ഉയർത്താവുന്നതാണ്. മൂഗസംരക്ഷണം, മത്സ്യമേഖലയെ കൂടി ഉൾപ്പെടുത്തി വൈവിധ്യവൽക്കരണം സാധ്യമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

സംരംഭങ്ങളുടെ ക്ലസ്റ്ററിംഗ്-ജില്ലാതല ഫെഡറേഷൻ- കോമൺ ഫെസിലിറ്റി സെന്റർ -അസംസ്കൃത വസ്തുക്കളുടെ സംഭരണം, സംസ്കരണം, വിതരണം എന്നിവയ്ക്കുള്ള പിന്തുണ സംവിധാനങ്ങൾ ഉൽപ്പന്ന വൈവിധ്യവൽക്കരണം എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓരോ ജില്ലയുടെയും സവിശേഷത കണക്കിലെടുത്ത് പരമാവധി സംരംഭങ്ങൾ ഉത്പാദന-സേവന മേഖലകളിൽ ആരംഭിച്ചു പ്രവർത്തനക്ഷമമാക്കാൻ തക്ക രീതിയിൽ ഒരു സംരംഭക സൗഹൃദ ജില്ലയായി മാറേണ്ടതാണ്.



പശ്ചാത്തല വികസനം, മരാമത്ത് പ്രവൃത്തികൾ, ആസ്തി പരിപാലനം



8.1. പൊതുമരാമത്ത് പ്രവൃത്തികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാദേശിക പശ്ചാത്തല വികസന പ്രവർത്തനങ്ങൾ ഭൂരിഭാഗവും നടപ്പിലാക്കുന്നത് വകുപ്പ് എൻജിനീയറിങ് വിഭാഗമാണ്. പൊതുമരാമത്ത്, ഇറിഗേഷൻ, വാട്ടർ അതോറിറ്റി തുടങ്ങിയ മറ്റു വകുപ്പുകൾ ഏറ്റെടുത്ത് നടത്തിയിരുന്ന വികസന പ്രവർത്തനങ്ങൾ 2008 ൽ എൻജിനീയറിങ് വിഭാഗം രൂപീകരിച്ചത് വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നിർവഹണം നടത്താൻ ആരംഭിച്ചു. മറ്റു വകുപ്പുകൾ മുഖേന ഇപ്പോഴും പൊതുമരാമത്ത് പ്രവർത്തികൾ നിർവ്വഹിക്കാൻ ഡെപ്പോസിറ്റ് പ്രവൃത്തികൾ വഴി സാധ്യമാണെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലും നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിന് എൻജിനീയറിങ് വിഭാഗത്തിന്റെ രൂപീകരണം നല്ല രീതിയിൽ സഹായിച്ചിട്ടുണ്ട്. മൊത്തം പദ്ധതി വിഹിതത്തിന്റെ നല്ലൊരു പങ്കും മരാമത്ത് പണികൾ ഉൾപ്പെട്ട വികസന പ്രവർത്തനങ്ങൾക്കാണ് തദ്ദേശസ്ഥാപനങ്ങൾ വിനിയോഗിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ 30 മുതൽ 60

ശതമാനം വരെയും ബ്ലോക്ക് പഞ്ചായത്തുകളിൽ 25 മുതൽ 50 ശതമാനം വരെയും ജില്ലാ പഞ്ചായത്തുകളിൽ 45 മുതൽ 65 ശതമാനം വരെയും വരുന്ന പദ്ധതി തുക മരാമത്തു പ്രവൃത്തികൾക്കായാണ് ചെലവഴിക്കുന്നത്. ആയതിനാൽത്തന്നെ ഈ പ്രവൃത്തികൾ ശാസ്ത്രീയവും ജനോപകാരപ്രദവും അഴിമതിരഹിതവും, ഗുണമേന്മയോടും, കാര്യക്ഷമവും സമയബന്ധിതവുമായി നിർവഹിക്കുന്നതിനു പഞ്ചായത്തുകൾക്ക് ഉത്തരവാദിത്തമുണ്ട്.

അധികാരവികേന്ദ്രീകരണം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ, റോഡുകൾ, കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ, മാലിന്യ സംസ്കരണ പദ്ധതികൾ, മണ്ണ്, ജലസംരക്ഷണം തുടങ്ങിയവയുടെ നിർമ്മാണവും പരിപാലനവും ആണ് പ്രധാനമായും പൊതുമരാമത്ത് പ്രവർത്തികളിൽ ഉൾപ്പെടുന്നത്. ഉൽപാദന, സേവന, പശ്ചാത്തല മേഖലകളിലാണ് നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നത്. ചീഫ് എൻജിനീയർ മുതൽ താഴെത്തട്ടിലുള്ള ഓവർസിയർ വരെയുള്ള ഉദ്യോഗസ്ഥരാണ് മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. എം.പി, എം. എൽ.എ എന്നിവർ നിർദ്ദേശിക്കുന്ന പ്രവർത്തികളും, കിഫ്ബി, റീബിൽഡ് കേരള, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, ദുരന്തനിവാരണം, ശുചിത്വ മിഷൻ തുടങ്ങി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിർദ്ദേശിക്കുന്ന മരാമത്ത് പ്രവർത്തികളും പ്രാദേശിക തലത്തിൽ നടപ്പിലാക്കുന്നത് തദ്ദേശസ്ഥാപനങ്ങൾ വഴിയാണ്. **VB-G RAM G** പദ്ധതിയിലൂടെയും ഗ്രാമപഞ്ചായത്തുകളിൽ മരാമത്ത് പ്രവർത്തികൾ നടന്നു വരുന്നുണ്ട്. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളിൽ എൻജിനീയറിങ് വിഭാഗത്തിന്റെ മേൽനോട്ടം വികസനകാര്യ സ്ഥിരം സമിതിയും ജില്ലാ പഞ്ചായത്തിൽ മരാമത്ത് സ്ഥിരം സമിതിയും വഹിക്കുന്നു.

8.1.1. മേഖല തിരിച്ചുള്ള പ്രവർത്തികൾ

8.1.1.1. ഉല്പാദന മേഖല

- » ചെറുകിട ജലസേചന പ്രവർത്തികൾ
- » മണ്ണ് സംരക്ഷണ പ്രവർത്തികൾ
- » മഴവെള്ള സംരക്ഷണം
- » മാലിന്യ സംസ്കരണം
- » ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിർമ്മാണം
- » ഭൂജലപരിപോഷണം
- » കൃഷിഭവൻ, മൃഗാശുപത്രി, കെട്ടിട നിർമ്മാണവും പരിപാലനവും
- » തോടുകൾ, കിണറുകൾ, കുളങ്ങൾ നിർമ്മാണവും പരിപാലനവും

8.1.1.2. സേവനമേഖല

- » ആശുപത്രികൾ
- » വിദ്യാലയങ്ങൾ
- » അങ്കണവാടികൾ
- » സാംസ്കാരിക നിലയങ്ങൾ

- » സാമൂഹ്യക്ഷേമ കേന്ദ്രങ്ങൾ
- » കുടിവെള്ള പദ്ധതികൾ
- » കുടിവെള്ള കിണറുകൾ
- » വൈദ്യുത ലൈൻ
- » ശ്മശാനങ്ങൾ
- » മൂത്രപ്പുര, കക്കൂസ്
- » കളിസ്ഥലം
- » നീന്തൽകുളങ്ങൾ

8.1.1.3. പശ്ചാത്തല മേഖല

ഉത്പാദന, സേവന മേഖലയിൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾ, റോഡുകൾ, പാർശ്വഭിത്തികൾ

8.2. മരാമത്ത് പ്രവർത്തികളുടെ വിവിധ ഘട്ടങ്ങൾ

(കേരള പഞ്ചായത്തീരാജ് ആക്ട്- 1994, കേരള പഞ്ചായത്തീരാജ് പൊതുമരാമത്ത് പണികൾ ചട്ടം- 1997)

8.2.1. പദ്ധതി രൂപീകരണം- ഭരണാനുമതി

ഗ്രാമസഭകളിൽ നിന്നും വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി തദ്ദേശസ്ഥാപന ഭരണസമിതി തീരുമാനിക്കുന്ന പദ്ധതികളാണ് തദ്ദേശ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. സ്ഥലത്തിന്റെ ലഭ്യതയും, ഉടമസ്ഥാവകാശവും, കൈവശവും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രവും ലഭ്യമാക്കിയശേഷമേ പദ്ധതികൾ ഏറ്റെടുക്കാവൂ. എൻജിനീയറിങ് വിഭാഗം തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് അനുസരിച്ചുള്ള തുക വകയിരുത്തി പദ്ധതികൾ രൂപീകരിക്കുന്ന ചുമതല വർക്കിംഗ് ഗ്രൂപ്പിനാണ്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറായ എൻജിനീയറാണ് സുലേഖ അപ്ലിക്കേഷനിൽ ഡാറ്റ എൻട്രി നടത്തി പദ്ധതികൾ തയ്യാറാക്കേണ്ടത്. ഇങ്ങനെ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഓരോ പദ്ധതിക്കും വകയിരുത്തുന്ന തുക, തുക വകയിരുത്തുന്ന വിഭാഗം, നിർവ്വഹണ രീതി, നിർമ്മാണത്തിന്റെ വിശദാംശങ്ങൾ (നീളം, വീതി, വിസ്തീർണ്ണം തുടങ്ങിയവ) നേട്ടം, ആവശ്യം വേണ്ട രേഖകൾ, പദ്ധതി ഉൾപ്പെടുന്ന മേഖല, നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങൾ, തുടങ്ങിയവയുടെ വിശദാംശങ്ങൾ അതിൽ ഉൾപ്പെടുത്തണം തയ്യാറാക്കുന്ന പദ്ധതികൾ തദ്ദേശസ്ഥാപന ഭരണസമിതിയുടെ അംഗീകാരത്തിന് ശേഷം ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിക്കായി സമർപ്പിച്ച് അനുമതി ലഭ്യമാക്കിയതിനുശേഷം ആണ് വാർഷിക പദ്ധതി അന്തിമമാക്കുന്നത്. തദ്ദേശസ്ഥാപന ഭരണസമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതിയായി കണക്കാക്കുന്നത്.

ഗ്രാമപഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് 25,000 രൂപ വരെയും ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് 50,000 രൂപ വരെയും ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ഒരു ലക്ഷം രൂപ വരെയും ഉള്ള പ്രവൃത്തികൾക്ക്

ഭരണാനുമതി നൽകാമെന്ന് മരാമത്ത് ചട്ടം, ചട്ടം 4 ൽ പറയുന്നുണ്ട്. ഭരണസമിതിക്ക് ഇക്കാര്യത്തിൽ പരിധിയില്ല.

8.2.1.1. വിശദമായ എസ്റ്റിമേറ്റ്- സാങ്കേതിക അനുമതി

ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് തദ്ദേശസ്ഥാപനത്തിലെ നിർവഹണ ഉദ്യോഗസ്ഥനായ എൻജിനീയറുടെ നേതൃത്വത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണം പദ്ധതിയിൽ ചെയ്യേണ്ട ഓരോ തരം പ്രവർത്തിയുടെയും അളവുകൾ പരിശോധന നടത്തി തയ്യാറാക്കുകയും ഭരണാനുമതി തുകയിൽ അധികരിക്കാതെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും വേണം. വിശദമായ എസ്റ്റിമേറ്റിനോടൊപ്പം സൈറ്റ് പ്ലാൻ, വിശദമായ ഡ്രോയിങ്ങുകൾ, പ്രവർത്തിയെകുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട്, ആസ്തി രജിസ്റ്ററിന്റെ പകർപ്പ് എന്നിവ ഉൾപ്പെടുത്തണം. പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ട് വകയിരുത്തിയിട്ടുള്ള പദ്ധതിയാണെങ്കിൽ പട്ടികജാതി വികസന ഓഫീസർ അംഗീകരിച്ച ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ കൂടി ഉൾപ്പെടുത്തണം. PRICE സോഫ്റ്റ്വെയർ അപ്ലിക്കേഷൻ വഴിയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ തൊട്ടുമുകളിലുള്ള ഉദ്യോഗസ്ഥർ പരിശോധിച്ചു അംഗീകരിക്കുന്നതിനെയാണ് സാങ്കേതിക അനുമതി ലഭ്യമാക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് മാനുവൽ, പഞ്ചായത്ത് രാജ് ആക്ട് എന്നിവയിൽ പറയുന്ന മാർഗ്ഗനിർദേശങ്ങൾക്കനുസൃതമായാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അംഗീകരിക്കേണ്ടത്. റോഡ് പ്രവർത്തികൾക്കായി MORD, MORTH സ്പെസിഫിക്കേഷനുകളും കെട്ടിടത്തിനായി DAR സ്പെസിഫിക്കേനുകളും ആണ് ഉപയോഗിക്കേണ്ടത്. കാലാകാലങ്ങളിൽ പുതുക്കുന്ന DSR (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ്) നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവ അനുസരിച്ചാണ് എസ്റ്റിമേറ്റ് നിരക്കുകൾ തീരുമാനിക്കുന്നത്. 2021 ലെ DSR നിരക്കാണ് ഇപ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഉപയോഗിക്കുന്നത്.

വിവിധ എഞ്ചിനീയർമാരുടെ സാങ്കേതികാനുമതി പരിധി സ.ഉ (കൈ) നം.86/2022/തസ്വഭവ തീയതി 19/4/22	
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	30 ലക്ഷം
എക്സിക്യൂട്ടീവ് എഞ്ചിനീയർ	125 ലക്ഷം
സൂപ്രണ്ടിംഗ് എഞ്ചിനീയർ	250 ലക്ഷം
ചീഫ് എഞ്ചിനീയർ	പരിധിയില്ല

8.2.1.2. സാമ്പത്തികാനുമതി

ഭരണാനുമതി, ഡി.പി.സി അംഗീകാരം, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയ ശേഷം സാമ്പത്തികാനുമതി നൽകാവുന്നതാണ്. ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്തിയാണ് സാമ്പത്തികാനുമതി നൽകേണ്ടത്.

8.3. പശ്ചാത്തല വികസനം, മരാമത്ത് പ്രവൃത്തികൾ, ആസ്തി പരിപാലനം

8.3.1. നിർവഹണ രീതികൾ

- » ഗുണഭോക്ത സമിതി വഴി
- » അംഗീകൃത കരാറുകാർ വഴി
- » ഡെപ്പോസിറ്റ് പ്രവർത്തികൾ (KSEB, KWA, GWD)
- » അക്രഡിറ്റഡ് ഏജൻസികൾ (കോസ്റ്റ് ഫോർഡ്, നിർമ്മിതി കേന്ദ്ര etc) മുഖേന
- » അംഗീകൃത ഏജൻസികൾ വഴി (സ്കൂൾ PTA, പാടശേഖര സമിതി etc)
- » നേരിട്ട്

8.3.2. ഗുണഭോക്ത സമിതികൾ വഴി

ഒരു ലക്ഷം രൂപ വരെയുള്ള പ്രവർത്തികൾ ഗുണഭോക്തൃ സമിതി വഴി ആവശ്യമെങ്കിൽ നടപ്പിലാക്കാവുന്നതാണ്. എന്നാൽ ഭരണസമിതിക്ക് ആവശ്യമെങ്കിൽ ഈ പ്രവർത്തികൾ ടെൻഡർ വഴിയോ, ഇ-ടെൻഡർ മുഖേനയോ നടപ്പിലാക്കാവുന്നതാണ്.

8.3.3. ടെൻഡർ/ഇ-ടെൻഡർ വഴി

ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന പ്രവർത്തികൾ നിർബന്ധമായും ഇ-ടെൻഡർ ചെയ്യണം ഒരു ലക്ഷം വരെയുള്ള പ്രവർത്തികൾ ഇ-ടെൻഡർ, ടെൻഡർ, ഗുണഭോക്ത സമിതി എന്നിവ ഏതെങ്കിലും മുഖേന നടപ്പിലാക്കാവുന്നതാണ്.

8.3.4. ഡെപ്പോസിറ്റ് പ്രവർത്തികൾ

കേരള വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ്, കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നീ വകുപ്പുകൾ മുഖേന കുടിവെള്ള പദ്ധതികളോ, വൈദ്യുത ലൈൻ നീട്ടുന്ന പ്രവർത്തികളോ ഡെപ്പോസിറ്റ് പ്രവർത്തികളായി നടപ്പിലാക്കാവുന്നതാണ്. പ്രസ്തുത വകുപ്പ് തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകി തദ്ദേശസ്ഥാപനത്തിന് കൈമാറി കരാറിൽ ഏർപ്പെടേണ്ടതാണ്.

8.3.5. അക്രഡിറ്റഡ് ഏജൻസികൾ വഴി

തദ്ദേശസ്ഥാപനങ്ങൾക്ക് വിവിധ പ്രവർത്തികൾ അക്രഡിറ്റഡ് ഏജൻസികളെ (പി എംസി/നോൺ പി എം സി) ഏൽപ്പിക്കാവുന്നതാണ്. സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ബിഡിങ്/ലിമിറ്റഡ് ടെൻഡർ നടപടികൾ പാലിക്കണം. പി എം സി/നോൺ പി എം സി അംഗീകാരമുള്ള പ്രവർത്തികൾ മാത്രമേ ഏജൻസികളെ ഏൽപ്പിക്കാൻ പാടുള്ളൂ.

8.3.6. അംഗീകൃത ഏജൻസികൾ വഴി

25 ലക്ഷം രൂപ വരെയുള്ള പ്രവർത്തികൾ, ടെൻഡർ കൂടാതെ ആവശ്യമെങ്കിൽ സ്വന്തം നിലയ്ക്ക് പ്രവർത്തി ഏറ്റെടുക്കാൻ വേണ്ട സാമ്പത്തിക, സാങ്കേതിക, സംഘാടന ശേഷിയുള്ള സ്കൂൾ PTA, പാടശേഖരണ സമിതികൾ എന്നിവയെ ഏൽപ്പിക്കാവുന്നതാണ്.

8.3.7. നേരിട്ടുള്ള നിർവഹണം

ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രം പ്രവർത്തികൾ തദ്ദേശ സ്ഥാപനത്തിന് നേരിട്ട് നിർവഹണം നടത്താവുന്നതാണ്. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പാലിക്കണം.

8.4. നിർമ്മാണം, അളവുകൾ രേഖപ്പെടുത്തൽ, ബിൽ തയ്യാറാക്കൽ

8.4.1. നിർമ്മാണം അളവുകൾ രേഖപ്പെടുത്തൽ

പ്രവർത്തി ഏറ്റെടുത്ത ഏജൻസിയെ അല്ലെങ്കിൽ കരാറുകാരനെ തദ്ദേശ സ്ഥാപന ഭരണസമിതി അംഗീകരിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ ഏജൻസി/കരാറുകാരനുമായി കരാറു ഉടമ്പടിയിൽ ഏർപ്പെടുകയും വേണം. പ്രവർത്തി നടത്തുന്നതിനുള്ള സ്ഥലം കൈമാറി നൽകിയാൽ ഏജൻസിക്ക്/കരാറുകാരനെ പ്രവർത്തി ആരംഭിക്കാം. പ്രവർത്തിയുടെ ഓരോ ഘട്ടത്തിന്റെയും അളവുകൾ PRICE സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തണം. എല്ലാ പ്രവർത്തികളുടെയും അളവുകൾ രേഖപ്പെടുത്തേണ്ടത് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറും, അസിസ്റ്റന്റ് എൻജിനീയർ രേഖപ്പെടുത്തിയ അളവുകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് തൊട്ടുമുകളിലുള്ള ഉദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ്. പൊതുമരാമത്ത് മാനുവൽ അനുശ്വാസിക്കുന്ന എല്ലാ ഗുണനിലവാര പരിശോധനകളും ഓരോ സമയത്തും നടത്തിയിരിക്കണം. പ്രവർത്തിക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള പൂർത്തീകരണ സമയത്തിനുള്ളിൽ ഏജൻസി/കരാറുകാരൻ പ്രവർത്തി പൂർത്തീകരിക്കണം. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവർത്തിയിൽ മാറ്റങ്ങൾ വരികയാണെങ്കിൽ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കുകയും അംഗീകാരം വാങ്ങിക്കുകയും ഏജൻസി/കരാറുകാരൻ അനുബന്ധ കരാറിൽ ഏർപ്പെടുകയും വേണം. പൂർത്തീകരണ സമയം നീട്ടി നൽകുന്ന സാഹചര്യത്തിലും അനുബന്ധ കരാറിൽ ഏർപ്പെടണം.

8.4.2. ബില്ല് തയ്യാറാക്കൽ, തുക കൈമാറൽ

പ്രവർത്തി പുരോഗമിക്കുന്ന വേളയിൽ ഏജൻസി/കരാറുകാരൻ ആവശ്യപ്പെടുന്ന സമയത്ത് പ്രവൃത്തിയുടെ അളവും ഗുണമേന്മയും ഉറപ്പുവരുത്തിയശേഷം പാർട്ട് ബിൽ തയ്യാറാക്കുകയും പ്രവർത്തി പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തിയുടെ അന്തിമ ബില്ല് തയ്യാറാക്കുകയും വേണം. PRICE സോഫ്റ്റ്വെയർ മുഖേനയാണ് ബില്ലുകളും തയ്യാറാക്കേണ്ടത്. ഓരോ ഉദ്യോഗസ്ഥരും നിശ്ചയിച്ചിട്ടുള്ള സാമ്പത്തികപരിധി അനുസരിച്ച് ബില്ല് പാസാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ ബിൽ തുക ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. കെ-സ്മാർട്ട് വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടതും ബിൽ തുക ഏജൻസിക്ക്/കരാറുകാരന് നൽകേണ്ടതും ആവശ്യമായ നികുതികൾ, പിഴ, നീക്കിയിരിപ്പ് തുക തുടങ്ങിയ കുറക്കലുകൾ എല്ലാം കെ-സ്മാർട്ട് വഴി നടത്തണം.

8.4.3. മോണിറ്ററിംഗ്

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ് പ്രവർത്തികളുടെ മോണിറ്ററിങ് നടത്തേണ്ടത്.

പ്രവർത്തിയുടെ ആരംഭഘട്ടം മുതൽ മോണിറ്ററിംഗ് സമിതിക്ക് നിർദ്ദേശങ്ങൾ നല്കാം. പൊതുമരാമത്ത് മാനുവൽ പ്രകാരമുള്ള മോണിറ്ററിംഗ് സംവിധാനം കൂടി മരാമത്ത് പ്രവർത്തികൾക്ക് ബാധകമാണ്. ഒരു പ്രവർത്തിയുടെ ഡിഫക്ട് ലൈബിലിറ്റി പിരീഡ് (ഗ്യാരണ്ടി പിരീഡിൽ) സംഭവിക്കുന്ന എല്ലാ കേടുപാടുകളും തീർക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രവർത്തി നടത്തിയ ഏജൻസിക്ക്/കരാറുകാരന് ഉത്തരവാദിത്തം ഉണ്ടായിരിക്കും. നിർമ്മാണ സമയത്തും പ്രവൃത്തി പൂർത്തിയായതിന് ശേഷവും ആവശ്യമായ ബോർഡുകൾ പ്രവൃത്തിസ്ഥലത്ത് വെയ്ക്കേണ്ടതാണ്.

8.4.4. പൊതുവായ കാര്യങ്ങൾ

1. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതിക അനുമതി നൽകൽ, പ്രവർത്തിയുടെ മേൽനോട്ടം, അളവുകൾ രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ എന്നിവ നടത്തേണ്ടത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ കൺവീനറായി ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ് എൻജിനീയർമാർ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയാണ്. അംഗീകരിച്ച നിരക്ക് പ്രകാരം ഇലക്ട്രിക്കൽ എൻജിനീയർമാർക്ക് പ്രതിഫലം നൽകണം ടെക്നിക്കൽ കമ്മിറ്റി അംഗമായ ഒരു ഇലക്ട്രിക്കൽ എൻജിനീയറും ആയി തദ്ദേശസ്ഥാപനം കരാറു ഉടമ്പടിയിൽ ഏർപ്പെടണം.
2. ഓരോ തദ്ദേശസ്ഥാപന സ്ഥാപനവും, റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും R-TRACK മൊബൈൽ ആപ്പ് ഉപയോഗിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിലും R-TRACK മൊബൈൽ ആപ്പിലും നിലവിൽ ലഭ്യമാണ്.
3. തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ ഒരുതരത്തിലുള്ള നിർമ്മാണ പ്രവർത്തികളും ഏറ്റെടുക്കാൻ പാടില്ല. എന്നാൽ അടിയന്തരഘട്ടങ്ങളിൽ ഓടകളിലെയും മാലിന്യനിർമ്മാർജ്ജന പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്.
4. ഗ്രാമപഞ്ചായത്തുകൾക്കും, ജില്ലാപഞ്ചായത്തുകൾക്കും മാത്രമേ റോഡുകൾ കൈവശത്തിലുള്ളു. ബ്ലോക്ക് പഞ്ചായത്തുകൾക്ക് റോഡുകളില്ല.
5. ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള എല്ലാ റോഡുകളും പൂർണ്ണമായും ഗതാഗത യോഗ്യമാക്കിയതിനുശേഷം മാത്രം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് നവീകരിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലം ഉള്ള സമ്മതം വാങ്ങണം.
6. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് നവീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതം വാങ്ങണം. ഒന്നിലധികം

ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾക്ക് മുൻഗണന നൽകണം.

7. ഊർജ്ജ പ്രോജക്ടുകളായി വൈദ്യുത ലൈൻ നീട്ടൽ, സോളാർ സ്ഥാപിക്കൽ, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതും എനർജി ഓഡിറ്റ് നടത്തേണ്ടതും ആണ്.
8. ആക്ട് സെഷൻ 156 (5) പ്രകാരം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന സാഹചര്യത്തിൽ ആവശ്യമായ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിന് പഞ്ചായത്ത് അദ്ധ്യക്ഷന് ഉത്തരവ് നൽകാവുന്നതാണ്. എന്നാൽ പ്രസ്തുത നടപടി തൊട്ടടുത്ത വരുന്ന ഭരണസമിതി അംഗീകരിക്കേണ്ടതാണ്.

8.5. ആസ്തി പരിപാലനം

ആസ്തികളുടെ പരിപാലനവും സംരക്ഷണവും ഏതൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പ്രധാന ഉത്തരവാദിത്വമാണ്. ഉപയോഗരഹിതമായ ആസ്തികൾ ബാധ്യത ഉണ്ടാക്കുന്നതും ആയതിനാൽ അവ ഒഴിവാക്കുന്നതിൽ പഞ്ചായത്തുകൾ പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. കേരളാ പഞ്ചായത്തിരാജ് ആക്ട് 1994 പ്രകാരമുള്ള അനിവാര്യ ചുമതലകളും പഞ്ചായത്തുകൾ നിർവഹിക്കേണ്ടതാണ്. ആസ്തികളുടെ മൂല്യം പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ അളവുകോൽ കൂടിയാണ്.

8.5.1. നിയമപരമായ ബാധ്യത

കേരളാ പഞ്ചായത്തിരാജ് ആക്ട് പ്രകാരം പഞ്ചായത്തിന് അതിന്റെ പരിധിക്കുള്ളിലോ പുറത്തോ ആയ ഏതെങ്കിലും വസ്തുവോ കെട്ടിടമോ വാങ്ങൽ മൂലമോ ഏതെങ്കിലും പൊതു സൗകര്യം ഏർപ്പെടുത്തുന്നതിനും, സേവനം നൽകുന്നതിനുവേണ്ടി ആർജ്ജിക്കാവുന്നതും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി അതിന്റെ ഏതൊരു ആസ്തിയും വിൽപ്പന മുഖാന്തരം മറ്റു വിധത്തിലോ കയ്യൊഴിയാവുന്നതുമാണ്. (രണ്ടായിരത്തിലെ കേരള വസ്തു ആർജിക്കലും കയ്യൊഴിയലും ചട്ടങ്ങൾ ചട്ടം 3 കൂടി കാണുക)

8.5.2. വിവിധതരം ആസ്തികൾ

8.5.2.1. പാരമ്പര്യ ആസ്തികൾ

പഞ്ചായത്ത് ഭൂപ്രദേശത്തിനുള്ളിലെ ദേശീയ/സംസ്ഥാനപാതകൾ, മേജർ ഡിസ്ട്രിക്ട് റോഡുകൾ ഒഴിച്ചുള്ള എല്ലാ റോഡുകളും, പൊതുവഴികളും, പാതകളും, പാലങ്ങളും, കിടങ്ങുകളും, അണകളും അവയ്ക്ക് ചേർന്ന് കിടക്കുന്ന സ്വകാര്യ സ്വത്തല്ലാത്ത എല്ലാ ആസ്തികളും ഇതിൽ ഉൾപ്പെടുന്നു. ജലമാർഗങ്ങൾ, നീരുറവകൾ, ജലസംഭരണികൾ (സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദേശിച്ച നദികൾ ഒഴികെയുള്ളവ).

8.5.2.2. ആർജ്ജിത ആസ്തികൾ

1997-98 നു മുൻപും അതിനു ശേഷവും സ്വയാർജ്ജിത വരുമാനത്തിലൂടെ ആർജിച്ചവയും അധികാരവികേന്ദ്രീകരണത്തിലൂടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമായ

ഫണ്ടുകൾ ഉപയോഗപ്പെടുത്തി ആർജ്ജിച്ചവയുമാണ് ആർജ്ജിതആസ്തികൾ. ഇവയിൽ സ്ഥാവരവും ജംഗമവുമായ ആസ്തികൾ ഉണ്ട്.

8.5.2.3. കൈമാറി കിട്ടിയ ആസ്തികൾ

കേരളാ പഞ്ചായത്തിരാജ് ആക്ട് 94 പ്രകാരം കൈമാറ്റം ചെയ്തിട്ടുള്ള ആസ്തികളും 18.09.1995 ലെ ജി.ഒ.പി നമ്പർ 189/95 ത.സ്വ.ഭ.വ ഉത്തരവ് മുഖേനയും അതിന്റെ തുടർച്ചയായി ഉണ്ടായ മറ്റ് ഉത്തരവുകളിലൂടെയും കൈമാറ്റം ചെയ്തിട്ടുള്ളതുമായ ആസ്തികളാണിവ. വിദ്യാലയങ്ങൾ, അംഗനവാടികൾ, ആശുപത്രികൾ, കൃഷിഭവനുകൾ, മൃഗാശുപത്രികൾ, എസ്.സി/എസ്.ടി ഓഫീസുകൾ തുടങ്ങിയവ വിവിധ വകുപ്പുകളിലെ ആസ്തികളുടെ മേൽനോട്ട ചുമതലകൾ ഇപ്രകാരം കൈമാറിയിട്ടുണ്ട്.

8.5.3. ആസ്തി രജിസ്റ്റർ

ആസ്തികൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ സ്ഥാപനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യാൻ സാധിക്കു. അതിനായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും കൈവശത്തിലും ഉള്ള ആസ്തികളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ ആണ് ആസ്തി രജിസ്റ്റർ. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് നിശ്ചിത മാതൃക സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

- ആസ്തി രജിസ്റ്റർ 1
  - ഭൂമി (ഫോറം 1)
  - കെട്ടിടങ്ങൾ (ഫോറം 2),
  - സംസ്കരണം (ഫോറം 9)
- ആസ്തി രജിസ്റ്റർ 2
  - റോഡുകൾ (ഫോറം 3)
  - ലൈനുകൾ (ഫോറം 4)
  - കലിങ്കുകളും പാലങ്ങളും (ഫോറം 5)
- ആസ്തി രജിസ്റ്റർ 3
  - കുടിവെള്ളം (ഫോറം 6)
  - ജലസേചനം (ഫോറം 7)
  - വൈദ്യുതി (ഫോറം 8)
- ആസ്തി രജിസ്റ്റർ 4
  - ജംഗമവസ്തുക്കൾ (ഫോറം 10)

(ജി. ഒ. എം. എസ് നമ്പർ 363/2005 ത. സ്വ. ഭ. വ തീയതി 02/12/2005 സർക്കുലർ നമ്പർ 58609/ഡി ബി 2/2009 ത. സ്വ. ഭ. വ തീയതി 13/01/2010 എന്നിവ കാണുക.

8.6. മെയിന്റനൻസ് പ്ലാൻ

ഓരോ തദ്ദേശഭരണ സ്ഥാപനവും പദ്ധതി തയ്യാറാക്കുന്നതിനോടൊപ്പം ആസ്തി സംരക്ഷണത്തിനായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി പദ്ധതിരേഖയുടെ ഭാഗമാക്കേണ്ട

താണെന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. സ്വയാർജ്ജിത ആസ്തികൾ, കൈമാറിക്കിട്ടിയ ആസ്തികൾ, സാമൂഹിക ആസ്തികൾ എന്നിവയുടെയെല്ലാം സംരക്ഷണവും പരിപാലനവും ഉൾപ്പെട്ടതായിരിക്കണം ഈ പ്രത്യേക മെയിന്റനൻസ് പ്ലാൻ. ഓരോ വർഷവും നടത്തേണ്ടുന്ന അറ്റകുറ്റപ്പണികൾക്ക് പ്ലാൻ തയ്യാറാക്കി വാർഷിക പദ്ധതിരേഖയോടൊപ്പം ജില്ലാ ആസൂത്രണ സമിതിയുടെ (ഡി.പി.സി.) അംഗീകാരം തേടേണ്ടതാണ്. ആസ്തി രജിസ്റ്ററിലുള്ള ആസ്തികളുടെ സംരക്ഷണത്തിനും സർക്കാർ എല്ലാവർഷവും മെയിന്റനൻസ് ഫണ്ട് നൽകുന്നുണ്ട്.

റോഡ് മെയിന്റനൻസ് ഫണ്ട്- റോഡുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി.

റോഡിതര മെയിന്റനൻസ് ഫണ്ട്- റോഡ് ഒഴികെയുള്ള ആസ്തികളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി.

8.6.1 റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ചെയ്യാവുന്ന പ്രവൃത്തികൾ

- » റോഡുകളുടെ അറ്റകുറ്റപ്പണികൾ, ഉപരിതലം പുതുക്കൽ, മെറ്റൽ റോഡ് ടാർ ചെയ്യൽ.
- » ഓടകളുടെ അറ്റകുറ്റപ്പണികൾ, പുതുക്കിപ്പണിയൽ, ഓട നിർമ്മാണം.
- » നടപ്പാതകളുടെ അറ്റകുറ്റപ്പണികൾ.
- » സംരക്ഷണ ഭിത്തിയുടെ അറ്റകുറ്റപ്പണികൾ, പുതുക്കിപ്പണിയൽ.
- » കലുങ്ക്, പാലം, നടപ്പാലം എന്നിവയുടെ അറ്റകുറ്റപ്പണികൾ, പുതുക്കിപ്പണിയൽ.
- » ക്രോസ് ബാർ, ചപ്പാത്ത്, പടികെട്ടുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ, പുതുക്കിപ്പണിയൽ.

8.6.2 റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ചെയ്യാവുന്ന പ്രവൃത്തികൾ

- » സ്കൂളുകളുടെ മേൽക്കൂര മാറ്റുന്നത് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ.
- » ആശുപത്രികളിലെ അറ്റകുറ്റപ്പണികൾ.
- » അങ്കണവാടികളുടെയും കൈമാറിക്കിട്ടിയ ഹോസ്റ്റലുകളുടെയും അറ്റകുറ്റപ്പണികൾ.
- » പൊതു കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, വിപുലീകരണം.
- » കുടിവെള്ള സ്രോതസ്സുകൾ, വിതരണ പൈപ്പുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ, വിപുലീകരണം.
- » സൗരോർജ പാനലുകളുടെ അറ്റകുറ്റപ്പണികൾ.
- » കെട്ടിടങ്ങളുടെ വൈദ്യുതീകരണം.
- » ചുറ്റുമതിൽ നിർമ്മാണം.
- » കെട്ടിടങ്ങൾക്ക് അനുബന്ധ സൗകര്യങ്ങളായ കക്കൂസ്, അടുക്കള, സ്റ്റോർ, മൂത്രപ്പുര മുതലായവയുടെ നിർമ്മാണം.

8.6.3 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കൽ

- » കൈമാറിക്കിട്ടിയ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും ചുമതലയുള്ള ഉദ്യോഗസ്ഥരുടെ യോഗം തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിളിച്ചു ചേർക്കണം.

- » റോഡ്, കലുങ്ക്, പാലം, നടപ്പാലം, ക്രോസ് ബാർ, പൊതു കെട്ടിടങ്ങൾ, കുടിവെള്ള/ജലസേചന പ്രോജക്ടുകൾ, ചന്ത, സ്റ്റേഡിയം തുടങ്ങിയ ആസ്തികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് വർഷത്തിൽ രണ്ടുതവണ പരിശോധിച്ചു റിപ്പോർട്ട് തയ്യാറാക്കണം (ഏപ്രിൽ/സെപ്റ്റംബർ).
- » ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി ഉദ്യോഗസ്ഥൻ സൂക്ഷിക്കണം.
- » മേയ്/ഒക്ടോബർ മാസത്തിൽ വാർഷിക അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്.

8.7. സാധനങ്ങളും സേവനങ്ങളും വാങ്ങൽ

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചുമതലകളും സേവനങ്ങളും നിറവേറ്റുന്നതിന്റെ ഭാഗമായി വിവിധ സാധനങ്ങളും ആസ്തികളും സമാഹരിക്കുന്നതിനായി പാലിക്കേണ്ട നടപടിക്രമങ്ങൾ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാനുവലും പ്രൊക്യൂർമെന്റ് മാനുവലും അനുസരിച്ച് ഇപ്രകാരം വാങ്ങൽ പ്രക്രിയ നടത്തുന്നതിൽ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ഗുണഭോക്താക്കൾ, സോഷ്യൽ ഓഡിറ്റർ എന്നിവർക്കെല്ലാം ഉത്തരവാദിത്തമുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ. (പി) നം. 259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010), സ്റ്റോർ പർച്ചേസ് മാനുവൽ (ജി.ഒ. (പി) നം. 3/2010/എസ്.പി.ഡി. തീയതി 21.06.2013), പതിനാലാം പദ്ധതി വാർഷിക പദ്ധതി മാർഗ്ഗരേഖ (ജി.ഒ. (എം.എസ്) നം. 86/2022/ത.സ്വ.ഭ.വ. തീയതി 19.04.2022) എന്നിവയ്ക്ക് വിധേയമായിവേണം വാങ്ങൽ പ്രക്രിയ നടത്തേണ്ടത്.

8.7.1. സാധനങ്ങളും സേവനങ്ങളും– നിർവചനം

പണം, രേഖകൾ എന്നിവ ഒഴികെയുള്ള ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആവശ്യത്തിനുള്ള എല്ലാ വസ്തുക്കളും സാമഗ്രികളും സാധനങ്ങൾ എന്നറിയപ്പെടുന്നു. പ്രത്യേക തൊഴിൽപരമായ വൈദഗ്ധ്യവും തൊഴിൽ പരിജ്ഞാനവും പ്രസക്തമായ യോഗ്യതയുമുള്ള വ്യക്തികളോ സ്ഥാപനങ്ങളോ നൽകുന്ന ബുദ്ധിപരമായ സ്വഭാവമുള്ള സേവനങ്ങളെ സേവനങ്ങൾ എന്നു പറയുന്നു.

സാധനങ്ങൾ:

അസംസ്കൃത വസ്തുക്കൾ, നിർമ്മാണ സാമഗ്രികൾ, മൃഗങ്ങൾ, യന്ത്രഭാഗങ്ങൾ, വിത്തുകൾ, തൈകൾ, പണി സാമഗ്രികൾ, ജലവിതരണത്തിനുള്ള സാമഗ്രികൾ, ഇലക്ട്രിക് സാധനങ്ങൾ, പുസ്തകങ്ങൾ, രജിസ്റ്ററുകൾ, ഫോറങ്ങൾ, മോട്ടോർ വാഹനങ്ങൾ, ട്രാക്ടറുകൾ, പൊതുവായ മെഷിനറികൾ.

സ്റ്റേഷനറി, പ്രിന്റിങ് ഇനങ്ങൾ, ഡ്രോയിങ്ങിനുള്ള വസ്തുക്കൾ, ഓഫീസ് ഫർണിച്ചർ, മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, ഹാർഡ്വെയർ, പണിയായുധങ്ങൾ, കെട്ടിട സാമഗ്രികൾ, റോഡിനു വേണ്ടിയുള്ള സാമഗ്രികൾ.

8.7.2. സമാഹരണചക്രം (Procurement Cycle)

- » ആവശ്യം തിരിച്ചറിയൽ
- » സ്പെസിഫിക്കേഷനുകൾ രൂപീകരിക്കൽ
- » ചെലവിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, അനുമതിയും ഫണ്ടും ഉറപ്പാക്കൽ
- » സമാഹരണതന്ത്രം രൂപപ്പെടുത്തൽ
- » സമാഹരണ നടപടിക്രമം തീരുമാനിക്കൽ
- » സേവനദാതാക്കളെയും വിതരണക്കാരെയും കണ്ടെത്തൽ
- » ക്വട്ടേഷൻ/ടെൻഡർ ക്ഷണിക്കുന്നതിന് അപേക്ഷ തയ്യാറാക്കൽ
- » സമർപ്പണത്തിനുള്ള സമയം അനുവദിക്കൽ
- » ടെൻഡർ രേഖകൾ വിതരണം ചെയ്യൽ
- » ടെൻഡറുകൾ സ്വീകരിക്കലും തുറക്കലും
- » ആവശ്യമാണെങ്കിൽ ലഭ്യമായവയെക്കുറിച്ചുള്ള വ്യക്തത വരുത്തൽ
- » വിലയിരുത്തൽ, കരാർ നൽകൽ
- » പ്രസിദ്ധപ്പെടുത്തലും കരാറിന്റെ നിയന്ത്രണവും
- » സാധനങ്ങളും സേവനങ്ങളും സ്വീകരിച്ച് സാക്ഷ്യപ്പെടുത്തൽ
- » വിലയിരുത്തലും കരാർ അവസാനിപ്പിക്കലും
- » സമാഹരണപദ്ധതികൾ **(Procurement Plans)**
- » സ്ഥാപനങ്ങൾ താഴെപ്പറയുന്ന പ്രധാന നിബന്ധനകൾ പാലിക്കേണ്ടതാണ്:
- » ചെലവുകൾക്കായി തൻവർഷത്തെ ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- » വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യുക.
- » മത്സരബുദ്ധിയോടെയുള്ള നിരക്കുകൾ താരതമ്യം ചെയ്തതിനുശേഷം വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങൽ നടത്തുക.
- » ഓഫീസ് ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങുക.
- » വാർഷിക ആവശ്യകതയിൽ ഉൾപ്പെടാത്ത ചെറിയ തുകയ്ക്കുള്ള അനാമത്ത് സാധനങ്ങളും സേവനങ്ങളും അതതു സമയത്തെ യഥാർത്ഥ ആവശ്യം മുൻനിർത്തി അംഗീകൃത ബജറ്റ് വകയിരുത്തലിനുള്ളിൽ നിന്നുകൊണ്ട് വാങ്ങുക.
- » വാങ്ങൽ പദ്ധതിയുടെ **(Procurement Plan)** ഘടകങ്ങൾ
- » നടപ്പ് സാമ്പത്തിക വർഷത്തെ പ്രൊജക്ട് നടത്തിപ്പിനാവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും സവിശേഷ കരാറുകൾ.
- » അത്തരം കരാറുകൾ പ്രകാരം വാങ്ങലിനായി സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ, അടങ്കൽതുക, സമാഹരണത്തിനുള്ള പട്ടിക, അവലോകന നടപടിക്രമങ്ങൾ.

8.8. പ്രൊക്യൂർമെന്റ് പ്ലാൻ കമ്മിറ്റി (PPC)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അടുത്ത ഒരു സാമ്പത്തിക വർഷത്തേക്ക് സമാഹരിക്കേണ്ട സാധനസാമഗ്രികൾ, സേവനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തി വാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ ഉദ്യോഗസ്ഥർ മുഖേന തയ്യാറാക്കി മുൻകൂട്ടി തന്നെ PPC-ക്കു മുൻപാകെ സമർപ്പിക്കണം. പ്രസിഡന്റ് അധ്യക്ഷനും, വൈസ് പ്രസിഡന്റ് ഉപാധ്യക്ഷനും, സെക്രട്ടറി കൺവീനറുമായ PPC-യിൽ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാർ, വാങ്ങുന്നതിന് ചുമതലയുള്ള ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് എൻജിനീയർ എന്നിവരും ഈ മേഖലയിൽ പരിചയസമ്പന്നരായ രണ്ട് വിദഗ്ധാംഗങ്ങളും ഒരു സാമ്പത്തിക വിദഗ്ധനും ഉൾപ്പെടുന്നു. കമ്മിറ്റിയുടെ കോറം 2/3 അംഗങ്ങളായിരിക്കും. പ്രസിഡന്റ്, കൺവീനർ, സാങ്കേതിക വിദഗ്ധർ എന്നിവരുടെ ഹാജർ അനിവാര്യമാണ്.

8.8.1. വാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ

എല്ലാ വർഷവും ബജറ്റ് പാസാക്കുന്നതിനു മുൻപ് പ്രൊപ്പോസൽ തയ്യാറാക്കി സെക്രട്ടറി മുഖേന വാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കി പ്രൊക്യൂർമെന്റ് പ്ലാൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിരിക്കണം. ആയതിനുശേഷം ഗ്രാമപഞ്ചായത്ത് വെബ്സൈറ്റിലും നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തണം.

8.8.2. പ്രൊക്യൂർമെന്റ് കമ്മിറ്റി (PC)

ഇപ്രകാരം വാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ അനുസരിച്ച് തുടർന്ന് വാങ്ങുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും വാങ്ങൽ പ്രക്രിയയ്ക്ക് അതാതു സമയം അനുമതി ശുപാർശ ചെയ്യുന്ന സമിതിയാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി.

പ്രൊക്യൂർമെന്റിനായി ഭരണസമിതി നിയോഗിക്കുന്ന ഓഫീസർ ചെയർമാനും വാങ്ങലിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ കൺവീനറും 2 പരിചയസമ്പന്നരും (ഒരാൾ വനിത), ഒരു സാങ്കേതിക വിദഗ്ധനും ഉൾപ്പെട്ടതാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി.

8.8.3. കമ്മിറ്റി ഫോർ ബെനിഫിഷ്യറി പർച്ചേസ് (CBP)

ഗുണഭോക്താക്കൾക്ക് ആവശ്യമായ കന്നുകാലികൾ, പക്ഷികൾ, മത്സ്യക്കുഞ്ഞുങ്ങൾ തുടങ്ങി വിതരണം ചെയ്യേണ്ട സാമഗ്രികൾ ഗുണമേന്മയോടെ വാങ്ങുന്നതിന് രൂപീകരിക്കുന്ന കമ്മിറ്റിയാണിത്. മുതിർന്ന ഒരു ഗുണഭോക്താവ് ചെയർമാനും നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറും തിരഞ്ഞെടുക്കപ്പെട്ട 4 ഗുണഭോക്താക്കൾ (രണ്ടു വനിതകൾ), രണ്ട് പ്രൊക്യൂർ മെന്റ് കമ്മിറ്റി അംഗങ്ങൾ (PC), ഒരു ഉദ്യോഗിക പ്രതിനിധി, രണ്ട് സി.ഡി.എസ്. അംഗങ്ങൾ എന്നിവരാണ് ഈ സമിതിയിലെ അംഗങ്ങൾ. കോറം 2/3 അംഗങ്ങൾ.

8.8.3.1. വിവിധ സമാഹരണ രീതികൾ

» പെറ്റി പർച്ചേസ്: ഗുണമേന്മയും വിലനിലവാരവും സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഒരു വർഷം 25,000 രൂപ വരെയുള്ളതും മതിപ്പുവില 5,000 രൂപയിൽ താഴെയുമുള്ള സാധനങ്ങളും സേവനങ്ങളും (ഓഫീസ് സ്റ്റേഷനറി), കമ്പ്യൂട്ടർ സ്പെയർ പാർട്സുകൾ,

നിത്യോപയോഗ വസ്തുക്കൾ, നവീകരണ പ്രവൃത്തികൾ തുടങ്ങിയവ നേരിട്ട് വാങ്ങുന്ന പ്രക്രിയയാണിത്.

» ക്വട്ടേഷൻ: 25,000 രൂപ മുതൽ 1,00,000 രൂപ വരെ വിലവരുന്നവ ഈ ഗണത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങാം. നിശ്ചിത മാതൃകയിലുള്ള ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കി കുറഞ്ഞത് അഞ്ച് സപ്ലയർമാർക്ക് അയച്ചുകൊടുക്കണം (രേഖ സൂക്ഷിക്കണം). സപ്ലയർമാരുടെ പട്ടിക സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗീകരിച്ചതായിരിക്കണം. നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം. കുറഞ്ഞത് മൂന്ന് ക്വട്ടേഷൻ ലഭിക്കാത്ത പക്ഷം വീണ്ടും ലിമിറ്റഡ് ഓപ്പൺ ടെൻഡർ ക്ഷണിക്കണം. പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശപ്രകാരം ഗ്രാമപഞ്ചായത്ത്/സ്റ്റാൻഡിങ് കമ്മിറ്റി/ ഭരണസമിതി ക്വട്ടേഷൻ അംഗീകരിക്കണം.

» ലിമിറ്റഡ് ടെൻഡർ: 1,00,000 രൂപ വരെയുള്ളവ ഈ വിഭാഗത്തിൽപ്പെടുത്തി വാങ്ങാം. നിശ്ചിത മാതൃകയിലുള്ള ടെൻഡർ നോട്ടീസ് പ്രസിദ്ധീകരിക്കണം. കുറഞ്ഞത് 10 സപ്ലയർമാർക്ക് നോട്ടീസ് അയക്കണം. 5 ടെൻഡറുകളെങ്കിലും ലഭിക്കാത്ത പക്ഷം ഓപ്പൺ ടെൻഡർ ക്ഷണിക്കണം. പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശയോടെ ഗ്രാമപഞ്ചായത്ത് ഭരണസമിതി പരിശോധിച്ച് അംഗീകാരം നൽകണം.

» ഓപ്പൺ ടെൻഡർ: 1,00,000 രൂപയിലധികം വരുന്ന പർച്ചേസുകൾ ഈ രീതിയിൽ മാത്രം വാങ്ങണം. നിശ്ചിത മാതൃകയിലുള്ള ടെൻഡർ നോട്ടീസ് പ്രസിദ്ധീകരിക്കണം (Notice Board, Website, പത്രപരസ്യം എന്നിവ വേണം). നോട്ടീസിൽ ബ്രാൻഡ് നെയിം പറയരുത്. സ്പെസിഫിക്കേഷൻ, അടങ്കൽ തുക, വാറന്റി കാലയളവ്, വാർഷിക മെയിന്റനൻസ് വ്യവസ്ഥ, നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം എന്നീ വിശദവിവരങ്ങൾ നോട്ടീസിൽ കാണിച്ചിരിക്കണം. പത്രത്തിൽ വിൻഡോ പരസ്യം (Window Advertisement) നൽകിയാൽ മതിയാകും. 10 ലക്ഷം വരെ അടങ്കലിന് ജില്ലയിൽ പ്രചാരമുള്ള ഒരു പ്രാദേശിക ഭാഷാ ദിനപത്രത്തിലും, 10 ലക്ഷം മുതൽ 15 ലക്ഷം വരെയുള്ളതിന് 2 പ്രാദേശിക പത്രങ്ങളിലും, അതിനു മുകളിൽ വരുന്നവയ്ക്ക് 2 പ്രാദേശിക പത്രങ്ങളിലും ഒരു ഇംഗ്ലീഷ് പത്രത്തിലും പ്രസിദ്ധം ചെയ്യണം.

» നിരതദ്രവ്യം: അടങ്കൽ തുക 50,000 രൂപയിലധികം വരുന്ന ടെൻഡർ/ക്വട്ടേഷന് നിരതദ്രവ്യം (EMD) അടങ്കൽ തുകയുടെ ഒരു ശതമാനമായിരിക്കും (1%). സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ നിർദേശിക്കുന്നവർ, സ്റ്റോർ പർച്ചേസ് വകുപ്പിൽ രജിസ്റ്റർ ചെയ്തവർ (നിർദ്ദിഷ്ട ഇനങ്ങൾക്കു മാത്രം), DGS&D രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾ (നിർദ്ദിഷ്ട ഇനങ്ങൾക്കു മാത്രം) എന്നിവർ നിരതദ്രവ്യം അടയ്ക്കേണ്ടതില്ല. ടെൻഡർ തുറന്ന് 7 ദിവസത്തിനകം അംഗീകാരം നൽകുകയോ നിരസിക്കുകയോ ചെയ്യണം. സപ്ലൈ ഓർഡർ നൽകി 21 ദിവസത്തിനകം കരാർ വെക്കാത്ത പക്ഷം അംഗീകരിച്ച സപ്ലയറുടെ നിരതദ്രവ്യം കണ്ടുകെട്ടി മുതൽക്കൂട്ടാം.

8.8.3.2. ഓപ്പൺ ടെൻഡർ ഫീ

» 1 ലക്ഷം മുതൽ 10 ലക്ഷം വരെ- ടെൻഡർ തുകയുടെ 0.2% (100 രൂപയ്ക്ക് റൗണ്ട്

ചെയ്യത്; കുറഞ്ഞത് 400 രൂപ, കൂടിയത് 1500 രൂപ + ജി.എസ്.ടി.).

» 10 ലക്ഷത്തിന് മുകളിൽ- ടെൻഡർ തുകയുടെ 0.15% (100 രൂപയ്ക്ക് റൗണ്ട് ചെയ്യത്; കൂടിയത് 25,000 രൂപ + ജി.എസ്.ടി.).

ടെൻഡർ സമയപരിധി: 1 ലക്ഷം വരെ- 10 ദിവസവും, 1 ലക്ഷം മുതൽ 10 ലക്ഷം വരെ- 14 ദിവസവും, 10 ലക്ഷത്തിന് മുകളിൽ- 21 ദിവസവും ആയിരിക്കും.

GeM: 25,000 രൂപയിൽ കൂടുതലുള്ള സാധനങ്ങളുടെ വാങ്ങൽ കേന്ദ്ര സർക്കാരിന്റെ പോർട്ടലായ **GeM** വഴിയും നടത്താവുന്നതാണ്. ഈ പോർട്ടലിൽ 14 ലക്ഷത്തിലധികം സാധനങ്ങളും 39,000-ത്തിലധികം വിൽപ്പനക്കാരുമുണ്ട്.

ഇ-ടെൻഡർ: 1,00,000 രൂപയിലധികം തുകയ്ക്കുള്ള വാങ്ങലുകൾക്കുള്ള ടെൻഡറുകൾ ഇ-ടെൻഡർ മുഖേന തന്നെയായിരിക്കണം. ഇതിനായി യൂസർ ഐഡിയും പാസ്വേർഡും ഇ-പോർട്ടൽ മുഖേന അപേക്ഷ നൽകി കരസ്ഥമാക്കണം. ഡിജിറ്റൽ സിഗ്നേച്ചർ സൗകര്യവും വാങ്ങലിന് ചുമതലക്കാരനായ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കേണ്ടതാണ്. ഇ-ടെൻഡർ പോർട്ടലിൽ എൻ.ഐ.ടി. (NIT), ആർ.എഫ്.ക്യു. (RFQ), ബി.ഒ.ക്യു. (BOQ) എന്നിവ അപ്ലോഡ് ചെയ്യണം. സിംഗിൾ കവർ അല്ലെങ്കിൽ ഡബിൾ കവർ രീതിയിൽ ടെൻഡർ ക്രമീകരിക്കാവുന്നതാണ്.

സിംഗിൾ ടെൻഡർ: ഏതെങ്കിലുമൊരു സപ്ലയറിൽ നിന്നു മാത്രം ലഭിക്കുന്ന സാമഗ്രികളും നിലവിലുള്ള സാമഗ്രികളുടെ സ്പെയർ പാർട്സുകളും പ്രസ്തുത കമ്പനിയിൽ നിന്നുതന്നെ നേരിട്ടു വാങ്ങുന്ന രീതിയാണിത്. ഇതിനുള്ള വിശദമായ ന്യായീകരണക്കുറിപ്പ് ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതും പ്രൊക്യൂർമെന്റ് (PC) കമ്മിറ്റി ഇക്കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്. ടെൻഡർ വ്യവസ്ഥകൾ (പത്രപരസ്യം ഒഴികെ) പാലിക്കണം.

റണ്ണിങ് കോൺട്രാക്ട് (Running contract): ഒരു വർഷത്തേക്ക് ആവശ്യമായ സാമഗ്രികൾ ഒന്നിച്ച് ആവശ്യാനുസരണം സപ്ലൈ ചെയ്യാൻ മുൻകൂട്ടി കരാർ ചെയ്യുന്ന രീതിയാണിത് (ഉദാഹരണത്തിന്: സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ, പച്ചക്കറി, പാൽ മുതലായവ). കരാർ കാലാവധി കുറഞ്ഞത് മൂന്നു മാസവും പരമാവധി ഒരു വർഷവും ആയിരിക്കും. ഓപ്പൺ ടെൻഡർ നിബന്ധനകൾ പാലിക്കണം.

റേറ്റ് കോൺട്രാക്ട് (Rate Contract): DGS&D നിരക്കിലും സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച റേറ്റ് കോൺട്രാക്ട് നിരക്കിലും GeM (ജെം) Procurement Portal മുഖേനയും അംഗീകൃത നിരക്കിൽ സാധനസാമഗ്രികൾ നേരിട്ട് വാങ്ങാവുന്നതാണ്. കരാർ വെക്കണം.

സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ: താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ/ക്വട്ടേഷൻ കൂടാതെ നിശ്ചിത നിരക്കിൽ ഗുണമേന്മ ഉറപ്പുവരുത്തി സാധനങ്ങളും സാമഗ്രികളും നേരിട്ടു വാങ്ങാവുന്നതാണ്.

» പുസ്തകങ്ങൾ: (1) ബുക്ക് മാർക്ക്, (2) സർക്കാർ പ്രസാധകർ
» സ്റ്റീൽ ഫർണിച്ചർ: സ്റ്റീൽ ഇൻഡസ്ട്രീസ് കേരള
» സംസ്കരിച്ച റബർ ഫർണിച്ചർ: RUBCO
» കാലിത്തീറ്റ: മലബാർ ഫീഡ്സ്, മിൽമ, കേരള ഫീഡ്സ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഘടക സ്ഥാപനങ്ങളും നടത്തുന്ന വാങ്ങലുകൾക്ക്

മാനുവൽ ബാധകമാണ്. പൊതുമരാമത്ത് കരാറുകളുടെ ഭാഗമായ വാങ്ങലുകൾ 1997-ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പണി നടത്തിപ്പും സാധനം വാങ്ങലും) ചട്ടങ്ങൾ പ്രകാരം ആയിരിക്കണം.

8.9. സോഷ്യൽ ഓഡിറ്റ് കമ്മിറ്റി

വാങ്ങൽ പദ്ധതി തയ്യാറാക്കൽ, അന്തിമമാക്കൽ, ടെൻഡർ നടപടികൾ, കരാറുകൾ, സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം എന്നിവ പരിശോധനയ്ക്ക് വിധേയ മാക്കണം. ഗുണഫലം വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്തുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും സുതാര്യതയും കാര്യക്ഷമതയും ഗുണമേന്മയും നിരന്തര വിലയിരുത്തലിന് വിധേയമാക്കേണ്ടതുമാണ്.

അതാത് വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിക്കേണ്ട താണ്. ബില്ലുകൾ പാസാക്കുന്നതിനു മുൻപ് നിർബന്ധമായും മോണിറ്ററിംഗ് റിപ്പോർട്ട് വാങ്ങേണ്ടതും അവ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

8.9.1. രേഖകളുടെ സൂക്ഷിപ്പ്

എല്ലാ വാങ്ങലുകളുടെ രേഖകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സൂക്ഷിക്കേണ്ടതും കേരള ഫിനാൻഷ്യൽ കോഡിൽ പ്രതിപാദിച്ചതുപ്രകാരം പർച്ചേസ് ഫയലുകൾ തയ്യാറാക്കി പരിശോധനയ്ക്കും ഓഡിറ്റിനും വിധേയമാക്കേണ്ടതുമാണ്.

8.9.2. ഓഡിറ്റ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തുന്ന സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന്റെ ഭാഗമായും സി.എ.ജി. ഓഡിറ്റ് വിഭാഗവും സംസ്ഥാന സ്റ്റോർ പർച്ചേസ് ഓഡിറ്റ് വിഭാഗവും സമയാസമയങ്ങളിൽ വാങ്ങലുകൾ സംബന്ധിച്ച പരിശോധന നടത്തി ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതാണ്.



വിക്സിത് ഭാരത്- ഗ്യാരണ്ടി ഫോർ റോസ്ഗാർ ആന്റ് ആജീവികാ മിഷൻ (ഗ്രാമീൺ) ആക്ട് 2025 (VB-G RAM G)



9.1. ആമുഖം

സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികം ആചരിക്കുന്ന 2047 ലേയ്ക്ക് ഇന്ത്യയെ പൂർണ്ണമായും വികസിത രാഷ്ട്രമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ മുന്നോട്ടുവെച്ച സമഗ്ര വികസന ദർശനമാണ് വിക് സിത് ഭാരത് @ 2047. ഈ ദർശനവുമായി പൊരുത്തപ്പെടാവുന്ന തരത്തിലുള്ള ഗ്രാമ വികസന കാഴ്ചപ്പാട് സ്ഥാപിക്കുന്നതിനായി, ഓരോ ഗ്രാമീണ കുടുംബങ്ങളിലേയും പ്രായപൂർത്തിയായവരും അവിദഗ്ധ തൊഴിൽ ചെയ്യുന്നതിനായി സ്വമേധയാ മുന്നോട്ടു വരുന്നവർക്ക്, ഓരോ സാമ്പത്തിക വർഷത്തിലും 125 ദിവസത്തെ തൊഴിൽ നിയമപരമായി ഉറപ്പു നൽകുന്നതിനും ശാക്തീകരണം, വളർച്ച, സംയോജനം, അനുപൂരകത എന്നിവ പ്രോത്സാഹിപ്പിച്ച്, സമൃദ്ധവും ദുരന്ത കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ളതുമായ ഗ്രാമീണ ഭാരതം സൃഷ്ടിക്കുന്നതിനും ലക്ഷ്യം വെച്ചുകൊണ്ട് 2025 ഡിസംബറിൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമമാണ് വിക് സിത് ഭാരത്- ഗ്യാരണ്ടി ഫോർ റോസ് ഗാർ ആന്റ് ആജീവികാ മിഷൻ (ഗ്രാമീൺ) ആക്ട് 2025 (VB-G RAM G).

സ്വാതന്ത്ര്യാനന്തരം ഗ്രാമീണ മേഖലയുടെ ഉന്നമനത്തിനും ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനുമായി കേന്ദ്ര സർക്കാരും വിവിധ സംസ്ഥാന സർക്കാരുകളും നിരവധി നിയമങ്ങൾ ആവിഷ്ക്കരിക്കുകയും ഫലപ്രദമായ പ്രയോഗവത്ക്കരണം നടത്തുകയും ചെയ്തിരുന്നു. 1960 ലെ **Rural Manpower Programme** ആയിരുന്നു ഇത്തരത്തിൽ ആവിഷ്ക്കരിച്ച ആദ്യ നിയമം. **1977** ലെ **Crash Scheme for Rural Employment, 1980** കളിലെ **National Rural Employment Programme, 1990** കളിലെ **Rural Landless Employment Guarantee Programme** (പിന്നീട് **1999** ൽ ജവഹർ റോസ്ഗാർ യോജനയിൽ ലയിപ്പിച്ചു), **1999**ലെ **Sampoorna Gramin Rozgar Yojana (SGRY), Employment Assurance Scheme and the Food for Work Programme** എന്നിവയോടൊപ്പം ഏറ്റവും സജീവമായി വിഷയത്തെ സമീപിച്ച **1977**ലെ **Maharashtra Employment Guarantee Act** എന്നിവയായിരുന്നു പ്രധാന നിയമങ്ങൾ.

തുടർന്ന്, തൊഴിൽ ലഭിക്കുക എന്നത് ഒരു അവകാശമാക്കിക്കൊണ്ട്, ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങളിലേയും പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ **100** ദിവസത്തിൽ കുറയാത്ത അവിഗദ്ധ കായിക തൊഴിൽ അവരുടെ ആവശ്യത്തിനനുസൃതമായി പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ **2005**ൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ആവിഷ്ക്കരിക്കുകയും ആയത് രാജ്യത്ത് ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്തു.

2011-12 സാമ്പത്തിക വർഷത്തിൽ **27.1** ശതമാനമായിരുന്ന ദാരിദ്ര്യത്തിന്റെ തോത് **2022-23** സാമ്പത്തിക വർഷമായപ്പോഴേയ്ക്കും **5.1** ശതമാനത്തിലെത്തിയതായി കണ്ടെത്തിയ സാഹചര്യത്തിൽ, **2005** ൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്ന മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ കാലോചിതമായ പരിഷ്ക്കരണം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് **VB-G RAM G** എന്ന പുതിയ നിയമം ആവിഷ്ക്കരിച്ചിട്ടുള്ളത്. ടി നിയമത്തിൽ വ്യവസ്ഥ ചെയ്തതിൻപ്രകാരം നിയമം പാസ്സാക്കി ആറ് മാസത്തിനുള്ളിൽ ഓരോ സംസ്ഥാന സർക്കാരും നിയമത്തിനനുസൃതമായി പ്രവൃത്തികൾ നടപ്പിലാക്കുന്നത് വ്യക്തമാക്കിക്കൊണ്ടുള്ള ചട്ടങ്ങൾ തയ്യാറാക്കണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

9.2. മുഖ്യ ലക്ഷ്യങ്ങൾ

1. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന **18** വയസ്സ് പൂർത്തീകരിച്ചിട്ടുള്ളതും തൊഴിൽ ചെയ്യാൻ സന്നദ്ധരുമായ എല്ലാ കുടുംബങ്ങൾക്കും തൊഴിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് **125** ദിവസത്തിൽ കുറയാതെയുള്ള തൊഴിലും വേതനവും ഉറപ്പാക്കുക.
2. വിക് സിത് ഭാരത് @ **2047** ദർശനം സമയബന്ധിതമായി കൈവരിക്കുക.
3. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ശാക്തീകരണം.

9.3. സവിശേഷതകൾ

1. **125** ദിവസത്തെ തൊഴിലും വേതനവും ഉറപ്പു നൽകുന്നതിലൂടെ വിപുലമായ ഉപജീവന സുരക്ഷാ ഘടനയിൽ ഫലപ്രദമായ പങ്കാളികളാകുന്നു..
2. കാർഷിക പശ്ചാത്തലമൊരുക്കുന്നതിനും വിത്ത് വിതയ്ക്കൽ, കൊയ്ത്ത് എന്നീ സമയ

ങ്ങളിലെ തൊഴിലാളി ദൌർലഭ്യം പരിഹരിക്കുന്നതിനുമായി ടി കാലയളവിൽ 60 ദിവസം വരെയുള്ള ഇടവേള നൽകാൻ വ്യവസ്ഥ ചെയ്യുന്നു..

3. ജല സുരക്ഷ, ഗ്രാമീണ അടിസ്ഥാന സൌകര്യങ്ങൾ, ഉപജീവന അടിസ്ഥാന സൌകര്യങ്ങൾ, കാലാവസ്ഥാ പ്രതിരോധം എന്നീ നാല് മുൻഗണനാ മേഖലകളെ അടിസ്ഥാനമാക്കിയാണ് പ്രവൃത്തികളെ തരം തിരിച്ചിട്ടുള്ളത്.
4. ഗ്രാമസഭകളുടെ നിർദ്ദേശങ്ങളെ പരിഗണിച്ച് ആവശ്യകത ഉറപ്പു വരുത്തി, പഞ്ചായത്തുകളുടെ അനുപൂരകതയുടെ അടിസ്ഥാനത്തിൽ വിക് സിത് പഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കുക..
5. ശാക്തീകരണം, വളർച്ച, സംയോജനം, അനുപൂരകത എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇതിനായി വിക് സിത് ഗ്രാമപഞ്ചായത്ത് പദ്ധതികളെ **PM Gati Shakti** യുമായി സംയോജിപ്പിക്കുന്നു.
6. നിയമത്തിൽ വ്യക്തമാക്കിയിരിക്കുന്ന വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനത്തിനും മാനദണ്ഡവിഹിതം **(Normative Funding)** അനുവദിക്കുന്നു. മാനദണ്ഡ വിഹിതത്തിന് മുകളിലുള്ള ചെലവ് സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്തമായിരിക്കും.
7. സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനായി ബയോമെട്രിക് സ്ഥിരീകരണം, ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള പദ്ധതി ആവിഷ്ക്കരിക്കൽ, സോഫ്റ്റ് വെയറുകൾ വഴിയുള്ള മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ് സംവിധാനം
8. ഫലപ്രദമായ പരാതി പരിഹാര സംവിധാനം.

സവിശേഷതകൾ ഒട്ടനവധിയുണ്ടെങ്കിലും ഗ്രാമീണ മേഖലയുടെ അരക്ഷിതാവസ്ഥയെ തരണം ചെയ്യുന്നതിനും സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം സാദ്ധ്യമാക്കുന്നതിനും സമൃദ്ധവും ദുരന്ത കാലാവസ്ഥാ പ്രതിരോധ സംവിധാനത്തിനും വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിയിൽ തൊഴിലാളികൾക്ക് നിരവധി അവകാശങ്ങൾ കൂടി പ്രദാനം ചെയ്യുന്നുണ്ട്. നിയമപരിരക്ഷ ഉറപ്പു നൽകുന്ന പ്രധാന അവകാശങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ കാർഡ് ലഭിക്കുവാനുള്ള അവകാശം.
2. തൊഴിൽ ആവശ്യപ്പെടാനും (കുറഞ്ഞത് ആറ് ദിവസത്തെ തുടർച്ചയായ ജോലിയ്ക്ക്) ആവശ്യപ്പെട്ടാൽ 15 ദിവസത്തിനകം തൊഴിൽ ലഭിക്കാനുമുള്ള അവകാശം.
3. 5 കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കാനും 5 കിലോമീറ്റർ പരിധി കഴിഞ്ഞാൽ 10 ശതമാനം അധികവേതനത്തിനുമുള്ള അവകാശം.
4. തൊഴിൽ കാലയളവ് ചുരുങ്ങിയത് ആറ് ദിവസമെങ്കിലും ഉണ്ടായിരിക്കേണ്ടതും എന്നാൽ, ആഴ്ചയിൽ ആറ് ദിവസത്തിൽ അധികരിക്കാതിരിക്കാനുമുള്ള അവകാശം.
5. തൊഴിൽ ചെയ്താൽ 15 ദിവസത്തിനകം കൂലി ലഭിക്കാനും തൊഴിൽ ലഭിച്ചില്ലെങ്കിൽ പ്രതിദിന തൊഴിലില്ലായ്മാ വേതനം ലഭിക്കാനുമുള്ള അവകാശം.
6. കൂലി ലഭിക്കാൻ വൈകിയാൽ നഷ്ടപരിഹാരം (വേതന തുകയുടെ 0.05% നിരക്കിൽ) ലഭിക്കാനുള്ള അവകാശം.

7. ജോലി സ്ഥലത്ത് കുടിവെള്ളം, തണൽ, പ്രഥമ ശുശ്രൂഷാ സൌകര്യം എന്നിവ ലഭിക്കാനുള്ള അവകാശം.
8. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ കൂലിക്കുള്ള അവകാശം.
9. ഗ്രാമസഭകളിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികൾ നിർദ്ദേശിക്കാനും സോഷ്യൽ ഓഡിറ്റ് നടത്താനുമുള്ള അവകാശം.
10. സമയബന്ധിതമായി പരാതികൾ പരിഹരിക്കപ്പെടാനുള്ള അവകാശം.
11. 125 ദിവസത്തിൽ കുറയാതെ തൊഴിൽ ലഭിക്കാനുള്ള അവകാശം. (വനാവകാശ നിയമത്തിന്റെ ഗുണഭോക്താക്കളായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 150 ദിവസം).

9.4. മറ്റ് ആനുകൂല്യങ്ങൾ

1. പ്രവൃത്തി സ്ഥലത്ത് വെച്ചുണ്ടാകുന്ന അപകടങ്ങൾക്ക് സൌജന്യ ചികിത്സാ സഹായം. (സർക്കാർ ആശുപത്രിയിൽ കാണിച്ചിരിക്കണം).
2. അപകടത്തെ തുടർന്ന് ആശുപത്രിയിലെ കിടത്തി ചികിത്സ ആവശ്യമെങ്കിൽ പകുതി വേതനം (മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി അവസാനിക്കുന്ന തിയ്യതി വരെ).
3. തൊഴിൽ സ്ഥലത്തുള്ള അപകട മരണങ്ങൾക്കും സ്ഥായിയായ അംഗ വൈകല്യങ്ങൾക്കും പ്രധാൻമന്ത്രി സുരക്ഷാ ബീമാ യോജന പ്രകാരമുള്ള അവകാശത്തിനനുസരിച്ച് എക്സ്ഗ്രേഷ്യാ (പ്രത്യേക ധനസഹായം).
4. 5 വയസ്സിൽ താഴെയുള്ള 5 കുട്ടികൾ തൊഴിലാളികളോടൊപ്പം വരികയാണെങ്കിൽ അവരെ ശുശ്രൂഷിക്കാൻ ഒരു സ്ത്രീ തൊഴിലാളിയുടെ സേവനം. അവർക്ക് വേതന നിരക്കിനനുസരിച്ച് വേതനം നൽകണം.
5. തൊഴിലാളികളോടൊപ്പം വരുന്ന കുട്ടികൾ മരണപ്പെടുകയോ വൈകല്യം സംഭവിക്കുകയോ സംഭവിച്ചാൽ നിയമപരമായ രക്ഷിതാക്കൾക്ക് എക്സ്ഗ്രേഷ്യാ.

9.5. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്

വിക്സിത് ഭാരത്- ഗ്യാരണ്ടി ഫോർ റോസ് ഗാർ ആന്റ് ആജീവികാ മിഷൻ (ഗ്രാമീൺ) ആക്ട് 2025 (VB-G RAM G) പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കൾ ഗ്രാമീണ മേഖലയിൽ സ്ഥിരതാമസമുള്ളതും 18 വയസ്സിനു മുകളിൽ പ്രായമുള്ളതും അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധരുമായ ഏതൊരു വ്യക്തിയുമാണ്. എന്നാൽ, പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ, താഴെ പറയുന്ന വിഭാഗങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്ന് ചട്ടങ്ങൾ അനുശാസിക്കുന്നു.

a) പട്ടികജാതി
b) പട്ടിക വർഗ്ഗം
c) സഞ്ചാരി ഗോത്ര വർഗ്ഗങ്ങൾ
d) ഡീ നോട്ടിഫൈഡ് ആദിവാസികൾ
e) കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത മാനദണ്ഡമുള്ള സാമ്പത്തിക പിന്നോക്ക വിഭാഗങ്ങൾ
f) സ്ത്രീകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങൾ

g) ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങൾ

h) ഭൂപരിഷ്ക്കരണത്തിന്റെ ഗുണഭോക്താക്കൾ

i) PMAY-G പദ്ധതിയുടെ ഗുണഭോക്താക്കൾ

j) പട്ടികവർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും 2006 ലെ വനാവകാശമംഗീകരിക്കൽ നിയമത്തിന്റെ ഗുണഭോക്താക്കളും.

മേൽ പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെട്ട അർഹരായ മുഴുവൻ ഗുണഭോക്താക്കളേയും ഉൾപ്പെടുത്തിയശേഷം, കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ, താഴെ പറയുന്നവരുടെ ഭൂമിയിലും പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്

1) ചെറുകിട നാമമാത്ര കർഷകർ (സാധുവായ ജോബ് കാർഡ് വേണം- നടത്തുന്ന പ്രവൃത്തിയിൽ കുടുംബത്തിലെ ചുരുങ്ങിയത് ഒരാളെങ്കിലും ജോലി ചെയ്യാൻ സന്നദ്ധമായിരിക്കണം)

9.6. ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികൾ

വിക് സിത് ഭാരത്- ഗ്യാരണ്ടി ഫോർ റോസ് ഗാർ ആന്റ് ആജീവികാ മിഷൻ (ഗ്രാമീൺ) ആക്ട് 2025 (VB-G RAM G) പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ 4 മേഖലകളിലായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വിഭാഗം 1 : ജലവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ (ജല സുരക്ഷയ്ക്ക്)

വിഭാഗം 2 : ഗ്രാമീണ അടിസ്ഥാന സൌകര്യങ്ങൾ

വിഭാഗം 3 : ഉപജീവനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൌകര്യങ്ങൾ

വിഭാഗം 4 : അത്യന്തം ദുഷ്ക്കരമായ കാലാവസ്ഥാ വ്യതിയാനങ്ങൾക്കും ദുരന്ത സന്നദ്ധതയ്ക്കായുമുള്ള പ്രത്യേക പ്രവൃത്തികൾ

9.7. പദ്ധതി രൂപീകരണം

പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായാണ് നടത്തിവരുന്നത്. വിക് സിത് ഭാരത്- ഗ്യാരണ്ടി ഫോർ റോസ് ഗാർ ആന്റ് ആജീവികാ മിഷൻ (ഗ്രാമീൺ) ആക്ട് 2025 (VB-G RAM G) പദ്ധതിയുടെ ഭാഗമായി ഗ്രാമസഭകളിൽ വിശദമായ ചർച്ചകൾക്ക് വിധേയമായി, അതിൽനിന്നും ഉരുത്തിരിയുന്ന ശുപാർശകൾ പരിഗണിച്ച്, അവയുടെ ആവശ്യകത ഉറപ്പു വരുത്തി, പഞ്ചായത്തുകളിലെ അനുപൂരകത (Saturation) യുടെ അടിസ്ഥാനത്തിൽ വിക് സിത് ഗ്രാമപഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

പഞ്ചായത്ത് രാജ് സംവിധാനത്തിലെ ഓരോ തലത്തിലും, നിർദ്ദിഷ്ട രീതിശാസ്ത്രത്തിന് അനുസരിച്ച്, ക്രമാനുഗതവും പങ്കാളിത്തപരവുമായ പദ്ധതി തയ്യാറാക്കൽ പ്രവർത്തനം നടത്തണം.

വിക് സിത് ഗ്രാമപഞ്ചായത്ത് പദ്ധതികൾ, പി.എം ഗതി ശക്തി സംവിധാനങ്ങൾ, ഗ്രാമപഞ്ചായത്തുകൾ ജി.ഐ.എസ് അടിസ്ഥാനത്തിലുള്ള ഉപകരണങ്ങൾ, മറ്റ് ഡിജിറ്റൽ പൊതുസൌകര്യങ്ങൾ എന്നിവ ഉപയോഗിച്ച് തയ്യാറാക്കി ഗ്രാമസഭ അംഗീകാരത്തിനായി സമർപ്പിക്കണം. ആയതിൽ ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത് അല്ലെങ്കിൽ മറ്റ് ഏജൻസികൾ നിർദ്ദേശിക്കുന്ന പ്രവൃത്തികളും പ്രതീക്ഷിക്കുന്ന ഫലങ്ങളും നേട്ടങ്ങളും

ഉൾപ്പെടുത്തിയിരിക്കണം. വിക് സിത് ഗ്രാമപഞ്ചായത്ത് പദ്ധതികൾ ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ ഏകീകരിക്കപ്പെടണം. വിക് സിത് ഗ്രാമപഞ്ചായത്ത് പദ്ധതിയിലെ എല്ലാ പ്രവൃത്തികളും വിക് സിത് ഭാരത്- ദേശീയ ഗ്രാമീണ അടിസ്ഥാന സൌകര്യ ശേഖരത്തിൽ ഏകീകരിക്കപ്പെടേണ്ടതുണ്ട്.

9.8. സുതാര്യത ഉറപ്പ് വരുത്തൽ


വിക് സിത് ഭാരത്- ഗ്യാരണ്ടി ഫോർ റോസ് ഗാർ ആന്റ് ആജീവികാ മിഷൻ (ഗ്രാമീൺ) ആക്ട് 2025 (VB-G RAM G) പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിനുള്ള വിവിധ ഉപാധികൾ താഴെ ചേർക്കുന്നു.

1. **സോഷ്യൽ ഓഡിറ്റ്-** സ്വതന്ത്രവും വസ്തുനിഷ്ഠവുമായ ജനകീയ വിലയിരുത്തലാണ് സോഷ്യൽ ഓഡിറ്റ്. വിക് സിത് ഭാരത്- ഗ്യാരണ്ടി ഫോർ റോസ് ഗാർ ആന്റ് ആജീവികാ മിഷൻ (ഗ്രാമീൺ) ആക്ട് 2025 (VB-G RAM G) വകുപ്പ് 20 ലാണ് സോഷ്യൽ ഓഡിറ്റ് നടത്തണമെന്ന് വ്യക്തമാക്കുന്നത്. കുറഞ്ഞത് ആറ് മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. വികസന പദ്ധതികളുടെ നിർവ്വഹണവും ഫലപ്രാപ്തിയും ഔദ്യോഗിക രേഖകളുടേയും ഫീൽഡിലെ യാഥാർത്ഥ്യത്തിന്റേയും അടിസ്ഥാനത്തിൽ പൊതുജനങ്ങളുടേയും ഗുണഭോക്താക്കളുടേയും ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ ഗ്രാമസഭകളിൽ വെച്ച് വിലയിരുത്തപ്പെടുന്നു. പരാതിപരിഹാര സംവിധാനമായി പ്രവർത്തിക്കുന്നു.
2. **ജനതാ ബോർഡുകൾ-** പ്രവൃത്തി സ്ഥലത്ത് പൊതു ജനങ്ങൾക്ക് കാണാവുന്ന രീതിയിൽ പദ്ധതിയുടെ വിശദവിവരങ്ങൾ, കണക്കാക്കിയ തൊഴിൽദിനങ്ങൾ, തുടങ്ങി മുഴുവൻ കാര്യങ്ങളും വ്യക്തമാക്കുന്ന ബോർഡുകൾ സ്ഥാപിക്കുന്നു.
3. **ജനകീയ എസ്റ്റിമേറ്റ്-** എല്ലാ ജനങ്ങൾക്കും മനസ്സിലാകുന്ന രീതിയിലും ഭാഷയിലും എസ്റ്റിമേറ്റ് തയ്യാറാക്കണം.
4. **പ്രതിവാര വെളിപ്പെടുത്തൽ യോഗങ്ങൾ-** ഗ്രാമപഞ്ചായത്തുകളിലെ എല്ലാ പ്രവൃത്തികളുടേയും നിലവിലെ അവസ്ഥ, വേതന വിതരണം, പരാതികൾ, മറ്റ് ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ സമൂഹത്തിന് മുന്നിൽ അറിയിക്കുന്നതിനുള്ള സംവിധാനം.
5. **ഓംബുഡ്സ്പേഴ്സൺ-** പദ്ധതി നിർവ്വഹണത്തിലെ പരാതികൾ പരിഹരിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള സംവിധാനമാണ് ഓാംബുഡ്സ്പേഴ്സൺ. ഓരോ ജില്ലയിലും ഓരോ ഓംബുഡ്സ്പേഴ്സണെ നിയമിച്ചിട്ടുണ്ട്. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ 20.03.2023 ലെ M-11015/112022-RE-III (380157) നമ്പർ മാർഗ്ഗ നിർദ്ദേശത്തിൽ നിയമന പ്രക്രിയ, അധികാരങ്ങളും ഉത്തരവാദിത്വവും, മറ്റ് നടപടി ക്രമങ്ങൾ എന്നിവ വിശദമാക്കിയിട്ടുണ്ട്.
6. **പരാതി പരിഹാര സംവിധാനം-** വാർഡ്, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ പരാതികൾ സ്വീകരിക്കുന്നതിനുള്ള സ്ഥാപന സംവിധാനങ്ങൾ തയ്യാറാക്കൽ, ഓരോ ആഴ്ചയും കുറഞ്ഞത് ഒരു ദിവസം നിർബന്ധമായും പരാതികൾ സ്വീകരിക്കൽ,

പരാതി പതിനഞ്ച് ദിവസത്തിനുള്ളിൽ തിരുത്തൽ നടപടികളിലൂടെ പരിഹരിക്കൽ എന്നിവയിലൂടെയുള്ള പരാതി പരിഹാര സംവിധാനം.

7. **മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) -** വെബ് അടിസ്ഥാനത്തിലുള്ള ഡാറ്റാ മാനേജ്മെന്റ് സംവിധാനം.
8. **ഫീൽഡ് ഇൻസ്പെക്ഷൻ-** കൃത്യമായ മോണിറ്ററിംഗ് നടപ്പിലാക്കുന്നതിന് ആവശ്യമായ സ്ഥലപരിശോധന.

നിലവിൽ പാർലമെന്റ് അംഗീകരിച്ച നിയമത്തെ അടിസ്ഥാനമാക്കിയുള്ള വിശദാംശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിയമത്തെ വ്യവസ്ഥാപിതമായി വ്യാഖ്യാനിക്കാവുന്ന രീതിയിൽ, സംസ്ഥാന സർക്കാർ തയ്യാറാക്കുന്ന ചട്ടങ്ങൾ കൂടി തയ്യാറാക്കുമ്പോൾ കൂടുതൽ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്.



ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ



10.1. പശ്ചാത്തലം


അധികാര വികേന്ദ്രീകരണത്തിന്റെ മൂന്നാം ദശാബ്ദത്തിലൂടെ കടന്നു പോകുന്ന കേരളം, ഗ്രാമ നഗര ജീവിതത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി ഇന്ന് സംസ്ഥാനത്തെ രണ്ടാം തലമുറ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന പ്രക്രിയയിൽ ആണ്. പുതിയ പ്രശ്നങ്ങളെ നേരിടുന്നതിന് പുതിയ ആശയങ്ങൾ, അവയുടെ രൂപീകരണത്തിനും നടത്തിപ്പിനും സഹായിക്കുന്ന സംഘടന സംവിധാനങ്ങൾ എന്നിവ വിവിധ തലങ്ങളിൽ അനിവാര്യമാണ്. സുസ്ഥിരവും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതുമായ **(sustainable and inclusive)** പ്രാദേശിക സാമ്പത്തിക വികസനം **(LED)** സാധ്യമാവണമെങ്കിൽ പ്രാദേശിക യാഥാർത്ഥ്യങ്ങളിലും പ്രത്യേകതകളിലും ഊന്നിയ പുത്തനാശയ നിർമ്മിതി അഥവാ ഇന്നവേഷൻ ആവശ്യമാണ്. ഇന്നവേഷൻ എന്നത് സാമ്പത്തിക വികസനത്തിന്റെ സുപ്രധാന ചാലക ശക്തിയായി ലോകമെങ്ങും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന ഇന്നവേഷൻ എന്നത് ആ പ്രദേശത്തെ ജനങ്ങളുടെ ആവശ്യകതകൾ മനസ്സിലാക്കിയും അവരുടെ പങ്കാളിത്തത്തോടു കൂടിയും

അവിടെ നിലനിൽക്കുന്ന സംവിധാനങ്ങളെ ഉപയോഗപ്പെടുത്തിയും, രൂപപ്പെടുത്തിവരുന്ന പുത്തനാശയ നിർമ്മിതിയാണ്.

ഇത്തരത്തിലുള്ള പുത്തനാശയ നിർമ്മിതിക്ക് അക്കാദമിക ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാനാവും. അക്കാദമിക ഗവേഷണ സ്ഥാപനങ്ങളിലൂടെ വികസന പ്രശ്നപരിഹാരങ്ങൾക്കും, പ്രാദേശിക സംരംഭകർക്ക് പുത്തനാശയ നിർമിതിയിലൂടെ അവരുടെ സംരംഭങ്ങളുടെ ആധുനികവൽക്കരണത്തിനും, മികച്ച ബിസിനസ് പ്ലാനുകൾ തയ്യാറാക്കുന്നതിനും സഹായം എത്തിക്കാൻ സാധ്യമാകുന്ന ഒരു ആവാസ വ്യവസ്ഥ ആവശ്യമാണ്. അറിവ് നിർമ്മിക്കുന്നവരും അത് ഉപയോഗിക്കുന്നവരും ആയി നിരന്തരമായുള്ള കൂട്ടായുള്ള പ്രവർത്തനത്തിലൂടെ മാത്രമേ സുസ്ഥിരവും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതുമായ സാമ്പത്തിക വികസനത്തിന് ഉതകുന്ന പുത്തനാശയങ്ങൾ ഉരുത്തിരിഞ്ഞു വരികയുള്ളൂ.

10.2. പുത്തനാശയ നിർമ്മിതിക്ക് ക്വാഡ്രുപ്പിൾ ഹെലിക്സ് മാതൃക

തദ്ദേശ സ്വയംഭരണ സ്ഥാപനപ്രദേശത്തെ ജനങ്ങൾ ദൈനംദിന ജീവിതത്തിൽ നേരിടുന്ന വെല്ലുവിളികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തന്നെ കണ്ടെത്തുകയും അവയെ തരംതിരിച്ച് അതാത് വിഷയ മേഖലയിലെ അക്കാദമിക/ഗവേഷണ സ്ഥാപനങ്ങൾ വഴിയും, വിദഗ്ധരുടെ കൂട്ടായ്മ വഴിയും, ഹാക്കത്തോൺ സംവിധാനത്തിലൂടെയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി, പദ്ധതി രേഖകളാക്കുകയും, അവ നടപ്പിലാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുകയും ചെയ്യാൻ ഇന്നോവേഷന്റെ ക്വാഡ്രുപ്പിൾ ഹെലിക്സ് മാതൃകയാണ് **(Quadruple Helix model of innovation)** ഏറ്റവും അനുയോജ്യം. ക്വാഡ്രുപ്പിൾ ഹെലിക്സ് മോഡൽ അടിസ്ഥാനമാക്കിയുള്ള ഘടകങ്ങൾ താഴെ നൽകുന്നു.



സർക്കാർ: നയ രൂപീകരണവും ഭരണവും നയിക്കുന്നു.

അക്കാദമിയ: ഗവേഷണം, നൂതനാശയ നിർമിതി, വിജ്ഞാന വ്യാപനം എന്നിവ കൊണ്ടുവരുന്നു.

വ്യവസായം: സംരംഭകത്വം, ഉത്പാദനം, വിപണി ബന്ധങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

സിവിൽ സൊസൈറ്റി: സമൂഹത്തിലെ മുഴുവൻ പേരുടെയും പ്രാതിനിധ്യവും, അടിസ്ഥാന പങ്കാളിത്തവും ഉറപ്പാക്കുന്നു.

പുത്തനാശയ രൂപീകരണത്തിനും അവയുടെ നടത്തിപ്പിനും, വ്യാപനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായുള്ള ഒരു പിന്തുണ സംവിധാനം എന്ന നിലയിൽ ആണ്, കെ-ഡിസ്കും കിലയും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടപ്പിലാക്കി വരുന്ന "ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം" (OLOI) എന്ന പദ്ധതിയുടെ ഭാഗമായുള്ള, ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ എന്ന ആശയം മുൻപോട്ട് വെക്കപ്പെട്ടിട്ടുള്ളത്. ഇത് ഇന്നോവേഷന്റെ ക്വാഡ്രപ്പിൾ ഹെലിക്സ് മാതൃകയുടെ പ്രായോഗികവൽക്കരണമാണെന്ന് കാണാവുന്നതാണ്.

10.3. ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ (BIC)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രാദേശിക സംരംഭകരുടെയും പുത്തനാശയങ്ങളിൽ തൽപരരായവരുടെയും ഭാഗത്തു നിന്നും ഉരുത്തിരിയുന്ന നൂതനാശയങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും അവയെ ഫലപ്രാപതിയിലേക്ക് എത്തിക്കുന്നതിലേക്കുള്ള ഒരു ആവാസ വ്യവസ്ഥ രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ് ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകളുടെ അടിസ്ഥാന ധർമ്മം. ഇതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക സംരംഭകർക്കും സ്വയം പരിഹരിക്കാനാകാത്ത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള ഒരു പിന്തുണാ സംവിധാനം ആയി കൂടി ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററുകൾക്ക് പ്രവർത്തിക്കാൻ ആകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ നിർവ്വാഹണ പ്രവർത്തങ്ങൾക്ക് അക്കാദമിക പിന്തുണയും മനുഷ്യ വിഭവ ശേഷി സമാഹരിച്ചു നല്കാൻ കഴിയുന്ന ഒരു ഏകോപന സംവിധാനമായി കൂടി ഇവക്ക് പ്രവർത്തിക്കാൻ ആകും. ഓരോ ബ്ലോക്ക് പ്രദേശത്തിനകത്തും, ചുറ്റുപാടുമുള്ള അക്കാദമിക സ്ഥാപനങ്ങളുടെ വൈദഗ്ധ്യത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കണ്ണി ചേർത്ത് വിജ്ഞാന സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ചാലക ശക്തിയായി ഇവക്ക് മാറാൻ ആകും.

ബ്ലോക്കിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിഹരിക്കപ്പെടാത്ത വികസന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ബ്ലോക്ക് തല കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് സംവിധാനം BIC യുടെ അനിവാര്യ ഉപ ഘടകമാകും. ബ്ലോക്കിലെ സിവിൽ സമൂഹ സംഘടന കളുടെ കൂട്ടായ്മ മറ്റൊരു ഉപഘടക മായി പ്രവർത്തിക്കും. സംരംഭകരുടെ ശൃംഖലയും അക്കാദമിക സ്ഥാപനങ്ങളുടെ ശൃംഖലയും BIC യുടെ ഭാഗമാകും. ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ അക്കാദമികവും സാങ്കേതികവും സംരംഭകപരവും മനുഷ്യ വിഭവ സമാഹാരണ സാധ്യതകൾ ഉള്ളതുമായ മുഴുവൻ വൈദഗദ്ധ്യത്തെയും ഒരേ ചരടിൽ

കണ്ണി ചേർക്കുന്ന ഒരു ഏകോപന സംവിധാനമായി ആയിരിക്കും ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്റർ പ്രവർത്തിക്കുക. പ്രാദേശികമായ അക്കാദമികശേഷികളെയും വൈദഗ്ദ്ധ്യത്തേയും ജനകീയ കൂട്ടായ്മകളിലൂടെയുള്ള സാമൂഹിക മൂലധനത്തെയും പ്രദേശിക സാമ്പത്തിക വികസനത്തിനായി കണ്ണി ചേർക്കുന്ന ഒരു സമാഹരണ സംവിധാനമായി BIC പ്രവർത്തിക്കും.

10.4. ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററിന്റെ ലക്ഷ്യങ്ങൾ

- » പുത്തൻ ആശയ രൂപീകരണത്തിന്റെ അന്തരീക്ഷം ഒരുക്കുക
- » പുത്തൻ ആശയ നടപ്പിലാക്കലിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ സംവിധാനം ഒരുക്കുക
- » പ്രാദേശിക സാമ്പത്തിക വികസനത്തിനുതകുന്ന ആവാസവ്യവസ്ഥ സൃഷ്ടിക്കുക
- » തദ്ദേശ സ്ഥാപനങ്ങളുടെ രണ്ടാംതലമുറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദഗർ, അക്കാദമിക സ്ഥാപനങ്ങൾ എന്നിവയുടെ പിന്തുണയോടെ ബ്ലോക്ക് തലത്തിൽ ഒരു പ്ലാറ്റ്ഫോം സൃഷ്ടിക്കുക
- » അക്കാദമിക സ്ഥാപനങ്ങളിലെ പഠന പ്രോജക്ടുകളെയും ഗവേഷണ പരിപാടികളെയും വികസന പ്രശ്നപരിഹാരങ്ങളുമായി ബന്ധിപ്പിക്കുക
- » ബ്ലോക്ക് പരിധിയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ നിർവഹണ പ്രശ്നങ്ങൾക്ക് സാങ്കേതിക വൈദഗ്ധ്യം നൽകൽ
- » തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് അക്കാദമികവും സാങ്കേതികവുമായ പിന്തുണ സംവിധാനം വികസിപ്പിക്കുക
- » ബ്ലോക്ക് തലത്തിൽ സിവിൽ സമൂഹ സംഘടനകൾ, സംരംഭകർ, കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്, അക്കാദമിക സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ്മയുടെ ഒരു ഏകോപന സംവിധാനമായി പ്രവർത്തിച്ച് ബ്ലോക്ക് പ്രദേശത്തെ നൂതയാനാശയ പ്രോൽസാഹനത്തിനും, പ്രാദേശിക സാമ്പത്തിക വികസനത്തിനും ഉതകുന്ന ഒരു ആവാസ വ്യവസ്ഥ സൃഷ്ടിക്കുക.

10.5. ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്ററിലൂടെ ഇന്നോവേഷൻ ആവാസവ്യവസ്ഥ സജ്ജമാക്കൽ

ബ്ലോക്ക് തലത്തിൽ നൂതനാശയങ്ങളെ സമാഹരിക്കുന്നതിനും, പിന്തുണക്കുന്നതിനും കഴിയുന്ന മുഴുവൻ സംവിധാനങ്ങളെയും ഏകോപിപ്പിക്കാവുന്ന ഒരു സംഘടന രൂപമായിട്ടാണ് BIC പ്രവർത്തിക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്കിന് അകത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അക്കാദമിക സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, വിവിധതരം മിഷനുകൾ, സർക്കാർ വകുപ്പുകൾ, കെ-ഡിസ്ക്, കില പോലുള്ള പരിശീലന സംവിധാനങ്ങൾ, സിവിൽ സമൂഹ സംഘടനകൾ, ബ്ലോക്ക് തല കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്, ബ്ലോക്ക് ഇന്നവേഷൻ ഫെലോസ് എന്നിവരെയെല്ലാം ഏകോപിപ്പിക്കുന്ന ഒരു സംഘടന രൂപമായാണ് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ പ്രവർത്തിക്കേണ്ടത്.

10.5.1 അക്കാദമിക- സാങ്കേതിക സ്ഥാപനങ്ങളുടെ ഏകോപനം

- » ബ്ലോക്കിലെ അക്കാദമിക സ്ഥാപനങ്ങൾ സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.

» സർവ്വേകൾ, വിവര ശേഖരണം എന്നിവക്കു വേണ്ട മനുഷ്യ വിഭവ ശേഷി ലഭ്യമാക്കുക, ആവശ്യമായ തൽസ്ഥിതി പഠനങ്ങൾ നടത്തുക, ബഹു ജന വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ തന്ത്രങ്ങൾ രൂപീകരിക്കുകയും ക്യാമ്പയിനുകൾ നടത്തുകയും ചെയ്യുക, സംരംഭകർക്ക് ആവശ്യമായ പിന്തുണകൾ നൽകുക, പദ്ധതി വിലയിരുത്തലുകൾ നടത്തുക, പുത്തനാശയങ്ങളുടെ ഇൻകുഭേഷനു വേണ്ട സംവിധാനങ്ങൾ ഒരുക്കുക, വിവിധ പദ്ധതികളുടെ പദ്ധതി രേഖകൾ തയ്യാറാക്കുക, ഹാക്കത്തോണുകൾ സംഘടിപ്പിക്കുക തുടങ്ങീ വൈവിധ്യമാർന്ന പ്രവർത്തങ്ങൾ BIC വഴി അക്കാദമിക സ്ഥാപനങ്ങളുമായി ചേർന്നു ചെയ്യാം.

10.5.2 കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് സംവിധാനങ്ങൾക്ക് പിന്തുണ

ഒരു കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (COP) എന്നത് പൊതുവായ താൽപ്പര്യമോ പ്രൊഫെഷണൽ അനുഭവമോ വൈദഗ്ധ്യമോ പങ്കിടുകയും പരസ്പരം മറ്റുള്ളവരിൽ നിന്നും പഠിക്കാൻ തയ്യാറാവുകയും പതിവായി ഇടപഴകുകയും പ്രശ്നങ്ങൾ പഠിക്കുകയും അവരവരുടെ മേഖലയിൽപ്പെട്ട പരിഹാരനിർദ്ദേശങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്ന ആളുകളുടെ ഒരു കൂട്ടായ്മാണ്. അംഗങ്ങൾക്ക് ഇടയിൽ അറിവ് പങ്കിടുന്നതിനോ പദ്ധതികളിൽ കൂട്ടായി പങ്കാളികളാകുന്നതിനോ പരസ്പരം പിന്തുണക്കുന്നതിനോ ഉള്ള ഒരു വേദിയായി മാറുന്നു. BIC യുടെ പശ്ചാത്തലത്തിൽ, കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് എന്നത്, തങ്ങളുടെ അറിവ് നാടിന്റെ ഗുണപരമായ മാറ്റത്തിനുവേണ്ടി സന്നദ്ധ അടിസ്ഥാനത്തിൽ പങ്കുവെക്കുവാൻ താല്പര്യമുള്ള ആളുകളുടെ ഒരു കൂട്ടായ്മ എന്ന വിവക്ഷിക്കാവുന്നതാണ്.

കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് സംവിധാനത്തെ പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധിപ്പിക്കുന്നത്തിലൂടെ വിജ്ഞാന കൈമാറ്റം, സംരംഭകത്വ പിന്തുണ, നെറ്റ്വർക്കിംഗ്, ഇന്നൊവേഷൻ മുതലായ നിരവധി നേട്ടങ്ങൾ ഉണ്ടാകും. പൊതുവിൽ CoP-കളുടെ സഹകരണാത്മകവും വിജ്ഞാനം പരസ്പരം പങ്കിടുന്നതിന്നുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസന ശ്രമങ്ങളെ പിന്തുണയ്ക്കുന്നതിനും കൂടുതൽ ഊർജ്ജസ്വലവും കാര്യശേഷിയുള്ളതുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും കഴിയും. ഇതിലൂടെ വിവിധ മേഖലകളിലെ പ്രാദേശിക പങ്കാളികൾക്ക് ഒരുമിച്ച് പ്രവർത്തിക്കുവാനും തദ്ദേശ സ്ഥാപനതലത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന് സാധ്യതയുള്ള വിവിധ ഏജെൻസികളെ ബന്ധിപ്പിക്കുന്നതിനും കഴിയും. നിലവിൽ കെഡിസ്ക് വ്യത്യസ്ത മേഖലയിലെ വിദഗ്ധരെ ഉൾപെടുത്തി ഇത്തരത്തിൽ ഒരു കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് സംവിധാനത്തെ രൂപപെടുത്തിയിട്ടുണ്ട്.

» കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിന്റെ പ്രവർത്തനങ്ങള്ക്ക് ഭൗതികവും, സാങ്കേതികവും, സാമ്പത്തികവും, അക്കാദമികവുമായ പിന്തുണ നൽകുക.
» ഓഫീസ് സൌകര്യങ്ങളും, മറ്റു ഭൗതിക സൌകര്യങ്ങളും നൽകുക.
» വിവര സാങ്കേതിക സൌകര്യങ്ങൾ ഒരുക്കുക.
» ആവശ്യമായ ഡാറ്റയും വിവര ശേഖരവും ലഭ്യമാക്കുക.
» കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിനെ അക്കാദമിക സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക.
» തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ, സംരംഭകർ എന്നിവരുടെ പ്രശ്നങ്ങളും നൂതനാശ

യങ്ങളും സമാഹരിച്ച് കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിന് കൈമാറുക.

- » കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസിന്റെ സഹായത്തോടുകൂടി താഴെ പറയുന്ന കാര്യങ്ങൾ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾക്ക് ഏറ്റെടുക്കാം.
- » മേഖലകളിൽ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അക്കാദമിക സ്ഥാപനങ്ങളെ ബന്ധിപ്പിച്ചുള്ള സ്ഥിതി പഠനങ്ങൾ, പ്രശ്ന കാരണങ്ങൾ കണ്ടെത്തൽ, പരിഹാര പദ്ധതികൾ തയ്യാറാക്കൽ
- » പ്രാഥമിക പദ്ധതി രേഖകൾ വിശദമായ പദ്ധതി രേഖകൾ എന്നിവ തയ്യാറാക്കുന്നതിന് സാങ്കേതിക സ്ഥാപനങ്ങളുടെ പിന്തുണയോടെ പ്രവർത്തനങ്ങൾ
- » കുട്ടികളുടെയും അധ്യാപകരുടെയും പഠന പ്രോജക്ടുകളെയും ഗവേഷണ പരിപാടികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ആസൂത്രണ നിർവഹണ ആവശ്യങ്ങളുമായി ബന്ധിപ്പിക്കൽ.
- » നടപ്പിലാക്കിയ പദ്ധതികളുടെ ആഘാത, വിലയിരുത്തൽ പഠനങ്ങൾ BIC കൾക്ക് അക്കാദമിക സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് ഏറ്റെടുക്കൽ.

10.5.3 സിവിൽ സമൂഹ സംഘടനകളുടെ ബ്ലോക്ക് തല കളക്ടീവും കോഡിനേഷൻ കളക്ടീവും

ജനാധിപത്യത്തിന്റെ നെടുംതൂണുകളിൽ ഒന്നായി പറയപ്പെടുന്ന സിവിൽ സൊസൈറ്റി കളക്ടീവ് എന്ന ആശയം സർക്കാരിതര സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ലക്ഷ്യങ്ങളെയും താല്പര്യങ്ങളെയും മൂല്യങ്ങളെയും മറ്റ് ആനുകൂല്യങ്ങളെയും ബന്ധിപ്പിച്ച് കൊണ്ടുള്ള കൂട്ടായ പ്രവർത്തനത്തെ ആണ് സൂചിപ്പിക്കുന്നത്. നിലവിൽ ധാരാളം സിവിൽ സൊസൈറ്റി സ്ഥാപനങ്ങളും സംഘടനകളും വ്യക്തികളും മറ്റ് സന്നദ്ധ പ്രവർത്തകരും സജീവമായി പ്രവർത്തിച്ചു വരുന്നുണ്ട്. ബ്ലോക്ക് തലങ്ങളിൽ ഈ ആശയം നടപ്പാക്കുകയാണെങ്കിൽ അറിവ്, പണം, മനുഷ്യ വിഭവങ്ങൾ, സാങ്കേതിക സഹായങ്ങൾ മുതലയവ പങ്കിടുന്നതിലൂടെ പ്രാദേശിക ഭരണകൂടത്തെ കൂടുതൽ ശക്തിപ്പെടുത്താൻ സഹായകമാകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംരംഭകർ, ജനകീയ സംഘടന രൂപങ്ങൾ, എന്നിവർ നേരിടുന്ന സാങ്കേതികവും അക്കാദമവുമായ പിന്തുണ ആവശ്യമായ പ്രശ്നങ്ങളെ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, പരിഹാരങ്ങളെ താഴേക്ക് എത്തിക്കുന്നതിനും സഹായകമായ ഒരു ജനകീയ കൂട്ടായ്മയായി സിവിൽ സമൂഹ കളക്ടീവുകൾക്ക് പ്രവർത്തിക്കാനാകും.

ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സിവിൽ സൊസൈറ്റി കൂട്ടായ്മകൾക്ക് പ്രാദേശിക ആസൂത്രണ വികസന നിർവഹണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുകയും അവരുടെ ആശയങ്ങൾ പ്രാദേശിക വികസനവുമായി ബന്ധിപ്പിക്കുകയും ചെയ്യാം. BIC യുടെ നേതൃത്വത്തിൽ ആസൂത്രണ സമിതികളുടെ പിന്തുണയോടെ തദ്ദേശസ്ഥാപനതലത്തിൽ സിവിൽ സമൂഹ സംഘടനകളുമായി സ്റ്റേക്ക് ഹോൾഡേഴ്സ് കൺസൾട്ടേഷനുകൾ ഏറ്റെടുക്കാം. പുത്തനാശയ സമാഹരണത്തിനുള്ള വേദികൾ ആക്കി സിവിൽ സമൂഹ കൂട്ടായ്മകളെ മാറ്റാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്താൻ ആലോചിക്കുന്ന പദ്ധതികളുടെ സാമൂഹിക ആഘാത പഠനം, പാരിസ്ഥിതിക ആഘാത പഠനം, നടത്തിയ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിംഗ് എന്നിവ BIC യുടെ

പിന്തുണയോടെ സിവിൽ സൊസൈറ്റി കളക്ടീവുകൾക്ക് ഏറ്റെടുക്കാം.

ഗ്രന്ഥശാലകൾ, കുടുംബശ്രീ കൂട്ടായ്മകൾ, വയോജന കൂട്ടായ്മകൾ, യുവജന കൂട്ടായ്മകൾ, അധ്യാപക കൂട്ടായ്മകൾ, ക്ലബ്ബുകളുടെ കൂട്ടായ്മകൾ, പാടശേഖരസമിതി കൂട്ടായ്മകൾ, കർഷക കൂട്ടായ്മകൾ, കുട്ടികളുടെ കൂട്ടായ്മകൾ, വിവിധതരം തൊഴിൽ കൂട്ടായ്മകൾ, സംരംഭക കൂട്ടായ്മകൾ, റസിഡന്റ് അസോസിയേഷൻ കൂട്ടായ്മകൾ ഇവയെല്ലാം സിവിൽ സമൂഹ കളക്ടീവിന്റെ ഭാഗമായി മാറും. ഇവയുടെയെല്ലാം പ്രതിനിധികൾ ചേർന്നതായിരിക്കണം സിവിൽ സമൂഹ കളക്ടീവിന്റെ ബ്ലോക്ക് തല ജനറൽ ബോഡി. പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനോടൊപ്പം പദ്ധതികളുടെ ഒരു ജനകീയ ഓഡിറ്റിംഗ് സംവിധാനമായി സിവിൽ സമൂഹ കളക്ടീവുകൾക്ക് മാറാൻ കഴിയും.

സിവിൽ സമൂഹ കളക്ടീവുകളെ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടീവുകളിൽ നിന്നും ഒരു അംഗം ഉൾപ്പെട്ട ഒരു കോഡിനേഷൻ കളക്ടീവ് ഉണ്ടാകണം. ഇവരിൽ നിന്നും ഉള്ള മൂന്നുപേർ കോഡിനേഷൻ കളക്ടീവിന്റെ കോഡിനേറ്റർമാരായി പ്രവർത്തിക്കണം. സിവിൽ സമൂഹ കളക്ടീവുകളുടെ ബ്ലോക്ക് തല ജനറൽബോഡികൾ മൂന്നുമാസങ്ങളിൽ ഒരിക്കലെങ്കിലും ചേരണം. കോഡിനേഷൻ കളക്ടീവ് ആകട്ടെ എല്ലാ മാസങ്ങളിലും യോഗം ചേരുകയും അവരുടെ പ്രവർത്തനങ്ങളെ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുകയും വേണം.

10.5.4 സംരംഭക ഫെഡറേഷനുകളുടെ ഏകോപന സംവിധാനം

പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായിക്കുന്ന സംവിധാനം എന്ന നിലയിൽ BIC യുടെ ഭാഗമായി ഓരോ ബ്ലോക്കിലും ഉള്ള വിവിധതരം സംരംഭകരുടെ കൂട്ടായ്മകൾ അഥവാ ഫെഡറേഷനുൾ ആരംഭിച്ച് അവയുടെ ഒരു ഏകോപന സംവിധാനം രൂപപ്പെടുത്താവുന്നതാണ്. സംരംഭങ്ങൾ നേരിടുന്ന പ്രതിസന്ധികൾ അവർക്ക് ആവശ്യമായ സാങ്കേതിക- അക്കാദമിക പിന്തുണകൾ, വിഭവസമാഹരണ പിന്തുണകൾ, വിപണനം ശാസ്ത്രീയമാക്കാനുള്ള പിന്തുണകൾ, തുടങ്ങി വൈവിധ്യമാർന്ന പിന്തുണ സംവിധാനങ്ങൾ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് അക്കാദമിക സ്ഥാപനങ്ങൾ എന്നിവ വഴി ഇന്നവേഷ കസ്റ്ററുകൾക്ക് ലഭ്യമാക്കാൻ ആകും. പ്രാദേശിക സാമ്പത്തിക വികസന മാർഗരേഖയിൽ (LED Guidline) സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ബ്ലോക്ക് തല എംപ്ലോയബിലിറ്റി സെന്റർ സംരംഭക പ്രോത്സാഹനത്തിന് ഒരു സംവിധാനം എന്ന നിലയിൽ BIC യുടെ ഭാഗമാക്കാവുന്നതാണ്.

10.5.5 ഡാറ്റാ ശേഖരണവും സൂക്ഷിപ്പും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ മേഖലകളിലെ ഡാറ്റാബേസ് വികസിപ്പിക്കുക. മഴുവൻ ഡാറ്റയും ശേഖരിച്ച് ബ്ലോക്ക് തല ഡാറ്റാ റെപ്പോസ്റ്ററി ഒരുക്കുക. എല്ലാ വകുപ്പുകൾ, ഏജൻസികൾ അർദ്ധ-സർക്കാർ സംവിധാനങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്ന സർവ്വേകൾ, റിപ്പോർട്ടിങ് സംവിധാനത്തിലൂടെ വരുന്ന കണക്കുകൾ, പഠനങ്ങൾ വിവിധ തരം സെൻസസുകൾ, വിഭവ ഭൂപടങ്ങൾ, ദുരന്ത സാധ്യതയും ദുരന്ത നിവാരണവും ആയി

ബന്ധപ്പെട്ട വിവരങ്ങൾ, കാലാവസ്ഥ വിവര ശേഖരം കാലാവസ്ഥ മുന്നറിയിപ്പുകൾ സംരംഭങ്ങളുടെ വിവരങ്ങൾ എന്നിവ സമാഹരിച്ച് ഒരു പോർട്ടൽ സംവിധാനത്തിൽ ലഭ്യമാക്കുകയും കാലാനുസൃതമായി പുതുക്കുകയും ചെയ്യുക. വിവരാധിഷ്ഠിത ആസൂത്രണം, വികസന സൂചകങ്ങളെ ആസ്പദമാക്കിയുള്ള വിലയിരുത്തലുകൾ എന്നിവക്കായുള്ള പരിശീലങ്ങൾ, ശേഷി വികസന പ്രവർത്തനങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആസൂത്രണ സമതികൾ, വർക്കിങ് ഗ്രൂപ്പുകൾ, ഉദ്യോഗസ്ഥർ എന്നിവർക്കായി സംഘടിപ്പിക്കുക.

10.5.6 വിഭവസമാഹരണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾക്കും ആശയങ്ങൾക്കും വിഭവങ്ങൾ ലഭ്യമാകുന്നതിനുള്ള സാധ്യതകളുടെ മാപ്പിംഗും വിഭവസമാഹരണവും ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രധാന പ്രവർത്തനമാക്കാം. ഇതിനായി സ്കീം മാപ്പിംഗ്, ഫൈനാൻസ് മാപ്പിങ് എന്നിവ ഏറ്റെടുക്കാം. ഓരോ ഏജൻസികളുടെയും ആവശ്യങ്ങൾക്ക് അനുസരിച്ച് പദ്ധതി രേഖകൾ തയ്യാറാക്കി നൽകാം. ബ്ലോക്കിലെ വിവിധ ഏജൻസികൾ സർക്കാർ വകുപ്പുകൾ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, മിഷനുകൾ സി എസ് ആർ സ്ഥാപനങ്ങൾ, കോപ്പറേറ്റീവ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, പ്രവാസി സംഘടനകൾ എന്നിവ വഴിയെല്ലാം വിഭവസമാഹരണത്തിന്റെ ഏകോപന കേന്ദ്രമായി ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾക്ക് പ്രവർത്തിക്കാം.

10.5.7 ഡോക്യുമെന്റേഷൻ- പരിശീലന പിന്തുണ

പുതിയ ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങളും മാതൃകാ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനും ചെയ്യുന്ന സംവിധാനമായി BIC കൾക്ക് മാറാൻ ആകും.

10.5.8 ഇന്നവേഷൻ ഫെല്ലോസ്

ബ്ലോക്കിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംരംഭകർ, സിവിൽ സമൂഹ കളക്ടീവുകൾ, വകുപ്പുകൾ, ഏജൻസികൾ, എന്നിവരുടെ ഭാഗത്തുനിന്നും ഉയർന്നുവരുന്ന നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിച് അവയുടെ സാക്ഷാത്കാരത്തിന് വേണ്ട പിന്തുണ നൽകുക, തദ്ദേശസ്ഥാപനങ്ങൾ സംരംഭങ്ങൾ ജനകീയ സംഘടനകൾ എന്നിവർ നേരിടുന്ന സാങ്കേതികവും അക്കാദമിവുമായ പിന്തുണകൾ ആവശ്യമുള്ളതുമായ പ്രശ്നങ്ങളെ തിരിച്ചറിയുക അവയുടെ പ്രശ്നപരിഹാരത്തിന് വേണ്ട ഏകോപന പ്രവർത്തനങ്ങൾ ചെയ്യുക അക്കാദമിക സ്ഥാപനങ്ങൾ വിവിധ തലങ്ങളിലെ COP കൾ എന്നിവരുമായി സഹകരിച്ച് പ്രശ്നം പരിഹാരത്തിനുള്ള പിന്തുണകൾ നൽകുക, വിശദമായ പദ്ധതികൾ തയ്യാറാക്കുന്നതിനും, വിഭവ സമാഹരണത്തിനും പിന്തുണ നൽകുക തുടങ്ങി ബ്ലോക്ക് തല നൂതന ആവാസ വ്യവസ്ഥയെ രൂപപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും കഴിയുന്ന ഒരു ഫെസിലിറ്റേഷൻ സംവിധാനം എന്ന നിലയിലാണ് ബ്ലോക്ക് ഇന്നവേഷൻ ഫെല്ലോകളെ വിഭാവനം ചെയ്യുന്നത്.

» ബ്ലോക്ക് പ്രദേശത്തെ അക്കാദമിക സ്ഥാപനങ്ങൾ, ബ്ലോക്ക് COP എന്നിവയെ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ, സംരംഭകർ, ലോക്കൽ ഇന്നവേറ്റർമാർ, വകുപ്പുകൾ, മിഷണുകൾ എന്നിവയുമായി ബന്ധിപ്പിക്കുക.

» കെഡിസ്ക്കിന്റെ **OLOI, YIP**, സ്കില്ലിങ് പദ്ധതികളിൽ ഒരു ചാലക ശക്തിയായി പ്രവർത്തിക്കുക.

» തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംരംഭകർ, ലോക്കൽ ഇന്നവേറ്റർമാർ, സർക്കാർ സംവിധാനങ്ങൾ എന്നിവരിൽ നിന്നും നൂതനാശയങ്ങൾ, പ്രശ്നങ്ങൾ എന്നിവ സമാഹരിച്ച് ബ്ലോക്ക്/ജില്ലാ **COP** കൾ, ഇന്നവേഷൻ ക്ലസ്റ്ററുകൾ എന്നിവയുടെ മുൻപിൽ എത്തിക്കുക. അതാത് തലങ്ങളിൽ പരിഹാരം കണ്ടെത്താൻ കഴിയാത്ത പ്രശ്നങ്ങൾ മുകൾ തലങ്ങളിലേക്ക് കൈമാറുന്നതിനുള്ള ഇടപെടലുകൾ നടത്തുക.

» നൂതനാശയങ്ങൾക്കും പദ്ധതികൾക്കും വിഭവസമാഹരണം നടത്തുന്നതിനുള്ള പിന്തുണകൾ നൽകുക.

» ബ്ലോക്ക് **COP** കൾ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

» ബ്ലോക്ക് **COP** കൾ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ എന്നിവയുടെ ഇടപെടലുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

» ബ്ലോക്ക് പ്രദേശത്ത് ലോക്കൽ ഇന്നവേറ്റർമാരെ അക്കാദമിക സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക.

» തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നൂതനാശയങ്ങൾ, പ്രശ്ന പരിഹാരത്തിനായുള്ള അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന പരിഹാരങ്ങൾ എന്നിവ വിശദമായ പദ്ധതികൾ ആക്കി മാറ്റുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പിന്തുണക്കുക.

» അക്കാദമിക സ്ഥാപനങ്ങളിലെ അധ്യാപകർ, വിദ്യാർഥികൾ എന്നിവരുടെ നൂതയാശയനങ്ങൾക്ക് പിന്തുണ നൽകുക.

നൂതനാശയ രൂപീകരണത്തിനും നൂതന ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനും തൽപരരായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ, ഗവേഷകർ, ഗവേഷണ ബിരുദം നേടിയവർ ബിരുദാനന്തര ബിരുദത്തിന് ശേഷം ഗവേഷണത്തിന് തയ്യാറെടുക്കുന്നവർ, നൂതനാശയ സൃഷ്ടിക്ക് സംഭാവന നൽകിയ അക്കാദമിക പശ്ചാത്തലമുള്ള വ്യക്തികൾ സാങ്കേതിക സ്ഥാപനങ്ങളിലെ അധ്യാപകർ, അക്കാദമിക യോഗ്യതയുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്കെല്ലാം ഇന്നവേഷൻ ഫെല്ലോകളായി അപേക്ഷിക്കാൻ അവസരം നൽകാം പരമാവധി 45 വയസ്സുവരെ ഉള്ളവർക്ക് അപേക്ഷിക്കുന്നതിനുള്ള സാധ്യത നൽകാം. ബയോഡാറ്റയുടെ പ്രാഥമിക സ്ക്രീനിങ് തയ്യാറാക്കി സ്വീകരിക്കുന്ന സ്റ്റേറ്റ്മെന്റ് ഓഫ് പർപസിന്റെ സ്ക്രീനിങ് എന്നിവക്ക് ശേഷം യോഗ്യത നേടിയവർക്ക് തങ്ങളുടെ പ്രവർത്തന സാധ്യതകളെ സംബന്ധിച്ച ലഘു ഓൺലൈൻ അവതരണങ്ങള്ക്ക് അവസരം നൽകാം. ഇതിലൂടെ തെരെഞ്ഞടുക്കപ്പെടുന്നവരെ ഒരു വിദഗ്ധ പാനൽ അഭിമുഖം നടത്തിയാകണം അന്തിമ പട്ടിക തയ്യാറാക്കേണ്ടത്. ബ്ലോക്ക് ഇന്നവേഷൻ ഫെല്ലോകൾക്ക് യാത്ര ബദ്ധയും അനുബന്ധ ചിലവുകൾ കണ്ടെത്തുന്നതിനും ഉള്ള ഒരു നാമമാത്ര ഒന്നാറെരിയം നൽകുന്നത് ആണ് ഉചിതം. സാമ്പത്തിക പ്രതിഫലത്തെക്കാൾ പുതിയ മേഖലയിൽ പരിശീലനനങ്ങൾക്ക് ഉള്ള

അവസരങ്ങൾ. പുതിയ കോഴ്സുകൾ ചെയ്യുന്നതിനുള്ള അവസരങ്ങൾ മികച്ച അക്കാദമിക സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരങ്ങൾ എക്സ്പോഷർ സന്ദർശനങ്ങൾക്കുള്ള അവസരങ്ങൾ എന്നിവ ഒരുക്കുന്നതാകും അനുയോജ്യം.

10.6. ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ പൈലറ്റ് പ്രവർത്തനം

പൈലറ്റ് പ്രവർത്തനം എന്ന നിലയിൽ 20 ബ്ലോക്കുകളിൽ ആണ് ഈ വർഷം ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിച്ചു പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നത്. പൈലറ്റ് ബ്ലോക്കുകളുടെ വിവരം പട്ടിക 1-ൽ നൽകിയിട്ടുണ്ട്.

ക്രമ നം	ജില്ലയുടെ പേര്	ബ്ലോക്കിന്റെ പേര്
1	തിരുവനന്തപുരം	നേമം
2		നെടുമങ്ങാട്
3	കൊല്ലം	മുഖത്തല
4	പത്തനംതിട്ട	പറക്കോട്
5	ആലപ്പുഴ	കഞ്ഞിക്കുഴി
6	കോട്ടയം	വൈക്കം
7		ഏറ്റുമാനൂർ
8	ഇടുക്കി	ഇടുക്കി
9	എറണാകുളം	വൈപ്പിൻ
10	തൃശൂർ	കൊടകര
11		തളിക്കുളം
12	പാലക്കാട്	മലമ്പുഴ
13	മലപ്പുറം	മങ്കട
14		തിരൂർ
15	കോഴിക്കോട്	കുന്നമംഗലം
16		കുന്നുമ്മൽ
17	വയനാട്	സുൽത്താൻബത്തേരി
18	കണ്ണൂർ	പയ്യന്നൂർ
19		തലശ്ശേരി
20	കാസർഗോഡ്	കാഞ്ഞങ്ങാട്

പട്ടിക 1

10.7. ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ പൈലറ്റ് പ്രവർത്തനം ഇത് വരെ

» കേരളത്തിലെ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടിസ്സ് സംവിധാനത്തെ ശക്തിപ്പെടുത്തുന്ന

രീതിയിൽ പതിനാലു ജില്ലാ തല കമ്മ്യൂണിറ്റി ഓഫ് പ്രാക്ടിസ്സ് ശില്പശാലകൾ നടത്തി.

» ജില്ലാ ശില്പശാലകളിൽ നിന്നും ലഭിച്ച ആശയങ്ങളെ ക്രോഡീകരിച്ചു സംസ്ഥാന തലത്തിൽ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടിസ്സ് പ്രതിനിധികളുടെ ശില്പശാല നടത്തി. ഈ ശിൽപശാലയിൽ ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്ററിന്റെയും കമ്മ്യൂണിറ്റി ഓഫ് പ്രാക്സ്റ്റീസ് സംവിധാനത്തിന്റെയും കരട് രൂപ രേഖ തയ്യാറാക്കി.

» ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ നടപ്പിലാക്കുന്ന പ്രവർത്തനത്തിനായി 28 ബ്ലോക്കുകളിൽ നേരിട്ട് കെഡിസ്ക് ബന്ധപ്പെടുകയും പ്രൊജക്ട് വക്കുന്നത്തിനുള്ള ഇടപെടലുകൾ നടത്തുകയും ഉണ്ടായി.ഇതിന്റെ അടിസ്ഥാനത്തിൽ 2025- 26 വർഷത്തിൽ **20 ബ്ലോക്കുകളിൽ** പ്രൊജക്ട് ഉൾപെടുത്തിയിട്ടുണ്ട്.

» പൈലറ്റ് ബ്ലോക്കുകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ കണ്ടെത്തുന്നതിന് **20 ബ്ലോക്കുകളിൽ** ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബ്ലോക്ക് പരിധിയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളെയും അക്കാദമിക സ്ഥാപങ്ങളെയും ഉൾപ്പെടുത്ത്തി ബ്ലോക്ക് തല ശില്പശാല നടത്തുകയുണ്ടായി. ഈ ശില്പശാലയുടെ ബ്ലോക്ക് തലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പട്ടികപ്പെടുത്തുകയുണ്ടായി.

» പൈലറ്റ് ചെയ്യുന്ന 20 ബ്ലോക്ക് പഞ്ചായത്തുകളിലെയും, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പഞ്ചായത്തുകളിലെയും പ്രതിനിധികളെയും, അക്കാദമിക സ്ഥാപങ്ങനളെയും ഉൾപ്പെടുത്തി കിലയിൽ വച്ച് ഒരു ത്രിദിന പരിശീലനം നടത്തുകയുണ്ടായി. ഇതിന്റെ തുടർച്ചയായി അക്കാദമിക സ്ഥാപങ്ങളുടെ സഹായത്തോടെ ബ്ലോക്ക് പരിധിയിലെ വികസന പ്രശ്നങ്ങളുടെ പരിഹാരം കാണുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

» NIIST, CTCRI, NIT Kozhikode, TKM കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊല്ലം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, KAU, RARS, KVK, CUFOS, KPPL, കുഫോസ്, കോളേജ് ഓഫ് എഞ്ചിനീയറിംഗ് തലശ്ശേരി,

» CWRDM, ഗവ. എഞ്ചിനീയറിംഗ് കോളേജ് തൃശൂർ, സഹൃദയ എഞ്ചിനീയറിംഗ് കോളേജ് തൃശൂർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫിസിക്സ് വിഭാഗം (ഇൻകുബേഷൻ സെന്റർ), കോളേജ് ഓഫ് അഗ്രികൾച്ചർ, സെൻടൽ യൂണിവേഴ്സിറ്റി പെരിയ, GEC ഇടുക്കി എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി പ്രശ്ന പരിഹാരങ്ങൾക്കായുള്ള ധാരണ ആയി വരുന്നു.



കുടുംബശ്രീയും ഉപജീവന മേഖലയിലെ സാധ്യതകളും



11.1. കുടുംബശ്രീ

സംസ്ഥാനത്തെ കേവല ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പ്രസ്ഥാനമാണ് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ അഥവാ കുടുംബശ്രീ. ദാരിദ്ര്യ നിർമ്മാർജ്ജനം മുഖ്യചുമതലയായി ഏറ്റെടുത്തിയിട്ടുള്ള ഈ മിഷൻ അതിന്റെ പ്രവർത്തന പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന സാമൂഹാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെയാണ് നടപ്പാക്കുന്നത്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെയും കുടുംബങ്ങളിൽ നിന്നും 18 വയസ്സ് പൂർത്തിയായ ഓരോ സ്ത്രീയെ വീതം ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന 10 മുതൽ 20 വരെ അംഗങ്ങൾ ഉള്ള അയൽക്കൂട്ടങ്ങളാണ് സംഘടനാ സംവിധാനത്തിലെ അടിസ്ഥാന ഘടകം. ഈ അയൽക്കൂട്ടങ്ങളെ വാർഡ് തലത്തിൽ ഏര്യാ ഡവല്പമെന്റ് സൊസൈറ്റികളായും (എ.ഡി.എസ്.), നഗരസഭാ/പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി ഡവല്പമെന്റ് സൊസൈറ്റികളായും (സി.ഡി.എസ്.) ഫെഡറേറ്റ് ചെയ്തിരിക്കുന്നു. മൂന്നു തലത്തിലും പ്രവർത്തിക്കുന്ന ഇത്തരം

സംഘടനകളുടെ ഭാരവാഹിത്വം ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്ത്രീകളാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ, വാർഡ് തല സംഘടന (എ.ഡി.എസ്.) യുടെ രക്ഷാധികാരി എന്ന നിലയിലും തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ കുടും ബശ്രീ സി.ഡി.എസ്. സംയോജന വികസന സമിതിയുടെ അദ്ധ്യക്ഷൻ എന്ന നിലയിലും ഈ സാമൂഹ്യാധിഷ്ഠിത സംഘടനയ്ക്ക് നേതൃത്വം നൽകുന്നു.

11.2. സാമൂഹ്യാധിഷ്ഠിത ത്രിതല സംഘടനാ സംവിധാനം

സംസ്ഥാനത്തെ കേവല ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിന് ദരിദ്രരുടെ തന്നെ സംഘടന കൾക്ക് രൂപം നൽകുകയായിരുന്നു കുടുംബശ്രീ മിഷൻ. ഈ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനം ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും ദാരിദ്ര്യ നിർമാർജ്ജന, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കുള്ള പിന്തുണാ സംവിധാനം എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്.

11.2.1. അയൽക്കൂട്ടം

സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലെ അടിസ്ഥാന ഘടകമാണ് അയൽക്കൂട്ടം. അയൽക്കൂട്ടം പ്രാഥമിക അടിസ്ഥാന ഘടകമെന്ന നിലയിൽ സി.ഡി.എസ്സിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇതിനെ അഫിലിയേഷൻ എന്നു പറയുന്നു. അടുത്തടുത്ത കുടുംബങ്ങളിലെ 10 മുതൽ 20 വരെ അംഗങ്ങൾ ചേർന്ന് രൂപീകരിക്കുന്ന അയൽക്കൂട്ടത്തിന്റെ സവിശേഷതകൾ ചുവടെ ചേർക്കുന്നു: -

- » 10 മുതൽ 20 വരെ അംഗങ്ങൾ
- » ഒരു കുടുംബത്തിൽ നിന്നും ഒരു വനിതയ്ക്ക് മാത്രം അംഗത്വം
- » 5 അംഗ ഭരണ സമിതി- പ്രസിഡന്റ് (തൊഴിലുറപ്പ്, ഗ്രാമസഭ ഉപസമിതി കൺവീനർ), സെക്രട്ടറി (മൈക്രോ ഫിനാൻസ് ഉപസമിതി കൺവീനർ), ഉപജീവനവികസന ഉപസമിതി കൺവീനർ, സാമൂഹ്യവികസന ഉപസമിതി കൺവീനർ, അടിസ്ഥാന സൗകര്യവികസന ഉപസമിതി കൺവീനർ

11.2.2. ഏര്യ ഡെവല്പമെന്റ് സൊസൈറ്റി (എ.ഡി.എസ്.)

വാർഡ് തലത്തിൽ അയൽക്കൂട്ടങ്ങളുടെ 5 അംഗ വോളണ്ടിയർ പ്രതിനിധികളെ ഉൾപ്പെ ടുത്തി വാർഡ് തല എ.ഡി.എസ്. രൂപീകരിക്കുന്നു.

- » ഒരു അയൽക്കൂട്ടത്തിൽ നിന്നും 5 അംഗ വോളണ്ടിയർ കമ്മിറ്റി അംഗങ്ങൾ
- » 11 അംഗ ഭരണ സമിതി
- » എക്സ് ഓഫിഷ്യോ അംഗങ്ങൾ
- » വാർഡ് മെമ്പർ/കൗൺസിലർ രക്ഷാധികാരി

11.2.3. കമ്മ്യൂണിറ്റി ഡവല്പമെന്റ് സൊസൈറ്റി

പഞ്ചായത്ത്/നഗരസഭയിലെ വാർഡ് തല എ.ഡി.എസ്സുകളെ ഏകോപിപ്പിച്ചുകൊണ്ട് എല്ലാ വാർഡുകൾക്കും പ്രാതിനിധ്യം നൽകി സി.ഡി.എസ്. രൂപീകരിക്കുന്നു.

- » എല്ലാ എഡിഎസ്സുകളിലേയും 11 അംഗ ഭരണ സമിതി അംഗങ്ങൾ ചേർന്നുണ്ടാകുന്ന പൊതുസഭ
- » എല്ലാ 11 അംഗ എ.ഡി.എസ്. ഭരണ സമിതികളിൽ നിന്നും ഒരു അംഗത്തെ തെരഞ്ഞെടുത്തുകൊണ്ട് രൂപീകരിക്കുന്ന ഭരണസമിതി. (ഭരണ സമിതി അംഗങ്ങളുടെ എണ്ണം എ.ഡി.എസ്സുകളുടെ എണ്ണത്തിന് തുല്യമായിരിക്കും)
- » ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിങ്ങനെ ഔദ്യോഗിക ഭാരവാഹികൾ
- » തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 അംഗ വനിതാ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ അംഗങ്ങളായ എക്സ് ഓഫീഷ്യോ അംഗങ്ങൾ.
- » സി.ഡി.എസ്സിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും തദ്ദേശ സ്ഥാപന മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള സി.ഡി.എസ്. സംയോജന വികസന സമിതി (വിലയിരുത്തൽ സമിതി).

11.3. സി.ഡി.എസ്സിന്റെ ചുമതലകൾ

ഓരോ അയൽക്കൂട്ട കുടുംബങ്ങളുടെയും ആവശ്യങ്ങൾക്കനുസരിച്ചു തയ്യാറാക്കുന്ന ഡിമാൻഡ് പ്ലാൻ പ്രകാരം ദാരിദ്ര്യ നിർമ്മാർജ്ജനത്തിനാവശ്യമായ പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക. പഞ്ചായത്ത്/നഗരസഭയിൽ നടപ്പിലാക്കുന്ന വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും കുടുംബശ്രീ പ്രവർത്തനങ്ങളും അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുക, വിവിധ സർക്കാർ, അർദ്ധ സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ പഞ്ചായത്ത്/നഗരസഭയിലെ അയൽക്കൂട്ട കുടുംബാംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുക, കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും എ.ഡി.എസ്സുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുക. ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള വിവിധ വകുപ്പുകളുടെയും ദാരിദ്ര്യ നിർമ്മാർജ്ജന മേഖലയിൽ പ്രവർത്തിക്കുന്ന ഇതര വകുപ്പുകളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക എന്നിവയാണ് സി.ഡി.എസ്സിന്റെ പ്രധാന ചുമതല. സി.ഡി.എസ്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്താണ് പ്രവർത്തിക്കുന്നത്. സി.ഡി.എസിന് നിർബന്ധമായും ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കും. സി.ഡി.എസ്. ചെയർപേഴ്സനും, മെമ്പർ സെക്രട്ടറിയും സംയുക്തമായാണ് പ്രസ്തുത അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുന്നത്.

11.4. സമൂഹാധിഷ്ഠിത സംഘടനാ സംവിധാനങ്ങളുടെ പ്രവർത്തന ഫണ്ട്

അയൽക്കൂട്ടങ്ങൾക്കും, എ.ഡി.എസ്സുകൾക്കും, സി.ഡി.എസ്സിനും തനതായ പ്രത്യേക പ്രവർത്തന ഫണ്ട് ഉണ്ടായിരിക്കും. പ്രവേശന ഫീസ്, അഫിലിയേഷൻ ഫീസ്, വാർഷിക വരിസംഖ്യ, സംഭാവനകൾ, സർക്കാരിൽ നിന്നോ ത്രിതല പഞ്ചായത്തുകളിൽ നിന്നോ ഇതര സംഘടനകൾ, വ്യക്തികൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നോ ലഭിക്കുന്ന ഗ്രാന്റുകൾ, സാമ്പത്തിക പ്രവർത്തനങ്ങളിൽ നിന്നുള്ള അധിക വരുമാനം, വിഹിതങ്ങൾ,

സമിതി പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന ആദായങ്ങൾ എന്നിവയാണ് പ്രധാനപ്പെട്ട പ്രവർത്തന ഫണ്ടുകൾ. ഇത്തരത്തിൽ അയൽക്കൂട്ടങ്ങളിൽ നിന്നും മറ്റു ഇതര സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫീസുകളും ഫണ്ടുകളും ഉപയോഗിച്ചാണ് കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ അപ്പക്സ് ഘടകമായ സി.ഡി.എസ്. പ്രവർത്തിക്കുന്നത്.

11.5. കുടുംബശ്രീ സി.ഡി.എസ്. സംയോജന വികസന സമിതി (കൺവെർജൻസ് & ഡവലപ്മെന്റ് കമ്മിറ്റി- CDC)

നഗരസഭ തലത്തിൽ മേയർ/ചെയർപേഴ്സൺ അധ്യക്ഷനായ 'കുടുംബശ്രീ സി.ഡി.എസ്. സംയോജന വികസന സമിതി' എന്ന ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ സമിതിയുടെ സെക്രട്ടറിയും സി.ഡി.എസ് മെമ്പർ സെക്രട്ടറി സമിതിയുടെ കൺവീനറും ആയിരിക്കും. കൂടാതെ ആകെ അംഗസംഖ്യ 35-ൽ (കോർപ്പറേഷനിൽ-50) കവിയാത്ത വിധം താഴെ പറയുന്ന അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്.

1. തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി
2. സി.ഡി.എസ്. വൈസ് ചെയർപേഴ്സൺ (സ്)
3. ക്ഷേമകാര്യ-വികസനകാര്യ സ്റ്റാന്റിങ് ഭരണസമിതി ചെയർമാൻമാർ/ചെയർപേഴ്സൺമാർ
4. തദ്ദേശഭരണ സമിതിയിലെ മുഴുവൻ സ്റ്റിയറിഗ് കമ്മറ്റി അംഗങ്ങളും
5. തദ്ദേശ സ്വയംഭരണ സമിതി, സി.ഡി.എസിലേയ്ക്ക് നിയോഗിച്ചിട്ടുള്ള 5 വനിതാ ജനപ്രതിനിധികൾ
6. സി.ഡി.എസ്. എക്സ് ഒഫിഷ്യോ അംഗങ്ങളായ രണ്ട് മുൻ സി.ഡി.എസ്. ഔദ്യോഗിക ഭാരവാഹികൾ
7. സി.ഡി.എസ്സിലെ ഉപസമിതി കൺവീനർമാർ.
8. തദ്ദേശ സ്വയംഭരണ നിയന്ത്രണത്തിലുള്ള എല്ലാ വകുപ്പ് ഘടകസ്ഥാപന മേധാവികളും
9. തദ്ദേശഭരണ സ്ഥാപനത്തിലെ ധനകാര്യ സ്ഥാപനങ്ങളുടെ രണ്ട് പ്രതിനിധികൾ.
10. കടുംബശ്രീ ഡി.എം.സി. ശുപാർശ ചെയ്യുന്ന ഒരു ബ്ലോക്ക് കോർഡിനേറ്റർ
11. സി.ഡി.എസ് അക്കൗണ്ടന്റ്
12. ഓക്സിലറി ഗ്രൂപ്പിൽ നിന്നും സി.ഡി.എസ്.തല കൺസോർഷ്യം ലീഡർ, സി.ഡി.എസ്. നിശ്ചയിക്കുന്ന മറ്റൊരംഗം.

പ്രാദേശിക ഭരണകൂടത്തേയും കുടുംബശ്രീ സി.ഡി.എസ് സംവിധാനത്തേയും ജനാധിപത്യ രീതിയിൽ ഒരുമിപ്പിക്കുന്ന വേദിയാണ് സി.ഡി.എസ്. സംയോജന വികസന സമിതി. സി ഡി എസ് തയ്യാറാക്കുന്ന ആക്ഷൻ പ്ലാൻ (UPRP) ഫലപ്രദമായി നടപ്പിലക്കൽ, തദ്ദേശഭരണ സ്ഥാപനവുമായും ഘടക സ്ഥാപനങ്ങളുമായുള്ള സംയോജനം സാധ്യമാക്കൽ എന്നിവ ഈ സമിതി ഉറപ്പാക്കുന്നു. തദ്ദേശഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള ഘടക/വകുപ്പ് മേധാവികളെല്ലാം ഇതിൽ അംഗങ്ങളാണ്. തദ്ദേശ ഭരണസമിതിയുടെ അദ്ധ്യക്ഷൻ നേതൃത്വം കൊടുക്കുന്ന യോഗത്തിൽ പ്രസ്തുത ഉദ്യോഗസ്ഥർ പങ്കെടുക്കുകയും അവിടെ നടക്കുന്ന ഉത്തരവാദിത്വപൂർണ്ണമായ ചർച്ചകളും തീരുമാനമെടുക്കൽ പ്രക്രിയയും അവരുടെ തന്നെ സേവനപരമായ ബാധ്യതയായി അംഗീകരിക്കുകയും ചെയ്യുന്നു.

11.6. കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ

അയൽക്കൂട്ട കുടുംബാംഗങ്ങളുടെ അഭിരുചി, കഴിവ്, താത്പര്യം തുടങ്ങിയ അടിസ്ഥാന സമീപനങ്ങളെ ആശ്രയിച്ച് വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കുന്ന അംഗങ്ങൾക്ക് പ്രോത്സാഹനവും, പരിശീലനവും, സാമ്പത്തിക സഹായവും ഒരളവു വരെ മാർക്കറ്റിംഗ് പിന്തുണകളും കുടുംബശ്രീയിൽ നിന്നും നല്കുന്നു. ഉത്പാദന മേഖലയിലും, സേവന മേഖല യിലുമായി ധാരാളം അംഗങ്ങൾക്ക് വരുമാനമുണ്ടാക്കാൻ ഈ പദ്ധതി സഹായകരമായിട്ടുണ്ട്.

11.7. വിവിധ മൈക്രോ സംരംഭ പദ്ധതികൾ

1. ഗ്രാമീണ ചെറുകിട സൂക്ഷ്മ സംരംഭ പദ്ധതി (ആർ.എം.ഇ.): കുടുംബശ്രീ സി.ഡി. എസ്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളുടെ വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങൾക്ക് അവർ സംരംഭ പ്രവർത്തനങ്ങൾക്കായി എടുത്തിട്ടുള്ള ബാങ്ക് വായ്പയ്ക്ക് പലിശ സബ്സിഡി ലഭ്യമാകുന്നു.
2. യുവശ്രീ പദ്ധതി (50 കെ): അഭ്യസ്തവിദ്യരായ യുവതി യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയെന്ന ഉദ്ദേശത്തോടു കൂടി ആവിഷ്കരിച്ച പദ്ധതിയാണിത്. കുടുംബശ്രീയിലെ മറ്റു ചെറുകിട സൂക്ഷ്മ സംരംഭങ്ങളെപ്പോലെ തന്നെയാണ് പലിശ സബ്സിഡിയും മറ്റു അനുകൂല്യങ്ങളും.

സ്ത്രീകൾ മാത്രമോ, പുരുഷന്മാർ മാത്രമോ, പുരുഷന്മാരും സ്ത്രീകളും കൂടിചേർന്നോ യൂണിറ്റുകൾ ആരംഭിക്കാം. പുരുഷന്മാർ നേരിട്ട് അയൽക്കൂട്ടത്തിൽ ഇല്ലെങ്കിലും, അവരുടെ കുടുംബാംഗങ്ങൾ അയൽക്കൂട്ടത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത അംഗം അയൽക്കൂ ട്ടത്തിൽ അംഗത്വം നേടി കുറഞ്ഞത് 06 മാസമെങ്കിലും പൂർത്തീകരിച്ചിരിക്കണം.

11.8. കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള വിവിധ സാമ്പത്തിക സഹായങ്ങൾ

1. **റിവോൾവിംഗ് ഫണ്ട്:** പ്രവർത്തനമാരംഭിച്ച് 06 മാസക്കാലമായ ഉല്പാദന- സേവന മേഖലയിലുള്ള വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ധനസഹായം ലഭിക്കുന്നു. ഗ്രൂപ്പ് സംരംഭമാണെങ്കിൽ യഥാർത്ഥ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള തുകയുടെ 40% പരമാവധി ഒരു ഗ്രൂപ്പിന് 40,000/- രൂപയാണ് (ഏതാണോ കുറവ്) റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്നു. വ്യക്തിഗത സംരംഭമാണെങ്കിൽ യഥാർത്ഥ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള തുകയുടെ 20% പരമാവധി 10000/- രൂപയാണ് (ഏതാണോ കുറവ്) റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്നു.
2. **ഇന്നവേഷൻ ഫണ്ട്:** നൂതന ആശയ സംരംഭങ്ങൾക്ക് സബ്സിഡിയോടൊപ്പം ഇന്നവേഷൻ ഫണ്ട് ലഭ്യമാകുന്നു. നിലവിലുള്ള സംരംഭമാണെങ്കിൽ കുറഞ്ഞത് ഒരു വർഷക്കാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവ ആയിരിക്കണം. പുതിയ സംരംഭമാണെങ്കിൽ സബ്സിഡിയും ഇന്നവേഷൻ ഫണ്ടും ഉൾപ്പെടെ മൊത്തം പ്രോജക്ട് തുകയുടെ 50% ൽ അധികരിക്കാൻ പാടുള്ളതല്ല. നിലവിലുള്ള സംരംഭമാ ണെങ്കിൽ പ്രോജക്ടിൽ വരുത്താൻ ഉദ്ദേശിക്കുന്ന നൂതനമായ മാറ്റങ്ങൾക്ക് ആവശ്യമായ തുകയുടെ 40% (ഒരു കുടുംബത്തിന് 35,000/- രൂപ, ആകെ 3,50,000/-രൂപ എന്നീ

പരിധികൾക്ക് വിധേയമായി) ഇന്നവേഷൻ ഫണ്ട് അനുവദിക്കുന്നതാണ്. ഇതിനുപുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

3. **ടെക്നോളജി ഫണ്ട്:** നിലവിലുള്ളതും, കഴിഞ്ഞ ആറു മാസക്കാലമായി വിജയകരമായി പ്രവർത്തിച്ചു വരുന്നതും എന്നാൽ ടെക്നോളജി ഫണ്ട് ലഭ്യമാക്കാത്തതുമായ സംരംഭങ്ങൾക്കാണ് ടെക്നോളജി ഫണ്ട് ലഭിക്കുക. സംരംഭം വാങ്ങാൻ ഉദ്ദേശിക്കുന്ന സാങ്കേതിക വിദ്യ, യന്ത്ര സാമഗ്രികൾ, അനുബന്ധ ഉപകരണങ്ങൾ (ഭൂമി, കെട്ടിടം ഒഴികെ) എന്നിവയുടെ ചെലവിന്റെ 40% (ഒരു സംരംഭകയ്ക്ക് (ന്) 50,000/- രൂപ എന്ന നിരക്കിൽ സംരംഭകരുടെ എണ്ണത്തിന് ആനുപാതിക മായി പരമാവധി 5,00,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) ടെക്നോളജി ഫണ്ട് അനുവദിക്കുന്നതാണ്. ഇതിനുപുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോത സ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.
4. **ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്:** പ്രതിസന്ധി നേരിടുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് പലിശ രഹിത ഹ്രസ്വകാല വായ്പ പ്രധാനം ചെയ്യുകയാണ് ക്രൈസിസ് മാനേജ് മെന്റ് ഫണ്ടിലൂടെ പ്രധാനമായി ലക്ഷ്യമിടുന്നത്. സംരംഭങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് ലഭിക്കുന്നതിന് അർഹതയുണ്ട്. വ്യക്തിഗത സംരംഭങ്ങൾക്ക് രണ്ട് ലക്ഷം രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് മൂന്നര ലക്ഷം രൂപയും അനുവദിക്കുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന തുക ആറ് മാസത്തിനകം ജില്ലാ മിഷനിൽ തിരിച്ചടയ്ക്കണം.
5. **രണ്ടാം ഘട്ട ധനസഹായം:** നിലവിലുള്ളതും എന്നാൽ കുറഞ്ഞത് മൂന്നു വർഷക്കാലമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ സംരംഭങ്ങൾക്ക് തങ്ങളുടെ സംരംഭ മേഖല വിപുലപ്പെടുത്തുന്നതിനും കൂടുതൽ ഉത്പന്നങ്ങൾ/സേവനങ്ങൾ ലഭ്യമാക്കുന്നതിനും രണ്ടാം ഘട്ട ധനസഹായം ലഭിക്കുന്നു. പുതിയ പ്രോജക്ടിന്റെ പദ്ധതി തുകയുടെ 40% (ഒരു സംരംഭകയ്ക്ക് (ന്) 50,000/- രൂപ എന്ന നിരക്കിൽ സംരംഭകരുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി 5,00,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) രണ്ടാം ഘട്ട ധനസഹായം അനുവദിക്കുന്നതാണ്. ഇതിനു പുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

   പുതുതായി തയ്യാറാക്കുന്ന പ്രോജക്ടിന്റെ പദ്ധതി തുക വ്യക്തിഗത സംരംഭം ആണെങ്കിൽ 2,00,000/- രൂപയും ഗ്രൂപ്പ് സംരംഭമാണെങ്കിൽ 12,00,000/- രൂപയും അധികരിക്കാൻ പാടുള്ളതല്ല.
6. **ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്:** നിലവിലുള്ള സാങ്കേതിക വിദ്യയും യന്ത്ര സാമഗ്രികളും ഉപകരണങ്ങളും മെച്ചപ്പെടുത്തുന്ന തിനും നാളതീകരിക്കുന്നതിനും ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് അനുവദിക്കുന്നു. സംരംഭം മെച്ചപ്പെടുത്തുന്നതിന് വാങ്ങാൻ ഉദ്ദേശിക്കുന്ന സാങ്കേതിക വിദ്യ, യന്ത്ര സാമഗ്രികൾ, അനുബന്ധ ഉപകര ണങ്ങൾ (ഭൂമി, കെട്ടിടം ഒഴികെ) എന്നിവയുടെ ചെലവിന്റെ 40% (ഒരു സംരംഭകയ്ക്ക്

(ന്) 50,000/- രൂപ എന്ന നിരക്കിൽ സംരംഭകരുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി 5,00,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടായി അനുവദിക്കാവുന്നതാണ്. ഇതിനുപുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

7. **കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് (സി.ഇ.എഫ്.):** ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപ്രദേശങ്ങളിലെ കുടുംബശ്രീ സംരംഭകർക്ക് (വ്യക്തിഗതം/ഗ്രൂപ്പ്) സി.ഇ.എഫ്. വായ്പ നൽകുന്നു. വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 1,50,000/- രൂപയും 4% വാർഷിക പലിശ നിരക്കിൽ ലഭ്യമാകുന്നു.

8. **PMFME Seed Capital- (PM Formalization of Micro Food Processing Enterprises):** PMFME പദ്ധതിയുടെ ഭാഗമായി നൽകുന്ന Seed Capital (സീഡ് ക്യാപിറ്റൽ) എന്നത് കുടുംബശ്രീ ഗ്രൂപ്പുകൾക്കും (SHG) അംഗങ്ങൾക്കും ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കു നൽകുന്ന മൂലധന സഹായമാണ്. നിലവിൽ ഈ പദ്ധതിയിൽ പലിശരഹിതമായും 4% വരെ പലിശ ഈടാക്കിയും വായ്പകൾ നല്കികൊണ്ടിരിക്കുന്നു. ഒരു അംഗത്തിനു പരമാവധി 40000/- രൂപ ലഭിക്കുന്നതാണ്.

11.9. വിപണനത്തിനുള്ള നൂതന പദ്ധതികൾ

വിപണന സംവിധാനം രൂപം കൊടുക്കുന്നതിന്റെ ഭാഗമായി, ഹ്രസ്വ കാലാടിസ്ഥാനത്തിലുള്ള പരിപാടിയെന്ന നിലയിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കുടുംബശ്രീ മാസച്ചന്തകൾ, പ്രത്യേക ചന്തകൾ (ഓണം, ക്രിസ്മസ്, റംസാൻ) നടന്നുവരുന്നു. ഹോം ഷോപ്പ്, വിപണന മേളകൾ, ഐ.ഐ.ടി.എഫ്., റീട്ടെയിൽ ഷോപ്പുകൾ, ഫുഡ് ഫെസ്റ്റുകൾ, ഓൺലൈൻ മാർക്കറ്റിങ്ങ്, കിയോസ്കുകൾ, ബ്രാൻഡിംഗ് എന്നിവയൊക്കെ വിപണനത്തെ സഹായിക്കുന്നതിനുള്ള മറ്റു പിന്തുണകളാണ്.

11.10. സൂക്ഷ്മ സംരംഭ കൺസൾട്ടന്റ് (എം.ഇ.സി.)

കുടുംബശ്രീ കുടുംബങ്ങളിൽ നിന്നും അനുയോജ്യരായവരെ കണ്ടെത്തി പരിശീലിപ്പിച്ച് സംരംഭ വികസനത്തിന് പിന്തുണ കൊടുക്കുന്നു. മൈക്രോ സംരംഭങ്ങൾ തുടങ്ങാൻ താലപര്യമുള്ള അയൽക്കൂട്ട അംഗങ്ങളെ/കുടുംബാംഗങ്ങളെ കണ്ടെത്തുക ഇവർക്ക് ആവശ്യമായ പ്രാഥമിക പരിശീലനങ്ങൾ ലഭിക്കുന്നതിനുള്ള അവസരമൊരുക്കുന്നു. സംരംഭകർക്ക് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുകയും സാമ്പത്തിക സ്ഥാപനങ്ങളും വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെടുത്തി സംരംഭങ്ങൾ തുടങ്ങുവാനുള്ള സഹായങ്ങളും ചെയ്തുകൊടുക്കുന്നു. സംരംഭം വിജകരമായി മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള തുടർ പ്രവർത്തനങ്ങളും ഇവർ ചെയ്യുന്നു. സംരംഭകരിൽ നിന്നും വിവിധ സേവനങ്ങൾക്ക് കുടുംബശ്രീ മിഷൻ നിശ്ചയിച്ച ഫീസ് ഈടാക്കിയാണ് എംഇസിമാർ പ്രവർത്തിച്ചു വരുന്നത്.

11.11. കൃഷിയുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടത്തി വരുന്ന പദ്ധതികൾ

കേരളത്തിലെ സ്ത്രീശാക്തീകരണത്തിലും ഗ്രാമീണ വികസനത്തിലും 27 വർഷങ്ങളായി

മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന കുടുംബ്രശീ, നവീനതയും സാങ്കേതിക വിദ്യയും അടിസ്ഥാനമാക്കി കാർഷിക ഉപജീവന മേഖലയെ ശാക്തീകരിക്കുന്നതിനായി കുടുംബശ്രീ വിവിധ ഇടപെടലുകൾ നടത്തി വരുന്നു. വനിതാ സംരംഭങ്ങൾ, പ്രൊഡ്യൂസർ കമ്പനികൾ എന്നിവക്ക് ആധുനിക സാങ്കേതിക വിദ്യകളുടെ പിന്തുണ നൽകുന്നതിലൂടെ പരമ്പരാഗത കൃഷിക്കും ഭക്ഷ്യ സംസ്കരണ മേഖലക്കും സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള സമയോചിതമായ പ്രവർത്തനമാണ് ലക്ഷ്യമിടുന്നത്.

വിപണിയിലെ കുറഞ്ഞ സ്വീകാര്യത, പരമ്പരാഗത ഭക്ഷ്യ സംസ്കരണ രീതികൾ, പരിമിതമായ മൂല്യവർദ്ധനവ്, ദേശീയ അന്തർദേശിയ വിപണികളിലേക്ക് ആവശ്യമായ സെർട്ടിഫിക്കേഷനുകളുടെയും ഭക്ഷ്യ സുരക്ഷാനിലവാര മാനദണ്ഡങ്ങളുടെയും അഭാവം ഉയർന്ന ഉൽപാദന ചിലവ്, സാങ്കേതിക പരിശീലനങ്ങളുടെ ആവശ്യകത തുടങ്ങി ഫീൽഡ് തലത്തിൽ നടത്തിയ സർവേയിലൂടെ കണ്ടെത്തിയ, നിലവിൽ കാർഷിക സംരംഭങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ അഭിമുഖീകരിക്കാൻ കുടുംബശ്രീ സംരംഭങ്ങളെ എല്ലാ തലത്തിലും പ്രാപ്തമാക്കുന്ന തരത്തിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

ഇന്ത്യയിലെ പ്രശസ്ത കാർഷിക ഗവേഷണസാങ്കേതിക സ്ഥാപനങ്ങളുമായി ഒപ്പിട്ട ധാരണാപ്രതങ്ങളുടെ (MoU) പിന്തുണയോടെ ഒരു ക്ലേസ്റ്റീകൃത സാങ്കേതികവിദ്യ ശേഖരം തയ്യാറാക്കുന്നതിലൂടെ കാർഷിക സംരംഭങ്ങൾക്ക് ആവശ്യകതയനുസരിച്ച് അവ ഉപയോഗപ്പെടുത്താനും അതിലൂടെ ഉല്പാദനക്ഷമതയും ഉല്പന്ന നിലവാരവും ഉയർത്തുവാനും സാധിക്കും. ഉയർന്ന ഗുണനിലവാരമുള്ള, സെർട്ടിഫിക്കേഷനോടുകൂടിയ മൂല്യവർധിത ഉല്പന്നങ്ങൾ തയ്യാറാക്കാനും പ്രാദേശിക വിപണിയുടെ പരിമിതികൾക്കപ്പുറത്തേക്കുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്താനും ഈ പദ്ധതി സഹായിക്കും.

ഡയബറ്റിക് ഫ്രണ്ട്ലി ഇൻസ്റ്റന്റ് കേക്ക് മിക്സ്, തേൻ അധിഷ്ഠിത ഉല്പന്നങ്ങൾ, ഹൈ പ്രോട്ടീൻ ലഘുഭക്ഷണങ്ങൾ, ഷുഗർഫ്രീ ഭക്ഷ്യ ഉല്പന്നങ്ങൾ, ലോ ഗ്ലൈസിമിക് ഇൻഡക്സ് ഉല്പന്നങ്ങൾ, നാച്ചുറൽ ഫുഡ് കളറുകൾ, മൾട്ടിഗയിൻ ബ്രെഡുകൾ, വിവിധ തരം ഫ്രൂട്ട് ജ്യൂസുകൾ, നാളികേര ഉല്പന്നങ്ങൾ, കിഴങ്ങ് വിളകളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ, ചെറുധാന്യങ്ങൾ, മുരിങ്ങ എന്നിവയിൽ നിന്നുള്ള ഉല്പന്നങ്ങൾ, അച്ചാറുകൾ, ഐസ് ക്രീമുകൾ, ഫങ്ക്ഷണൽ ഫുഡുകൾ, ഇൻസ്റ്റന്റ് ഫുഡ് മിക്സുകൾ, എന്നിങ്ങനെ വൈവിധ്യമാർന്ന 180 ഓളം ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക വിദ്യകളാണ് കുടുംബശ്രീ വിപ്ലവകരമായ ഈ ചുവടുവെപ്പിലൂടെ കരസ്ഥമാക്കിയത്.

11.12. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടത്തി വരുന്ന പ്രവർത്തനങ്ങൾ

മൃഗസംരക്ഷണ ഉപജീവന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീ കമ്മ്യൂണിറ്റി അംഗങ്ങൾക്ക് പരിശീലനം നൽകി പശു സഖി സർട്ടിഫിക്കേഷൻ ലഭ്യമാക്കി കർഷകർക്ക് മൃഗ പരിപാലനം, ബ്രീഡിങ്, ഫീഡിങ് മുതലായ വിഷയങ്ങളിൽ വേണ്ട പിന്തുണ ഉറപ്പാക്കുന്നതിന് വാതിൽപ്പടി സേവനം ലഭ്യമാക്കി വരുന്നു. കർഷകരുടെ മിച്ച ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ടി പ്രൊഡ്യൂസർ ഗ്രൂപ്പുകൾ രൂപീകരിക്കാൻ പിന്തുണയും ധനസഹായവും ലഭ്യമാക്കുന്നു. ക്ഷീരസാഗരം, ആടുഗ്രാമം, മുട്ടഗ്രാമം, പോത്തുകുട്ടി

വളർത്തൽ മുതലായ സബ്സിഡി പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 11 ജില്ലകളിലായി 446 ബ്രോയ്ലർ ഫാമുകളും, 136 കേരള ചിക്കൻ ഔട്ലെറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ കുടുംബശ്രീ കുടുംബങ്ങൾക്ക് ഒരു സ്ഥിര വരുമാനം കണ്ടെത്തുവാൻ സാധിക്കുന്നു. പദ്ധതിയുടെ രണ്ടാം ഘട്ടം എന്ന നിലയിൽ 'കുടുംബശ്രീ കേരള ചിക്കൻ' എന്ന ബ്രാൻഡ് നാമത്തിൽ ഫ്രോസൺ ഉത്പന്നങ്ങൾ വിപണയിൽ എത്തിച്ചു.

മൃഗസംരക്ഷണ ഉപജീവന പ്രവർത്തനങ്ങൾ സാധ്യമാക്കാൻ കുറഞ്ഞ പലിശ നിരക്കിൽ ഗുണഭോക്താക്കൾക്ക് കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് അനുവദിച്ച് വരുന്നു. കുടുംബശ്രീ പൗൾട്ടറി യൂണിറ്റുകളെ എംപാനൽ ചെയ്തുകൊണ്ട് കർഷകർക്ക് കുറഞ്ഞ നിരക്കിൽ മുട്ടക്കോഴിക്കുഷി ആരംഭിക്കാൻ ഇടപെടൽ നടത്തുന്നുണ്ട്. കുടുംബശ്രീ വഴി ഫിഷറീസ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഫിഷറീസ് ക്ലസ്റ്റർ പ്രവർത്തനം ആരംഭിച്ചു.

11.13. കുടുംബശ്രീ തൊഴിൽ ക്യാമ്പയിൻ

കുടുംബശ്രീ തൊഴിൽ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടത്തിൽ 2025 നവംബർ വരെ 1,67,284 പുതിയ തൊഴിലുകൾ കണ്ടെത്താനും 75,312 തൊഴിലുകൾ നല്കുന്നതിനും സാധിച്ചിട്ടുണ്ട്, കണ്ടെത്തിയ തൊഴിലുകളിൽ അനുയോജ്യരായവരെ നിയോഗിക്കുന്നതിനും പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്തി കൂടുതൽ പേർക്ക് തൊഴിൽ നല്കുന്നതിനുള്ള പ്രവർത്തനവും ജില്ലകളിൽ നടന്നുവരുന്നു.

കുടുംബശ്രീയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ മുഖ്യം സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണമാണ്. ഈ ലക്ഷ്യം നേടുന്നതിന് ഇതുവരെ കൂടുതൽ ഊന്നൽ നൽകിയിരുന്നത് സൂക്ഷ്മസംരംഭങ്ങളും കാർഷിക- കാർഷികാനുബന്ധ മേഖലകളും ആയിരുന്നു. എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കുറഞ്ഞത് 50% മായി ഉയർത്തുന്നതിന് വേതന തൊഴിൽ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള ശ്രമമാണ് കുടുംബശ്രീ തൊഴിൽ ക്യാമ്പയിനിലൂടെ ആരംഭിച്ചിരിക്കുന്നത്. അയൽക്കൂട്ട കുടുംബാംഗങ്ങളുടെ പ്രത്യേകിച്ച് വനിതകളുടെ കഴിവിനും, അഭിരുചിക്കും, വിദ്യാഭ്യാസ യോഗ്യതയ്ക്കും, പരിചയ സമ്പത്തിനും അനുയോജ്യമായതും പ്രായോഗികമായി പങ്കെടുക്കാൻ കഴിയുന്നതുമായ തൊഴിൽഅവസരങ്ങൾ സൃഷ്ടിക്കേണ്ടതും കണ്ടെത്തി ലഭ്യമാക്കേണ്ടതും അനിവാര്യമാണ്. കുടുംബശ്രീയുടെ നാളിതുവരെയുള്ള അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ഈ മേഖലയിലെ ആവശ്യങ്ങളെ പ്രധാനമായും മൂന്നായി തിരിക്കാവുന്നതാണ്.

1. സ്വയം തൊഴിൽ മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവർ
2. വേതനാധിഷ്ഠിത മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവർ
3. സ്വയം തൊഴിൽ മേഖലയും വേതനാധിഷ്ഠിത തൊഴിൽ മേഖലയും സംയോചിപ്പിച്ച് പ്രവർത്തിക്കാൻ താല്പര്യമുള്ളവർ.

ആയതിനാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 ശതമാനമായി ഉയർത്തുക എന്ന ലക്ഷ്യം നേടണമെങ്കിൽ മുകളിൽ പ്രതിപാദിച്ച മുഴുവൻ താല്പര്യങ്ങളെയും ഉൾക്കൊണ്ട് ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത് കുടുംബശ്രീ മിഷന്റെ ചുമ

തലയാണ്. കൂടാതെ തൊഴിലെടുക്കാൻ സന്നദ്ധരായ മുഴുവൻ സ്ത്രീകളുടെയും താല്പര്യങ്ങൽ പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ട്. കുടുംബശ്രീയുടെ നിലവിലെ എല്ലാ പരിപാടികളിലും പ്രവർത്തനങ്ങളിലും സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം എങ്ങിനെ വർദ്ധിപ്പിക്കാം, ഇതിനായി ഓരോ മേഖലയിലും/പദ്ധതികളിലും എന്തെല്ലാം മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ കുടുംബശ്രീ മിഷൻ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

11.14. നൈപുണ്യ വികസനവും തൊഴിലും

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തി ഓരോ അയൽക്കൂട്ട കുടുംബങ്ങളുടേയും വരുമാനം വർധിപ്പിക്കുകയും പുത്തൻ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രാപ്തി നൈപുണ്യ പരിശീലനത്തിലൂടെ കുടുംബശ്രീ കുടുംബങ്ങളിലെ തൊഴിൽ സന്നദ്ധരായവർക്ക് നൽകാനാണ് ക്യാമ്പയിനിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഓരോ സി.ഡി.എസ് പരിധിയിലും വിവിധ മേഖലയിലായി ലഭ്യമാക്കാൻ കഴിയുന്ന തൊഴിലുകൾ കണ്ടെത്തുന്നതിനും ഇത്തരം തൊഴിലുകൾ തൊഴിലന്വേഷകരുമായി ബന്ധപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ വിവിധ നൈപുണ്യ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ആവശ്യമായ പ്രവർത്തന പരിപാടികൾ കുടുംബശ്രീ നടപ്പിലാക്കുന്നു.



ദുരന്ത നിവാരണം, കാലാവസ്ഥാ വ്യതിയാനം



12.1. ആമുഖം

ആഗോളതാപനത്തെയും കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളെയും ചെറുക്കാനുള്ള അനുരൂപീകരണ പ്രവർത്തനങ്ങളും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും ഓരോരുത്തരും തങ്ങളുടെ പ്രദേശത്ത് ചെയ്യേണ്ടത് മനുഷ്യരാശിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. കാലാവസ്ഥാ വ്യതിയാനത്തിനും പ്രകൃതി ദുരന്തങ്ങൾക്ക് ഇടയാക്കുന്ന കാരണങ്ങളെ കുറിച്ചും, കാരണക്കാരെ കുറിച്ചും, അതുമൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ചും, പ്രതിവിധികളെ കുറിച്ചും, രക്ഷാമാർഗ്ഗങ്ങളെ കുറിച്ചും നാം മനസ്സിലാക്കേണ്ടതുണ്ട്. പ്രത്യാഘാതങ്ങൾ അനുഭവിക്കുന്ന ഓരോ പ്രദേശത്തും കമ്മ്യൂണിറ്റി തലത്തിൽ ഇതു സംബന്ധിച്ച് ഗൗരവപ്പെട്ട ചർച്ചകളും ആലോചനകളും നടത്തി അതിനെ അടിസ്ഥാനമാക്കിയുള്ള പ്രാദേശിക ഇടപെടലുകളാണ് ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് ഏക പരിഹാരം.

കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും ആഘാതങ്ങളെ നേരിടാൻ ജനപങ്കാളി

ത്തത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിയുക പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽ തന്നെ ദുരന്തപ്രതിരോധത്തിനും അതിജീവനത്തിനുള്ള പ്രാദേശികമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുക വഴി ദുരന്ത പ്രതിരോധവും അതിജീവ നക്ഷമതയും ഉറപ്പാക്കാനാവും.

12.2. പ്രകൃതി ദുരന്തങ്ങൾ

a. ദേശീയ തല ദുരന്തങ്ങൾ (Vide Ltr. No.33-5/2015-NDM-1 dated 30.07.2015 &Ltr. no.33-4/2020-NDM-1 dated 14.03.2020)

1. വെള്ളപ്പൊക്കം
2. വരൾച്ച
3. ഭൂചലനം
4. ഉരുൾ പൊട്ടൽ
5. സുനാമി
6. ഹെയിൽ സ്റ്റോം
7. തീ
8. ശീത തരംഗം
9. മേഘ വിസ്ഫോടനം.
10. കീടാക്രമണം
11. കോവിഡ്-19.
12. സൈക്ലോൺ
13. ഹിമപതനം

b. സംസ്ഥാന സവിശേഷ ദുരന്തങ്ങൾ (സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (G.O (Ms) No.343/2015/DMD dtd. 23.07.2015, GO (Rt) No.149/2017/DMD dtd. 18.01.2017, GO (Ms) No.9/2019/DMD dtd.09.03.2019.)

- തീര ശോഷണം
- ഉഷ്ണ തരംഗം/സൂര്യാഘാതം
- മനുഷ്യ-വന്യജീവി സംഘർഷം
- ഇടി മിന്നൽ
- സോയിൽ പൈപ്പിംഗ് (കുഴലീകൃത മണ്ണൊലിപ്പ്)
- ശക്തമായ കാറ്റ്.
- **MSE ELSA 3**
- തീരദേശ വേലിയേറ്റ വെള്ളപ്പൊക്കം

12.3. കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവ വിവിധ വിഭാഗങ്ങളെ എങ്ങനെ ബാധിക്കുന്നു

12.3.1. കുട്ടികൾ

കാലാവസ്ഥാ വ്യതിയാനം കുട്ടികളുടെ ആരോഗ്യത്തെയും ക്ഷേമത്തെയും പ്രതികൂലമായി ബാധിക്കുന്നു. തീവ്രമായ ചൂട്, വർദ്ധിച്ച വായു മലിനീകരണം എന്നിവ കുട്ടികളിൽ ശ്വാസകോശം സംബന്ധമായ അസുഖങ്ങൾ വിട്ടുമാറാത്ത രോഗങ്ങൾ എന്നിവയ്ക്ക് കാരണമാകാം. കടുത്ത ചൂട്, ദുരന്തങ്ങൾ എന്നിവ കാരണം കുട്ടികളിൽ മാനസിക സമ്മർദ്ദം, വിഷാദം, പോസ്റ്റ് ട്രോമാറ്റിക് സ്ട്രെസ് ഡിസോഡർ എന്നിവ വർദ്ധിക്കുന്നു. കാലാവസ്ഥാ വ്യതിയാനം കാരണം വിളനാശവും ഭക്ഷ്യവസ്തുക്കളുടെ വില വർധനവും ഉണ്ടാകുന്നു. ഇത് കുട്ടികളിൽ പോഷകാഹാര കുറവിന് കാരണമാകുന്നു. വെള്ളപ്പൊക്കം, വരൾച്ച മറ്റ് കാലാവസ്ഥ ദുരന്തങ്ങൾ കാരണം നിരവധി കുട്ടികളുടെ വിദ്യാഭ്യാസം തടസ്സപ്പെടുന്നു. (സ്കൂളുകൾ ദുരിതാശ്വാസ ക്യാമ്പുകളായി മാറുന്നതുൾപ്പടെ). കാലാവസ്ഥ പ്രതിസന്ധി കാരണം ദാരിദ്ര്യം വർദ്ധിക്കുകയും കുടുംബങ്ങളെ കുടിയിറങ്ങാൻ നിർബന്ധിതരാക്കുകയും ചെയ്യുന്നു. കാലാവസ്ഥ പ്രതിസന്ധി കാരണം ദാരിദ്ര്യവും അസമത്വവും വർദ്ധിപ്പിക്കുകയും സംഘർഷ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

12.3.2. വയോജനങ്ങൾ

കാലാവസ്ഥാ വ്യതിയാനം കാരണം ഉഷ്ണമേഖലാ പ്രദേശങ്ങളിലെ വയോജനങ്ങൾക്ക് ഹൃദയ സംബന്ധമായ അസുഖങ്ങൾ (ഉദാഹരണത്തിന്, രക്തയോട്ടം കുറയുന്നതുകൊണ്ടും ഉയർന്ന രക്തസമ്മർദ്ദം മൂലവുമുള്ള ഹൃദ്രോഗങ്ങൾ), ശ്വാസകോശ രോഗങ്ങൾ, വൃക്കരോഗങ്ങൾ, പകർച്ചവ്യാധികൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് വർദ്ധിച്ച അപകടസാധ്യതയുണ്ട്. ഉഷ്ണതരംഗങ്ങളും ഉയർന്ന അന്തരീക്ഷ താപനിലയും ഇവർക്ക് പ്രത്യേകിച്ച് മാരകമാണ്. ഏഷ്യ, ആഫ്രിക്ക, മറ്റ് ഉഷ്ണമേഖലാ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ പ്രായമായവർക്കിടയിൽ ചൂട് മൂലമുള്ള മരണനിരക്ക് ഗണ്യമായി ഉയരുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. സാമൂഹികമായ ഒറ്റപ്പെടൽ, ദാരിദ്ര്യം, അപര്യാപ്തമായ പാർപ്പിടസൗകര്യം എന്നിവ അപകടസാധ്യത വർദ്ധിപ്പിക്കുന്നു

കാലാവസ്ഥാ വ്യതിയാനം പ്രായമായവരിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുന്നു. ഉത്കണ്ഠ, വിഷാദം, പോസ്റ്റ്-ട്രോമാറ്റിക് സ്ട്രെസ് ഡിസോർഡർ (PTSD), ഓർമ്മക്കുറവ് എന്നിവ ഇതിൽപ്പെടുന്നു. പ്രളയം, ചുഴലിക്കാറ്റ് തുടങ്ങിയ കടുത്ത കാലാവസ്ഥാ ദുരന്തങ്ങൾക്ക് ശേഷം ഇത് പ്രത്യേകിച്ചും രൂക്ഷമാകാറുണ്ട്.

12.3.3. വനിതകൾ

വനിതകളെ പ്രത്യേകിച്ച് പ്രായമായവരെയും ഗർഭിണികളെയും കാലാവസ്ഥാ വ്യതിയാനം സാരമായി ബാധിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു.

12.3.1.1. ഉയർന്ന താപനില

സ്ത്രീകൾക്കും പുരുഷന്മാർക്കും ഉയർന്ന താപനിലയെ നേരിടുന്നതിൽ ശാരീരികമായി വ്യത്യാസമുണ്ട്; ഇതാണ് അവരുടെ ജൈവിക ദുർബലതയ്ക്ക് ഒരു കാരണം. ശാരീരികമായ പ്രത്യേകതകൾ, സാമൂഹികവും സാംസ്കാരികവുമായ പരിമിതികൾ എന്നിവ മൂലം സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ ഉയർന്ന താപനില മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നു.

ഗർഭാവസ്ഥയിൽ ഉയർന്ന താപനില ദീർഘനേരം ഏൽക്കുന്നത് ഗർഭസ്ഥശിശുവിന്റെ മരണം (still birth), ജന്മനായുള്ള വൈകല്യങ്ങൾ, മാസം തികയാതെയുള്ള പ്രസവം എന്നിവയ്ക്ക് കാരണമായേക്കാം. പ്രായം കുറഞ്ഞ അമ്മമാരിലും ഇത്തരം ദോഷഫലങ്ങൾക്കുള്ള സാധ്യത കൂടുതലാണ് (Balbus & Malina, 2009; Basu et al., 2016; Ha et al., 2017; Strand et al., 2011; Van Zutphen et al., 2012). ഉയർന്ന താപനില, ഗർഭകാലത്തെ ഉയർന്ന രക്തസമ്മർദ്ദം (gestational hypertension), പ്രീക്ലാമ്പ്സിയ (preeclampsia) (Makhseed et al., 1999) തുടങ്ങിയ ഗർഭകാല സങ്കീർണ്ണതകൾക്കും നവജാതശിശുക്കളുടെ മോശം ആരോഗ്യത്തിനും (Kakkad et al., 2014) കാരണമാകുന്നു.

12.3.1.2. അന്തരീക്ഷ മലിനീകരണം

അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ (CO_2) വർദ്ധനവ്, ഉയരുന്ന താപനില, മഴയുടെ രീതികളിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ വായുവിന്റെ ഗുണനിലവാരം മോശമാകുന്നതിന് കാരണമാകുന്നു. ഇത് മനുഷ്യരുടെ ഹൃദയ-ശ്വാസകോശ സംബന്ധമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. പുരുഷന്മാരേക്കാളധികം സ്ത്രീകളെയാണ് ഇത് പ്രതികൂലമായി ബാധിക്കുന്നതെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

വീടുകളിൽ പാചകത്തിനും വിറകടുപ്പ് ഉപയോഗിക്കുന്നത് ഇന്ത്യയിലെ അന്തരീക്ഷ മലിനീകരണത്തിന്റെ ഒരു പ്രധാന ഉറവിടമാണ്. വീടുകളിൽ കൂടുതൽ സമയം ചെലവഴിക്കുന്ന സ്ത്രീകൾ ആനുപാതികമല്ലാത്ത രീതിയിൽ ഈ മലിനീകരണത്തിന് വിധേയരാകുന്നു. ഗർഭിണികളിൽ ഇത് കൂടുതൽ ആഘാതങ്ങൾ സൃഷ്ടിച്ചേക്കാമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

12.3.1.3. പ്രകൃതി ദുരന്തങ്ങൾ

ചുഴലിക്കാറ്റിലും വെള്ളപ്പൊക്കത്തിലും സ്ത്രീകൾ മരിക്കാനുള്ള സാധ്യത കൂടുതലാണ് (WHO, 2014). 1991-ൽ ബംഗ്ലാദേശിലെ ചുഴലിക്കാറ്റിൽ 1,40,000 പേർ മരിച്ചപ്പോൾ, അതിൽ 90% ഇരകളും സ്ത്രീകളായിരുന്നു (Aguilar, 2004). അതുപോലെ, 2008-ൽ നർഗീസ് ചുഴലിക്കാറ്റ് മ്യാൻമറിൽ വീശിയടിച്ചപ്പോൾ സംഭവിച്ച 1,30,000 മരണങ്ങളിൽ 61%-ഉം സ്ത്രീകളായിരുന്നു (WHO, 2014).

അടിസ്ഥാന സാമൂഹിക സൗകര്യങ്ങൾ ലഭ്യമാകുന്നതിലുള്ള അസമത്വങ്ങൾ, സാംസ്കാരികമായി കൽപ്പിച്ചു നൽകപ്പെട്ട റോളുകൾ, ജൈവശാസ്ത്രപരമായ ബലഹീനതകൾ എന്നിവയുടെയെല്ലാം ഒരുമിച്ചുള്ള സ്വാധീനം ഈ അന്തരത്തിന് കാരണമായേക്കാം (Moosa & Tuana, 2014). താഴ്ന്ന സാമൂഹിക-സാമ്പത്തിക നിലയിലുള്ള സ്ത്രീകളുടെ കാര്യത്തിൽ മരണനിരക്കിലെ ഈ ലിംഗപരമായ വ്യത്യാസം കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട് (WHO, 2014).

കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ദുരന്തങ്ങൾക്ക് ശേഷം, സ്ത്രീകളും പെൺകുട്ടികളും ശാരീരികവും ലൈംഗികവും ഗാർഹികവുമായ പീഡനങ്ങൾക്ക് കൂടുതൽ ഇരയാകാൻ സാധ്യതയുണ്ട് **(International Federation of the Red Cross and Red Crescent, 2007; UNDAW, 2001).** ദരിദ്രരും, അവിവാഹിതരും, പ്രായമായവരുമായ സ്ത്രീകൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഭിന്നശേഷിക്കാരായ സ്ത്രീകൾ എന്നിവർ പലപ്പോഴും ഏറ്റവും വലിയ അപകടസാധ്യത നേരിടുന്നു. ഇതിനുപുറമെ, വിഷാദം, ഉത്കണ്ഠ തുടങ്ങിയ മനോനിലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കുള്ള സാധ്യതയും ഇത്തരം സാഹചര്യങ്ങളിൽ താരതമ്യേന കൂടുതലായി കാണുന്നു **(Norris et al., 2002).** മാനസികാരോഗ്യ സംരക്ഷണത്തിനുള്ള മതിയായ സൗകര്യങ്ങളുടെ അപര്യാപ്തത ദുരന്ത സാഹചര്യങ്ങളിൽ വലിയ വെല്ലുവിളികൾ സൃഷ്ടിക്കാറുണ്ട്.

ദുരന്തങ്ങൾക്ക് ശേഷം സ്ത്രീകൾക്ക് ആനുപാതികമല്ലാത്ത രീതിയിൽ തൊഴിൽ നഷ്ടവും വ്യക്തിപരമായ സാമ്പത്തിക മുരടിപ്പും സംഭവിക്കുന്നു. ലോകബാങ്കിന്റെ കണക്കനുസരിച്ച്, നിലവിൽ 84% ഇന്ത്യൻ സ്ത്രീകളും ദുർബലമായ തൊഴിൽ സാഹചര്യങ്ങളിലാണ് **(vulnerable employment)** ജോലി ചെയ്യുന്നത് **(World Bank Group, 2018a).**

12.3.1.4. ഭക്ഷ്യ സുരക്ഷയും പോഷകാഹാര ലഭ്യതയും

ആർത്തവം, ഗർഭധാരണം, മുലയൂട്ടൽ എന്നീ സമയങ്ങളിലെ വർദ്ധിച്ച ശാരീരിക ആവശ്യകതകൾ കാരണം, ഭക്ഷ്യസുരക്ഷയില്ലായ്മയുടെയും അതുമൂലമുണ്ടാകുന്ന പോഷകാഹാരക്കുറവിന്റെയും പ്രത്യാഘാതങ്ങളോട് സ്ത്രീകൾ സ്വാഭാവികമായും കൂടുതൽ സെൻസിറ്റീവ് ആണ്. മാത്രമല്ല, കുട്ടികൾക്കും പ്രായപൂർത്തിയായ പുരുഷന്മാർക്കും ഭക്ഷണം നൽകുന്നതിന് മുൻഗണന നൽകുന്ന സാംസ്കാരിക രീതികൾ ഈ പോഷകാഹാര ദൗർലഭ്യം കൂടുതൽ രൂക്ഷമാക്കുന്നു.

ഇന്ത്യയിലെ സ്ത്രീകളിലും കുട്ടികളിലും മോശം പോഷകാഹാര നിലയും തത്ഫലമായുണ്ടാകുന്ന വിളർച്ചയും **(anemia)** വളരെ വ്യാപകമാണ് **(World Bank Group, 2018a).** അമ്മമാരിലെ പോഷകാഹാരക്കുറവ് നവജാതശിശുക്കളുടെ വികാസത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു. ഇത് ഗർഭാശയത്തിലെ വളർച്ചാ മുരടിപ്പ്, ഗർഭകാല സങ്കീർണ്ണതകൾ, പ്രസവസമയത്തോ അതിനടുത്തോ സംഭവിക്കുന്ന ശിശുമരണം **(perinatal mortality)** എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു **(Food and Agriculture Organization [FAO], 2013).**

12.3.2. ഇതര സംസ്ഥാന തൊഴിലാളികൾ

12.3.2.1. സുരക്ഷിതമല്ലാത്ത പാർപ്പിടങ്ങൾ, വൃത്തിഹീനമായ താമസസ്ഥലങ്ങൾ

പല സ്ഥലങ്ങളിലും അതിഥി തൊഴിലാളികൾ താമസിക്കുന്നത് വൃത്തിഹീനമായ സാഹചര്യങ്ങളിലും, പഴകിയതോ പൊളിഞ്ഞു വീഴാറായതോ ആയ കെട്ടിടങ്ങളിലുമാണ്. 2015 ൽ കൊച്ചി, മുംബൈ, സൂറത്ത് എന്നീ നഗരങ്ങളിൽ നടത്തിയ പഠനത്തിൽ പങ്കെടുത്ത പലരും തങ്ങളുടെ ഗ്രാമങ്ങളിലെ സ്വന്തം വീടുകളിൽ നിന്ന് നഗരങ്ങളിലെ ചേരികളിലെ സ്ഥിരമല്ലാത്തതും **(untenured)** മോശപ്പെട്ടതുമായ താമസ സാഹചര്യങ്ങളിലേക്ക് മാറിയത്, തങ്ങളെ ദുർബലരാക്കിയെന്ന തോന്നലുണ്ടാക്കി എന്നാണ്. മൺസൂൺ മഴ, ശുചിത്വമില്ലാത്ത

താമസ സൗകര്യങ്ങൾ, കെട്ടിക്കിടക്കുന്ന വെള്ളം എന്നിവ കുടിയേറ്റ തൊഴിലാളികളെ ഡെങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ രോഗങ്ങൾക്ക് വിധേയരാക്കുന്നു. ഇത് പലപ്പോഴും ദീർഘകാലം നീണ്ടുനിൽക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകാറുണ്ട്. ഈ പഠനത്തിൽ പങ്കെടുത്ത ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ ഹ്രസ്വകാല (acute) അസുഖങ്ങൾ (31 ശതമാനം), ദീർഘകാല (chronic) അസുഖങ്ങൾ (9 ശതമാനം), കൊതുക്, ഈച്ച, തുടങ്ങിയ പ്രാണികൾ രോഗാണുവാഹകരായ രോഗങ്ങൾ (vector-borne diseases) (44 ശതമാനം) എന്നിവ ഉയർന്ന നിരക്കിലാണ് എന്ന് കണ്ടെത്തി. ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയും പകരുന്ന രോഗങ്ങൾ കുട്ടികളെയാണ് ഏറ്റവും കൂടുതൽ ബാധിച്ചത്. കുടിയേറ്റക്കാർക്ക് ആരോഗ്യപരിരക്ഷയും മറ്റ് സേവനങ്ങളും ലഭ്യമാക്കുന്നതിലുള്ള പരിമിതികൾ ഈ അവസ്ഥയെ കൂടുതൽ വഷളാക്കി.

12.3.2.2. നഗരങ്ങളിലെ ഫലപ്രദമല്ലാത്ത സാമൂഹിക സുരക്ഷാ പദ്ധതികളും ചൂഷകരും

ഏകദേശം 40 ശതമാനം കുടിയേറ്റ തൊഴിലാളികളും തങ്ങൾക്ക് യാതൊരുവിധ സാമൂഹിക സുരക്ഷാ പദ്ധതികളും ലഭ്യമല്ലെന്ന് പഠനത്തിൽ ചൂണ്ടികാണിക്കുന്നു (santha et al. 2015). അഥവാ പദ്ധതികളുടെ പ്രയോജനം ലഭ്യമായവർക്ക് പോലും, അവർ നഗരത്തിലെ 'പൗരന്മാർ' അല്ലാതെ 'കുടിയേറ്റക്കാർ' ആയതുകൊണ്ട് പൂർണ്ണമായ ആനുകൂല്യങ്ങൾ നേടാൻ കഴിഞ്ഞില്ല. ഇതര സംസ്ഥാന തൊഴിലാളികൾക്ക്, പലപ്പോഴും അവരുടെ അവകാശങ്ങളും സുരക്ഷയും സംരക്ഷിക്കാൻ ചുമതലപ്പെട്ടവരിൽ നിന്നുതന്നെ വിവേചനവും ചൂഷണവും നേരിടേണ്ടി വരാറുണ്ട്.

12.4. ദുരന്ത ലഘൂകരണം– തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

തദ്ദേശ സ്വയംഭരണ സർക്കാരുകൾ നിർവ്വഹിക്കേണ്ട ചുമതലകളെപ്പറ്റി കൃത്യമായി ഓറഞ്ച് ബുക്ക്[1] പേജ് 114 മുതൽ 127 വരെ പ്രതിപാദിച്ചിട്ടുണ്ട്. ഒഴിപ്പിക്കൽ, രക്ഷാപ്രവർത്തനം എന്നിവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന മേഖലയിൽ ഏകോപിപ്പിക്കുന്ന ചുമതല തദ്ദേശ സ്ഥാപനത്തിനായിരിക്കും. അടിയന്തര ദുരന്ത പ്രതികരണത്തിനായി സ്വന്തം ഫണ്ടിൽ നിന്നും ഒരു തുക നീക്കിവെയ്ക്കുക. ദുരിതാശ്വാസ ക്യാമ്പുകളുടെ നടത്തിപ്പിന് വില്ലേജ് ഓഫീസറോടൊപ്പം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. എമർജൻസി റെസ്പോൺസ് ടീമിനെ (മുന്നറിയിപ്പ് ടീം- EWDS), അന്വേഷണ- രക്ഷാപ്രവർത്തന- ഒഴിപ്പിക്കൽ ടീം, ഷെൽട്ടർ മാനേജ്മെന്റ് ടീം, പ്രഥമ ശുശ്രൂഷ/ബേസിക് ലൈഫ് സപ്പോർട്ട് ടീം) സജ്ജമാക്കുക, സ്കൂളുകളുടെയും പൊതു കെട്ടിടങ്ങളുടെയും ഉറപ്പ് എൻജിനീയറിങ് വിഭാഗം എൻജിനീയറെ കൊണ്ട് പരിശോധന നടത്തിക്കുക, ദുരന്ത നിവാരണ പദ്ധതി വാർഷിക പദ്ധതിയുമായി ഏകോപിപ്പിക്കുക, മുതലായവ.

പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയും സ്റ്റേറ്റ് എമർജൻസി ഓപ്പറേറ്റിങ് സെന്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹീറ്റ് ആക്ഷൻ പ്ലാൻ അംഗീകരിക്കുന്നതിനും നടപ്പിലാക്കാൻ പുരോഗതി വിലയിരുത്തുന്നതിനും ആയി ഒരു മേൽനോട്ടസമിതി ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനം അധ്യക്ഷന്റെ/

അധ്യക്ഷയുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ട പ്രസ്തുത സമിതിയുടെ കൺവീനർ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയായിരിക്കും. (ഓറഞ്ച് ബുക്ക് വായിക്കുന്നതിനായി QR Code സ്കാൻ ചെയ്യുക).

a. ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം വർക്കിംഗ് ഗ്രൂപ്പിന്റെ- ചുമതലകൾ

ഗ്രാമ- ബ്ലോക്ക് - പഞ്ചായത്തു കളിൽ പതിമൂന്നാം വർക്കിംഗ് ഗ്രൂപ്പ് എന്നും ജില്ലാ പഞ്ചായത്തിൽ പതിനഞ്ചും നഗരസഭ/കോർപ്പറേഷനിൽ പതിനാറാം വർക്കിംഗ് ഗ്രൂപ്പായും അറിയപ്പെടുന്നു. ദുരന്ത നിവാരണ പദ്ധതി രൂപീകരണ ത്തിനായുള്ള ഏകോപനം ഉറപ്പ് വരുത്തുക, ദുരന്ത ലഘൂകരണത്തിനായുള്ള പദ്ധതി ആശയങ്ങൾ സ്വരൂപിക്കുക, അന്തിമ ദുരന്തനിവാരണ പദ്ധതി തയ്യാറായിക്കഴിഞ്ഞാൽ അതാത് മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ സംക്ഷിപ്ത കുറുപ്പ് തയ്യാറാക്കി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് കൈമാറുന്നത് ഈ വർക്കിംഗ് ഗ്രൂപ്പാണ്. കൂടാതെ ബോധവൽക്കരണ പരിപാടികൾ, അടിയന്തര പ്രതികരണ ടീം രൂപീകരണം, പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കണം.

b. പ്രാദേശിക ദുരന്ത നിവാരണ പദ്ധതി ഘടന (https://dmp.kila.ac.in)

ഏഴ് അധ്യായങ്ങൾ ഉൾക്കൊള്ളുന്ന ഈ രേഖ പ്രദേശത്തിന്റെ അപകടസാധ്യതയും ദുരന്ത തയ്യാറെടുപ്പിനെയും ലഘൂകരണത്തെയും വിശകലനം ചെയ്യുന്നു. അപകടസാധ്യത കുറയ്ക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ വിവിധ പങ്കാളികളുടെ ഉത്തരവാദിത്വങ്ങൾ ചർച്ച ചെയ്യൽ, പ്രതികരണം, ദുരിതാശ്വാസ, പുനരധിവാസം പുനർനിർമ്മാണ നടപടിക്രമങ്ങൾ എന്നിവ വെളിപ്പെടുത്തുന്നു. ശ്രമങ്ങൾക്കായുള്ള സാമ്പത്തിക ക്രമീകരണങ്ങളും ഇത് അവലോകനം ചെയ്യുന്നു. കാലാകാലങ്ങളിൽ ഈ പദ്ധതി രേഖ പുതുക്കേണ്ടതായിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ സ്ഥാപനം- പൊതുവിവരങ്ങൾ
2. കാലാവസ്ഥാ വ്യതിയാനം, ദുരന്തസാധ്യതകൾ വിശകലനം
   - കാലാവസ്ഥാ വ്യതിയാനം -മാറ്റങ്ങൾ അനന്തര ഫലങ്ങൾ
   - പരിസ്ഥിതിയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ
   - ജനജീവിതത്തെ ബാധിക്കുന്ന സംബന്ധിച്ച വിശകലനം
   - തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ട ദുരന്തങ്ങളുടെ ചരിത്രം
3. ദുരന്ത പ്രതികരണ ആസൂത്രണ പദ്ധതി
   - ഇ ആർ ടി
   - മുന്നറിയിപ്പ് സേന, അന്വേഷണ രക്ഷാ പ്രവർത്തന ഒഴിപ്പിക്കൽ സേന, ഷെൽട്ടർ മാനേജ്മെന്റ് ടീം, പ്രഥമ ശുശ്രൂഷ ബേസിക് ലൈഫ് സപ്പോർട്ട് ടീം,
   - സന്നദ്ധ പ്രവർത്തകർ പട്ടിക,
   - അടിയന്തര സാഹചര്യങ്ങൾ ബന്ധപ്പെടേണ്ട സ്ഥാപനങ്ങളും ചുമതലക്കാരും,
   - സിവിൽ ഡിഫൻസ് ഫോഴ്സ് വിശദാംശങ്ങൾ,
   - ഒഴിപ്പിക്കൽ പദ്ധതി

4. മുന്നൊരുക്കങ്ങൾ, ലഘൂകരണ പ്രവർത്തനങ്ങൾ, സാമൂഹ്യ ശാക്തീകരണ നടപടികൾ (ദുരന്ത ലഘൂകരണ തന്ത്രങ്ങൾ, സാമൂഹ്യ ബോധവൽക്കരണം, ജനകീയ പ്രതിരോധം)

5. ശേഷികളും വിഭവങ്ങളും (പ്രാദേശികമായി ലഭ്യമായ മനുഷ്യ വിഭവശേഷി, യന്ത്ര വിഭവങ്ങൾ, അടിയന്തര ഘട്ടത്തിൽ ആവശ്യമായ മറ്റു വിഭവങ്ങൾ)

6. കാലാവസ്ഥാനുസൃത ദുരന്ത ലഘൂകരണ പ്രോജക്ട് നിർദ്ദേശങ്ങൾ

7. പ്രധാന ഫോൺ നമ്പറുകൾ (പട്ടികകൾ, ഭൂപടങ്ങൾ, അനുബന്ധങ്ങൾ)

12.4.1. രീതി ശാസ്ത്രം

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനും അവസ്ഥാ പഠനരേഖ തയ്യാറാക്കുന്നതിനും 20 അംഗങ്ങൾ അടങ്ങുന്ന ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. അവരുടെ പരിശീലനം കില, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിവ സംയുക്തമായി നൽകുന്നതായിരിക്കും. ഇതുകൂടാതെ ഓരോ വാർഡ് തലത്തിലും സാമൂഹ്യ സംഘടനകൾ എൻജിഒകൾ യുവജന സംഘടനാ പ്രവർത്തകർ എന്നിവരെ കൂടി ഉൾപ്പെടുത്തി കുറഞ്ഞത് 20 അടങ്ങുന്ന ടീം രൂപീകരിക്കേണ്ടതാണ്. അവസ്ഥാ പഠനത്തിനായി ടാൻസെക്ട് വാക്ക്, വിവിധ വിഷയ മേഖലയിൽ വാർഡുതലത്തിലുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, അഭിമുഖങ്ങൾ, വിവിധ സ്രോതസ്സുകളിൽ നിന്നും സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം എന്നിവ നടത്തിയാണ് രേഖ തയ്യാറാക്കുന്നത്. ഇതിനുള്ള പരിശീലനം KILA നൽകുന്നുണ്ട്. ഇതോടൊപ്പം ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളുടെ ഭൂപടങ്ങൾ KSDMA തയ്യാറാക്കിയതും ചേർക്കേണ്ടതാണ്.

ഇപ്രകാരം തയ്യാറാക്കിയ കരട് ദുരന്തനിവാരണ പദ്ധതി ഗ്രാമസഭാ യോഗങ്ങളിൽ ചർച്ച നടത്തേണ്ടതാണ്. ഗ്രാമസഭ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ച് കരട് ദുരന്തനിവാരണ പദ്ധതി പഞ്ചായത്ത് കമ്മിറ്റി ചർച്ചയ്ക്ക് വെക്കണം. അന്തിമ ദുരന്തനിവാരണ പദ്ധതി ചർച്ച ചെയ്യാൻ പ്രത്യേക വികസന സെമിനാർ, വാർഷികപദ്ധതി വികസന സെമിനാറിന് മുന്നോടിയായി നടത്തേണ്ടതാണ്. അതിനുശേഷം ദുരന്തനിവാരണ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതി പരിശോധിച്ചു അംഗീകാരം നൽകേണ്ടതാണ്.

ദുരന്തനിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കരട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. നിർദിഷ്ട ടെംപ്ലേറ്റിൽ ഉള്ള ദുരന്തനിവാരണ പദ്ധതി ജില്ലാതലത്തിലുള്ള സാങ്കേതിക സമിതിയുടെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുന്നതാണ്. ആയത് അന്തിമ അംഗീകാരത്തിനും റെക്കോർഡിനായും ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് കൈമാറേണ്ടതാണ്. (സ.ഉ. (കൈ) നം. 156/2019/ത.സ്വ.ഭ.വ (തീയ്യതി 4.12.2019). അപകടസാധ്യതാ സൂചിക, ദുരന്ത ദുർബലതാ സ്ഥിതി എന്നിവ പരിഗണിച്ചു കൊണ്ടുള്ള വികസന പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ദുരന്തനിവാരണ രേഖ സഹായിക്കും.

12.4.2. ദുരന്ത പ്രതികരണ സംവിധാനം- ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം

12.4.2.1. സംസ്ഥാനതലം

റെസ്പോൺസിബിൾ ഓഫീസർ (R.O) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഓഫ് എസ്. ഡി.എം.എ (ചീഫ് സെക്രട്ടറി) ഇൻസിഡന്റ് കമാൻഡർ (IC) സ്റ്റേറ്റ് റിലീഫ് കമ്മീഷണർ (സെക്രട്ടറി ഡി എം)

12.4.2.2. ജില്ലാതലം

R.O. ചെയർപേഴ്സൺ, എസ്.ഡി.എം.എ (ഡിസ്ട്രിക്ട് കളക്ടർ) ഇൻസിഡന്റ് കമാൻഡർ (IC) - ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എസ്.ഡി.എം.എ (ഡെപ്യൂട്ടി കളക്ടർ, ഡി.എം/ജനറൽ)

12.4.2.3. താലൂക്ക് തലം

R.O- ഡെപ്യൂട്ടി കളക്ടർ, ഡി. ഡി.എം. എ,

IC- അതാത് താലൂക്കിലെ തഹസിൽദാർ.

ദുരന്ത മുന്നറിയിപ്പ് ലഭിച്ചാൽ ഉടൻതന്നെ റെസ്പോൺസിബിൾ ഓഫീസർ ഇൻസിഡന്റ് റെസ്പോൺസ് ടീമിനെ (IRT) തയ്യാറാക്കി നിർത്തുന്നു. മുന്നറിയിപ്പില്ലാതെ പൊടുന്നനെ സംഭവിക്കുന്ന ദുരന്ത സാഹചര്യങ്ങളിൽ റെസ്പോൺസ് ടീം (IRT) ഉടൻ തന്നെ പ്രതികരിക്കേണ്ടതും ആവശ്യമെങ്കിൽ റെസ്പോൺസിബിൾ ഓഫീസറുടെ സഹായം തേടേണ്ടതുമാണ്. റെസ്പോൺസിബിൾ ഓഫീസർമാർ തന്റെ ചുമതലകൾ ഇൻസിഡന്റ് കമാൻഡർക്ക് കൈമാറുന്നു. ഇൻസിഡന്റ് റെസ്പോൺസ് ടീമിനെ നയിച്ചുകൊണ്ട് ദുരന്ത സാഹചര്യം നേരിടുന്നത് ഇൻസിഡന്റ് കമാൻഡറുടെ ചുമതലയാണ്. ഇൻസിഡന്റ് റെസ്പോൺസ് ടീമിലെ ഓരോ അംഗത്തിനും ഒരു നിയുക്ത സൂപ്പർവൈസർ ഉണ്ടായിരിക്കുന്നതാണ് ആര് ആർക്ക് റിപ്പോർട്ട് ചെയ്യണം എന്നുള്ള വ്യക്തമായ ചട്ടക്കൂട് ഈ സംവിധാനത്തിൽ ഉണ്ട്.

ഐ ആർ എസിന് ആവശ്യമായ സൗകര്യങ്ങൾ ഐ ആർ എസ് പദവികളും അവരുടെ ഉത്തരവാദിത്വങ്ങളും എല്ലാം കൃത്യമായി ഈ ഐആർഎസ് ഹാൻഡ് ബുക്കിൽ (2021) പ്രതിപാദിച്ചിട്ടുണ്ട് വിശദ വിവരങ്ങൾക്കായി (www.sdma.kerala.gov.in).

12.4.3. ഓറഞ്ച് ബുക്ക്

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ദുരന്ത പ്രതികരണ മാർഗ്ഗരേഖയാണ് ഓറഞ്ച് ബുക്ക്. കെ. എസ്.ഇ. ഒ. സി സംസ്ഥാന ജില്ലാ താലൂക്ക് തലത്തിൽ അടിയന്തരഘട്ട പ്രവർത്തന സംവിധാനം സ്ഥാപിച്ച് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. അതാത് ജില്ലയുടെ സാഹചര്യം പരിഗണിച്ച് ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ അതാത് വകുപ്പുകൾ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതുണ്ട്. കാലവർഷ തുലാവർഷ കാലം അല്ലാതെ മാസങ്ങളിലും പ്രളയം, ചുഴലിക്കാറ്റ്, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നീ സാഹചര്യങ്ങളിലും ഈ മാർഗ്ഗരേഖ പ്രകാരം പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയും സ്റ്റേറ്റ് എമർജൻസി ഓപ്പറേറ്റിങ് സെന്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹീറ്റ് ആക്ഷൻ പ്ലാൻ

അംഗീകരിക്കുന്നതിനും നടപ്പിലാക്കാൻ പുരോഗതി വിലയിരുത്തുന്നതിനും ആയി ഒരു മേൽനോട്ടസമിതി രൂപീകരിക്കുന്നുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനം അധ്യക്ഷൻ/ അധ്യക്ഷയുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ട മേൽനോട്ട സമിതിയുടെ കൺവീനർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി ആയിരിക്കും

12.5. ഉന്നതി തലത്തിലുള്ള ദുരന്തനിവാരണ പദ്ധതി രേഖ

ഉന്നതി തലത്തിൽ ദുരന്ത നിവാരണ പദ്ധതി രേഖയുടെ ഘടനയും മാർഗ്ഗ രേഖയും പട്ടികവർഗ്ഗ വികസന വകുപ്പും KSDMA യും വികസിപ്പിച്ചിട്ടുണ്ട്. ഉന്നതിയിലെ ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കിയാകണം പദ്ധതിരേഖ തയാറാക്കേണ്ടത്. പദ്ധതിയിലെ വിവരങ്ങൾ ഉന്നതിയിലെ എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിലും രീതിയിലും ലഭ്യമാക്കണം പദ്ധതിയുടെ വിവരങ്ങൾ കാലാകാലങ്ങളിൽ പുതുക്കുകയും മോക്ക് ഡ്രില്ലുകൾ നടത്തുകയും വേണം. ഉന്നതിയിലെ ജനങ്ങളുടെ പ്രാദേശി അറിവുകൾ ദുരന്തനിവാരണ പദ്ധതിയുമായി എങ്ങനെ സംയോജിപ്പിക്കാം എന്നും കണ്ടെത്തേണ്ടതുണ്ട്.

12.6. കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതി

പ്രാദേശികമായി പ്രസക്തമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ നേരിടാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന കർമ്മ കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതികൾ (LAPCCs). പ്രാദേശിക വികസനത്തിന്റെ കാർബൺ കാൽപ്പാടുകൾ കുറയ്ക്കുന്നതിനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) പിന്തുടരുന്നതിനുമുള്ള മാർഗ്ഗരേഖകളും അവ നൽകുന്നു.

പ്രാദേശിക കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതിയുടെ (LAPCC) അധ്യായങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

അധ്യായം 1: തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അടിസ്ഥാന വിവരങ്ങൾ

ഈ അദ്ധ്യായത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അടിസ്ഥാന വിവരങ്ങൾ കൈകാര്യം ചെയ്യുന്നു. ഇതിനായി ദ്വിതീയ സ്രോതസ്സുകൾ (secondary sources), വ്യക്തിഗത അഭിമുഖങ്ങൾ (personal interviews), ആവശ്യമെങ്കിൽ ഫീൽഡ് സന്ദർശനങ്ങൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ (FGD) എന്നിവയിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നു.

അധ്യായം 2: കാലാവസ്ഥാ വ്യതിയാനവും നമ്മുടെ പഞ്ചായത്തും

കഴിഞ്ഞ 30 വർഷത്തെ ശരാശരി വാർഷിക മഴ, പ്രതിദിന മഴയുടെ പ്രത്യേകതകൾ, ഏറ്റവും കൂടിയതും കുറഞ്ഞതുമായ താപനില, ഭാവി പ്രവണതകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ അധ്യായം കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന വെള്ളപ്പൊക്ക സാധ്യതയും പ്രദേശത്തെ വിദ്യാലയങ്ങളുടെയും ആശുപത്രികളുടെയും വെള്ളപ്പൊക്ക ഭീഷണിയും ചർച്ച ചെയ്യുന്നു.

അധ്യായം 3: ഭൂവിനിയോഗ മാറ്റങ്ങളും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും

ഭൂവിനിയോഗം (land use), ഭൂആവരണം (land cover), നിർമ്മിതി (built-up area), ഹരിതാവരണം (green cover), ജലാശയങ്ങൾ (water bodies) എന്നിവയിലെ മാറ്റങ്ങൾ വിശദീകരിക്കാൻ ഈ അധ്യായം ഉപഗ്രഹ ചിത്രങ്ങൾ (satellite images) ഉപയോഗിക്കുന്നു. പരിസ്ഥിതിയിൽ

കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലെ (FGD) നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുത്തുന്നു.

അധ്യായം 4: ഉപജീവന മാർഗ്ഗങ്ങളിലുള്ള പ്രത്യാഘാതങ്ങൾ

ഫോക്കസ് ഗ്രൂപ്പ് ചർച്ചകളുടെ അടിസ്ഥാനത്തിൽ കാലാവസ്ഥാ വ്യതിയാനം ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങളിൽ (livelihoods) ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഈ അധ്യായം വിവരിക്കുന്നു.

അധ്യായം 5: ജൈവവൈവിധ്യത്തിലുള്ള പ്രത്യാഘാതങ്ങൾ

ഈ അധ്യായം പ്രദേശത്തെ ജൈവവൈവിധ്യത്തിൽ (biodiversity) കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിശദീകരിക്കുന്നു.

അധ്യായം 6: കഴിഞ്ഞ 30 വർഷത്തെ പ്രകൃതി ദുരന്തങ്ങൾ

കഴിഞ്ഞ 30 വർഷത്തിനിടെ പ്രദേശത്ത് കാലാവസ്ഥാ വ്യതിയാനം മൂലം സംഭവിച്ച പ്രകൃതി ദുരന്തങ്ങളുടെ സ്വഭാവവും തരവും ഈ അധ്യായം അവതരിപ്പിക്കുന്നു.

അധ്യായം 7: ലഘൂകരണത്തിനും (Mitigation) അനുരൂപീകരണത്തിനുമുള്ള (Adaptation) പ്രാദേശിക ഇടപെടൽ സാധ്യതകൾ

ഭാവിയിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങളെ ലഘൂകരിക്കാനും (mitigate) അനുരൂപപ്പെടാനും (adapt) സാധ്യമായ ഇടപെടലുകൾ ഈ അധ്യായം വിശദീകരിക്കുന്നു. മുമ്പുള്ള അധ്യായങ്ങളിൽ (3-6) വിവരിച്ച പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനും നിലവിലുള്ള പ്രതികൂല പ്രത്യാഘാതങ്ങൾ പരിഹരിക്കാനും പ്രോജക്ട് നിർദ്ദേശങ്ങളാണ് (project ideas) ഈ അദ്ധ്യായത്തിൽ ഉണ്ടാകേണ്ടത്.

12.6.1. LAPCC (കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതി) തയ്യാറാക്കുന്നതിനുള്ള ഘട്ടങ്ങൾ

LAPCC തയ്യാറാക്കുന്നതിനുള്ള പ്രധാന ഘട്ടങ്ങൾ താഴെ പറയുന്നവയാണ്:

1. **കോർ കമ്മിറ്റിയുടെ രൂപീകരണം:** തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ (LSG Level) ഒരു കോർ കമ്മിറ്റി രൂപീകരിക്കുക.
2. **പ്രാഥമിക യോഗം:** LAPCC ടെംപ്ലേറ്റ് (മാതൃക) മനസ്സിലാക്കുന്നതിനും പ്രവർത്തന പദ്ധതിക്ക് (Work plan) അന്തിമരൂപം നൽകുന്നതിനുമായി കോർ ഗ്രൂപ്പിന്റെ പ്രാഥമിക യോഗം ചേരുക.
3. **ദ്വിതീയ വിവരശേഖരണം (Secondary Data Collection):** കില (KILA), ദുരന്ത നിവാരണ അതോറിറ്റി (KSDMA), കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ്, കാലാവസ്ഥാ വകുപ്പ് (IMD), തദ്സ്ഥിതി റിപ്പോർട്ടുകൾ, വികസന രേഖകൾ, മറ്റ് വകുപ്പുകൾ എന്നിവയിൽ നിന്നും ലഭ്യമായ വിവരങ്ങൾ ശേഖരിക്കുക.
4. **പ്രാഥമിക വിവരശേഖരണം (Primary Data Collection):** നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനായി ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ (FGD), പ്രാദേശിക ജനങ്ങളുമായുള്ള കൂടിയാലോചനകൾ (Community Consultations), വ്യക്തിഗത അഭിമുഖങ്ങൾ, ബാധിക്കപ്പെട്ട പ്രദേശങ്ങളിലേക്കുള്ള ഫീൽഡ് സന്ദർശനങ്ങൾ എന്നിവയിലൂടെ നേരിട്ട് വിവരങ്ങൾ ശേഖരിക്കുക.

5. **വിവരങ്ങളുടെ വിശകലനം (Data Analysis):** വിവിധ സ്രോതസ്സുകളിൽ നിന്നും (ദ്വിതീയ വിവരങ്ങൾ, അഭിമുഖങ്ങൾ, ഫീൽഡ് സന്ദർശനങ്ങൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ) ലഭിച്ച വിവരങ്ങൾ വിശദമായി വിശകലനം ചെയ്യുക.
6. **കണ്ടെത്തലുകൾ ക്രോഡീകരിക്കുക:** LAPCC ടെംപ്ലേറ്റ് ഉപയോഗിച്ച് കണ്ടെത്തലുകൾ ക്രോഡീകരിക്കുക (Consolidate).
7. **പദ്ധതി ആസൂത്രണം:** ഓരോ പ്രദേശത്തിനും അനുയോജ്യമായ ഇടപെടൽ പദ്ധതികൾ (Intervention projects), അനുരൂപീകരണ പദ്ധതികൾ (Adaptation plans), ലഘൂകരണ പദ്ധതികൾ (Mitigation plans) എന്നിവ തയ്യാറാക്കുക.
8. **അംഗീകാരം നേടൽ:** വിദഗ്ധ പരിശോധനാ ശിൽപ്പശാല (Vetting workshop) നടത്തുകയും, തുടർന്ന് ഭരണസമിതിയുടെ (Governing Council) അംഗീകാരം നേടുകയും ചെയ്യുക.

12.7. ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ

ദുരന്തങ്ങളിൽ നിന്നും ഭിന്ന ശേഷിക്കാരെ സംരക്ഷിക്കാനുള്ള പദ്ധതികളുടെ ആസൂത്രണം. കണ്ണ് കാണാത്തവർക്കായി ഓഡിയോ മെസ്സേജുകൾ, ചെവി കേൾക്കാത്തവർക്കും സംസാരിക്കാൻ കഴിയാത്തവർക്കുമായി ഡിജിറ്റൽ വിഷ്വൽ മെസ്സേജുകൾ, മാനസിക ആസ്വാസ്ഥ്യമുള്ളവർക്കായി കെയർടേക്കർമാരുടെ പരിശീലനം എന്നിവ ഇതിൽ ഉൾപ്പെടും.

ഭിന്നശേഷി സൗഹൃദ പദ്ധതികളിലൂടെ ഉപജീവനത്തിനും ആരോഗ്യപരമായ ആവശ്യങ്ങൾക്കും ഉപയോഗമായ പദ്ധതി നിർവഹണം നടത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്ന നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കേണ്ടതായിട്ടുണ്ട്. പ്രളയം ചുഴലിക്കാറ്റ് മഹാമാരി തുടങ്ങിയ ദുരന്തങ്ങളിൽ ഭിന്നശേഷിക്കാർക്ക് അധികമായി ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നു. സുരക്ഷിത അഭയം, മരുന്ന് ചികിത്സാ സൗകര്യങ്ങൾ, ദുരന്ത മുന്നറിയിപ്പുകൾ എന്നിവ വൈകല്യമുള്ളവർക്ക് സുഗമമായി ലഭ്യമാക്കേണ്ടതുണ്ട്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ദുർഘടമായ കാലാവസ്ഥയുടെ കെടുതികളെ നേരിടുവാൻ അവരുടെ സുഖമായ ജീവിതത്തിനായി പ്രതിരോധ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനും അനുയോജ്യമായ പദ്ധതികളും തന്ത്രങ്ങളും ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്.

12.8. ദുരന്തകാല സഹായങ്ങളും ആരോഗ്യ സേവനങ്ങളും

1. ദുരന്ത സമയങ്ങളിൽ കൗൺസിലിംഗ് സേവനങ്ങൾ.
2. വീടുകളിൽ തന്നെ മരുന്നും ചികിത്സയും എത്തിക്കുന്ന സംവിധാനം.
3. ദുരന്ത സാഹചര്യങ്ങൾ ക്യാമ്പുകൾ ആയി പ്രവർത്തിക്കുന്ന സ്കൂളുകളിലും അങ്കണവാടികളിലും വൈകല്യ സൗഹൃദ ശൗചാലയങ്ങൾ, റാമ്പുകൾ, വീൽചെയർ സൗകര്യങ്ങൾ ഒരുക്കുക.
4. സുരക്ഷിത അഭയ കേന്ദ്രങ്ങളിൽ നടപ്പാതകൾ, കൈവരികൾ വിവിധ വിഭാഗങ്ങൾക്ക് സൗകര്യപ്രദമായ ടോയ്ലറ്റുകൾ എന്നിവ സജ്ജമാക്കണം.

5. ഭിന്നശേഷി സൗഹൃദ മുന്നറിയിപ്പ് സംവിധാനം.
6. വലിയ അക്ഷരങ്ങളിലുള്ള എസ്എംഎസ്, വോയിസ് മെസ്സേജുകൾ
7. സൈൻ ലാംഗ്വേജ് വീഡിയോകൾ, ശബ്ദ അനൗൺസ്മെന്റ് എന്നിവ.
8. നിറത്തെ അടിസ്ഥാനമാക്കിയ സൈറൺ സംവിധാനം.
9. പ്രാദേശിക തലത്തിൽ മൾട്ടി ഫോർമാറ്റ് മുന്നറിയിപ്പ് പ്ലാറ്റ്ഫോം.
10. ഭിന്നശേഷിക്കാർക്ക് ദുരന്തത്തിൽ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധിക്കുന്ന രീതിയിലുള്ള ടെയിനിങ് ക്യാമ്പുകൾ.
11. ഇ.ആർ.ടി. പ്രവർത്തകർക്ക് സുരക്ഷിത മാർഗ്ഗങ്ങളിലൂടെ ഇവരെ ദുരന്തവേളകളിൽ ഒഴിപ്പിക്കാനുള്ള പരിശീലനം.
12. പ്രാദേശിക എൻജിഒകളുടെ പങ്കാളിത്തം.
13. വൈകല്യമുള്ള വ്യക്തികൾ ദുരന്ത സാഹചര്യങ്ങളിൽ എങ്ങനെ പ്രതികരിക്കണമെന്ന് പരിശീലിപ്പിക്കാൻ പ്രാദേശിക ഏജൻസികളെ ദുരന്ത ആസൂത്രണ പദ്ധതികളുടെ ഭാഗമായി മാറ്റുക.
14. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ ഇവരുടെ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തണം.
15. വൈകല്യമുള്ളവരുടെ പ്രതിനിധികൾ ഉൾപ്പെട്ട സമൂഹപ്രവർത്തന സമിതിക്കു രൂപം നല്കുക.
16. വൈകല്യ സൗഹൃദ കാലാവസ്ഥാ ആസൂത്രണം- കെട്ടിടനിയമങ്ങൾ പ്രോട്ടോകോളുകൾ എന്നിവ നടപ്പാക്കുക.

12.9. സാങ്കേതിക വിദ്യയുടെ ഉപയോഗം

1. കാലാവസ്ഥാ മുന്നറിയിപ്പുകളും വിഭവങ്ങളും ലഭ്യമാക്കുന്ന വോയിസ്/സ്പീച്-ടു-ടെക്സ്റ്റ് സൗകര്യമുള്ള മൊബൈൽ ആപ്പുകൾ വികസിപ്പിക്കാം.
2. അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്ക് ജിപിഎസ് സംവിധാനമുള്ള വീൽചെയറുകളും ട്രാക്കറുകളും ഒരുക്കുക.
3. വൈദ്യുതി മുടങ്ങുന്ന സാഹചര്യത്തിൽ കേൾവി ഉപകരണങ്ങൾ വീൽചെയറുകൾ ആശയവിനിമയം ഉപകരണങ്ങൾ എന്നിവയ്ക്ക് സൗരോർജ്ജ ചാർജിങ് സ്റ്റേഷനുകൾ ഒരുക്കുക വൈകല്യമുള്ള സംരംഭകരുടെ നേതൃത്വത്തിൽ പുനരുപയോഗശേഷിയുള്ള ഊർജ്ജ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.

12.10. ലഘൂകരണ നടപടികൾ

» ഹരിത ഓഡിറ്റ്, സുരക്ഷാ ഓഡിറ്റ്- റോഡുകൾ, സ്കൂളുകൾ, അഭയ കേന്ദ്രങ്ങൾ എന്നിവ വിവിധ കാലാവസ്ഥകളിൽ സുരക്ഷിതമാണെന്നും വിവിധ വിഭാഗങ്ങൾക്ക് സൗകര്യപ്രദമാണെന്നും വിലയിരുത്താൻ വൈദഗ്ധ്യമുള്ളവരെ ഉപയോഗിക്കുക.

» അവലോകന ഫലങ്ങൾ പ്രാദേശിക കാലാവസ്ഥാ പ്രതിരോധ ബജറ്റുകളുമായി ബന്ധിപ്പിക്കുക.

12.11. വൈകല്യമുള്ളവർക്ക് കാലാവസ്ഥ പ്രതിരോധ ഉപജീവന മാർഗങ്ങൾ.

1. സോളാർ ബൾബ്, ലാമ്പ് തുടങ്ങിയവയുടെ റിപ്പയർ, ജൈവ വിത്ത് ബാങ്കുകൾ, മേൽക്കൂര കൃഷി തുടങ്ങി വീട്ടിൽ ഇരുന്നുകൊണ്ട് ചെയ്യാവുന്ന തൊഴിൽ മേഖലകളിൽ പരിശീലനം നൽകുക.
2. വൈകല്യമുള്ളവർക്ക് ചെറിയ ഹരിത വ്യവസായങ്ങൾ നടത്താൻ മൈക്രോ ഫിനാൻസ് സംഘങ്ങൾ രൂപീകരിക്കുക.
3. കാലാവസ്ഥാ പ്രതിരോധ പരിശീലന പരിപാടികൾ
4. കാലാവസ്ഥ മാറ്റം, ഫസ്റ്റ് എയ്ഡ്, പ്രതിരോധ പരിശീലനങ്ങൾ, എന്നിവ സൈൻ ലാംഗ്വേജ്, ബ്രെയിലി എന്നിവയിൽ നടത്തുക.

12.12. വയോജനങ്ങൾ

1. കാലാവസ്ഥയെ വിഷയങ്ങളെ കുറിച്ചുള്ള വിദ്യാഭ്യാസ പരിപാടി ബോധവൽക്കരണ സെമിനാറുകൾ പരിശീലനങ്ങൾ എന്നിവ പ്രത്യേകം തയ്യാറാക്കി ഡിജിറ്റൽ/നോൺ ഡിജിറ്റൽ മാർഗങ്ങളിലൂടെ പ്രായമായവരെ എത്തിക്കണം.
2. സർക്കാർ രൂപകൽപ്പന ചെയ്യുന്ന കാലാവസ്ഥ പ്രതിരോധ പദ്ധതികൾ മുതിർന്നവരെ ഉൾപ്പെടുത്തി അവരുടെ അനുഭവങ്ങളും നിർദ്ദേശങ്ങളും പദ്ധതി ആസൂത്രണത്തിൽ ഉൾക്കൊള്ളിക്കുക.
3. മിക്ക മുതിർന്നവരും ഗ്രാമങ്ങളിലും കൃഷിയുമായി ബന്ധപ്പെട്ട മേഖലകളിലുമാണ് പ്രവർത്തിച്ചു വരുന്നത്. ചെറിയ രീതിയിലുള്ള കാർബൺ ഉന്മൂലന പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുന്നതിലൂടെ വലിയ മാറ്റം സൃഷ്ടിക്കാം.

12.12.1. വിവരം, വിദ്യാഭ്യാസം, ആശയവിനിമയം (IEC)

ദുരന്ത സാഹചര്യങ്ങളിൽ, മുന്നറിയിപ്പുകൾ, പ്രധാന നിർദേശങ്ങൾ, പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള IEC മെറ്റീരിയലുകൾ എന്നിവ ഭാഷാ ന്യൂനപക്ഷങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികൾ എന്നിവരെക്കൂടെ പരിഗണിച്ചു അവരുടെ ഭാഷകളിലും തയാറാക്കുകയും അവ ഇവരിലേക്ക് കൃത്യമായി എത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ദുരന്ത നിവാരണത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള സാധ്യതകൾ

ഓഖീ, പ്രളയം, ഉരുൾപൊട്ടൽ, നിപ്പ, കോവിഡ്-19 അങ്ങനെ ദുരന്തങ്ങൾ ആവർത്തിച്ചുവരുന്ന സാഹചര്യത്തിൽ ദുരന്ത നിവാരണത്തിന് ഒരു ശാശ്വത നിവാരണ ലഘൂകരണ സംവിധാനവും ഏജൻസിയും അനിവാര്യമാണ്. ജനകീയ പ്രതിരോധത്തിന്റെ അടിസ്ഥാനത്തിലുള്ള ദുരന്ത നിവാരണ കർമ്മ പദ്ധതികൾക്ക് രൂപം നൽകാൻ ഈ സാഹചര്യത്തിൽ സർക്കാർ സംവിധാനം ഒരുക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹികാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത് സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. അതേപോലെ 13-ാം പഞ്ചവത്സര പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണം നടപ്പിലാക്കുമ്പോൾ 2020-21 വാർഷിക പദ്ധതിയിൽ ദുരന്ത

മാനേജ്മെന്റ് പ്ലാൻ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്.

12.12.2. ദുരന്ത നിവാരണ പദ്ധതിയിലെ ഘടകങ്ങൾ

- » ബ്ലോക്ക് പഞ്ചായത്തിന്റെ അടിസ്ഥാന പൊതുവിവരങ്ങൾ
- » ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അപകട സാധ്യത, ദുരന്ത ദുർബല സ്ഥിതി സ്ഥലങ്ങളുടെ രൂപരേഖ
- » നിലവിലുള്ള വിഭവ ലഭ്യതയും അവയുടെ ക്ഷമതയും
- » ദുരന്ത പ്രതികരണത്തിനായുള്ള ആസൂത്രണ രേഖ
- » തദ്ദേശ സ്വയംഭരണ സ്ഥാപന മേഖലയിലെ ദുരന്ത അധിജീവന തയ്യാറെടുപ്പുകൾ, ദുരന്ത ലഘൂകരണ മാർഗങ്ങൾ, സാമൂഹിക ശാക്തീകരണ പദ്ധതികൾ

12.12.3. അടിയന്തിര പ്രതികരണ ടീം രൂപീകരണം (ERT)

ദുരന്ത നിവാരണ ലഘൂകരണ പദ്ധതിയ്ക്കായി ഒരു സ്ഥിരം സംവിധാനം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിക്കണമെന്ന് ബന്ധപ്പെട്ട ആക്ടിലും സംസ്ഥാന പ്ലാനിലും വ്യവസ്ഥ ചെയ്തിരിക്കുന്നു. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് പരിശീലനം ലഭിച്ചവരും ആ പ്രദേശത്തെ ഭൂഘടനയെപ്പറ്റി അറിവുള്ളവരുമായ പ്രാദേശിക സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി ഒരു അടിയന്തിര പ്രതികരണ ടീം രൂപീകരിക്കണം. മേൽപറഞ്ഞ വർ അവശ്യഘട്ടങ്ങളിൽ ദുരന്തമേഖലയിൽ അടിയന്തിരമായി എത്തിച്ചേർന്ന് പ്രവർത്തനം നടത്താൻ തയ്യാറുള്ളവരാകണം. എട്ടുപേരെങ്കിലും ഉള്ള ഒരു അടിയന്തിര പ്രതികരണ ടീം ഓരോ വാർഡിലും രൂപീകരിക്കണം.

12.12.4. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരണം

ഇരുപതംഗ ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിക്കണം.

12.12.4.1. ചുമതല

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് അവസ്ഥാ പഠന രൂപരേഖ തയ്യാറാക്കുക

12.12.4.2. അംഗങ്ങൾ

സാമൂഹ്യ സംഘടനകൾ, വിദഗ്ധർ, എൻ.ജി.ഒകൾ, യുവജന സംഘടനകൾ, സന്നദ്ധ പ്രവർത്തകർ

12.12.5. ദുരന്ത നിവാരണ പദ്ധതി തദ്ദേശ സ്ഥാപനങ്ങളുടെ കർത്തവ്യങ്ങളും ചുമതലകളും

- » അതതു തദ്ദേശ സ്ഥാപനങ്ങളുടെ ദുരന്ത നിവാരണ പദ്ധതി വാർഷിക പദ്ധതിയുമായി ഏകോപിപ്പിക്കുക.

- » അടിയന്തിര പ്രതികരണ ടീം രൂപീകരിക്കുക.
- » തദ്ദേശ സ്ഥാപനങ്ങൾക്കായി കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ ക്യാമ്പുകൾ പ്രവർത്തിപ്പിക്കുവാൻ സജ്ജമാക്കുക
- » ദുരന്ത സാഹചര്യങ്ങളിൽ, റവന്യൂ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി എന്നിവരുമായി ചേർന്ന് ദുരന്തബാധിതരെ മാറ്റി പാർപ്പിക്കകയോ, പുനരധിവാസ കേന്ദ്രത്തിലേക്ക് മാറ്റി പാർപ്പിക്കുകയോ ചെയ്യുക.
- » സുരക്ഷിത സങ്കേതങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളിലും കുടിവെള്ളം, ടോയ്ലറ്റ്, വെളിച്ചം തുടങ്ങിയ അടിസ്ഥാന സൗകര്യം ഒരുക്കുക.
- » ബോധവത്കരണം നടത്തുക.

12.12.6. ദുരന്ത നിവാരണ പദ്ധതി രൂപീകരണം

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനും അത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സ്വീകരിക്കേണ്ട നടപടികൾ

- » പരിശീലനം നേടിയ ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് പ്രദേശത്ത് സൂക്ഷമമായി അവസ്ഥാ പഠനം നടത്തി സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും വിശകലനം നടത്തുകയും ചെയ്യുക.
- » മേൽവിവരങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുക
- » ഈ കരട് പദ്ധതി ഗ്രാമസഭയിൽ ചർച്ച ചെയ്യുകയും അവിടെ ഉയർന്നു വരുന്ന നിർദ്ദേശങ്ങളും കൂടി പരിഗണിച്ച് കരട് ദുരന്ത നിവാരണ പദ്ധതി പഞ്ചായത്ത് കമ്മിറ്റി മുൻപാകെ ചർച്ചയ്ക്ക് വയ്ക്കുക.
- » ദുരന്ത നിവാരണ പദ്ധതി ചർച്ച ചെയ്യാൻ പ്രത്യേക വികസന സെമിനാർ, വാർഷിക പദ്ധതി വികസന സെമിനാറിന് മുന്നോടിയായി നടത്തുക.
- » അതിനു ശേഷം ദുരന്ത നിവാരണ പദ്ധതി തദ്ദേശ സ്വയംഭരണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുക.

12.12.7. ജൈവ വൈവിധ്യ മാനേജ്മെന്റ്- കാലാവസ്ഥാ വ്യതിയാനം-ദുരന്ത നിവാരണം- പരിസ്ഥിതി സംരക്ഷണം- വർക്കിംഗ് ഗ്രൂപ്പ്

നിലവിലെ വ്യവസ്ഥ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ ദുരന്ത നിവാരണ പദ്ധതികൾ നേരിട്ട് വരുന്നില്ലെങ്കിലും ഭാവിയിൽ ത്രിതല പഞ്ചായത്തുകളിൽ ഇതിന്റെ സംയോജന സാധ്യതകൾ ഉണ്ട്.

ചുമതലകൾ

- » ദുരന്ത നിവാരണ പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പാക്കൽ
- » ദുരന്തങ്ങൾ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുക, ദുരന്ത പ്രതി രോധം, ലഘൂകരണം എന്നീ പ്രവർത്തനങ്ങൾക്കാവശ്യമായ ഉല്പാദനം, സേവനം, പശ്ചാത്തലം എന്നിവ നൽകുന്ന വിവിധ ഏജൻസികളുടേയും സ്ഥാപനങ്ങളുടേയും ഏകോപനം ഉറപ്പാക്കൽ

- » അന്തിമ, ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി കഴിഞ്ഞാൽ അതാത് മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ സംക്ഷിപ്ത കുറിപ്പ് തയ്യാറാക്കി ബന്ധപ്പെട്ട മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കൈമാറുക.
- » അടിയന്തിര പ്രതികരണ ടീം രൂപീകരണം, ബോധവത്കരണ പരിപാടികൾ നടത്തുക, പരിശീലനങ്ങൾ നടത്തുക

12.12.8. ദുരന്ത നിവാരണ പദ്ധതി അംഗീകരിക്കലും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തലും

ദുരന്ത നിവാരണ പദ്ധതി നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി യുടെ ഉത്തര വാദിത്വത്തിൽ വരുന്ന മുറയ്ക്ക് ദുരന്ത നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകരിക്കേണ്ടതാണ്. തുടർന്ന് അവ ജില്ലാ ആസൂത്രണ സമി തിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.

12.12.9. ദുരന്ത നിവാരണ പദ്ധതി- ബ്ലോക്കുകളുടെ സാദ്ധ്യതകൾ

നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം അടിയന്തിര പ്രതികരണ ടീം, ലോക്കൽ റിസോഴ്സ് ടീം എന്നിവയുടെ രൂപീകരണം ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും ചുമതല ആണെങ്കിലും ഇക്കാര്യത്തിൽ ബ്ലോക്ക് ജില്ലാ പഞ്ചാ യത്തുകളുടെ സാന്നിദ്ധ്യവും പങ്കാളിത്തവും അനിവാര്യമാണെന്ന് കാണാം.

ഇതു സംബന്ധമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 4/12/2019-ലെ 156/2019-ാം നമ്പർ ഉത്തരവിലെ ഒൻപതാം ഖണ്ഡികയിൽ ദുരന്ത നിവാരണ പദ്ധതിയിൽ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം പരാമർശിക്കു ന്നു. ഇതിൻ പ്രകാരം ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന ദുരന്ത മാനേജ്മെന്റ് പ്ലാൻ കരടും രൂപരേഖയും ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകളുടെ പട്ടികയും ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് ലഭ്യമാക്കണമെന്നും അതിൽ നിന്നും ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരിക്കുന്നു.

12.12.10. ദുരന്ത നിവാരണ പദ്ധതിയിൽ വലിയ പ്രോജക്ടുകളുടെ സാധ്യത

ഒരു ഗ്രാമപഞ്ചായത്തിനും സ്വതന്ത്രമായി ഏറ്റെടുക്കാൻ കഴിയാത്തതും അതിന് സാധ്യതയില്ലാത്തതും പ്രവർത്തന പരിധി വിപുലമായതുമായ വലിയ ദുരന്ത നിവാരണ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുത്ത് നടത്തുവാൻ മേൽ ഉത്തരവ് അധികാരം നൽകുന്നു. ഒരു ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിൽ പൊതുവായി ഉപയോഗകരമാകുന്ന ദുരന്ത പ്രതിരോധ ഉപകരണങ്ങൾ, സംവിധാനങ്ങൾ, സേവനങ്ങൾ ഇവ ഫലപ്രദമായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആർജ്ജിച്ച് നൽകുവാൻ സാധിക്കുന്നതാണ്.

12.12.11. ദുരന്ത നിവാരണ പദ്ധതിയും തൊഴിലുറപ്പ് മേഖലയുടെ സാധ്യതയും

ആവർത്തിച്ചുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണ

ലഘൂകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ത്രിതല പഞ്ചായത്തുകളിൽ ജൈവ വൈവിധ്യ മാനേജ്മെന്റ്- കാലാവസ്ഥാവ്യതിയാന ദുരന്ത നിവാരണം- പരിസ്ഥിതി സംരക്ഷണം വർക്കിംഗ് ഗ്രൂപ്പ് എന്ന് പുതിയൊരു സ്റ്റാറ്റ്യൂട്ടറി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതിൻ പ്രകാരം തൻവർഷത്തെ പദ്ധതിയിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

ദുരന്ത നിവാരണ പദ്ധതികളുടെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികളും പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്.

- » നഴ്സറികൾ സ്ഥാപിക്കുക
- » പാതയോരത്ത് വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി ഏറ്റെടുക്കുക;
- » ഭൂമിയുടെ തട്ട് തിരിക്കൽ പ്രവർത്തനങ്ങൾ നടപ്പാക്കുക.
- » മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ ഗള്ളി പ്ലാനിംഗ് ഉൾപ്പെടെയുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുക.
- » തരിശ് ഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കുന്നതിനുള്ള പ്രവർത്തികൾ ഏറ്റെടുക്കൽ
- » ജൈവ കൃഷി വ്യാപന പ്രവർത്തനങ്ങൾ
- » സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായ പ്രവൃത്തികൾ ഏറ്റെടുക്കൽ
- » പച്ചക്കറികൃഷി വിപുലപ്പെടുത്താനുള്ള പദ്ധതികൾ നടപ്പിലാക്കുക.



സംയോജന സാധ്യതകൾ



തദ്ദേശഭരണ തലത്തിൽ ലഭ്യമായ വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗത്തിലൂടെ പരമാവധി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സംയോജന സാധ്യതകൾ പരമാവധി പ്രയോജനപെടുത്തേണ്ടതുണ്ട്. അത്തരത്തിൽ വികസന ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനായി വ്യത്യസ്ഥ ഘടകങ്ങളേയും വിഭാഗങ്ങളേയും ഒന്നിച്ചുചേർത്ത് ഏകോപനമായ ഒരു പ്രവർത്തന ഘടയുണ്ടാക്കുക എന്നതാണ് സംയോജനം കൊണ്ട് ലക്ഷ്യമിടുന്നത്. തദ്ദേശഭരണ സ്ഥാപനത്തിനു ലഭിക്കുന്ന വിഹിതവും, വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളും, മറ്റു വികസന ഏജൻസികളേയും അണിനിരത്തികൊണ്ട് വികസന പ്രശ്നങ്ങൾ സമഗ്രമായി പരിഹരിക്കുന്നതിനുമുള്ള ചിട്ടയായ പ്രവർത്തനങ്ങളായി സംയോജനത്തെ കണക്കാക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന നിരവധി വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അനവധി അവസരങ്ങളും അധിക വിഭവ സമാഹരണവും, സമഗ്ര തലത്തിലുള്ള പരിഹാരവും സംയോജനം സാധ്യമാക്കുന്നു. വിവിധ സർക്കാർ തലത്തിലുള്ള പദ്ധതികൾ, പരിപാടികൾ,

സ്കീമുകൾ, മിഷനുകൾ എന്നിവയും കൂടാതെ വ്യത്യസ്ഥ അറിവുകളും, ആശയങ്ങളും, വൈദഗ്ധ്യവും, സാങ്കേതിക ജ്ഞാനവും ഫണ്ടിനങ്ങളും തുടങ്ങി ഒരു വികസന ആവശ്യത്തെ സമഗ്രതലത്തിൽ പരിഹരിക്കുന്നതിനുള്ള വിപുലമായ വികസന ഇടപെടൽ സംയോജനം വഴി സാധ്യമാകുന്നു.

വിവിധ പ്രാദേശിക സർക്കാർ തലത്തിൽ പ്രശ്ന പരിഹാരം സാധ്യമാക്കുന്നതിനുള്ള സംയുക്തമായി പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നത് ലംബമാന സംയോജനമെന്നും **(vertical integration)**, തദ്ദേശ ഭരണസ്ഥാപനം ലക്ഷ്യം വെയ്ക്കുന്ന വികസന വിഷയവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെയും, വികസന ഏജൻസികളേയും ഏകോപിച്ചുകൊണ്ടുള്ള കൂട്ടായ പ്രവർത്തനത്തെ തിരശ്ചീന സംയോജനമെന്നും **(horizontal integration)** സംയോജനത്തെ രണ്ടായി കാണാവുന്നതാണ്.

13.1. സംയോജനം തദ്ദേശ ഭരണ സ്ഥാപന തലത്തിൽ

തദ്ദേശഭരണ സ്ഥാപന തലത്തിൽ സംയോജിതമായി ഒരു വികസന ലക്ഷ്യം നേടുന്നതിന് താഴെ പറയുന്ന പ്രവർത്തന ഘട്ടങ്ങൾ ആവിഷ്ക്കരിക്കാവുന്നതാണ്.

1. വികസന വിടവിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കേണ്ട വിഷയവും, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടേയും ഏജൻസികളുമുൾകൊള്ളുന്ന എല്ലാ വിഭാഗം സ്റ്റേക്ക് ഹോൾഡർമാരുടേയും കൂട്ടായ ചർച്ചകളിലൂടെ പ്രശ്ന പരിഹാര സാധ്യതകൾ കണ്ടെത്തുക.
2. അത്തരത്തിൽ കണ്ടെത്തുന്ന പ്രശ്ന പരിഹാരത്തിനായി ഓരോ വകുപ്പുകളുടെയും വികസന ഏജൻസികളുടെയും വിഭവങ്ങളും പ്രവർത്തനങ്ങളും, ഇടപെടൽ സാധ്യതയും മുൻനിർത്തികൊണ്ട് പ്രവർത്തനങ്ങൾക്ക് അന്തിമരൂപം നൽകൽ
3. സമഗ്രതലത്തിൽ പ്രശ്ന പരിഹാരം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പ്രത്യേകതകൾക്കനുസരിച്ച് മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപന പരിധിയിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെയോ, വിവിധ വിദഗ്ധരുടേയോ സഹായം ആവശ്യപ്പെടാവുന്നതാണ്.
4. ചെയ്തുതീർക്കേണ്ടതായ പ്രവർത്തനങ്ങളുടെ മുൻഗണനാ ക്രമം നിശ്ചയിച്ചുകൊണ്ട് ഏതൊക്കെ പ്രവർത്തനങ്ങൾ ആരൊക്കെ അല്ലെങ്കിൽ ഏതൊക്കെ വകുപ്പുതല പ്രവർത്തനങ്ങളിലൂടെ സാധ്യമാക്കാം എന്നതും ആയതിന്റെ സമയക്രമവും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു കൺവർജൻസ് പ്ലാൻ തയ്യാറാക്കണം കൺവർജൻസ് പ്ലാനിൽ ഏതൊക്കെ പ്രവർത്തനങ്ങൾ ആരൊക്കെ ചെയ്യുമെന്നതിന്റെ ചുമതലകൾ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.
5. തുടർന്ന് നിർവ്വഹണവുമായി മുന്നോട്ട് പോവുകയും വിഭവങ്ങളുടെ ലഭ്യത ഉറപ്പു വരുത്തികൊണ്ട് ഏകോപിതവും സംയുക്തവുമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതുമാണ്.
6. തദ്ദേശ ഭരണ തലത്തിലുള്ള ഏകോപനം കാര്യക്ഷമാക്കുന്നതിന്റെ ഭാഗമായി പ്രവർത്ത

നങ്ങളെ കൃത്യമായ ഇടവേളകളിൽ മോണിറ്റർ ചെയ്ത് പ്രവർത്തന വിശകലനത്തിലൂടെ ആവശ്യമായ ഭേദഗതികളും, മാറ്റങ്ങളും വരുത്തികൊണ്ട് സമയോജിതമായി നിർദ്ധിഷ്ഠ പ്രവർത്തനങ്ങൾ നടപ്പിലാക്കാം.

സംയോജന പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിന് ആ വികസന മേഖലയിലെ വിവിധ തലത്തിലുള്ള ഫണ്ടുകളെക്കുറിച്ചും പദ്ധതികളെക്കുറിച്ചുമുള്ള അറിവ് അനിവാര്യമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടും, ഏകോപനവും വലിയ തോതിൽ ആവശ്യമാണ്. ആയതിനാൽ സംയോജിത പ്രവർത്തനങ്ങൾ വിവരാധിഷ്ഠിതവും, ലക്ഷ്യാധിഷ്ഠിതവും ദീർഘ വീക്ഷണമുള്ളവയുമായിരിക്കണം. സംയോജനം പ്രാപ്യമാകുന്നതിന് കൂട്ടായ ചർച്ചയും, കൂട്ടായ പ്രവർത്തനവും, കൂട്ടായ വിലയിരുത്തലുകളും അനിവാര്യമാണ്. പഞ്ചായത്തീ രാജ് ആക്ടിൽ വിവക്ഷിച്ചിട്ടുള്ള ജോയിന്റ് കമ്മിറ്റികൾക്ക് (വകുപ്പ് 164) ഇതിൽ സുപ്രധാന റോൾ വഹിക്കുവാനുണ്ട്.

13.2. സംയോജന സാധ്യതകൾ

13.2.1. ഗ്രാമപഞ്ചായത്ത് തലം

എല്ലാ വികസന പ്രവർത്തനങ്ങളും അന്തിമമായി നടപ്പിലാക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തായതിനാൽ സംയോജന സാധ്യതകൾ ഏറെ ഫലപ്രദമായി ഉപയോഗിക്കാവുന്നത് ഗ്രാമപഞ്ചായത്ത് തലത്തിലാണ്. സുപ്രധാനമായ വിവിധ വികസന മേഖലകളിൽ വിവിധ വകുപ്പു പ്രവർത്തനങ്ങളും സംയോജനത്തിലൂടെ ലക്ഷ്യങ്ങൾ കൈവരിക്കാവുന്നതും കേവലം ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ പല തവണ മടങ്ങ് മൂല്യമുള്ള പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നതിനും സാധിക്കും. ഉല്പാദനം, ശുചിത്വം, വിദ്യാഭ്യാസം, കുടിവെള്ളം, മറ്റു അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലയിൽ സമഗ്രതലത്തിലുള്ള വികസനത്തിന് സംയോജനം ഏറെ സഹായകരമാണ്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനതല വകുപ്പുതല പദ്ധതികൾ, എം.പി, എം.എൽ.എ ഫണ്ടുകൾ, സന്നദ്ധ സേവനം, CSR ഫണ്ടുകൾ എന്നിവയുടെ ഫലപ്രദമായ സംയോജന സാധ്യതകൾ ഗ്രാപഞ്ചായത്ത് തലത്തിൽ നിലനിൽക്കുന്നു. കൂടാതെ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന പദ്ധതികളുമായും, ഫണ്ടുമായും സംയോജിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ സാധ്യമാക്കാവുന്നതാണ്.

13.2.2. ബ്ലോക്ക് പഞ്ചായത്ത് തലം

വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളും ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകളുടെ ഫണ്ടും, പ്രവർത്തനങ്ങളും, സംയോജിപ്പിച്ചുകൊണ്ട് ഒന്നിലധികം പഞ്ചായത്തുകൾക്കോ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ പഞ്ചായത്തുകൾക്കും ബാധകമാകുന്ന വികസന പ്രവർത്തനങ്ങൾക്കും, ജില്ലാ പഞ്ചായത്ത് നിർദ്ദേശിക്കുന്നവയുടെ ഏകോപനങ്ങളും, വിവിധ തട്ടിലുള്ള ഫണ്ടുകളുടെ സംയോജനവും, ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സാധ്യമാണ്. ബ്ലോക്ക് തലത്തിൽ നിർവഹണം നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും, ബ്ലോക്ക് തലത്തിലുള്ള സംസ്ഥാന വകുപ്പുതല പ്രവർത്തനങ്ങളും കാര്യക്ഷമ

മായി വിനിയോഗിക്കുന്നതിന് സംയോജനത്തിലൂടെ സാധ്യമാകും. ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന ഒന്നിലധികം പഞ്ചായത്തുകളെ ബാധിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കുന്നതിന് സംയോജന സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് കഴിയും.

13.2.3. ജില്ലാ പഞ്ചായത്ത് തലം

ജില്ലയുടെ മൊത്തം വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കുന്നതിനും, ജില്ലാ പദ്ധതി നിർദ്ദേശങ്ങൾക്കനുസൃതമായി സംയോജിത പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും ജില്ലാ പഞ്ചായത്തിന് നേതൃത്വപരമായ പങ്കുണ്ട്. വളരെ വലിയ പ്രോജക്ടുകളും, ബൃഹത്തായ വികസന പ്രവർത്തനങ്ങളും സാധ്യമാക്കുന്നതിനും, വലിയ രീതിയിൽ കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികളും, പരിപാടികളും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും, ജില്ലയിലെ വിവിധ വകുപ്പുകളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ടുള്ള വിഭവ സമാഹരണത്തിലൂടെ സംയോജന സാധ്യതകൾ പരമാവധി ഫലപ്രദമായി വിനിയോഗിക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് കഴിയും.



വിവരാധിഷ്ഠിത, ലക്ഷ്യാധിഷ്ഠിത ആസൂത്രണം



14.1. ഡാറ്റാ അധിഷ്ഠിതമായി തീരുമാനമെടുക്കലിനും ആസൂത്രണത്തിനും ഒരു ആമുഖം

ആസൂത്രണത്തെ രാഷ്ട്രീയത്തിന് അതീതമായും സാങ്കേതിക വൈദഗ്ദ്ധ്യം മാത്രം ആവശ്യമുള്ളതുമായ ഒരു **exclusive** മേഖല എന്ന ഭൂരിപക്ഷ കാഴ്ചപ്പാടിൽ നിന്നും അതിനെ ജനകീയ വത്ക്കരിക്കുകയും രാഷ്ട്രീയബദ്ധം ആക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തിൽ നിന്നാണ് **1996** ൽ ജനകീയാസൂത്രണം നടപ്പിൽ വരുന്നത്. അനേകം ഗുണഫലങ്ങൾ കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക ശരീരത്തിൽ ജനകീയാസൂത്രണം വഴി ഉണ്ടായിട്ടുണ്ടെങ്കിലും പ്രാദേശിക ആവശ്യങ്ങളും സാങ്കേതിക വൈദഗ്ധ്യവും ഉദ്യോഗസ്ഥ സംസ്കാരവും സംയോജിക്കേണ്ടുന്ന സാഹചര്യങ്ങളിൽ പലപ്പോഴും പ്രാദേശിക ആസൂത്രണ മേഖലയിൽ വിടവുകളുള്ളതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി പ്രാദേശിക ഭരണത്തിലെ ദീർഘവീക്ഷണം ഇല്ലായ്മയും പഞ്ചവത്സര പദ്ധതികളുടെ അഭാവവും പ്രാദേശിക ആസൂത്രണം എന്നത് കേവലം വാർഷിക പദ്ധതികളുടെ തയ്യാറെടുപ്പും നടത്തിപ്പുമായി ചുരുങ്ങിയതായി കാണാനാവും.

അതിനെ മറികടക്കുന്നതിനും ദേശീയ-സംസ്ഥാനതല ആസൂത്രണം പോലെ തന്നെ ചിട്ടയായ രീതിയിലേക്ക് പ്രാദേശിക ആസൂത്രണത്തെ മാറ്റുന്നതിനും വിവരാധിഷ്ഠിത ആസൂത്രണ മാർഗ്ഗങ്ങൾ വഴി കഴിയേണ്ടതുണ്ട്.

ലഭ്യമായിട്ടുള്ള ചുരുങ്ങിയ വിഭവങ്ങളും അനന്തമായ പ്രാദേശിക ആവശ്യങ്ങളും തമ്മിലുള്ള അകലത്തെ ഫലപ്രദമായി മനസ്സിലാക്കുന്നതിലും മുൻഗണനകളെ നിശ്ചയിക്കുന്നതോടൊപ്പം പരിഹാരങ്ങൾ കാണുന്നതിലും ആസൂത്രണത്തിന് നിർണ്ണായക പങ്കുണ്ട്. നല്ല മാതൃകകളുടെ അന്ധമായ അനുകരണനത്തിനപ്പുറം പ്രദേശത്തിന്റെ യഥാർത്ഥ ആവശ്യങ്ങളെ ആസൂത്രണത്തിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനും ഒരു പ്രദേശത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളിലെ ആവർത്തനം ഒഴിവാക്കി ലക്ഷ്യാധിഷ്ഠിതമായ ആസൂത്രണ പ്രവർത്തനങ്ങൾക്കും വിവരാധിഷ്ഠിത ആസൂത്രണം സഹായിക്കുന്നു.

പ്രാദേശിക ആവശ്യങ്ങളുടെയും നിലനിൽക്കുന്ന പ്രശ്നങ്ങളുടെയും വസ്തുതാപരമായ വിശകലനത്തിലൂടെയും ലഭ്യമാകാനിടയുള്ള വിഭവങ്ങളുടെയും സാധ്യതകളുടെയും തിരിച്ചറിവിലൂടെയും മാത്രമേ ആസൂത്രണത്തെ ഒരു വിവരാധിഷ്ഠിത പ്രക്രിയയായി മാറ്റാനാവൂ. അതോടൊപ്പം തന്നെ പ്രാദേശികമായി ലഭ്യമാവുന്ന സൂക്ഷ്മതല വിവരങ്ങളെ ഫലപ്രദമായി തിരിച്ചറിയുന്നതിനും കാര്യക്ഷമതയോടെ നിലവിലെ ആസൂത്രണ ചട്ടക്കൂടിനുള്ളിൽ ഉൾചേർക്കുന്നതിനും വരാൻ പോകുന്ന പ്രാദേശിക ഭരണസമിതികൾ സജ്ജരായിരിക്കണം.

14.2. പഞ്ചവത്സര പദ്ധതികൾ

ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള പഞ്ചവത്സരപദ്ധതികൾ അതത് കാലത്തെ ഭരണകൂടം മുന്നോട്ടു വയ്ക്കുന്ന വികസന സ്വപ്നങ്ങളുടേയും സമീപനത്തിന്റെയും വികസന തന്ത്രങ്ങളുടേയും ആകെത്തുകയാണ്. സമാനമായ രീതിയിൽ പ്രാദേശിക സർക്കാരുകളും തങ്ങളുടെ പ്രദേശത്തോട് പുലർത്തുന്ന സമീപനവും തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ജനങ്ങളുടെ അഭിലാഷങ്ങളും ഉള്ളടങ്ങിയതായിരിക്കണം അവയുടെ പഞ്ചവത്സര വാർഷിക പദ്ധതികൾ. നിലവിലുള്ള ആവശ്യങ്ങളെയും പ്രശ്നങ്ങളയും പഠിച്ചു കൊണ്ടും നടപ്പിലാക്കിയ മുൻ പദ്ധതികൾ വിലയിരുത്തി വിടവുകൾ മനസ്സിലാക്കി കൊണ്ടും മുൻഗണന നിശ്ചയിച്ചു കൊണ്ടും ആണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവ രൂപപ്പെടുത്തേണ്ടത്. പദ്ധതികൾക്കാവശ്യമായ വിഭവങ്ങൾ സ്വരൂപീക്കുന്നതിനുള്ള തന്ത്രങ്ങളും സാധ്യമായ സംയോജന സാദ്ധ്യതകളും ഇതിനോട് ചേർന്ന് കണ്ടെത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കും.

ജനസംഖ്യ കണക്കെടുപ്പ്, വിവിധ തരം സർവ്വേകൾ, ഔദ്യോഗിക വിവര ശേഖരങ്ങൾ, ഫീൽഡ് പ്രവർത്തകരിൽ നിന്നുള്ള വിവരശേഖരണം, വിവിധ തരം വികസന സൂചികകൾ, സ്റ്റേക്ക് ഹോൾഡർ ചർച്ചകൾ, തൊഴിലുറപ്പ് പദ്ധതി, മറ്റു വിഭാഗങ്ങൾ എന്നിവയിൽ നിന്ന് എല്ലാം നിലനിൽക്കുന്ന വിടവുകളെയും പ്രാദേശിക ആവശ്യങ്ങളെയും തിരിച്ചറിയുന്നതിന് സഹായകമായ വിവരങ്ങൾ ലഭിക്കാവുന്നതാണ്.

അവയെ ഫലപ്രദമായി വിശകലം ചെയ്യുന്നതിനും പ്രാദേശിക ആസൂത്രണത്തിൽ പങ്കുചേർ

ക്കുന്നതിനും, പ്രാദേശിക സർക്കാരുകൾക്കും, അതിന് അവരെ സഹായിക്കുന്നതിന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും കഴിയേണ്ടതുണ്ട്. അതിലേക്കുള്ള ആദ്യ ചുവട് പ്രാദേശിക ആവശ്യങ്ങളെയും നിലനിൽക്കുന്ന പരിമിതികളെയും തിരിച്ചറിയുന്നതിന് സഹായകരമായ വിവരങ്ങൾ കണ്ടെത്തുന്നതിന് ഏതെല്ലാം പ്രാദേശിക സ്രോതസുകൾ ഉണ്ട് എന്നുള്ള തിരിച്ചറിവാണ്.

ഉദാഹരണമായി പ്രദേശത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സ്ഥലത്തെ രോഗാതുരതയേയും അവയുടെ സ്വഭാവത്തേയും മനസ്സിലാക്കുന്നതിനുള്ള ഒരു വിവര സ്രോതസാണ്. സമാനമായി കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളും മറ്റു വകുപ്പുകളുടെ പ്രാദേശിക സ്ഥാപനങ്ങളും അനേകം സൂക്ഷ്മതല വിവരങ്ങൾ സമാഹരിച്ചിരിക്കാം. എന്നാൽ അവയെ പഠിക്കുന്നതിനോ നിർവചിക്കുന്നതിനോ വിലയിരുത്തുന്നതിനോ പ്രാദേശിക സർക്കാരുകൾക്ക് വേണ്ടത്ര സാധിച്ചിട്ടില്ല എന്നു കാണാവുന്നതാണ്. ഈ മേഖലയിൽ പ്രാദേശിക സർക്കാരുകൾ കൂടുതൽ ഇടപെടലുകളും തയ്യാറെടുപ്പും നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

14.3. ഡാറ്റയുടെ തരങ്ങൾ

വിഭാഗം	തരങ്ങൾ	തദ്ദേശ ഭരണത്തിലെ ഉദാഹരണങ്ങൾ
ഘടന അനുസരിച്ച്	ഘടനാപരം (Structured)	ഡാറ്റാബേസ് രേഖകൾ
	ഭാഗിക-ഘടനാപരം (Semi-structured)	XML ഫയലുകൾ
	ഘടനാപരമല്ലാത്തത് (Unstructured)	പൗരന്മാരുടെ പരാതികൾ, യോഗത്തിന്റെ മിനിറ്റ്സ്
ഉറവിടം അനുസരിച്ച്	പ്രാഥമികം (Primary)	സർവേ ഡാറ്റ
	ദ്വിതീയം (Secondary)	സെൻസസ് റിപ്പോർട്ടുകൾ
സ്വഭാവം അനുസരിച്ച്	Quantitative	നികുതി വരുമാനം
	Qualitative	പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ
സമയം അനുസരിച്ച്	Real-time	തത്സമയ താപനിലയും മഴയും
	Temporal (Time-series)	കഴിഞ്ഞ കാല ബഡ്ജറ്റുകൾ

14.4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി അസൂത്രണത്തിനായി ലഭ്യമാകുന്ന വിവിധ ഡാറ്റകൾ

1. **സ്റ്റാറ്റസ് റിപ്പോർട്ട്:** തദ്ദേശ സ്വയംഭരണ സ്ഥാപനം കഴിഞ്ഞ വർഷങ്ങളിൽ വിവിധ വിഷയങ്ങളിൽ നടത്തിയ പ്രൊജക്ടുകളിലൂടെ നേടിയെടുത്ത നേട്ടങ്ങളും സംഭവിച്ച പരാജയങ്ങളും അവയിലൂടെ ഇനിയും അഡ്രസ്സ് ചെയ്യേണ്ട വികസന വിടവുകളും വിവരിക്കുന്ന അടിസ്ഥാന രേഖയാണ് സ്റ്റാറ്റസ് റിപ്പോർട്ട്. ഈ രേഖയിൽ നിന്നും പഞ്ചായത്ത് ഇനി ശ്രദ്ധ പതിപ്പിക്കേണ്ട വിഷയ മേഖലകളെ പറ്റിയും നികത്തേണ്ട വിടവുകളെ പറ്റിയുമുള്ള കാഴ്ചപ്പാട് ലഭിക്കും.

സ്റ്റാറ്റസ് റിപ്പോർട്ടുകളിൽ നിന്നും ലഭിക്കുന്ന വിടവുകളെ പറ്റിയുള്ള ഉൾക്കാഴ്ചയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ച ചെയ്യുന്നതിലൂടെ ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങളും സംയോജിപ്പിച്ച് ഇനി വരുന്ന വർഷങ്ങളിൽ പ്രാദേശിക അധികാര സ്ഥാപനം വെക്കേണ്ട പ്രോജക്ടുകൾ രൂപീകരിക്കേണ്ടതും അപ്രകാരം സ്റ്റാറ്റസ് റിപ്പോർട്ടുകളെ പ്രതിപാദിച്ചിട്ടുള്ള വിടവുകൾ നികത്തേണ്ടതുമാണ്.

2. **R-Track-** ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആസ്തികൾ (നിലവിൽ റോഡ് ഡാറ്റയാണ് ലഭ്യമായിട്ടുള്ളത്) ലഭിക്കുന്ന പോർട്ടലാണിത്. **https://ksrec.in/rtrack/**. എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് നിലവിൽ ഈ ഡാറ്റ ലഭ്യമായിട്ടുള്ളത്.
3. **സഞ്ചയ ഡാറ്റാബേസ്-** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിടങ്ങളുടെ ഇനം തിരിച്ചുള്ള വിവരവും എണ്ണവും അടങ്ങിയിരിക്കുന്നു. അതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസ്തുത കെട്ടിടങ്ങൾക്ക് മേൽ ചുമത്തിയിട്ടുള്ള നികുതിയുടെ വിവരം കൂടി ഉൾപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റെ വരുമാനം കണക്കാക്കുന്നതിന് വേണ്ടിയുള്ള അടിസ്ഥാന രേഖയാണ്.
4. **സങ്കേതം-** ബിൽഡിംഗ് പെർമിറ്റുകളുടെ വിവരങ്ങളാണ് ഇതിൽ ഉള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഇതിൽ നിന്നും ലഭിക്കും. ഇതിൽ ലൊക്കേഷൻ ഡാറ്റ കൂടി ചേർത്താൽ ലോക്കൽ ബോഡിയുടെ ഏതൊക്കെ പ്രദേശത്താണ് നിർമ്മാണ പ്രവർത്തികൾ കേന്ദ്രീകരിച്ചിരിക്കുന്നത് എന്ന് അറിയാൻ പറ്റും.
5. കെസ്മാർട്ടിൽ ബിസിനസ് ഫെസിലിറ്റേഷൻ വിഭാഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുവദിക്കുന്ന വിവിധ വ്യാപാര വ്യവസായ സംരംഭക ലൈസൻസുകളുടെ വിവരങ്ങൾ ലഭ്യമാണ്.
6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജ് ഓഫീസിൽ/വില്ലേജ് ഓഫീസുകളിൽ അതാത് വില്ലേജിന്റെ കടസ്ട്രൽ ഭൂപടവും ഫീൽഡ് മെഷർമെന്റ് ബുക്കുകളും ഉണ്ടായിരിക്കും. ഇതിൽ നിന്നും ലോക്കൽ ബോഡിയിലെ ഓരോ സ്ഥലത്തെയും സർവ്വേ നമ്പറുകൾ ലഭ്യമാകുന്നതാണ് കൂടാതെ സ്ഥലപരമായ പ്ലാനിങ്ങിന് ഇത് ഉപയോഗിക്കാവുന്നതുമാണ്.
7. തൊഴിലുറപ്പ് മേഖലയിൽ നിലവിൽ എന്തൊക്കെ പ്രവർത്തികളാണ് നടത്തേണ്ടത് എന്ന വിവരം ഷെൽഫ് ഓഫ് വർക്ക് എന്ന രേഖയിൽ ലഭ്യമാണ്.
8. നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടായിരിക്കുന്നതാണ്. ഇതിൽ നിന്നും ഓരോ പ്രദേശത്തും നിർത്തടാധിഷ്ഠിതമായി നടത്തേണ്ട ഇടപെടലുകളുടെ വിവരം ലഭിക്കും. ഇത് തൊഴിലുറപ്പ് പദ്ധതി പ്ലാൻ ചെയ്യുന്നതിന് ഉപയോഗിക്കാം.
9. എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഓരോ ലോക്കൽ ബോഡിക്കും വിവിധ സൂചകങ്ങൾ ഉൾപ്പെടുന്ന (ഉദാ: ഉന്നതികളുടെ വിവരങ്ങൾ) പഞ്ചായത്ത് ലെവൽ സ്റ്റാറ്റിസ്റ്റിക്സ് എന്ന രേഖ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും

വിവിധ മേഖലകളിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്നതിന് വേണ്ടിയുള്ള അടിസ്ഥാന ഡേറ്റ ലഭിക്കുന്നതാണ്.

10. ജൈവവൈവിധ്യ രജിസ്റ്റർ ബയോഡൈവേഴ്സിറ്റി ആക്ട് പ്രകാരം തയ്യാറാക്കി സൂക്ഷിക്കേണ്ട അടിസ്ഥാന രേഖയാണ്. ഇതിൽ ആ തദ്ദേശ സ്ഥാപനത്തിന്റെ പ്രദേശത്തെ ജീവജാലങ്ങളുടെ ഇനം തിരിച്ച് പട്ടികപ്പെടുത്തിയ വിവരം ലഭ്യമാണ്. നിലവിലുള്ള പാരിസ്ഥിതിക നില മനസ്സിലാക്കുന്നതിനും അതിൽനിന്നും പരിസ്ഥിതി, ജൈവവൈവിധ്യം, ഇവയുമായി ബന്ധപ്പെട്ട ഏറ്റെടുക്കേണ്ട സമയത്ത് ഈ ഡാറ്റ ഉപയോഗിക്കാവുന്നതാണ്.
11. കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതി (LAPCC). പ്രദേശത്തെ കാലാവസ്ഥ, ഭൂവിനിയോഗം, പരിസ്ഥിതി, ജൈവവൈവിധ്യം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ; കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിൽ പരിസ്ഥിതി, ജൈവവൈവിധ്യം, ഉപജീവനം, എന്നീ മേഖലകളിൽ പ്രാദേശികമായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ; ഇവയ്ക്കുള്ള പരിഹാരങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ (സ.ഉ. (കൈ) നം.84/2022/LSGD തീയതി 19-04-2022) ഖണ്ഡിക 7.3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് LAPCC തയാറാക്കാവുന്നതാണ്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട തരം തീരുമാനങ്ങൾ (ഉദാ: കാർബൺ ക്രെഡിറ്റ്, കാർബൺ ന്യൂട്രൽ പഞ്ചായത്ത് തുടങ്ങിയ പ്രവൃത്തികൾ)
12. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അതാത് പ്രദേശത്തെ ദുരന്തനിവാരണ ഇടപെടലുകൾക്ക് വേണ്ടിയുള്ള വിവരങ്ങളും റിസോഴ്സസുകളുടെ ഫോൺ നമ്പർ (ചെയിൻസോ ഉള്ളവർ, ജെസിബി, മരം വെട്ടുകാർ തുടങ്ങിയവർ) അടക്കമുള്ള കോൺടാക്ട് വിവരങ്ങൾ ലഭ്യമാണ്.ഒരു അത്യാഹിതം സംഭവിക്കുന്ന സമയത്ത് അടിയന്തര ഇടപെടലുകൾ നടത്താൻ വേണ്ട അവശ്യവിവരങ്ങൾ ഇതിൽ നിന്നും ലഭ്യമാണ്
13. ഗ്രാമസഭ മിനിട്സ് ഓരോ വാർഡിന്റെയും ഗ്രാമസഭാ മിനിറ്റ്സ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ് ഗ്രാമസഭകളുടെ തീരുമാനങ്ങൾ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ അംഗീകരിക്കുന്നത് പ്രവർത്തികളുടെ മുൻഗണന തുടങ്ങിയവ ഇതിൽ ലഭ്യമാണ് പഞ്ചായത്ത് തീരുമാനം എടുക്കുന്നതിന് വേണ്ടിയുള്ള അടിസ്ഥാന വിവരം ഇതിൽ നിന്നും ലഭിക്കും.

14.5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഇതര ഡാറ്റാ ഉറവിടങ്ങൾ

1. യുഎൻ ഡാറ്റ (https://data.un.org/): ആഗോള സ്ഥിതിവിവരക്കണക്കുകളും സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (SDG) സൂചകങ്ങളും
2. 500,000-ൽ അധികം വിഭവങ്ങളുള്ള ഇന്ത്യയുടെ ഓപ്പൺ ഗവൺമെന്റ് ഡാറ്റാ പ്ലാറ്റ്ഫോം- https://www.data.gov.in/
3. ഇന്റഗ്രേറ്റഡ് ഗവൺമെന്റ് ഓൺലൈൻ ഡയറക്ടറി: A one-point source to access Indian

Government Websites at all levels and from all sectors- https://igod.gov.in/

4. https://lsgkerala.gov.in/: കേരള തദ്ദേശ സ്വയംഭരണ വകുപ്പ് പോർട്ടൽ
5. https://go.lsgkerala.gov.in/: സർക്കാർ ഉത്തരവുകളും സർക്കുലറുകളും
6. https://plan.lsgkerala.gov.in/സുലേഖ പ്ലാറ്റ്ഫോം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള സമഗ്രമായ ആസൂത്രണ, നിരീക്ഷണ സംവിധാനം
7. https://emaps.kerala.gov.in/: കേരളത്തിന്റെ സ്പേഷ്യൽ ഡാറ്റയും ഭൂപടങ്ങളും
8. എന്റെ ഭൂമി പോർട്ടൽ: ഭൂമിയുടെ രേഖകളും ഉടമസ്ഥാവകാശ വിവരങ്ങളും https://survey.entebhoomi.kerala.gov.in/portal/
9. ഇന്ത്യൻ കാനൂൻ: നിയമപരമായ രേഖകളും കേസ് നിയമങ്ങളും https://indiankanoon.org/
10. കേരള നിയമ ആർക്കൈവ്സ്: സംസ്ഥാന നിയമ വിഭവങ്ങൾ https://lawmdls.keltron.in/fromserver/lawmodules/archives/act/actsearch.php
11. കിലയുടെ പഠനങ്ങളുടെയും റിപ്പോർട്ടുകളുടെയും ഡിജിറ്റൽ ശേഖരം https://dspace.kila.ac.in/home
12. https://dmp.kila.ac.in/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക് ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് KSDMA തയ്യാറാക്കിയ മുന്നൊരുക്ക- ദുരന്ത പ്രതികരണ മാർഗരേഖ (QR code) വായിക്കുക
13. സ്വയം ഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ മാതൃകയിലുള്ള സംവിധാനങ്ങളിലൂടെയും ദേശീയ സംസ്ഥാന സർക്കാരുകൾ പലവിധത്തിലുള്ള വിവരങ്ങൾ സമാഹരിച്ചിട്ടുണ്ട്. അതിദാരിദ്ര്യം, എന്റെ തൊഴിൽ എന്റെ അഭിമാനം തുടങ്ങി പ്രത്യേക ആവശ്യങ്ങൾക്കായുള്ള സർവ്വേകൾ മുതൽ അഗ്രികൾച്ചർ, കന്നുകാലി സെൻസസ്, കനേഷുമാരി വരെ ഉൾപ്പെടുന്ന പല വിധം പ്രൈമറി, സെക്കന്ററി ഡാറ്റകൾ ആസൂത്രണ പ്രക്രിയയെ സുഗമവും സുതാര്യവുമാക്കാവുന്ന രീതിയിൽ പ്രാദേശികമായി തന്നെ ലഭ്യമാണ്.
14. സമാന്തരമായി ആശ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ തുടങ്ങിയ ഫീൽഡ് പ്രവർത്തകരും വിവിധ തരം വിവരങ്ങൾ ശേഖരിക്കേണ്ടതായുണ്ട്. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വളർച്ചയോടെ ഹരിതമിത്രം ആപ്പ്, മാലിന്യമുക്തം നവ കേരളം പോർട്ടൽ തുടങ്ങിയ ഓൺലൈൻ വിവര സ്രോതസുകളെയും ഫലപ്രദമായി ഉപയോഗിക്കത്തക്കതായി ലഭ്യമാണ്.

14.6. വികസന വിടവുകൾ കണ്ടെത്താൻ എന്തെല്ലാം വിവരങ്ങൾ ഉപയോഗിക്കാം?

തദ്ദേശ സ്വയംഭരണ സ്ഥാപനം തന്നെ സൂക്ഷിക്കുന്ന വിവിധ വിവരങ്ങൾ തദ്ദേശ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി വരുമാനം, ആസ്തികൾ എന്നിവ മനസ്സിലാക്കാൻ സഹായിക്കും (നികുതി രജിസ്റ്റർ, ആസ്തി റജിസ്റ്റർ മുതലായവ) ഇവ ഇപ്പോൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാണ്. ഇവ കൂടാതെ

താഴെ പറയുന്ന വിവരങ്ങൾ പ്രാദേശിക അസൂത്രണത്തിന് സഹായകരമാണ്.

- » ഹരിത കർമ്മ സേന ഹരിതമിത്രം ആപ്പിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ
- » ഊർജ്ജ ഉപഭോഗം സംബന്ധിച്ച് **KSEB** ൽ നിന്ന് ലഭ്യമാകാവുന്ന വിവരങ്ങൾ
- » വിദ്യാഭ്യാസ നിലവാരം സംബന്ധിച്ച് **SSK** യിൽ നിന്നും ബി.ആർ.സി.കളിൽ നിന്നും ലഭ്യമാകാവുന്ന വിവരങ്ങൾ
- » **PHC/FHC** ളിലെ ഒ.പി. വിവരങ്ങൾ
- » ജീവിത ശൈലി രോഗ സർവ്വേ വിവരങ്ങൾ
- » ജാഗ്രത സമിതികളിൽ രജിസ്റ്റർ ചെയ്ത പരാതികൾ
- » പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, മദ്യ-മയക്കു മരുന്നു ഉപയോഗവുമായി സംബന്ധിച്ച രജിസ്റ്റർ ചെയ്ത കേസുകൾ.
- » കന്നുകാലി സെൻസസ്, മൃഗാശുപത്രി എന്നിവ വഴി ലഭ്യമാകുന്ന വളർത്തു മൃഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ.
- » കൃഷി ഓഫീസിൽ നിന്നും, ഇക്കോണമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിൽ നിന്നും ലഭ്യമാകുന്ന കൃഷി സംബന്ധിച്ച വിവരങ്ങൾ.
- » എസ്.സി/എസ്.ടി. പ്രമോട്ടർമാർ ശേഖരിച്ചിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ നഗറുകൾ കുടുംബങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ
- » അംഗൻവടി വർക്കർമാർ ശേഖരിക്കുന്ന വിവരങ്ങൾ
- » സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന പഞ്ചായത്ത് വികസന സൂചികയുടെ തീമാറ്റിക് സ്കോറുകൾ, സൂചകങ്ങളിലെ മാർക്കുകൾ
- » അതിദരിദ്ര കുടുംബങ്ങളുടെ വിവരങ്ങൾ
- » കുടുംബശ്രീ സംരംഭങ്ങളുടെ വിവരങ്ങൾ
- » **MSME** സംരംഭങ്ങളുടെ വിവരങ്ങൾ
- » സ്ഥലീയ ആസൂത്രണം **(Spatial Planning)**

മേൽ സൂചിപ്പിച്ചവയ്ക്ക് പുറമെ ഓരോ മേഖലയിലും ലഭ്യമാകുന്ന ഏതു വിവരങ്ങളും വിശകലനം ചെയ്ത് വികസന വിടവുകൾ കണ്ടെത്താം. ഇവ ഓരോന്നും വിശകലനം ചെയ്താൽ തദ്ദേശ സ്വയംഭരണ സ്ഥാപനം ഏതെല്ലാം കാര്യങ്ങളിൽ മികവു പുലർത്തുന്നു, ഏതെല്ലാം കാര്യങ്ങളിൽ പുറകിൽ നിൽക്കുന്നു എന്ന് മനസ്സിലാക്കാം.

14.7. ഡാറ്റ ഉപയോഗിക്കുന്നതിനുള്ള പരിമിതികൾ

പ്രാദേശിക സർക്കാരുകളും മറ്റു വകുപ്പുകളും അവയുടെ ഏജൻസികളും തമ്മിലുള്ള ഏകോപനത്തിന്റെ അഭാവം ഈ മേഖലയിൽ നിലനിൽക്കുന്ന പ്രധാന പരിമിതികളിൽ ഒന്നാണ്.

ഉദാഹരണമായി ഭൂഗർഭ ജലവിഭവ വകുപ്പിന്റെ നിരീക്ഷണ കിണറുകൾ, വനം വകുപ്പ് ശേഖരിച്ചിട്ടുള്ള വിവരങ്ങൾ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കയ്യിലുള്ള ഭൂപടങ്ങൾ, മറ്റു വിവരങ്ങൾ എന്നിവയെല്ലാം അതുകൊണ്ടു തന്നെ ആസൂത്രണത്തിനായി ഉപയോഗിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടില്ല. വിദ്യാർത്ഥികൾ പഠനാവശ്യത്തിനായി തയ്യാറാക്കുന്ന അക്കാദമിക പഠനങ്ങളെയും പ്രാദേശിക ആസൂ

ത്രണത്തിനായി ഉപയോഗിക്കാമെങ്കിലും പ്രാദേശിക ഭരണകൂടങ്ങൾ ഇനിയും അത്തരം സാധ്യതകൾ ഉപയോഗപ്പെടുത്തിയിട്ടില്ല.

14.8. വിവരാധിഷ്ഠിത ആസൂത്രണം

സ്റ്റേക്ക്ഹോൾഡർ ചർച്ചകൾ

ജനകീയാസൂത്രണത്തിന്റെ അടിസ്ഥാനം എന്നത് സമയബന്ധിതമായ ആസൂത്രണ പ്രക്രിയയുടെ സംഘടന സ്വഭാവത്തിൽ പൗരന് ഔദ്യോഗികമായി തന്നെ ഇടപെടാനുള്ള അവസരം ഒരുക്കി എന്നതാണ്. വർഷത്തിൽ നാല് പ്രാവശ്യമെങ്കിലും കൂടണം എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഗ്രാമസഭകൾ പരിമിതികൾ ഉണ്ടായിരിക്കുമ്പോൾ തന്നെയും അതിന് ഉദാഹരണമാണ്. എന്നാൽ അതിനോട് ചേർന്നു തന്നെ പ്രാദേശിക സർക്കാരുകൾക്ക് വിളിച്ചു ചേർക്കാവുന്ന വിഷയ മേഖല ചർച്ചകൾ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൂർണ്ണാർത്ഥത്തിൽ നടപ്പിലാക്കാതെ വരുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കർഷകർ, പാടശേഖര സമിതികൾ, വിഷയാടിസ്ഥാനത്തിൽ വിളിച്ചു ചേർക്കാവുന്ന കർഷക സമിതികൾ, സ്ഥാപന മാനേജുമെന്റ് കമ്മിറ്റികൾ, ഹരിത കർമ്മ സേന, വ്യാപാരി വ്യവസായികൾ, വായനശാലകൾ, ആദിവാസി ദളിത് വിഭാഗങ്ങൾ എന്നീ ഗ്രൂപ്പ് ചർച്ചകൾ പ്രാദേശിക സർക്കാരുകളുടെ വിവേചനാധികാരം അടിസ്ഥാനമാക്കിയാണ് പലപ്പോഴും വിളിച്ചു ചേർക്കുന്നത്. പ്രാദേശികാസൂത്രണത്തിൽ ജനകീയ പങ്കാളിത്തത്തിന് ഒരു വേദി കൂടി നൽകുന്ന അത്തരം സ്റ്റേക്ക് ഹോൾഡർ ചർച്ചകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ യാഥാർത്ഥ്യത്തിലൂന്നിയ ആസൂത്രണത്തിന് പ്രാപ്തമാക്കുന്നവയാണ്.

ദേശീയ അന്തർദേശീയ തലങ്ങളിലുള്ള വിവിധ തരം സൂചികകൾ പലപ്പോഴും പ്രാദേശിക വിവരങ്ങൾ കൂടി അടിസ്ഥാനമാക്കി തയ്യാറാക്കുന്നവയാണ്. പഞ്ചായത്തുകളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കുന്നതിനായി തയ്യാറാക്കുന്ന പഞ്ചായത്ത് വികസന സൂചിക അത്തരത്തിലുള്ള സൂചികകൾക്ക് ഒരുദാഹരണമാണ്. ഇത്തരം സൂചികകളും പ്രാദേശിക സർക്കാരുകൾക്ക് നിലനിൽക്കുന്ന വിടവുകളെ കുറിച്ചും ഇടപെടേണ്ടുന്ന മേഖലകള കുറിച്ചും സൂചന നൽകുന്നവയാണ്.

14.9. തുടർ പ്രവർത്തന സാധ്യതകളും നേട്ടങ്ങളും

മേൽ സൂചിപ്പിച്ച രീതിയിൽ വിവിധ തലങ്ങളിൽ പ്രാദേശിക ആസൂത്രണത്തെ സഹായിക്കുന്ന പ്രാദേശിക വിവരങ്ങൾ ലഭ്യമാണെങ്കിലും അതിനെ ശരിയായ രീതിയിൽ വിലയിരുത്താനും അവയെ അടിസ്ഥാനമാക്കി പദ്ധതികൾ ആസൂത്രണം ചെയ്യാനും സാധിച്ചാൽ മാത്രമേ വിവരാധിഷ്ഠിത ആസൂത്രണവും പ്രാദേശിക ഭരണവും സാധ്യമാവുകയുള്ളൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനായി മാനവ വിഭവശേഷി തലത്തിലും സാങ്കേതിക വിദ്യ തലത്തിലും പുരോഗതിയുണ്ടായാൽ മാത്രമേ മികവും കൃത്യവുമാർന്ന ആസൂത്രണ പ്രക്രിയ രൂപപ്പെടുത്താനും ഫലപ്രാപ്തിയിൽ എത്തിക്കാനും സാധിക്കൂ. അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കാര്യശേഷി വർദ്ധിപ്പിക്കുക എന്നത് ഒഴിച്ചു കൂടാനാവാത്തതാണ്.

കാര്യശേഷി വികസനത്തോടൊപ്പം തന്നെ പ്രധാനമാണ് പ്രാദേശിക ആവശ്യങ്ങളെയും ലഭ്യമായ വിഭവങ്ങളെയും കൃത്യമായി തിരിച്ചറിയുന്നതും, നീതിയുക്തവും ജനാധിപത്യപരവുമായ ഒരു ആസൂത്രണ വ്യവസ്ഥയിലേക്ക് അവയെ ഉൾചേർക്കാൻ സാധിക്കുന്നതിനാവശ്യമായ ഉൾക്കാഴ്ച പ്രാദേശിക ഭരണ സമിതികൾക്ക് ഉണ്ടായിരിക്കുക എന്നത്.

കൃത്യമായ വിലയിരുത്തൽ സൂചകങ്ങളിലൂടെയും ഫലപ്രദമായ മോണിറ്ററിങ് സംവിധാനങ്ങളിലൂടെയും ദീർഘ കാലത്തേക്കുള്ള ലക്ഷ്യങ്ങളെ സമീപിക്കാൻ അതുവഴി പ്രാദേശിക സർക്കാരുകൾക്ക് സാധിക്കും. വിഭവ ചോർച്ചയെ ഒഴിവാക്കി കൊണ്ടും ആനുപാതികമായ വിഭവ വിഭജനത്തിലൂടെയും കാര്യക്ഷമവും സുതാര്യവുമായ ഭരണം വിവരാധിഷ്ഠിത ആസൂത്രണത്തിലൂടെ സാധ്യമാണ്. നിലവിലുള്ള ആസൂത്രണ സംവിധാനത്തിന് അനിവാര്യമായ ഒരു പിന്തുണയാണ് ആ നിലയിൽ വിവരാധിഷ്ഠിത ആസൂത്രണം വാഗ്ദാനം ചെയ്യുന്നത്.

14.10. വിവിധ സ്റ്റേക്ക് ഹോൾഡർ ഗ്രൂപ്പുകളുമായുള്ള ചർച്ചകൾ

വിവര വിശകലനങ്ങൾ വഴി ലഭിക്കുന്ന ധാരണകൾക്ക് പുറമെ ഓരോ മേഖലയിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഇടപെടലുകളുടെ നേട്ടം ലഭിക്കേണ്ടവരും, കൂട്ടായ പ്രവർത്തനത്തിൽ പങ്കാളികൾ ആകേണ്ടവരുമായ വിവിധ ഗ്രൂപ്പുകളുമായി ഓരോ മേഖലയിലും ഇടപെടേണ്ട പ്രശ്നങ്ങൾ, പുതിയ സാദ്ധ്യതകൾ എന്നിവ കണ്ടെത്താൻ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്താം.

താഴെ പറയുന്ന ഗ്രൂപ്പുകളെ ഇത്തരത്തിൽ ചർച്ചകൾക്കായി പരിഗണിക്കാം;

- വിവിധ വിളകൾ കൃഷി ചെയ്യുന്ന കർഷക ഗ്രൂപ്പുകൾ
- ക്ഷീര കർഷകർ
- വിവിധ ഇനം മൃഗങ്ങളെ വളർത്തുന്നത് തൊഴിലാക്കിയവർ
- തൊഴിലുറപ്പു തൊഴിലാളികൾ
- വനിതാ സംരംഭകർ
- വിവിധമേഖലകളിൽ തൊഴിലെടുക്കുന്ന വനിതകൾ
- ഹരിത കർമ്മസേന അംഗങ്ങൾ
- ആരോഗ്യ പ്രവർത്തകർ
- വ്യാപാരി വ്യവസായികൾ
- പ്രവാസികൾ
- പി.ടി.എ. കമ്മിറ്റികൾ

ഇത്തരത്തിൽ ഓരോ മേഖലയിലേയും സ്റ്റേക്ക് ഹോൾഡർമാരെ വിളിച്ച് പ്രശ്നങ്ങളും, സാദ്ധ്യതകളും പട്ടികപ്പെടുത്താം.

14.11. സ്ഥലീയ ആസൂത്രണവും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

സ്ഥലീയ ആസൂത്രണം എന്നത് കേവലം ഭൂമിയുടെ ഉപയോഗം നിയന്ത്രിക്കൽ മാത്രമല്ല, ഒരു പ്രദേശത്തിന്റെ സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ പുരോഗതിയെ ശരിയായ സ്ഥലങ്ങളിൽ ശരിയായ വികസനം കൊണ്ടുവന്ന് ഏകോപിപ്പിക്കുന്ന ഒരു സമ

ഗ്രമായ സമീപനമാണ്. ഓരോ തലത്തിലുള്ള തദ്ദേശ സ്ഥാപനത്തിനും ഇതിൽ വ്യക്തമായ പങ്കുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള "നെറ്റ് പ്ലാൻ" ആയിരിക്കണം ഇടപെടലുകളുടെ അടിസ്ഥാനം.

1. **ഗ്രാമപഞ്ചായത്ത് തലം:** അടിസ്ഥാന തലത്തിലെ ആസൂത്രണം.
   ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളുടെ ഉദാഹരണങ്ങൾ
   a. വാർഡ് തല വിഭവ ഭൂപടം തയാറക്കൽ: ഓരോ വാർഡിന്റെയും ഭൗതിക സാഹചര്യങ്ങൾ അടയാളപ്പെടുത്തുക. (ഉദാ: തോടുകൾ, കുളങ്ങൾ, പൊതുസ്ഥലങ്ങൾ, റോഡുകൾ, അപകടസാധ്യതയുള്ള ഇടങ്ങൾ).





   ഉദാഹരണം 1: പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹായത്തോടെ വിദ്യാർത്ഥികളെ ഉപയോഗിച്ച് ഡാറ്റാ ശേഖരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ ഭൂപടം തയാറാക്കൽ, വില്ലേജ് പുനഃസംഘടന എന്നിവ നടത്തിയ പ്രവർത്തനങ്ങൾ.
2. **സേവനങ്ങളുടെ സ്ഥാന നിർണ്ണയം:** പുതിയതായി വരുന്ന സ്ഥാപനങ്ങൾ (അങ്കണവാടി, ആരോഗ്യ ഉപകേന്ദ്രം, വായനശാല) എവിടെ സ്ഥാപിക്കണം എന്ന് തീരുമാനിക്കുക.
3. **ഭൂവിനിയോഗ നിയന്ത്രണം:** കൃഷിഭൂമി, തണ്ണീർത്തടങ്ങൾ എന്നിവ നികത്തുന്നത് തടയുന്നതിനും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുമ്പോഴും സ്ഥലപരമായ സവിശേഷതകൾ പരിഗണിക്കുക. തരിശു ഭൂമികൾ കണ്ടെത്തി കൃഷിയോഗ്യമാക്കുക
4. **മാലിന്യ സംസ്കരണ കേന്ദ്രം (MCF) സ്ഥാപിക്കൽ:** പഴയ രീതി: സൗകര്യപ്രദമായ ഒഴിഞ്ഞ സർക്കാർ സ്ഥലം കണ്ടെത്തുന്നു, അവിടെ സ്ഥാപിക്കുന്നു. ഇത് ചിലപ്പോൾ വീടുകൾക്കോ കുടിവെള്ള സ്രോതസ്സുകൾക്കോ അടുത്താവാം, ഇത് വലിയ പ്രതിഷേധങ്ങൾക്ക് കാരണമാകും. സ്ഥലീയ ആസൂത്രണ രീതി: പഞ്ചായത്തിന്റെ മാപ്പ് എടുത്ത് ജനവാസം കുറഞ്ഞ, ജലസ്രോതസ്സുകളിൽ നിന്ന് അകലെയുള്ള, എല്ലാ വാർഡുകളിൽ നിന്നും എളുപ്പത്തിൽ മാലിന്യം എത്തിക്കാൻ സാധിക്കുന്ന വഴികളുള്ള സ്ഥലം ഡാറ്റയുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നു. ഇതിലൂടെ പാരിസ്ഥിതികവും സാമൂഹികവുമായ പ്രശ്നങ്ങൾ മുൻകൂട്ടി ഒഴിവാക്കാം.
5. **പുതിയ അങ്കണവാടി നിർമ്മിക്കൽ:** ഏതെങ്കിലും വാർഡ് മെമ്പർ ശക്തമായി ആവശ്യപ്പെടുന്ന സ്ഥലത്തോ, സംഭാവനയായി കിട്ടുന്ന സ്ഥലത്തോ നിർമ്മിക്കുന്നു.

സ്ഥലീയ ആസൂത്രണ രീതി: പഞ്ചായത്തിലെ 0-6 വയസ്സുവരെയുള്ള കുട്ടികളുടെ കണക്കെടുത്ത് അവർ ഏറ്റവും കൂടുതൽ എവിടെയാണ് താമസിക്കുന്നത് എന്ന് ഒരു മാപ്പിൽ അടയാളപ്പെടുത്തുന്നു (Hotspot Analysis). നിലവിലെ അങ്കണവാടികളുടെ സേവനം ലഭിക്കാത്തതും കുട്ടികൾ കൂടുതലുള്ളതുമായ പ്രദേശം കണ്ടെത്തി അവിടെ അങ്കണവാടി സ്ഥാപിക്കുന്നു. ഇത് സാമൂഹിക നീതി ഉറപ്പാക്കുന്നു.

6. ബ്ലോക്ക് പഞ്ചായത്ത് തലം

ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ ബാധിക്കുന്നതും അവർക്ക് പങ്കാളിത്തമുള്ളതുമായ വിഷയങ്ങൾ ഏകോപിപ്പിക്കാൻ സ്ഥലീയ ആസൂത്രണത്തിന്റെ സാദ്ധ്യതകൾ ബ്ലോക്ക് പഞ്ചായത്തിനു പ്രയോജനപ്പെടുത്താം.

a. പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ: പല പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന റോഡുകൾ, തോടുകൾ, ചെറുകിട ജലസേചന പദ്ധതികൾ എന്നിവയുടെ ആസൂത്രണം. ഉദാഹരണത്തിന് ഒരു ചെറുകിട ജലസേചന പദ്ധതി പരിഗണിക്കാം: പഴയ രീതി: ഓരോ പഞ്ചായത്തും അവരുടെ പരിധിയിലുള്ള തോട്ടിൽ തടയണ കെട്ടുന്നു. ഇത് മുകൾ ഭാഗത്തുള്ള പഞ്ചായത്തുകൾക്ക് ഗുണം ചെയ്യുമെങ്കിലും താഴ്ന്ന ഭാഗത്തുള്ള പഞ്ചായത്തുകളിൽ വെള്ളം കിട്ടാതെ വരുന്നു. സ്ഥലീയ ആസൂത്രണ രീതി: ബ്ലോക്ക് പഞ്ചായത്ത്, ആ തോട് ഒഴുകിപ്പോകുന്ന എല്ലാ പഞ്ചായത്തുകളെയും ഉൾപ്പെടുത്തി ഒരു സംയോജിത പ്ലാൻ തയ്യാറാക്കുന്നു. തോടിന്റെ നീർത്തട പ്രദേശം (Watershed) മുഴുവനായി മാപ്പ് ചെയ്ത്, എവിടെയൊക്കെ തടയണ കെട്ടാം, എവിടെയാണ് സംരക്ഷണം വേണ്ടത് എന്ന് ശാസ്ത്രീയമായി തീരുമാനിക്കുന്നു. ഇത് എല്ലാ പഞ്ചായത്തുകൾക്കും ഒരുപോലെ ഗുണകരമാകും. ഇത്തരം ജല മാനേജ്മന്റ് പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾക്കും ഏറ്റെടുത്തു നടത്താവുന്നതാണ്. ഇത് കാർഷിക മേഖലയ്ക്ക് വലിയ ഗുണം ചെയ്യും.

b. മൂല്യവർദ്ധിത ശൃംഖല (Value Chain) സ്ഥാപിക്കൽ: കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിക്കാനും സംസ്കരിക്കാനും വിപണനം ചെയ്യാനും പല പഞ്ചായത്തുകളിലായി സൗകര്യങ്ങൾ ഒരുക്കുക. ഉദാഹരണം: കാർഷിക ഉൽപ്പന്ന സംസ്കരണം.

14.12. വികസന വിടവുകളിൽ നിന്ന് സ്വപ്നങ്ങളിലേക്ക്

ഓരോ മേഖലയിലും ഉയർന്ന് വന്ന പ്രശ്നങ്ങളെ അവ ബാധിക്കുന്ന പ്രദേശങ്ങളുടെ വലുപ്പം, ബാധിക്കുന്ന ജനവിഭാഗങ്ങുടെ വലുപ്പം, ബാധിക്കുന്ന വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ദുർബലത, ഉടൻ പരിഹാരം കണ്ടെത്തൽ അനിവാര്യമായവ, തദ്ദേശസ്ഥാപനത്തിന്റെ അടിസ്ഥാന മാറ്റത്തിന് സഹായകമായ, കാലങ്ങളായി പരിഹരിക്കപെടാത്തവ തുടങ്ങിയ മാനദണ്ഡങ്ങൾ വച്ച് ലഘു-ഗുരുത്വ നിർണ്ണയം നടത്തി മുൻഗണനകൾ നിശ്ചയിക്കാം. പ്രശ്നങ്ങൾക്കൊപ്പം സാദ്ധ്യതകളെ അടിസ്ഥാനമാക്കിയും വികസന സ്വപ്നങ്ങൾ നെയ്തെടുക്കാം. പ്രകൃതിവിഭവ ലഭ്യത, തനതു ഉത്പന്നങ്ങളുടെ സാന്നിദ്ധ്യം, നിക്ഷേപ സാദ്ധ്യതകൾ, ടൂറിസം, തൊഴിൽ വികസന സാദ്ധ്യതകൾ, പ്രത്യേക വിപണി വികസന സാദ്ധ്യതകൾ, മനുഷ്യവിഭവ ശേഷിയുടെ സാദ്ധ്യതകൾ എന്നിവയെല്ലാം സ്വപ്നങ്ങൾ രൂപപ്പെടുത്തുമ്പോൾ പരിഗണിക്കാം.

ഇവയെ പിന്നീട് ഹ്രസ്വകാല-ഇടക്കാല-ദീർഘകാല സ്വപ്നങ്ങളാക്കി പ്രശ്നങ്ങളുടെ അടിയന്തര സ്വഭാവം, വിഭവലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരണം നടത്താം. ഇതിൽ ഓരോ തലത്തിലുള്ള പഞ്ചായത്തിനും അതിന്റേതായ റോളുണ്ട്. ഗ്രാമപഞ്ചായത്ത് പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുമ്പോൾ, ബ്ലോക്ക് പഞ്ചായത്ത് അവയെ ഏകോപിപ്പിക്കുകയും ജില്ലാ പഞ്ചായത്ത് ജില്ലയ്ക്ക് മൊത്തത്തിൽ ഒരു തന്ത്രപരമായ ദിശാബോധം നൽകുകയും ചെയ്യുന്നു.